SUPREME AUDIT INSTITUTION OF INDIA
लोकहितार्थ सत्यनिष्ठा
Dedicated to Truth in Public Interest

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ നടപ്പാക്കൽ

**കേരള സർക്കാർ**

**2025ലെ റിപ്പോർട്ട് നമ്പർ 9**

**(പ്രവർത്തനക്ഷമതാ ഓഡിറ്റ് – സിവിൽ)**

2026 ഫെബ്രുവരി 24-ന് നിയമസഭയിൽ വെച്ചത്

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ നടപ്പാക്കൽ

**കേരള സർക്കാർ**

**2025ലെ റിപ്പോർട്ട് നമ്പർ 9**

**(പ്രവർത്തനക്ഷമതാ ഓഡിറ്റ് – സിവിൽ)**

# ഉള്ളടക്കം


| വിവരണം | പരാമർശം | |
|---|---|---|
| | ഖണ്ഡിക | പേജ് |
| ആമുഖം | – | v |
| ഉപരിവീക്ഷണം | – | vii |
| **അദ്ധ്യായം I – അവലോകനം** | | |
| ആമുഖം | 1.1 | 1 |
| എംജിഎൻആർഇജി നിയമത്തിന്റെ ലക്ഷ്യങ്ങൾ | 1.2 | 1 |
| കേരളത്തിൽ എംജിഎൻആർഇജി നിയമം നടപ്പാക്കൽ | 1.3 | 1 |
| എംജിഎൻആർഇജിഎസ്സിന്റെ സംഘടനാ സംവിധാനം | 1.4 | 2 |
| വ്യത്യസ്ത തലങ്ങളിലുള്ള റോളുകളും ഉത്തരവാദിത്തങ്ങളും | 1.5 | 2 |
| എംജിഎൻആർഇജിഎസ് പ്രക്രിയയുടെ അവലോകനം | 1.6 | 3 |
| ഫണ്ടിംഗ് രൂപരേഖ | 1.7 | 3 |
| സാമ്പത്തിക ചെലവും ഭൗതികപ്രകടനവും | 1.8 | 4 |
| മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം – എൻആർഇജിഎ സോഫ്റ്റ് | 1.9 | 5 |
| ജിയോഎംജിഎൻആർഇജിഎ – ഭൂമിശാസ്ത്രപരമായ വിവര സംവിധാനം നടപ്പാക്കൽ | 1.10 | 5 |
| **അദ്ധ്യായം II – ഓഡിറ്റ് ചട്ടക്കൂട്** | | |
| ഓഡിറ്റ് ലക്ഷ്യങ്ങൾ | 2.1 | 7 |
| ഓഡിറ്റ് മാനദണ്ഡം | 2.2 | 7 |
| ഓഡിറ്റിന്റെ വ്യാപ്തിയും രീതിശാസ്ത്രവും | 2.3 | 7 |
| ഓഡിറ്റ് സാമ്പിൾ | 2.4 | 8 |
| എംജിഎൻആർഇജി പദ്ധതിയിന്മേലുള്ള മുൻ ഓഡിറ്റ് കണ്ടെത്തലുകൾ | 2.5 | 8 |
| കൃതജ്ഞത | 2.6 | 9 |
| ഓഡിറ്റ് കണ്ടെത്തലുകൾ | 2.7 | 9 |
| **അദ്ധ്യായം III – ആസൂത്രണവും ശേഷിവികസനവും** | | |
| ആസൂത്രണ പ്രക്രിയ | 3.1 | 11 |
| വാർഷിക പ്രവർത്തന പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കൽ | 3.2 | 11 |
| കൺവേർജൻസ് പദ്ധതി തയ്യാറാക്കാത്തത് | 3.3 | 16 |
| ശേഷി വികസനം | 3.4 | 17 |
| **അദ്ധ്യായം IV – സാമ്പത്തിക മാനേജ്മെന്റ്** | | |
| ഫണ്ടുകൾ നൽകുന്ന രീതി | 4.1 | 25 |
| ഫണ്ടുകളുടെ അനുവദിക്കലും വിനിയോഗവും | 4.2 | 26 |
| സംസ്ഥാന ഫണ്ടുകൾ നൽകുന്നതിലെ കാലതാമസം | 4.3 | 28 |
| ഭരണപരമായ ചെലവുകൾക്ക് വേണ്ട ഫണ്ടുകൾ ലഭിച്ചതിലെ കുറവ് | 4.4 | 28 |

| വിവരണം | പരാമർശം | |
|---|---|---|
| | ഖണ്ഡിക | പേജ് |
| അനുവദനീയമല്ലാത്ത ഭരണപരമായ ചെലവുകൾ | 4.5 | 29 |
| കുടിശ്ശികയായ ബാദ്ധ്യതകൾ | 4.6 | 31 |
| വേതനം നൽകുവാനുണ്ടായ കാലതാമസവും കാലതാമസത്തിനുള്ള നഷ്ടപരിഹാരം നിരസിക്കലും | 4.7 | 33 |
| ട്രൈബൽ പ്ലസ് പദ്ധതിയിൻ കീഴിൽ വേതനം നൽകാനുള്ള കാലതാമസം | 4.8 | 36 |
| എംജിഎൻആർഇജിഎ പദ്ധതിക്ക് കീഴിൽ പട്ടികവർഗ്ഗ തൊഴിലാളികൾക്ക് വേതനം മുൻകൂറായി നൽകുന്നതിനുള്ള കോർപ്പസ് ഫണ്ട് പരിപാലിക്കുന്നതിലെ ക്രമക്കേടുകൾ | 4.9 | 37 |
| ഓണം ഉത്സവബത്ത വിതരണത്തിലെ പൊരുത്തക്കേടുകൾ | 4.10 | 38 |
| **അദ്ധ്യായം V – രജിസ്ട്രേഷനും തൊഴിലും** | | |
| രജിസ്ട്രേഷനും തൊഴിൽ കാർഡുകളുടെ വിതരണവും | 5.1 | 41 |
| തൊഴിൽ സൃഷ്ടിക്കൽ | 5.2 | 44 |
| തൊഴിലില്ലായ്മാ വേതനം നൽകാതിരിക്കൽ | 5.3 | 47 |
| സാമൂഹിക ഭദ്രത–എംജിഎൻആർഇജിഎസ് തൊഴിലാളികൾക്കുള്ള ഇൻഷുറൻസ് സംരക്ഷണം | 5.4 | 48 |
| വിവരവും വിദ്യാഭ്യാസവും ആശയവിനിമയവും (ഐഇസി) | 5.5 | 49 |
| **അദ്ധ്യായം VI – പ്രവൃത്തികളുടെ നിർവ്വഹണം** | | |
| പ്രവൃത്തികളുടെ നിർവ്വഹണ സ്ഥിതി | 6.1 | 54 |
| നിർബന്ധിതമായ 60:40 വേതന–സാമഗ്രി അനുപാതം പാലിക്കുന്നതിലെ വീഴ്ച | 6.2 | 57 |
| അനുവദനീയമല്ലാത്ത പ്രവൃത്തികൾ | 6.3 | 59 |
| പുതൂർ ഗ്രാമപഞ്ചായത്തിൽ ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകൾ | 6.4 | 59 |
| പ്രവൃത്തിസ്ഥലത്ത് വെച്ച് ബില്ലുകളും വൗച്ചറുകളും പരിശോധിക്കുന്നതിൽ ഉണ്ടായ വീഴ്ച | 6.5 | 62 |
| അധിക പേയ്മെന്റ് | 6.6 | 62 |
| നിഷ്ഫല ചെലവ് | 6.7 | 63 |
| എംഐഎസ് ലോഗിൻ ക്രെഡൻഷ്യലുകളുടെ പോരായ്മകൾ | 6.8 | 66 |
| പ്രവൃത്തികളുടെ ജിയോ–ടാഗിങ്ങ് മുടങ്ങിക്കിടക്കൽ | 6.9 | 66 |
| എംജിഎൻആർഇജി പദ്ധതി വേതനങ്ങൾ ക്രമരഹിതമായി നൽകിയത് | 6.10 | 67 |
| **അദ്ധ്യായം VII – നിരീക്ഷണവും പരാതിപരിഹാരവും സോഷ്യൽ ഓഡിറ്റും** | | |
| നിരീക്ഷണ ചട്ടക്കൂട് | 7.1 | 70 |
| പരാതി പരിഹാര സംവിധാനം | 7.2 | 74 |
| സോഷ്യൽ ഓഡിറ്റ് | 7.3 | 76 |

# അനുബന്ധങ്ങൾ


| അനുബന്ധം നമ്പർ | വിവരണം | പേജ് |
|---|---|---|
| 1.1 | എംജിഎൻആർഇജിഎസ് നടപ്പാക്കലിനുള്ള വിവിധ തലങ്ങളിലെ ഉത്തരവാദിത്തങ്ങളും ചുമതലകളും | 79 |
| 3.1 | വാർഷിക പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുന്നതിനു നിർദ്ദേശിച്ച സമയക്രമം | 81 |
| 3.2 | അംഗീകൃത തസ്തികകളും നിലവിൽ സേവനത്തിലുള്ള ജീവനക്കാരും | 82 |
| 4.1 | സംസ്ഥാന സർക്കാർ ഫണ്ടുകൾ നൽകുന്നതിൽ വന്ന കാലതാമസം | 83 |
| 4.2 | വേതനം നൽകുന്നതിൽ വന്ന കാലതാമസത്തിന്റെ വിശദാംശങ്ങൾ | 84 |
| 4.3 | കാലതാമസം തെറ്റായി കണക്കു കൂട്ടിയ സന്ദർഭങ്ങളുടെ ഉദാഹരണങ്ങൾ | 85 |
| 4.4 | പരിഹരിക്കാതെ പരാജയപ്പെട്ട ഇടപാടുകളുടെ വിശദാംശങ്ങൾ | 87 |
| 5.1 | തൊഴിൽ കാർഡുകളുടെ വിതരണത്തിലെ കാലതാമസം | 88 |
| 5.2 | തൊഴിലില്ലായ്മാ വേതനത്തിന്റെ വിശദാംശങ്ങൾ | 90 |
| 6.1 | വിദഗ്ദ്ധ/അർദ്ധവിദഗ്ദ്ധ മസ്റ്റർ റോളുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ | 91 |
| 6.2 | അവിദഗ്ദ്ധ മസ്റ്റർ റോളുകളിൽ ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകൾ | 96 |
| 6.3 | എംജിഎൻആർഇജിഎസ് വേതനത്തിന്റെ ക്രമരഹിതമായ വിതരണം | 98 |
| | റിപ്പോർട്ടിൽ ഉപയോഗിച്ചിരിക്കുന്ന ചുരുക്കെഴുത്തുകളുടെ പദസൂചിക | 100 |

# ആമുഖം

ഭരണഘടനയുടെ 151 (2)-ാം അനുച്ഛേദപ്രകാരം കേരള നിയമസഭയിൽ വയ്ക്കുന്നതിനായി കേരള ഗവർണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2023 മാർച്ച് 31ന് അവസാനിച്ച കാലയളവിലെ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

'മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ നടപ്പാക്കൽ' എന്ന പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട്, 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ ഫലങ്ങൾ അടങ്ങുന്നതാണ്. 2023-24 കാലയളവിനു ശേഷം ശ്രദ്ധയിൽപ്പെട്ട വിഷയങ്ങളും ആവശ്യമായ ഇടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.

റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.



കയർ ഭൂവസ്ത്രം ഉപയോഗിച്ച് പിലിക്കോട് ഗ്രാമപഞ്ചായത്തിലെ
മലപ്പ് പാടാളം തോട് പുനരുജ്ജീവന പ്രവൃത്തികൾ
വർക്ക് കോഡ് : 1601005004/IC/329751

# ഉപരിവീക്ഷണം

# ഉപരിവീക്ഷണം

അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങളുള്ള ഓരോ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ വേതനദായകമായ തൊഴിലിന് നിയമപരമായ ഉറപ്പ് നൽകിക്കൊണ്ട് കഴിഞ്ഞ 19 വർഷമായി ഗ്രാമീണ സമൂഹങ്ങളെ ശാക്തീകരിക്കുന്നതിൽ പരിവർത്തനാത്മക പങ്ക് വഹിച്ചിട്ടുള്ള, കേന്ദ്ര സർക്കാരിന്റെ ഒരു നാഴികക്കല്ലായ സാമൂഹിക സുരക്ഷാ സംരംഭമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (എംജിഎൻആർഇജി നിയമം). കേരളത്തിലും ഗ്രാമീണ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഗ്രാമീണ ദരിദ്രർക്ക് ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള ഫലപ്രദമായ ഒരു പരിപാടി എന്ന നിലയിൽ എംജിഎൻആർഇജി നിയമം ശ്രദ്ധേയമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഈ പദ്ധതി സംസ്ഥാനത്തെ 77.21 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും, ₹18,806.62 കോടി ഇതിനായി ചെലവഴിക്കുകയും ചെയ്തു.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഗ്രാമീണ ദരിദ്രരെ ശാക്തീകരിക്കുന്നതിന് പ്രസ്തുത പദ്ധതി എത്രത്തോളം നിർണായകമാണെന്നത് കണക്കിലെടുത്ത്, ആസൂത്രണ പ്രക്രിയ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ആസ്തികൾ സൃഷ്ടിക്കൽ, നിരീക്ഷണവും, പരാതി പരിഹാര സംവിധാനവും എന്നിവ പരിശോധിച്ചുകൊണ്ട് സംസ്ഥാനത്ത് പദ്ധതിയുടെ നടപ്പാക്കൽ വിലയിരുത്തുന്നതിനായി ഞങ്ങൾ ഈ ഓഡിറ്റ് നടത്തി. ഓഡിറ്റ് പരിശോധനയുടെ ഭാഗമായി തിരുവനന്തപുരം, പാലക്കാട്, കാസർഗോഡ് എന്നീ മൂന്ന് ജില്ലകളിലായി ഇരുപത്തിനാല് ഗ്രാമപഞ്ചായത്തുകൾ (ജിപികൾ) വിശദമായ പരിശോധനയ്ക്ക് തിരഞ്ഞെടുത്തു.

എംജിഎൻആർഇജിഎസ് ഒരു താഴെത്തട്ടിൽ നിന്നും മുകളിലേക്ക് എന്ന സമീപനത്തോടെയുള്ളതും, ജനകേന്ദ്രീകൃതവും, ആവശ്യാധിഷ്ഠിതവും, സ്വയം തിരഞ്ഞെടുക്കാവുന്നതും കൂടാതെ പൂർണ്ണമായും ഗ്രാമസഭയിൽ ഗുണഭോക്താവ് ആവശ്യപ്പെടുന്നതിനെ ആശ്രയിച്ചുള്ളതുമായ പദ്ധതിയായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. എന്നാൽ, ഗുണഭോക്താക്കൾ ഉന്നയിച്ച ആവശ്യത്തിന് പുറമേ കന്നുകാലി തൊഴുത്ത്, കോഴി ഷെഡ് മുതലായവയുടെ നിർമ്മാണം പോലെയുള്ള വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിന് സംസ്ഥാനം ഗ്രാമപഞ്ചായത്തുകൾക്ക് അധിക ലക്ഷ്യങ്ങൾ നൽകിയതായും അതുവഴി ഗ്രാമസഭയുടെ അവകാശത്തെ ലംഘിക്കുന്നതായും ഞങ്ങൾ കണ്ടെത്തി. ഇത് ഒടുവിൽ, ഗ്രാമപഞ്ചായത്തുകൾ ഗുണഭോക്താക്കളെ കണ്ടെത്താതിരിക്കുന്നതിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യക്തിഗത പ്രോജക്ടുകളുടെ 88.73 ശതമാനം നടപ്പാക്കാതിരിക്കുന്നതിനും കാരണമായി. 2020–21 മുതൽ 2023–24 വരെയുള്ള കാലയളവിൽ തൊഴിലിന്റെ ആവശ്യകത 13.77 ശതമാനം കുറഞ്ഞതായി ഞങ്ങൾ കണ്ടെത്തി. തൊഴിലിന്റെ ആവശ്യകത കുറഞ്ഞതിന്റെ ഫലമായി, സൃഷ്ടിക്കപ്പെട്ട വ്യക്തിഗത തൊഴിൽ ദിനങ്ങൾ ആറ് ശതമാനം കുറഞ്ഞു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഭരണപരവും സാങ്കേതികവുമായ അനുമതികൾ ലഭിച്ചതുമായ പ്രവൃത്തികളുടെ 16 മുതൽ 22 ശതമാനം വരെയും ഏറ്റെടുത്തിട്ടില്ലെന്നും ഞങ്ങൾ കണ്ടെത്തി.

കൃഷി, മൃഗസംരക്ഷണ വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങൾ വഴി ഗ്രാമപഞ്ചായത്തുകൾ വിവിധ പദ്ധതികൾ നടപ്പാക്കിയിരുന്നെങ്കിലും എംജിഎൻആർഇജിഎസ്സുമായി സംയോജിപ്പിക്കാൻ സാധ്യതയുള്ള, മറ്റ് വകുപ്പുകൾ നടപ്പാക്കുന്ന പ്രോജക്ടുകൾ തിരിച്ചറിയുന്നതിനുള്ള ഒരു കൺവേർജൻസ് പ്ലാനിന്റെ അഭാവവും അതുവഴി വിഭവ വിനിയോഗം മെച്ചപ്പെടുത്തുവാനുള്ള അവസരം നഷ്ടപ്പെട്ടതും ഞങ്ങൾ ശ്രദ്ധിച്ചു.

സ്ത്രീകൾക്കും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്കും മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതിയുടെ ഒരു മൂലക്കല്ലായിരുന്നു സാമൂഹിക ഉൾപ്പെടുത്തൽ. കേരളത്തിൽ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നും അത് മൊത്തം വ്യക്തിദിനങ്ങളുടെ 90 ശതമാനം ആയിരുന്നെന്നും ഇത് രാജ്യത്തെ ഏറ്റവും ഉയർന്നതാണെന്നും ഞങ്ങൾ കണ്ടെത്തി. പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ, പ്രത്യേകിച്ച് ഭിന്നശേഷിക്കാരെയും ദുർബലവിഭാഗങ്ങളേയും ശാക്തീകരിക്കുന്നതുമായി ബന്ധപ്പെട്ട്, ഭിന്നശേഷിക്കാർക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ 51 ദിവസം മുതൽ 62 ദിവസം വരെയാണ്.

എന്നിരുന്നാലും, ഭിന്നശേഷിക്കാർ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള ആളുകളുടെ തൊഴിൽ ആവശ്യകത വിലയിരുത്തുന്നതിനും ക്ഷണിക്കുന്നതിനുമുള്ള ബേസ് ലൈൻ സർവേ, പ്രത്യേക ഡ്രൈവുകൾ/സ്പെഷ്യൽ റോസ്ഗർ ദിവസ്, ഐഇസി പ്രവർത്തനങ്ങൾ തുടങ്ങിയവയുടെ അഭാവത്തിൽ, എല്ലാവരുടെയും ജോലി ആവശ്യകത ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഞങ്ങൾക്ക് ഉറപ്പ് വരുത്തുവാൻ കഴിഞ്ഞില്ല.

ദരിദ്രർക്ക് ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിലൂടെ ഗ്രാമീണ കുടുംബങ്ങൾക്ക് നിർണ്ണായക സുരക്ഷാ വലയമായി മാറിയ എംജിഎൻആർഇജിഎസിന്റെ പങ്ക് എത്ര ഊന്നിപ്പറഞ്ഞാലും മതിയാകില്ല. എന്നിരുന്നാലും, ജോബ് കാർഡുകൾ വിതരണം ചെയ്യുന്നതിൽ 264 ദിവസം വരെ കാലതാമസമുണ്ടായത്, മസ്റ്റർ റോൾ പൂർത്തിയാക്കി 22 മാസത്തിനുശേഷം വേതനവും സാധനസാമഗ്രികളുടെ തുകയും നൽകിയത്, കാലതാമസ നഷ്ടപരിഹാരം കണക്കാക്കുന്നതിന് യഥാർത്ഥ പേയ്മെൻറ് തീയതി കണക്കാക്കാത്തത്, കാലതാമസ നഷ്ടപരിഹാരത്തിനുള്ള ക്ലെയിമുകൾ നിരസിക്കൽ തുടങ്ങിയ സംഭവങ്ങൾ ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. മസ്റ്റർ റോൾ പൂർത്തിയാക്കി 15 ദിവസത്തിനുള്ളിൽ വേതനം നൽകണമെന്ന് എംജിഎൻആർഇജി നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും, 16 മുതൽ 90 ദിവസങ്ങൾക്ക് ശേഷം ₹269.27 കോടി വേതനം നൽകുകയും മസ്റ്റർ റോൾ പൂർത്തിയാക്കിയ തീയതി കഴിഞ്ഞ് മൂന്ന് മാസത്തിന് ശേഷം ₹39.24 കോടി നൽകുകയും ചെയ്തു. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ അവിദഗ്ധ വേതനം, അർദ്ധ വിദഗ്ധ/വിദഗ്ധ വേതനം, സാധനസാമഗ്രികൾ, നികുതി എന്നിവയുമായി ബന്ധപ്പെട്ട് ₹43.59 കോടി കുടിശ്ശികയുണ്ടെന്നും (2024 ഡിസംബർ) ഞങ്ങൾ കണ്ടെത്തി. കൂടാതെ, വേതനവും സാധനസാമഗ്രികളുടെ തുകയും നൽകുന്നത് സംബന്ധിച്ച് 19,792 ഇടപാടുകൾ ആറ് മാസം മുതൽ നാല് വർഷത്തിലധികം വരുന്ന കാലയളവിൽ റീജനറേറ്റ് ചെയ്യാതെ കിടക്കുകയായിരുന്നു. സമയബന്ധിതമായി ഫണ്ട് വിതരണം ചെയ്യുന്നത് ഉറപ്പാക്കുന്നതിൽ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ച, വേതനവും സാധനസാമഗ്രികളുടെ തുകയും വൈകി നല്കുന്നതിന് കാരണമായതായി ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. സംസ്ഥാന വിഹിതം നല്കുന്നതിൽ എട്ട് ദിവസം മുതൽ നാല് മാസം വരെ കാലതാമസം സർക്കാരിന്റെ ഭാഗത്ത് ഉണ്ടായി. ജോബ് കാർഡ്/പ്രവൃത്തിക്കുള്ള അപേക്ഷ സ്വീകരിക്കുമ്പോൾ തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകിയിട്ടില്ലെന്നും അതുവഴി നിശ്ചിത സമയത്തിനുള്ളിൽ ജോലി നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നിർബന്ധിത സുതാര്യതാ വ്യവസ്ഥ ലംഘിച്ചെന്നും ഞങ്ങൾ കണ്ടു. എംജിഎൻആർഇജിഎ നിയമം വിഭാവനം ചെയ്ത ഉപജീവന സുരക്ഷ ഗുണഭോക്താക്കൾക്ക് നിഷേധിക്കപ്പെട്ടു എന്ന വസ്തുതയെ ഈ സംഭവങ്ങൾ ബോധ്യപ്പെടുത്തുന്നു.

എംജിഎൻആർഇജി നിയമത്തിന്റെ ഗുണഭോക്താക്കൾക്ക് സാമൂഹിക സുരക്ഷ നൽകുന്നതിനായി, പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (പിഎം-ജെഎവൈ), ആം ആദ്മി ബീമാ യോജന, പിഎം സുരക്ഷാ ബീമാ യോജന (പിഎം-എസ്ബിവൈ) എന്നീ ഇൻഷുറൻസ് പദ്ധതികളിൽ ഗുണഭോക്താക്കളെ ചേർക്കുന്നതിനായി പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നിരുന്നാലും, ഗുണഭോക്തൃ സർവേയിൽ, സർവേ ചെയ്ത ഗുണഭോക്താക്കളിൽ 44.01 ശതമാനം പേർ ഒരു ഇൻഷുറൻസ് പദ്ധതിയിലും ചേർന്നിട്ടില്ലെന്നും ഇത് ജോബ് കാർഡ് ഉടമകളെ ഇൻഷുറൻസ് പദ്ധതികളെക്കുറിച്ച് ബോധവാൻമാരാക്കി അംഗങ്ങളാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ സംസ്ഥാനം നിറവേറ്റിയിട്ടില്ല എന്നത് സൂചിപ്പിക്കുകയും ചെയ്യുന്നു.

എംജിഎൻആർഇജിഎസ് ഗുണഭോക്താക്കളുടെ നൈപുണ്യ അടിത്തറ ഉയർത്തുന്നതിനും അങ്ങനെ നിലവിലുള്ള ഭാഗീക തൊഴിലിൽ നിന്ന് മുഴുവൻ സമയ തൊഴിലിലേക്ക് മാറുന്നതിനും അതുവഴി എംജിഎൻആർഇജിഎസ്സിനെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും ഉദ്ദേശിച്ചുള്ള ഒരു നൈപുണ്യ വികസന പദ്ധതിയാണ് കേന്ദ്രസർക്കാർ അവതരിപ്പിച്ച പ്രോജക്ട് ഉന്നതി. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ 22.53 ലക്ഷം കുടുംബങ്ങൾ 100 ദിവസത്തെ ജോലി പൂർത്തിയാക്കി പദ്ധതിയിൽ ചേരാൻ യോഗ്യത നേടിയെങ്കിലും, ഈ കുടുംബങ്ങളിലെ 3272 അംഗങ്ങൾക്ക് മാത്രമേ നൈപുണ്യ പരിശീലനം നൽകിയിട്ടുള്ളൂ എന്ന് ഞങ്ങൾ കണ്ടെത്തി.

പദ്ധതിയുടെ വ്യാപകമായ പ്രചാരണത്തിനായി 'ഉന്നതി' മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള ഐഇസി പ്രവർത്തനങ്ങളും നടത്തിയിട്ടില്ലെന്ന് കണ്ടു.

ദീർഘകാലം നിലനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുന്നതിൽ ഊന്നൽ നൽകുന്നതിലൂടെ സുസ്ഥിര ഗ്രാമീണ വികസനം പ്രോത്സാഹിപ്പിക്കുന്നതിനായാണ് എംജിഎൻആർഇജി നിയമം രൂപകൽപ്പന ചെയ്തിരിക്കുന്നത്. വേതന-സാധന അനുപാതം നിർബന്ധിത 60:40ൽ നിന്നും ഗണ്യമായി കുറഞ്ഞുവെന്നും, ഇതിനു കാരണം ഓഡിറ്റ് കാലയളവിൽ പ്രവൃത്തികളിലെ സാധന ഘടകത്തിന്റെ വിഹിതം വളരെ കുറവായിരുന്നതാണ് എന്നും ഇത് 11 മുതൽ 18 ശതമാനം വരെ മാത്രമായിരുന്നു എന്നും ഞങ്ങളുടെ പരിശോധനയിൽ കണ്ടെത്തി. കൂടാതെ, 2023-24 കാലയളവിൽ മുൻ വർഷത്തെ അപേക്ഷിച്ച് വേതനത്തിനായുള്ള ചെലവിൽ ഒൻപത് ശതമാനം വർദ്ധന ഉണ്ടായെങ്കിലും സാധന ഘടകത്തിനായുള്ള ചെലവിൽ 37 ശതമാനത്തിന്റെ ഗണ്യമായ കുറവുണ്ടായി. പരിശോധന നടത്തിയ ഗ്രാമ പഞ്ചായത്തുകളിൽ 99 ശതമാനം പ്രവൃത്തികൾക്കും ₹ അഞ്ച് ലക്ഷത്തിൽ താഴെയാണ് ചെലവ് വന്നതെന്നും ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. ഇത്, ഈടുനിൽക്കുന്ന ആസ്തികൾ സൃഷ്ടിക്കുക എന്ന പദ്ധതിയുടെ ലക്ഷ്യവും യഥാർത്ഥത്തിൽ തയ്യാറാക്കിയ വാർഷിക പദ്ധതികളും തമ്മിലുള്ള പൊരുത്തമില്ലായ്മയെ സൂചിപ്പിക്കുന്നു. കൂടാതെ, സംസ്ഥാന തലത്തിൽ സ്വതന്ത്ര ഡയറക്ടറെ (ക്യൂഎം) നിയമിക്കാതിരിക്കുക, സംസ്ഥാന ജില്ലാ ഗുണനിലവാര നിരീക്ഷകരെ നിയമിക്കാതിരിക്കുക/കുറച്ച് നിയമിക്കുക, ഗുണനിലവാര നിരീക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തുടർനടപടികൾ ഉറപ്പാക്കാതിരിക്കുക എന്നിവയിലൂടെ എംജിഎൻആർഇജിഎസ്ന്റെ കീഴിൽ സൃഷ്ടിക്കപ്പെട്ട ആസ്ഥികളുടെ ഗുണനിലവാരവും ഈടും ഉറപ്പാക്കുക എന്ന നിർണ്ണായക ഘടകം സംസ്ഥാനം അവഗണിച്ചു.

എംജിഎൻആർഇജി നിയമത്തിൽ അതിന്റെ നടത്തിപ്പും മേൽനോട്ടവും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനുള്ള ശക്തമായ സംവിധാനം ഉൾപ്പെടുന്നു. എന്നിരുന്നാലും, മേൽനോട്ട സംവിധാനങ്ങളുടെ പ്രവർത്തനത്തിൽ നിരവധി പോരായ്മകൾ ഞങ്ങൾ ശ്രദ്ധിച്ചു എന്നത് ആശങ്കാജനകമാണ്. ജോലിയുടെ മേൽനോട്ടത്തിനും ദൈനംദിന ഹാജർ രേഖപ്പെടുത്തലിനും ഉദ്ദേശിച്ചിട്ടുള്ള മേറ്റുകളെ ഒരു ഗ്രാമപഞ്ചായത്തും നിയോഗിച്ചിട്ടില്ല. പുളർ ഗ്രാമപഞ്ചായത്തിലെ മസ്റ്റർ റോളുകളിൽ നടന്ന ക്രമക്കേടുകളുടെ സന്ദർഭങ്ങൾ ഞങ്ങൾ കണ്ടെത്തി, വിദഗ്ധ ഗുണഭോക്താക്കളുടെ പേരു വിവരങ്ങൾ മസ്റ്റർ റോളിൽ കൈകൊണ്ട് എഴുതിച്ചേർക്കുന്നതും നാഷണൽ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം (എൻഎംഎംഎസ്) വഴി വിദഗ്ധ തൊഴിലാളികളെ നിരീക്ഷിക്കാത്തതും വിദഗ്ധ/അർദ്ധ വിദഗ്ധ വേതനം നല്കുന്നതിൽ ആധാർ-അധിഷ്ഠിത പേയ്മെന്റ് സംവിധാനത്തിന്റെ അഭാവവും അതുപോലെ ഗ്രാമ പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/സംസ്ഥാന മിഷന്റെ നിരീക്ഷണത്തിലെ കുറവും പോലെയുള്ള സംവിധാനത്തിലെ പഴുതുകൾ കുറ്റവാളികൾ ചൂഷണം ചെയ്തതായും വഞ്ചനാപരമായ പ്രവൃത്തികളിൽ ഏർപ്പെട്ടുകൊണ്ട് എംജിഎൻആർഇജിഎസ് ഫണ്ട് ദുരുപയോഗം ചെയ്തതായും ഓഡിറ്റ് നിരീക്ഷിച്ചു. എംജിഎൻആർഇജിഎസ്ലെ വിവിധ തസ്തികകളിൽ ജോലിചെയ്യുന്ന 33 സർക്കാർ ജീവനക്കാരുടെ ശമ്പളമായി ₹16.05 കോടി എംജിഎൻആർഇജിഎസിന്റെ ഭരണപരമായ ചെലവുകൾക്കായി ഉദ്ദേശിച്ച ഫണ്ടിൽ നിന്ന് കേന്ദ്ര സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് നൽകിയതായി ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. 2021 ജനുവരിയിൽ സംസ്ഥാന വിജിലൻസ് സെൽ രൂപീകരിച്ചതിനുശേഷം അതിനെ ശാക്തീകരിക്കാത്തത്, ജില്ലാ ഓംബുഡ്സ്പേഴ്സൺമാരുടെ അവലോകന റിപ്പോർട്ടുകളിൽ തദ്ദേശ സ്വയംഭരണവകുപ്പിന്റെ തുടർനടപടികളുടെ അഭാവം, ഫലപ്രദമായ പരാതി ട്രാക്കിങ്ങ് സംവിധാനത്തിന്റെ അഭാവം, തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ മേൽനോട്ടം ഉറപ്പാക്കുന്നതിനായി പദ്ധതിയുടെ ഫലത്തെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ടുകൾ സംസ്ഥാന തൊഴിലുറപ്പ് സമിതി (എസ്ഇജിസി) സംസ്ഥാന നിയമസഭയിൽ സമർപ്പിക്കാത്തത് മുതലായ നിരീക്ഷണ, പരാതി പരിഹാര സംവിധാനത്തിലെ പരാജയങ്ങളും ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടു. എന്നിരുന്നാലും, 2022-23, 2023-24 വർഷങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിൽ സംസ്ഥാനത്തിന് യഥാക്രമം 84.17 ശതമാനവും 98.72 ശതമാനവും നേട്ടം രേഖപ്പെടുത്താൻ കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്.

*ഞങ്ങളുടെ ഓഡിറ്റ് പരിശ്രമത്തിന്റെ അവസാനം, എംജിഎൻആർഇജി നിയമം സംസ്ഥാനത്തിന്റെ ഗ്രാമീണ ക്ഷേമ ഘടനയിൽ ഒരു സുപ്രധാന വഴിത്തിരിവ് ആയിരുന്നുവെങ്കിലും, പദ്ധതിയിൽ 19 വർഷത്തെ തുടർച്ചയായ നിക്ഷേപത്തിനുശേഷവും, അതിന്റെ നടപ്പാക്കലിൽ വെല്ലുവിളികൾ നിലനിൽക്കുന്നുവെന്ന് ഞങ്ങൾ നിഗമനം ചെയ്തു. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം, നിരീക്ഷണം എന്നിവയിൽ തുടരുന്ന അപാകതകൾ പരിഹരിക്കാൻ സംസ്ഥാനത്തിന് കഴിയാത്തതാണ് ഇതിന് കാരണം. താഴെ തട്ടിൽനിന്ന് മുകളിലേക്കുള്ള രീതിയിലുള്ള ആസൂത്രണത്തിലെ പോരായ്മകൾ, മാനവവിഭവശേഷിയുടെ അപര്യാപ്തത, ഫണ്ട് വിതരണത്തിലെ കാലതാമസം എന്നിവ വേതനദായക തൊഴിലിന്റെ ഫലപ്രദമായ വിതരണത്തിലും ആസ്തി സൃഷ്ടിയിലും തടസ്സങ്ങളുണ്ടാക്കി. ആസ്തി സൃഷ്ടിക്കൽ പ്രവർത്തനങ്ങൾക്ക് നൽകുന്ന കുറഞ്ഞ മുൻഗണനയും സാമ്പത്തിക ക്രമക്കേടുകളുടെ സന്ദർഭങ്ങളും പദ്ധതിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലും നിലനിർത്തുന്നതിലും ഉള്ള വെല്ലുവിളികളെ കൂടുതൽ അടിവരയിടുന്നു. കൂടാതെ, ഫലപ്രദമല്ലാത്ത വിജിലൻസും പരാതി പരിഹാര സംവിധാനങ്ങളും സുതാര്യതയും ഉത്തരവാദിത്തവും ദുർബലപ്പെടുത്തി. എംജിഎൻആർഇജി നിയമം അതിന്റെ ദൗത്യം നിറവേറ്റുകയും അതിന്റെ പരമാവധി പ്രഭാവം കൈവരിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ, ആസൂത്രണം, വിഭവ നിർവ്വഹണം, ഫണ്ടുകളുടെ സമയബന്ധിതമായ വിതരണം, ശക്തമായ നിരീക്ഷണം, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ ശാക്തീകരിക്കുന്നതിന് അടിയന്തര തിരുത്തൽ നടപടികൾ ആവശ്യമാണ്. അതനുസരിച്ച്, ഈ റിപ്പോർട്ടിൽ താഴെപ്പറയുന്ന പ്രധാന ശിപാർശകൾ ഞങ്ങൾ ശിപാർശ ചെയ്യുന്നു:*

- ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന മറ്റ് പദ്ധതികളുമായി എംജിഎൻആർഇജിഎസ്സിന്റെ സംയോജനം സാധ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ കൺവേർജൻസ് പദ്ധതി തയ്യാറാക്കുന്നു എന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.
- ഫലപ്രദമായ മേൽനോട്ട പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിന് എല്ലാ പ്രവൃത്തി സ്ഥലത്തും മേറ്റുമാരെ നിയമിക്കാനും അർദ്ധ വിദഗ്ദ്ധ വേതനം നൽകാനും സർക്കാർ ഗ്രാമപഞ്ചായത്തുകളോട് നിർദ്ദേശിക്കേണ്ടതാണ്.
- പദ്ധതിയ്ക്ക് നിർദ്ദേശിച്ചിട്ടുള്ള സമയക്രമം പാലിച്ചുകൊണ്ട് ഫണ്ടുകൾ സമയോചിതമായി നൽകുന്നു എന്ന് സർക്കാർ ഉറപ്പ് വരുത്തേണ്ടതാണ്.
- എംജിഎൻആർഇജിഎസ്സിനു കീഴിൽ വരുത്തിയ അനുവദനീയമല്ലാത്ത ചെലവ് തിരിച്ചുപിടിക്കാൻ സർക്കാർ നടപടി എടുക്കേണ്ടതാണ്.
- സർവ്വേകളും പ്രത്യേക ഡ്രൈവുകളും നടത്തുന്നതിനും, അനുബന്ധ വകുപ്പുകളുടെ പക്കലുള്ള ലഭ്യമായ ഡാറ്റ ഉപയോഗപ്പെടുത്തി അർഹതയുള്ള കുടുംബങ്ങളെയും, ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള ദുർബല വ്യക്തികളെയും കണ്ടെത്തി പദ്ധതിയ്ക്ക് കീഴിൽ തൊഴിൽ ലഭ്യമാക്കാനും ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.
- ഗ്രാമപഞ്ചായത്തുകൾ തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകുന്നതുൾപ്പെടെ തൊഴിലിനായുള്ള ആവശ്യം കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്നും അത് യഥാർത്ഥ തൊഴിൽ ലഭ്യതയുമായി പൊരുത്തപ്പെടുത്തി അർഹമായ തൊഴിലില്ലായ്മ വേതനം കണക്കുകൂട്ടുന്നുണ്ടെന്നും സർക്കാർ ഉറപ്പുവരുത്തണം.
- ഗ്രാമീണ ദരിദ്രരുടെ ഉപജീവനമാർഗ്ഗ അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിനായി സുസ്ഥിരമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ വേതന സാധന അനുപാതം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സംസ്ഥാനത്ത് പദ്ധതിയുടെ സുതാര്യത, ഉത്തരവാദിത്തം, ഫലപ്രദമായ നിർവ്വഹണം എന്നിവ ഉറപ്പാക്കുന്നതിന് വിജിലൻസിന്റെയും നിരീക്ഷണ സംവിധാനത്തിന്റെയും ശരിയായ പ്രവർത്തനം സർക്കാർ ഉറപ്പാക്കേണ്ടതാണ്.



പിലിക്കോട് ഗ്രാമപഞ്ചായത്തിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച്
നീർത്തോടിന്റെ പാർശ്വഭിത്തി ശക്തിപ്പെടുത്തൽ പ്രവൃത്തി
വർക്ക് കോഡ്: 1601005004/IC/330560

അദ്ധ്യായം

# 1 അവലോകനം

അദ്ധ്യായം

# 1 അവലോകനം

## 1.1 ആമുഖം

തൊഴിൽ ലഭ്യത, വ്യക്തികളെ അവരുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്താനും സമൂഹത്തിന് സംഭാവന ചെയ്യാനും പ്രാപ്തരാക്കുകയും അതിനെ ആരോഗ്യകരവും നീതിയുക്തവുമായ ഒരു സമൂഹത്തിന്റെ പ്രധാന ഘടകമാക്കി മാറ്റുകയും ചെയ്യുന്നു. ഒരാളുടെ പശ്ചാത്തലമോ സാഹചര്യങ്ങളോ പരിഗണിക്കാതെ ജോലി ചെയ്യാനുള്ള അവകാശം ഉറപ്പാക്കുന്നത് എല്ലാവർക്കും ഉപജീവനമാർഗ്ഗം ഉറപ്പാക്കുകയും അന്തസ്സോടെ ജീവിക്കുന്നതിനുള്ള അവസരം ഉറപ്പ് നൽകുകയും ചെയ്യുന്നു. ജോലി ഒരു അവകാശമായി കണക്കാക്കുമ്പോൾ സാമ്പത്തികവും സാമൂഹികവുമായ ക്ഷേമം എന്ന ലക്ഷ്യത്തിൽ ആരും പിന്നിലാകുന്നില്ല എന്നുറപ്പാക്കേണ്ടത് ഒരു സാമൂഹിക ഉത്തരവാദിത്തമായി മാറുന്നു.

ഗ്രാമീണ ജനതയ്ക്ക് ജോലി ചെയ്യുന്നതിനുള്ള അവകാശം സ്ഥാപിച്ചുകൊണ്ട് 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം (എംജിഎൻആർഇജി നിയമം) ഈ തത്വങ്ങളെ അഭിസംബോധന ചെയ്യുന്നു. അവിദഗ്ദ്ധ കായിക ജോലികൾ ചെയ്യാൻ സന്നദ്ധരായ പ്രായപൂർത്തിയായ അംഗങ്ങളുള്ള ഓരോ കുടുംബത്തിനും ഓരോ സാമ്പത്തിക വർഷത്തിലും കുറഞ്ഞത് 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുക വഴി രാജ്യത്തെ ഗ്രാമീണ മേഖലയിലെ കുടുംബങ്ങളുടെ ഉപജീവന സുരക്ഷിതത്വം വർദ്ധിപ്പിക്കുക എന്നതാണ് ഈ നിയമത്തിന്റെ പ്രധാന ലക്ഷ്യം. ദരിദ്ര ഗ്രാമീണരുടെ ഉപജീവനമാർഗ്ഗം ശക്തിപ്പെടുത്തുകയും സ്ഥിരതയുള്ള ആസ്തികൾ സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ മറ്റ് പ്രധാന ലക്ഷ്യങ്ങൾ.

## 1.2 എംജിഎൻആർഇജി നിയമത്തിന്റെ ലക്ഷ്യങ്ങൾ

- തൊഴിലവസരങ്ങൾ നൽകുന്നതിലൂടെ ഗ്രാമീണ ഇന്ത്യയിൽ വസിക്കുന്ന ഏറ്റവും ദുർബലരായ ആളുകൾക്ക് സാമൂഹിക സംരക്ഷണം
- സുസ്ഥിരമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെയും, മെച്ചപ്പെട്ട ജലസുരക്ഷയിലൂടെയും, മണ്ണ് സംരക്ഷണത്തിലൂടെയും ഉയർന്ന കാർഷിക ഉത്പാദനക്ഷമതയിലൂടെയും ദരിദ്രർക്ക് ഉപജീവന സുരക്ഷ
- ഗ്രാമീണ ഇന്ത്യയിൽ വരൾച്ചാ പ്രതിരോധവും പ്രളയ നിവാരണവും
- അവകാശങ്ങളിൽ അധിഷ്ഠിതമായ നിയമനിർമ്മാണ പ്രക്രിയകളിലൂടെ സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരുടെ ശാക്തീകരണം പ്രത്യേകിച്ച് സ്ത്രീകൾ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ
- ദാരിദ്ര്യനിർമ്മാർജ്ജന, ഉപജീവനമാർഗ്ഗ സംരംഭങ്ങളുടെ സംയോജനത്തിലൂടെ വികേന്ദ്രീകൃതവും പങ്കാളിത്തപരവുമായ ആസൂത്രണം ശക്തിപ്പെടുത്തുക
- പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ താഴെത്തട്ടിൽ ജനാധിപത്യം കൂടുതൽ ആഴത്തിൽ സ്ഥാപിക്കുക

## 1.3 കേരളത്തിൽ എംജിഎൻആർഇജി നിയമം നടപ്പാക്കൽ

2005-ലെ എംജിഎൻആർഇജി നിയമത്തിൽ അനുശാസിക്കുന്നത് പ്രകാരം കേരള ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കെആർഇജിഎസ്) 2006 ഫെബ്രുവരിയിൽ കേരള സർക്കാർ വിജ്ഞാപനം ചെയ്തു. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ വയനാട്, പാലക്കാട് ജില്ലകളെയാണ് ഉൾപ്പെടുത്തിയത്. 2007 ഏപ്രിൽ 1-ന് വിജ്ഞാപനം ചെയ്ത രണ്ടാം

ഘട്ടത്തിൽ ഇടുക്കി, കാസർഗോഡ് ജില്ലകളെ ഉൾപ്പെടുത്തുകയും 2008 ഏപ്രിൽ മുതൽ പദ്ധതി ബാക്കിയുള്ള എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയും ചെയ്തു.

## 1.4 എംജിഎൻആർഇജിഎസ്സിന്റെ സംഘടനാ സംവിധാനം

സംസ്ഥാന, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിലെ സംഘടനാ സംവിധാനം **ചാർട്ട് 1.1ൽ** കാണിച്ചിരിക്കുന്നു.

**ചാർട്ട് 1.1: സംഘടനാ സംവിധാനം**




*(ഉറവിടം : എംജിഎൻആർഇജിഎസ് സംസ്ഥാന മിഷൻ നൽകിയ വിശദാംശങ്ങൾ)*

## 1.5 വ്യത്യസ്ത തലങ്ങളിലുള്ള റോളുകളും ഉത്തരവാദിത്തങ്ങളും

മിഷൻ ഡയറക്ടർ നേതൃത്വം നൽകുന്ന മഹാത്മാ ഗാന്ധി എൻആർഇജിഎസ് സംസ്ഥാന മിഷനാണ് സംസ്ഥാനത്ത് പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നത്. ജില്ലാ പ്രോഗ്രാം കോ ഓർഡിനേറ്റർമാരുടെ ചുമതല വഹിക്കുന്ന ജില്ലാ കളക്ടർമാർക്കാണ് ജില്ലാതലത്തിൽ പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കാനുള്ള ഉത്തരവാദിത്തം. ബ്ലോക്ക് തലത്തിൽ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ ചുമതല വഹിക്കുന്ന ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ (ബിഡിഒ) പദ്ധതി നിരീക്ഷിക്കുന്നു. പദ്ധതിയുടെ ഫീൽഡ് തല നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കുന്നു. പദ്ധതി പ്രകാരം തൊഴിൽ കാർഡുകൾ നൽകുന്നതിന് ഉത്തരവാദിത്തമുള്ള രജിസ്ട്രേഷൻ ഓഫീസറായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രവർത്തിയ്ക്കുന്നു.

എംജിഎൻആർഇജി നിയമത്തിലെ 12–ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാർ രൂപീകരിച്ച സംസ്ഥാന തൊഴിൽ സുരക്ഷാ കൗൺസിൽ (എസ്ഇജിസി) പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സംസ്ഥാന സർക്കാരിനെ ഉപദേശിക്കുകയും, നിരീക്ഷണ പരാതി പരിഹാര സംവിധാനങ്ങൾ അവലോകനം ചെയ്യുകയും മെച്ചപ്പെടുത്തലുകൾ നിർദ്ദേശിക്കുകയും ചെയ്യുകയും സംസ്ഥാനത്തിനുള്ളിൽ പദ്ധതി വിലയിരുത്തുകയും കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ട പ്രവർത്തികളുടെ നിർദ്ദേശങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുന്നു.

എംജിഎൻആർഇജിഎസ് നടപ്പാക്കുന്നതിനായി കേരള സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനപരമായ സംവിധാനവും വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരുടെ റോളുകളും ഉത്തരവാദിത്തങ്ങളും **അനുബന്ധം 1.1ൽ** സംഗ്രഹിച്ചിരിക്കുന്നു.

## 1.6 എംജിഎൻആർഇജിഎസ് പ്രക്രിയയുടെ അവലോകനം

എംജിഎൻആർഇജിഎസ് പ്രക്രിയയുടെ അവലോകനം താഴെ **ചാർട്ട് 1.2ൽ** നൽകിയിരിക്കുന്നു

**ചാർട്ട് 1.2 : എംജിഎൻആർഇജിഎസ് പ്രക്രിയയുടെ അവലോകനം**




*(ഉറവിടം : 2005 ലെ എംജിഎൻആർഇജി നിയമവും 2013-ലെ എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും)*

## 1.7 ഫണ്ടിംഗ് രൂപരേഖ

കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ ചെലവ് പങ്കിടൽ അടിസ്ഥാനത്തിൽ നടപ്പാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് എംജിഎൻആർഇജിഎസ്. അവിദഗ്ദ്ധ കായിക തൊഴിലാളികളുടെ മുഴുവൻ വേതനവും, വിദഗ്ദ്ധ, അർദ്ധവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നിവയുടെ 75 ശതമാനവും കേന്ദ്രസർക്കാർ വഹിക്കുന്നു.

മൊത്തം ചെലവിന്റെ ആറ് ശതമാനം വരെയുള്ള ഭരണപരമായ ചെലവുകൾ (സോഷ്യൽ ഓഡിറ്റിന്മേലുള്ള 0.5 ശതമാനം വരെയുള്ള ചെലവുകൾ ഉൾപ്പെടെ) കേന്ദ്ര സർക്കാർ വഹിക്കുകയും അതേസമയം വിദഗ്ധ, അർദ്ധവിദഗ്ധ തൊഴിലാളികളുടെ വേതനത്തിന്റെയും വസ്തുക്കളുടെയും ചെലവിന്റെ 25 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുകയും ചെയ്യുന്നു.

തൊഴിലാളികൾക്കുള്ള വേതനം വൈകിയതിന്റെ നഷ്ടപരിഹാരത്തുക, തൊഴിലില്ലായ്മ വേതനം, സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ (എസ്ഇജിസി) ഭരണപരമായ ചെലവുകൾ എന്നിവയിന്മേലുള്ള മുഴുവൻ ചെലവും സംസ്ഥാന സർക്കാർ വഹിക്കുന്നു. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള എംജിഎൻആർഇജിഎസ് ഫണ്ട് പങ്കിടൽ രീതി **ചാർട്ട് 1.3ൽ** പ്രദർശിപ്പിച്ചിരിക്കുന്നു.

**ചാർട്ട് 1.3 : എംജിഎൻആർഇജിഎസ്-ന് കീഴിലുള്ള ഫണ്ടിന്റെ ഒഴുക്ക്**




*(ഉറവിടം: പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഓഡിറ്റ് തയ്യാറാക്കിയ സ്കീമാറ്റിക് ഡയഗ്രം)*

## 1.8 സാമ്പത്തിക ചെലവും ഭൗതികപ്രകടനവും

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ എംജിഎൻആർഇജിഎസ്സിന്മേൽ റിപ്പോർട്ട് ചെയ്ത ചെലവിന്റെ സംഗ്രഹം ചില പെർഫോർമൻസ് മാനദണ്ഡങ്ങൾക്കൊപ്പം **പട്ടിക 1.1ൽ** കാണിച്ചിരിക്കുന്നു.

**പട്ടിക 1.1: എംജിഎൻആർഇജിഎസ്സിന്റെ പെർഫോർമൻസ് മാനദണ്ഡങ്ങൾ**

| വിശദാംശങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| **എംജിഎൻആർഇജിഎസ്സിനു കീഴിലുള്ള ചെലവ്** | | | | | |
| മൊത്തം ചെലവ് (₹ കോടിയിൽ) | 2709.04 | 3900.01 | 4164.92 | 4028.16 | 4004.49 |
| ഓരോ ജില്ലയിലും ശരാശരി ചെലവ് (₹ കോടിയിൽ) | 193.50 | 278.57 | 297.49 | 287.73 | 286.03 |
| ഒരു ദിവസം ഒരാളിനുള്ള ശരാശരി വേതന ചെലവ് (₹) | 270.40 | 290.54 | 290.77 | 310.46 | 331.85 |
| **സൃഷ്ടിച്ച വ്യക്തിഗത തൊഴിൽ ദിനങ്ങൾ** | | | | | |
| ആകെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (കോടിയിൽ) | 8.02 | 10.11 | 10.60 | 9.55 | 9.79 |
| ഓരോ ഗ്രാമീണ കുടുംബത്തിനും സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ (ദിവസത്തിൽ) | 55.75 | 63.25 | 64.41 | 62.26 | 67.7 |

*(ഉറവിടം : സംസ്ഥാന മിഷൻ നൽകിയ വിശദാംശങ്ങൾ)*

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഒരു വ്യക്തിക്ക് ഒരു ദിവസത്തെ ശരാശരി വേതന മൂല്യം ₹270ൽ നിന്ന് ₹332 ആയി വർദ്ധിച്ചതായും ഒരു കുടുംബത്തിന്

സൃഷ്ടിച്ച തൊഴിൽ 56 ദിവസത്തിൽ നിന്ന് 68 ദിവസമായി ഉയർന്നതായും പട്ടികയിൽ നിന്ന് കാണാൻ കഴിയും.

എംഐഎസ് ഡാറ്റ പ്രകാരം, ഓഡിറ്റ് കാലയളവിൽ ഏകദേശം 90 ശതമാനം സ്ത്രീകൾക്ക് പ്രാതിനിധ്യം ഉണ്ടായിരുന്നു. സ്ത്രീകൾക്കുള്ള തൊഴിൽ സൃഷ്ടിക്കലിന്റെ കാര്യത്തിൽ, 2019–20 ലും 2023–24 ലും കേരളം സ്ഥിരമായി ഒന്നാം സ്ഥാനം നിലനിർത്തി, കൂടാതെ, രജിസ്റ്റർ ചെയ്തവരിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിയ തൊഴിലിന്റെ ശതമാനം യഥാക്രമം 50 ശതമാനവും 60 ശതമാനവും ആയിരുന്നു.

## 1.9 മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം – എൻആർഇജിഎ സോഫ്റ്റ്

എംജിഎൻആർഇജി നിയമത്തിന്റെ അടിസ്ഥാന സവിശേഷതകൾ സുതാര്യതയും ഉത്തരവാദിത്തവുമാണ്. നിയമത്തിന്റെ ഷെഡ്യൂൾ-I ലെ ഖണ്ഡിക 13(എ) പ്രകാരം, അതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുസഞ്ചയത്തിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ഇതിനായി, കേന്ദ്രസർക്കാരിന്റെ ഗ്രാമ വികസന മന്ത്രാലയം എൻആർഇജിഎസോഫ്റ്റ് എന്ന വർക്ഫ്ളോ അധിഷ്ഠിതമായ വെബ് എനേബിൾഡ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എംഐഎസ്) വികസിപ്പിക്കുകയും http://nrega.nic.in എന്ന പോർട്ടലിൽ ഹോസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എംജിഎൻആർഇജിഎ നടപ്പാക്കുന്നതിലെ വ്യത്യസ്ത പ്രക്രിയകളുടെ എല്ലാ ഇടപാടുകളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനും അവ പൊതുസഞ്ചയത്തിൽ സ്ഥാപിക്കുന്നതിനും എൻആർഇജിഎ സോഫ്റ്റ് (എംഐഎസ് എന്ന് വിളിക്കപ്പെടുന്നു) വ്യവസ്ഥ ചെയ്യുന്നു. സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്തുന്നതിനായി പദ്ധതി നടത്തിപ്പിന്റെ ചിത്രം പൊതു സഞ്ചയത്തിൽ (https://nrega.nic.in) ഏകദേശം അല്ലെങ്കിൽ യാഥാർത്ഥ്യവുമായി വളരെയടുത്ത് കാണത്തക്ക രീതിയിൽ, ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളും (കേന്ദ്ര /സംസ്ഥാന/ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് തലങ്ങൾ) സമയബന്ധിതമായി ഡാറ്റ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

## 1.10 ജിയോഎംജിഎൻആർഇജിഎ – ഭൂമിശാസ്ത്രപരമായ വിവര സംവിധാനം നടപ്പാക്കൽ

ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനത്തിന്റെ (ഐഎസ്ആർഒ) നാഷണൽ റിമോട്ട് സെൻസിംഗ് സെന്ററുമായി (എൻആർഎസ്സി) സഹകരിച്ച് എംജിഎൻആർഇജിഎസ്സിന് കീഴിൽ സൃഷ്ടിച്ച ആസ്തികളുടെ ജിയോ-ടാഗിങ്ങിനായി കേന്ദ്രസർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയം ജിയോഎംജിഎൻആർഇജിഎ നടപ്പിലാക്കി. മൊബൈൽ അധിഷ്ഠിത ഫോട്ടോ ജിയോ-ടാഗിങ്ങ്, ഓൺലൈൻ റെക്കോർഡിങ്ങിനും നിരീക്ഷണത്തിനുമായി ഒരു ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) തുടങ്ങിയ സാങ്കേതിക ഇടപെടലുകൾ ഉപയോഗിച്ച് ആസ്തികളുടെ ഒരു ഡാറ്റാബേസ് വ്യവസ്ഥാപിതമായി തയ്യാറാക്കുക എന്നതാണ് ഇത് പിന്തുടരുന്നത്.

എംജിഎൻആർഇജിഎസ്സിന് കീഴിലുള്ള പ്രവൃത്തികളുടെ വിശകലനത്തിനും ആസൂത്രണത്തിനും ജിഐഎസ് ഡാറ്റാബേസും മാപ്പുകളും ഉപയോഗിക്കാം. എൻആർഎസ്സിയുടെ ഭുവൻ ജിയോ പോർട്ടൽ ഈ ആവശ്യത്തിനായി കസ്റ്റമൈസ് ചെയ്തിട്ടുണ്ട്. ഈ ഡാറ്റാബേസ് മന്ത്രാലയങ്ങൾക്കും സംസ്ഥാനങ്ങൾക്കും യഥാക്രമം നിരീക്ഷണത്തിനും ഡാറ്റാബേസ് സൃഷ്ടിക്കുന്നതിനും പ്രാപ്യമാണ്. ഓരോ ആസ്തിയുടെയും സ്ഥാനം മൂന്ന് ഘട്ട ചിത്രങ്ങൾക്കൊപ്പം (ജോലി ഏറ്റെടുക്കുന്നതിന് മുൻപ്, ജോലി നിർവ്വഹിക്കുന്ന സമയത്ത്, ജോലി പൂർത്തിയാക്കിയതിന് ശേഷം) ജിയോ ടാഗ് ചെയ്യണം.



പിലിക്കോട് ഗ്രാമപഞ്ചായത്തിൽ മഴവെള്ളക്കുഴികളുടെ നിർമ്മാണം
വർക്ക് കോഡ്: 1601005004/WC/591589

അദ്ധ്യായം
2
# ഓഡിറ്റ് ചട്ടക്കൂട്

അദ്ധ്യായം

# 2 ഓഡിറ്റ് ചട്ടക്കൂട്

## 2.1 ഓഡിറ്റ് ലക്ഷ്യങ്ങൾ

കേരളത്തിൽ എംജിഎൻആർഇജി നിയമം നടപ്പാക്കുന്നതിനെക്കുറിച്ചുള്ള പ്രവർത്തനക്ഷമതാ ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവ വിലയിരുത്തുക എന്നതായിരുന്നു:

പ്രസക്തമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിനും ആസൂത്രണ പ്രക്രിയകളും സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതികളും നിയമത്തിന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പര്യാപ്തമായ രീതിയിൽ സജ്ജീകരിച്ചിരുന്നോ ?

തൊഴിലവസരങ്ങളിലേക്കുള്ള ന്യായമായ പ്രവേശനം നേടിയിട്ടുണ്ടോ അതുപോലെ മതിയായ തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ, അതുവഴി വിഭാവനം ചെയ്തതുപോലെ സാമൂഹ്യസംരക്ഷണവും ഉപജീവന സുരക്ഷയും ഉറപ്പാക്കപ്പെട്ടിട്ടുണ്ടോ ?

മറ്റ് പരിപാടികളും/പദ്ധതികളുമായി സംയോജനം ഉറപ്പാക്കുന്നതിനൊപ്പം നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് ഈട് നിൽക്കുന്നതും ഉപയോഗപ്രദവുമായ ആസ്തികൾ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്തിട്ടുണ്ടോ ?

കൂടുതൽ സുതാര്യതയും ഉത്തരവാദിത്തവും കൈവരിക്കുന്നതിന് ഉചിതമായതും പര്യാപ്തവുമായ നിരീക്ഷണം, സോഷ്യൽ ഓഡിറ്റ്, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ വിഭാവനം ചെയ്തതുപോലെ നിലവിലുണ്ടാവുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടോ ?

## 2.2 ഓഡിറ്റ് മാനദണ്ഡം

പ്രവർത്തനക്ഷമതാ ഓഡിറ്റ് വിലയിരുത്തുന്നതിനുള്ള ഓഡിറ്റ് മാനദണ്ഡങ്ങൾ പ്രധാനമായും ഉരുത്തിരിഞ്ഞത് താഴെപ്പറയുന്നവയിൽ നിന്നാണ്.

- 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം, 2013-ലെ എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും അതിന്മേലുള്ള ഭേദഗതികളും, നിയമത്തിനു കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങൾ
- 2006-ലെ കേരള ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
- കേന്ദ്രസർക്കാരിലെ ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച വാർഷിക മാസ്റ്റർ സർക്കുലറുകൾ
- കേന്ദ്രസർക്കാരിലെ ഗ്രാമവികസന മന്ത്രാലയവും കേരള സർക്കാരും പുറപ്പെടുവിച്ച ഉത്തരവുകൾ, സർക്കുലറുകൾ, നിർദ്ദേശങ്ങൾ
- കേരള ഫിനാൻഷ്യൽ റൂൾസും ജനറൽ ഫിനാൻഷ്യൽ റൂൾസും

## 2.3 ഓഡിറ്റിന്റെ വ്യാപ്തിയും രീതിശാസ്ത്രവും

2024-25 -ൽ ചെയ്ത സ്പിൽഓവർ പ്രവർത്തികൾ ഉൾപ്പെടെ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവ് ഉൾപ്പെടുത്തിക്കൊണ്ട് 2024 ജൂൺ മുതൽ 2024 നവംബർ വരെയാണ് പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തിയത്. ഗ്രാമപഞ്ചായത്തുകളിലും/ബ്ലോക്ക് പഞ്ചായത്തുകളിലും സൂക്ഷിച്ചിരിക്കുന്ന അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ, ഫയലുകൾ എന്നിവയുടെ പരിശോധന, ഓഡിറ്റ് എൻക്വയറികൾ നൽകൽ, ഫീൽഡ് സന്ദർശനങ്ങൾ, സംയുക്ത ഗുണഭോക്തൃ സർവ്വേ തുടങ്ങിയവ ഓഡിറ്റ് രീതിശാസ്ത്രത്തിൽ ഉൾപ്പെടുന്നു. തദ്ദേശസ്വയംഭരണവകുപ്പ്, പ്രിൻസിപ്പൽ ഡയറക്ടറേറ്റ് (എൽഎസ്ജിഡി), സംസ്ഥാന മിഷനും ജില്ലാ മിഷനുകളും (എംജിഎൻആർഇജിഎസ്),

എംജിഎൻആർഇജിഎ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കുടുംബശ്രീ, പദ്ധതി നടത്തിപ്പിൽ ഉൾപ്പെട്ട മറ്റ് ഓഫീസുകൾ എന്നിവയിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു.

2024 ജൂലൈ 30-ന് എൽഎസ്ജിഡി സെക്രട്ടറിയുമായി ഒരു എൻട്രി കോൺഫറൻസ് നടത്തുകയും അതിൽ ഓഡിറ്റ് ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, വ്യാപ്തി, രീതിശാസ്ത്രം എന്നിവ ചർച്ച ചെയ്യുകയും ചെയ്തു. ഓഡിറ്റിന്റെ പരിസമാപ്തിയിൽ, 2025 ജൂൺ 09-ന് എൽഎസ്ജിഡി അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ഒരു എക്സിറ്റ് കോൺഫറൻസ് നടത്തുകയും, അതിൽ ഓഡിറ്റ് കണ്ടെത്തലുകൾ ചർച്ച ചെയ്യുകയും ചെയ്തു. ഓഡിറ്റ് കണ്ടെത്തലുകളിന്മേൽ സർക്കാർ നൽകിയ അഭിപ്രായങ്ങൾ ഈ റിപ്പോർട്ടിൽ ഉചിതമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## 2.4 ഓഡിറ്റ് സാമ്പിൾ

പദ്ധതി നടപ്പാക്കുന്ന 14 ജില്ലകളിൽ നിന്ന് മൂന്ന് ജില്ലകളെ (21.43 ശതമാനം) ഓഡിറ്റിനായി തിരഞ്ഞെടുത്തു. ജില്ലകൾ തിരഞ്ഞെടുക്കുമ്പോൾ, സാമ്പിളിൽ ഭൂമിശാസ്ത്രപരമായ പ്രാതിനിധ്യം ഒരു വലിയ അളവിൽ ഉറപ്പാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലും രണ്ട് ബ്ലോക്കുകളും ഓരോ തിരഞ്ഞെടുത്ത ബ്ലോക്കിലും നാല് ഗ്രാമപഞ്ചായത്തുകളും രേഖകളുടെ വിശദമായ പരിശോധനയ്ക്കായി തിരഞ്ഞെടുത്തു. ഓഡിറ്റിനായി തിരഞ്ഞെടുത്ത യൂണിറ്റുകൾ താഴെ **പട്ടിക 2.1ൽ** നൽകിയിരിക്കുന്നു.

**പട്ടിക 2.1: കേരള സംസ്ഥാനത്തിൽ സാമ്പിൾ ചെയ്ത യൂണിറ്റുകൾ**




| ജില്ല | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് | |
|---|---|---|---|
| **കാസർഗോഡ്** | കാസർഗോഡ് | ബദിയഡുക്ക | കുമ്പള |
| | | മധൂർ | ചെങ്കള |
| | നീലേശ്വരം | പടന്ന | തൃക്കരിപ്പൂർ |
| | | പിലിക്കോട് | കയ്യൂർ-ചീമേനി |
| **പാലക്കാട്** | അട്ടപ്പാടി* | അഗളി | പുതൂർ |
| | | ഷോളയൂർ | |
| | മലമ്പുഴ | പുതുപ്പരിയാരം | മലമ്പുഴ |
| | | പുതുശ്ശേരി | മരുതറോഡ് |
| | | അകത്തേത്തറ | |
| **തിരുവനന്തപുരം** | വെള്ളനാട് | കാട്ടാക്കട | തൊളിക്കോട് |
| | | കുറ്റിച്ചൽ | വെള്ളനാട് |
| | ചിറയിൻകീഴ് | മുദാക്കൽ | വക്കം |
| | | കടയ്ക്കാവൂർ | അഞ്ചുതെങ്ങ് |

**അട്ടപ്പാടി ബ്ലോക്കിൽ മൂന്ന് ഗ്രാമപഞ്ചായത്തുകളെ ഉള്ളൂ എന്നതിനാൽ മലമ്പുഴ ബ്ലോക്കിൽ ഒരു ഗ്രാമപഞ്ചായത്ത് അധികമായി തിരഞ്ഞെടുത്തു*

ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും 10 പ്രവൃത്തികൾ വിശദമായ പരിശോധനയ്ക്കായി തിരഞ്ഞെടുത്തു. ഗുണഭോക്തൃ സർവ്വേയ്ക്കായി ഓരോ ഗ്രാമപഞ്ചായത്തിൽ നിന്നും പത്ത് മുതൽ 15 വരെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു (മൊത്തം 334 ഗുണഭോക്താക്കൾ).

## 2.5 എംജിഎൻആർഇജി പദ്ധതിയിന്മേലുള്ള മുൻ ഓഡിറ്റ് കണ്ടെത്തലുകൾ

2007-08 മുതൽ 2011-12 വരെയുള്ള കാലയളവിലെ എംജിഎൻആർഇജിഎസ്സിന്റെ പ്രവർത്തനക്ഷമതാ ഓഡിറ്റ് 2012 മാർച്ച് മുതൽ ജൂൺ വരെ നടത്തുകയും അതിലെ കണ്ടെത്തലുകൾ 2012 മാർച്ചിൽ അവസാനിച്ച വർഷത്തിലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു (2013 വർഷത്തിലെ റിപ്പോർട്ട് നമ്പർ 2, കേരള സർക്കാർ) 2022 ജൂലൈയിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്തു. സമിതിയുടെ ശിപാർശകൾ ലഭിച്ചിട്ടില്ല.

## 2.6 കൃതജ്ഞത

പ്രവർത്തനക്ഷമതാ ഓഡിറ്റ് നടത്തുന്നതിന് സംസ്ഥാന സർക്കാരും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും അവയുടെ ഉദ്യോഗസ്ഥരും വിവിധ ഘട്ടങ്ങളിൽ നൽകിയ സഹകരണത്തിനും സഹായത്തിനും ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

## 2.7 ഓഡിറ്റ് കണ്ടെത്തലുകൾ

ഓഡിറ്റ് കണ്ടെത്തലുകൾ അഞ്ച് അദ്ധ്യായങ്ങളായി ക്രമീകരിച്ചിരിക്കുന്നു

- ആസൂത്രണവും ശേഷിവികസനവും
- സാമ്പത്തിക മാനേജ്മെന്റ്
- രജിസ്ട്രേഷനും തൊഴിലും
- പ്രവർത്തികളുടെ നിർവ്വഹണം
- നിരീക്ഷണവും പരാതി പരിഹാരവും സോഷ്യൽ ഓഡിറ്റും



പിലിക്കോട് ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറേമ്മൂളി
വാർഡ് 4 ലെ കുളം നവീകരണം
വർക്ക് കോഡ് : 1601005004/WH/347244

അദ്ധ്യായം
3

# ആസൂത്രണവും ശേഷിവികസനവും

അദ്ധ്യായം

# 3 ആസൂത്രണവും ശേഷിവികസനവും

തിരഞ്ഞെടുത്ത പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ തൊഴിൽ ആവശ്യങ്ങളുടെ അളവും സമയക്രമവും വിലയിരുത്തുന്നതിന് അടിസ്ഥാന സർവേകൾ നടത്തിയിട്ടില്ല. സർവേകളുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് അടിസ്ഥാനതലത്തിൽ ഒരു യഥാർത്ഥ്യബോധമുള്ള വികസനപദ്ധതി തയ്യാറാക്കാൻ കഴിഞ്ഞില്ല. ലേബർ ബജറ്റും വാർഷിക ആക്ഷൻ പ്ലാനുകളും തയ്യാറാക്കുന്നതിലും അംഗീകരിക്കുന്നതിലും തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾക്ക് നാല് മാസം വരെ കാലതാമസം നേരിട്ടു. ഗ്രാമവികസന മന്ത്രാലയത്തിന് സംസ്ഥാനം ലേബർ ബജറ്റ് സമർപ്പിച്ചതിനു ശേഷമാണ് തിരഞ്ഞെടുത്ത ഒന്നു മുതൽ ഏഴ് വരെ ഗ്രാമ പഞ്ചായത്തുകൾ ഓഡിറ്റ് കാലയളവിൽ, വാർഷിക പദ്ധതികളും ലേബർ ബജറ്റും തയ്യാറാക്കിയത്. ലേബർ ബജറ്റ് തയ്യാറാക്കുന്നതിൽ താഴെത്തട്ടിൽ നിന്നും മുകളിലേക്ക് എന്ന സമീപനം സ്വീകരിക്കാത്തത് വാർഷിക പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തം കുറയ്ക്കുന്നതിലേക്ക് നയിച്ചു. വ്യക്തിഗത ആവശ്യകതകൾ വിലയിരുത്താതെ പദ്ധതി തയ്യാറാക്കിയത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 88.73 ശതമാനം വ്യക്തിഗത ഗുണഭോക്തൃ പ്രവർത്തികൾ നടപ്പാക്കാതിരിക്കുന്നതിലേക്ക് നയിച്ചു. ഒരു കൺവേർജൻസ് പ്ലാൻ തയ്യാറാക്കാത്തത് എംജിഎൻആർഇജിഎസ്സുമായി സംയോജിപ്പിക്കാമായിരുന്ന മറ്റ് വകുപ്പുകൾ നടപ്പാക്കിയ പദ്ധതികൾ തിരിച്ചറിയാതെ പോകുന്നതിനിടയാക്കി. ആവശ്യത്തിന് മാനവശേഷി വിന്യസിക്കാത്തത്, പരിശീലനം നൽകാത്തത് തുടങ്ങിയ ശേഷി വികസനത്തിലെ നിരവധി പോരായ്മകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിവിധ വിഭാഗങ്ങളിലായി അനുവദിച്ച 5,069 കരാർ തസ്തികകളിൽ 4,794 പേരെ മാത്രമേ വിന്യസിച്ചിട്ടുള്ളൂ, 275 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. എല്ലാ ജോലിസ്ഥലങ്ങളിലും മേറ്റിനെ നിയോഗിക്കണമെന്ന് 2013-ലെ പ്രവർത്തനമാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ചിരുന്നെങ്കിലും ജോലിസ്ഥലങ്ങളിൽ മേറ്റിനെ വിന്യസിച്ചിരുന്നില്ല.

## 3.1 ആസൂത്രണ പ്രക്രിയ

തൊഴിൽ ആവശ്യമുള്ളപ്പോഴെല്ലാം അത് വാഗ്ദാനം ചെയ്യുന്ന ഒരു ആവശ്യാധിഷ്ഠിത വേതന തൊഴിൽ പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (എംജിഎൻആർഇജിഎസ്). ഇതിനായി ആവശ്യപ്പെടാൻ സാധ്യതയുള്ള തൊഴിലിന്റെ എണ്ണവും സമയവും മുൻകൂട്ടി വിലയിരുത്തേണ്ടതുണ്ട്. അതോടൊപ്പം, ഈ ആവശ്യം നിറവേറ്റുന്നതിനായി പദ്ധതികളുടെ പട്ടിക തയ്യാറാക്കി അവയ്ക്ക് മുൻഗണന നിശ്ചയിക്കണം. തൊഴിലിന്റെ ആവശ്യകതയും ലഭ്യമാക്കലും തമ്മിലുള്ള ഈ പൊരുത്തപ്പെടുത്തൽ ആണ് എംജിഎൻആർഇജിഎസ്സിന് കീഴിലുള്ള ആസൂത്രണ പ്രക്രിയ. ഇതിനായി ഒരു ലേബർ ബജറ്റ് തയ്യാറാക്കേണ്ടതുണ്ട്. നന്നായി ആസൂത്രണം ചെയ്ത ഒരു സമീപനം പ്രാദേശിക ആവശ്യങ്ങൾ തിരിച്ചറിയുന്നതിനും, യഥാർത്ഥ ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനും, സുസ്ഥിര വികസനം പരിപോഷിപ്പിക്കുന്നതിനും സഹായിക്കുന്നു. ഗ്രാമവികസന ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും ശേഷി വികസനവും സാങ്കേതിക പിന്തുണയും പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് പ്രധാനമാണ്.

## 3.2 വാർഷിക പ്രവർത്തന പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കൽ

വാർഷിക പ്രവർത്തന പദ്ധതി എന്നത് എംജിഎൻആർഇജിഎസ്സിനായുള്ള ഒരു വികസന പദ്ധതിയാണ്. ഗ്രാമസഭയുടെ ശിപാർശകൾ പരിഗണിച്ച ശേഷമാണ് ഓരോ

ഗ്രാമപഞ്ചായത്തും ഇത് തയ്യാറാക്കേണ്ടത്. 2013-ലെ എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ജില്ലയിലെ തിരഞ്ഞെടുത്ത പദ്ധതികളുടെ ആസൂത്രണം മുതൽ അംഗീകാരം വരെയുള്ള ഘട്ടങ്ങളിൽ അടിത്തട്ടിൽ നിന്ന് മുകളിലേക്ക് എന്നുള്ള തത്വം കർശനമായി പാലിക്കുന്നുവെന്ന് ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ (ഡിപിസി) ഉറപ്പാക്കേണ്ടതുണ്ട്.

എംജിഎൻആർഇജിഎസ് മുഖേന ആസ്തി സൃഷ്ടിക്കാനുള്ള ആവശ്യകതയുടെ വിലയിരുത്തൽ, ഗ്രാമപഞ്ചായത്ത് സാമൂഹിക തലത്തിൽ പങ്കാളിത്ത പ്രക്രിയയിലൂടെ നടത്തേണ്ടതാണ്. ഈ പ്രക്രിയകളുടെ ഫലങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ഏകീകരിക്കുകയും അംഗീകാരത്തിനായി ഗ്രാമസഭയ്ക്ക് മുൻപാകെ അവതരിപ്പിക്കുകയും വേണം. ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന എല്ലാ പദ്ധതികളുടെയും ഒരു മധ്യതല ഏകീകരണം ബ്ലോക്ക് തലത്തിൽ നടപ്പിലാക്കുന്നു. എംജിഎൻആർഇജി നിയമത്തിലെ വകുപ്പ് 14(6) പ്രകാരം ജില്ലാതല സമിതി, ജില്ലാതല പദ്ധതികൾ തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. ജില്ലാതല വാർഷിക കർമ്മപദ്ധതിയും ലേബർ ബജറ്റും സംസ്ഥാന തലത്തിൽ ഏകീകരിച്ച് അംഗീകാരത്തിനായി ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിക്കുന്നു. ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ **ചാർട്ട് 3.1ൽ** ചിത്രീകരിച്ചിരിക്കുന്നു:

**ചാർട്ട് 3.1 : ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ**

| | |
|---|---|
| **ഗ്രാമ സഭ** | **വാർഡ് തലത്തിൽ ആവശ്യകത വിലയിരുത്തുക, ഏറ്റെടുക്കേണ്ട പ്രവൃത്തികൾ ശിപാർശ ചെയ്യുക, പ്രവൃത്തികളുടെ മുൻഗണന നിശ്ചയിക്കുക, വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക, വാർഡ് തല പ്രവർത്തന പദ്ധതി അംഗീകരിക്കുക** |
| **ഗ്രാമ പഞ്ചായത്ത്** | **വാർഡ് തല പദ്ധതികളുടെ ഏകീകരണവും ഗ്രാമപഞ്ചായത്ത് തല പ്രവർത്തന പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കലും ബ്ലോക്ക് പഞ്ചായത്തിന് സമർപ്പിക്കലും** |
| **ബ്ലോക്ക് പഞ്ചായത്ത്** | **ബ്ലോക്ക് തലത്തിലുള്ള ഏകീകൃത വാർഷിക പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കി ജില്ല പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് സമർപ്പിക്കൽ** |
| **ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ** | **ബ്ലോക്ക് പദ്ധതികൾ ഏകീകരിക്കലും ജില്ലാ പഞ്ചായത്തിന് സമർപ്പിക്കലും** |
| **ജില്ലാ പഞ്ചായത്ത്** | **ജില്ലാ വാർഷിക പ്രവർത്തന പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കലും സംസ്ഥാന സർക്കാരിന് സമർപ്പിക്കലും** |
| **സംസ്ഥാനം** | **ലേബർ ബജറ്റ് ഗ്രാമ വികസന മന്ത്രാലയത്തിന് സമർപ്പിക്കൽ** |

*(ഉറവിടം : ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിക്കുന്ന വാർഷിക മാസ്റ്റർ സർക്കുലറുകൾ)*

ഓരോ മാസവും പ്രതീക്ഷിക്കുന്ന തൊഴിൽ ആവശ്യകതയുടെ അളവും തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നൽകേണ്ട ജോലിയുടെ അളവും സമയക്രമവും വ്യക്തമാക്കുന്ന

ഒരു രൂപരേഖ ഉൾപ്പെടുന്നതാണ് ലേബർ ബജറ്റ്. ഗ്രാമവികസന മന്ത്രാലയം സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റിയാണ് സംസ്ഥാനത്തിന്റെ ലേബർ ബജറ്റ് അംഗീകരിക്കുന്നത്.

താഴെയുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ, 2019–20 മുതൽ 2023–24 വരെയുള്ള കാലയളവിൽ വാർഷിക പ്രവർത്തന പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുന്നതിൽ വിവിധ പോരായ്മകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു:

### 3.2.1 ബേസ്‌ലൈൻ സർവ്വേ നടത്താതിരിക്കൽ

ഗ്രാമപഞ്ചായത്തിൽ തൊഴിൽ ആവശ്യകതയുടെ അളവും സമയവും വിലയിരുത്തുന്നതിന് ഒരു അടിസ്ഥാനരേഖ തയ്യാറാക്കുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തും തൊഴിൽ കാർഡ് ഉടമകളുടെ ഒരു സർവ്വേ നടത്തണമെന്ന് എംജിഎൻആർഇജിഎയുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്തിലെ ഓരോ തൊഴിൽ കാർഡ് ഉടമയിൽ നിന്നും കാലാനുസൃത തൊഴിൽ ആവശ്യകതയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനായിരുന്നു സർവ്വേ. 2013–14 വർഷത്തിൽ എല്ലാ സംസ്ഥാനങ്ങളിലും ബേസ്‌ലൈൻ സർവ്വേ നടത്തേണ്ടതായിരുന്നു. പ്രാദേശിക ഉപജീവനമാർഗ്ഗങ്ങളിലെ മാറ്റങ്ങളും ഉത്പാദന പ്രവർത്തനങ്ങളിലെ തൊഴിൽ അവസരങ്ങളും കണക്കിലെടുത്ത് അടിസ്ഥാന വിശദാംശങ്ങളുടെ പുനഃമൂല്യനിർണ്ണയത്തിനായി ഓരോ അഞ്ച് വർഷത്തിലും സർവ്വേ നടത്തണം. ബേസ്‌ലൈൻ സർവ്വേകൾ നടത്തുന്നു എന്നത് ബ്ലോക്ക് തലത്തിൽ പ്രോഗ്രാം ഓഫീസർ ഉറപ്പുവരുത്തണം.

ആവശ്യകതയുടെ അളവും സമയക്രമവും വിലയിരുത്തുന്നതിന് ബേസ്‌ലൈൻ സർവ്വേ നടത്താൻ സംസ്ഥാന സർക്കാരോ/പഞ്ചായത്ത് രാജ് സ്ഥാപനങ്ങളോ യാതൊരു മുൻകൈയും എടുത്തിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു (2024 മാർച്ച്). സർവ്വേകളുടെ അഭാവത്തിൽ, തൊഴിൽ ആവശ്യകത, നടപ്പാക്കേണ്ട ജോലിയുടെ തരം/സ്വഭാവം, തൊഴിലിന് ആവശ്യമായ സമയം എന്നിവ നിർണ്ണയിക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് കഴിഞ്ഞില്ല.

ബേസ്‌ലൈൻ സർവ്വേ എന്ന പേരിൽ ഒരു സർവ്വേ സംസ്ഥാനത്ത് നടത്തിയിട്ടില്ലെന്ന് സർക്കാർ വ്യക്തമാക്കി (2025 ജൂൺ). എന്നിരുന്നാലും, തൊഴിലിന്റെ പ്രതീക്ഷിത ആവശ്യകതയും ആവശ്യകതയുടെ സമയക്രമവും ഉറപ്പുവരുത്തുന്നതിന് അയൽക്കൂട്ടങ്ങളുടെ സജീവ പങ്കാളിത്തം ഉൾപ്പെടുത്തിക്കൊണ്ട് അടിത്തട്ടിൽ നിന്നും മുകളിലേക്കുള്ള ഒരു സമഗ്ര ആസൂത്രണ പ്രക്രിയ സർക്കാർ സ്വീകരിച്ചു. 2019–20 വർഷത്തിൽ ജിഐഎസ് പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു വിശദമായ സർവ്വേ നടത്തിയതായും ഓരോ ഗാർഹിക ഭൂമിയിലേയും ആസ്തി നിർമ്മാണ ആവശ്യകതയുടെ വിശദാംശങ്ങൾ തിരിച്ചറിഞ്ഞ് ഗ്രാമപഞ്ചായത്തുകളുടെ ജിഐഎസ് പ്ലാനിൽ ഗ്രാമസഭയുടെ അംഗീകാരത്തോടെ ഉൾപ്പെടുത്തിയതായും പ്രസ്താവിച്ചു.

വ്യക്തിഗത ഗാർഹിക ഭൂമിയിൽ ഏറ്റെടുക്കാവുന്ന ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾ തിരിച്ചറിയുന്നതിനായി ജിഐഎസ് മാപ്പിംഗ് നടത്തിയെന്ന് ഓഡിറ്റ് അംഗീകരിക്കുന്നെങ്കിലും, ഈ സർവ്വേ തൊഴിലിന്റെ ആവശ്യകതയും സമയക്രമവും വിലയിരുത്തിയില്ല. അതിനാൽ നടത്തിയ സർവ്വേ ബേസ്‌ലൈൻ സർവ്വേയിൽ നിന്നു ലഭിയ്ക്കേണ്ട ഫലങ്ങൾ കൈവരിക്കാൻ പര്യാപ്തമായിരുന്നില്ല. കൂടാതെ, ഖണ്ഡിക 3.2.2ൽ വിശദമാക്കിയിരിക്കുന്നതുപോലെ, താഴെത്തട്ടിൽ നിന്ന് മുകളിലേക്ക് എന്ന സമീപനത്തിൽ നിന്നുള്ള വ്യതിയാനം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ സമഗ്രമായ താഴെത്തട്ടിൽ നിന്ന് മേലോട്ട് എന്നുള്ള ആസൂത്രണ പ്രക്രിയ പ്രതീക്ഷിക്കുന്ന ആവശ്യകതയും സമയക്രമവും വിലയിരുത്തുന്നതിന് സ്വീകരിച്ചുവെന്ന വാദം നിലനിൽക്കില്ല. കൂടാതെ, അയൽക്കൂട്ട യോഗങ്ങളിൽ ആവശ്യത്തിന്റെ അളവും സമയക്രമവും നിശ്ചയിച്ചതായി തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയില്ല.

### 3.2.2 താഴെത്തട്ടിൽ നിന്നു മുകളിലേക്ക് എന്ന സമീപനം പാലിക്കാത്തത്

എംജിഎൻആർഇജി നിയമം അനുസരിച്ച്, ഗ്രാമസഭയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, ഏറ്റെടുക്കേണ്ട പദ്ധതികൾ ഏതൊക്കെയെന്ന് നിർണ്ണയിക്കേണ്ട ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകൾക്കായിരുന്നു. എന്നിരുന്നാലും, പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിൽ വാർഷിക പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കുന്നതിനായി താഴെത്തട്ടിൽ നിന്ന് മുകളിലേക്ക് എന്ന സമീപനം കർശനമായി പാലിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കംപോസ്റ്റ് കുഴികൾ, സോക്പിറ്റുകൾ, വർക്ക് ഷെഡ്, കോഴിക്കൂട് തുടങ്ങിയ വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിന് സംസ്ഥാന മിഷൻ അധിക ലക്ഷ്യങ്ങൾ നിശ്ചയിച്ചു. പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ അവർ തയ്യാറാക്കിയ കർമ്മ പദ്ധതിയിൽ അധിക ലക്ഷ്യങ്ങൾ ഉൾപ്പെടുത്തുകയോ അധിക ലക്ഷ്യങ്ങൾ ഉൾപ്പെടുത്തുന്നതിനു അധിക കർമ്മ പദ്ധതി തയ്യാറാക്കുകയോ ചെയ്തു. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൊത്തം പ്രവർത്തികളുടെ ഏഴ് മുതൽ 40 ശതമാനം വരെ ഇത്തരത്തിലുള്ള അധിക ലക്ഷ്യങ്ങളാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനാൽ, സംസ്ഥാനത്ത് വാർഷിക പദ്ധതി തയ്യാറാക്കുന്നതിൽ വിഭാവനം ചെയ്തതുപോലെ താഴെത്തട്ടിൽ നിന്നും മുകളിലേക്ക് എന്ന സമീപനം സ്വീകരിച്ചിട്ടില്ല. താഴെത്തട്ടിൽ നിന്ന് മുകളിലേക്ക് എന്ന സമീപനം പാലിക്കാത്തതിനാൽ ഖണ്ഡിക 3.2.2.1ൽ വിശദീകരിച്ചിരിക്കുന്നതുപോലെ ഗുണഭോക്താക്കളെ തിരിച്ചറിയാതെ, വ്യക്തിഗത ഗുണഭോക്തൃ കേന്ദ്രീകൃത പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നതിന് കാരണമായി.

എക്സിറ്റ് കോൺഫറൻസിൽ ഓഡിറ്റ് കണ്ടെത്തൽ തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിക്കുകയും, ആസ്തി സൃഷ്ടിക്കുന്നതിനായി സംസ്ഥാന മിഷൻ ലക്ഷ്യം നിശ്ചയിക്കുന്ന പ്രക്രിയയെ വിമർശനാത്മകമായി പരിശോധിക്കുമെന്ന് ഉറപ്പ് നൽകുകയും ചെയ്തു.

#### *3.2.2.1 വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള ഗുണഭോക്താക്കളെ തിരിച്ചറിയാതിരിക്കൽ*

എംജിഎൻആർഇജിഎസ് എന്നത് താഴെത്തട്ടിൽ നിന്നും മുകളിലേക്ക് എന്ന സമീപനത്തോടെയുള്ളതും ജനകേന്ദ്രീകൃതവും, ആവശ്യാധിഷ്ഠിതവും സ്വയം തിരഞ്ഞെടുക്കാവുന്നതും അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമായ ഒരു പരിപാടിയാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട പ്രവൃത്തികൾ ഗ്രാമസഭയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തണം. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഏറ്റെടുത്ത പദ്ധതികളിൽ 21 മുതൽ 35 ശതമാനം വരെ കന്നുകാലി തൊഴുത്തുകൾ, കോഴിക്കൂടുകൾ, സോക്ക് പിറ്റുകൾ, കമ്പോസ്റ്റ് കുഴികൾ തുടങ്ങിയ വ്യക്തിഗത ഗുണഭോക്താക്കളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ആസ്തികൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ടതാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യക്തിഗത ഗുണഭോക്തൃ കേന്ദ്രീകൃത പ്രവൃർത്തികളുടെ 20 മുതൽ 34 ശതമാനം വരെ പ്രവൃത്തികൾ ആരുടെ ഭൂമിയിലാണ് നടപ്പാക്കേണ്ടത് എന്ന് കണ്ടെത്തിയിട്ടില്ല. തൊഴിലിന്റെ ആവശ്യകത നിറവേറ്റുന്നതിനായി കമ്മ്യൂണിറ്റി തലത്തിലുള്ള പദ്ധതികൾ കണ്ടെത്തുന്നതിന് പകരം പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ വ്യക്തിഗത പദ്ധതികളുടെ വലിയൊരു ബഫർ സൃഷ്ടിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വ്യക്തിഗത ആവശ്യങ്ങൾ വിലയിരുത്താതെ വാർഷിക പദ്ധതിയിൽ വ്യക്തിഗത ഗുണഭോക്തൃ കേന്ദ്രീകൃത പ്രവർത്തികൾ ഉൾപ്പെടുത്തിയത്, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 88.73 ശതമാനം വ്യക്തിഗത പദ്ധതികളും നടപ്പാക്കാതിരിക്കുന്നതിലേക്ക് നയിച്ചു.

2019-20 വർഷത്തിൽ നടത്തിയ ജിഐഎസ് സർവ്വേയിലൂടെ ഓരോ ഗാർഹിക ഭൂമിയിലെയും ആസ്തിനിർമ്മാണ ആവശ്യകതയുടെ വിശദാംശങ്ങൾ കണ്ടെത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ ഗ്രാമ പഞ്ചായത്തുകളുടെ ജിഐഎസ് പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). ഗ്രാമപഞ്ചായത്തുകൾ

സൃഷ്ടിച്ച വ്യക്തിഗത ആസ്തികൾ ജിഐഎസ് പ്ലാനിൽ അംഗീകരിച്ചതിനെക്കാൾ വളരെ കുറവായതിനാൽ സംസ്ഥാന, ജില്ലാ മിഷനുകൾ ലക്ഷ്യങ്ങൾ നിശ്ചയിക്കുകയും നിരീക്ഷിക്കുകയും ചെയ്തു. പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കണം എന്ന് ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും, ചില ഗ്രാമപഞ്ചായത്തുകൾ ഈ നിർദ്ദേശം പാലിച്ചിരുന്നില്ലെന്ന് ഗുണഭോക്താക്കളെ കണ്ടെത്താത്തതിനെ സംബന്ധിച്ച് സർക്കാർ പ്രസ്താവിച്ചു.

ജിഐഎസ് സർവ്വേയിൽ കന്നുകാലി തൊഴുത്ത്, അസോള ടാങ്ക്[1], കൃഷിക്കുവേണ്ടിയുള്ള കുളം, കമ്പോസ്റ്റ് കുഴി മുതലായ ഒന്നിലധികം പ്രവൃത്തികൾ ഓരോ കുടുംബത്തിലും മാപ്പ് ചെയ്തിരിക്കുന്നതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഒരു വർഷത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തികൾ പൂർണ്ണമായും ഗുണഭോക്താവ് ഗ്രാമസഭയിൽ ആവശ്യപ്പെടുന്നതിനെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ, ഗ്രാമസഭ അംഗീകരിച്ച വാർഷിക പദ്ധതിക്കു പുറമേ അധിക ലക്ഷ്യങ്ങൾ നിശ്ചയിച്ചത് താഴെത്തട്ടിൽ നിന്ന് മുകളിലേക്ക് എന്ന സമീപനത്തിന്റെ ലംഘനമാണ്.

***ശിപാർശ 1: എംജിഎൻആർഇജിഎസ്സിനായുള്ള ആസൂത്രണത്തിൽ താഴെത്തട്ടിൽ നിന്ന് മുകളിലേക്ക് എന്ന സമീപനം സർക്കാർ ഉറപ്പാക്കണം.***

### 3.2.3 ലേബർ ബജറ്റ് തയ്യാറാക്കുന്നതിൽ സമയക്രമം പാലിക്കാത്തത്

നിയമം അനുശാസിക്കുന്ന അംഗീകാരങ്ങളുടെ ക്രമം, നിയമത്തിന്റെ ഉദ്ദേശ്യം നിലനിർത്തുന്നതിനായി പ്രത്യേകിച്ചും പ്രവൃത്തികളുടെ മുൻഗണനാക്രമം നിലനിർത്തുന്നതിന് വിവധ തലങ്ങൾക്കിടിയിൽ സമയബന്ധിതമായ ഏകോപനം ആവശ്യമാക്കുന്നു. അതിനാൽ ഗ്രാമസഭയുടെ/ഗ്രാമപഞ്ചായത്തിന്റെ മുൻഗണനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനൊപ്പം, ഏത് തലത്തിലും വികസന പദ്ധതിയുടെ അംഗീകാരത്തിന് കാലതാമസം ഒഴിവാക്കേണ്ടത് നിയമപരമായി അനിവാര്യമായിരുന്നു. 2019-20 ലെ വാർഷിക മാസ്റ്റർ സർക്കുലറിന്റെ (എഎംസി) ഖണ്ഡിക 6.8, ഒക്ടോബർ 2ന് ഗ്രാമപഞ്ചായത്ത് തലത്തിൽ ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതു മുതൽ ഫെബ്രുവരി 10ന് കേന്ദ്ര സർക്കാരിന് ലേബർ ബജറ്റ് സമർപ്പിക്കുന്നത് വരെയുള്ള ആസൂത്രണ പ്രക്രിയയുടെ ഓരോ ഘട്ടത്തിന്റെയും സമയപരിധികൾ നിർദ്ദേശിച്ചു. ഓരോ ഘട്ടത്തിലും നിർദ്ദേശിച്ചിരിക്കുന്ന സമയക്രമം **അനുബന്ധം 3.1ൽ** വിശദമായി പ്രദിപാദിച്ചിരിക്കുന്നു.

ഓഡിറ്റ് കാലയളവിൽ, പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിൽ, 75 മുതൽ 100 ശതമാനം വരെ പേരും ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതികളും തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള സമയപരിധി പാലിച്ചില്ല എന്നും മൂന്ന് ദിവസം മുതൽ നാല് മാസം വരെ കാലതാമസം ഉണ്ടായതായും ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ ലേബർ ബജറ്റ് അംഗീകരിച്ചതിലെ കാലതാമസം **പട്ടിക 3.1ൽ** കാണിച്ചിരിക്കുന്നു

**പട്ടിക 3.1 : പരിശോധിച്ച 24 ഗ്രാമപഞ്ചായത്തുകൾ ലേബർ ബജറ്റ് അംഗീകരിച്ചതിലെ കാലതാമസം**

| വിശദാംശങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| നിശ്ചിത തീയതിയ്ക്ക് ശേഷം (ഡിസംബർ 05) ലേബർ ബജറ്റ് അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | 18 | 22 | 24 | 24 | 23 |
| ബ്ലോക്ക് പഞ്ചായത്ത് ഏകീകൃത ലേബർ ബജറ്റ് സമർപ്പിക്കേണ്ട നിശ്ചിത തീയതിക്ക് ശേഷം (ഡിസംബർ 20) ലേബർ ബജറ്റ് അംഗീകരിച്ച ഗ്രാമ പഞ്ചായത്തുകളുടെ എണ്ണം | 11 | 17 | 23 | 19 | 23 |

[1] അസോള ടാങ്ക് എന്നത് സ്വതന്ത്രമായി ജലത്തിൽ ഒഴുകുന്ന അസോള എന്ന ജലസസ്യം വളർത്തുന്നതിനായി ഉപയോഗിക്കുന്ന, ചെറുതും ആഴം കുറഞ്ഞതുമായ ഒരു ടാങ്ക് ആണ്. നൈട്രജൻ സമൃദ്ധമായ വളമായും മൃഗങ്ങൾക്കുള്ള തീറ്റയായും അല്ലെങ്കിൽ ബയോ സ്കാവഞ്ചർ ആയും അസോളയെ ഉപയോഗിക്കാം

| വിശദാംശങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് ഏകീകൃത ലേബർ ബജറ്റ് സമർപ്പിക്കേണ്ട അവസാന തീയതിക്ക് ശേഷം (ജനുവരി 31) ലേബർ ബജറ്റ് അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | 1 | 3 | 4 | 5 | 8 |
| സംസ്ഥാനം ഗ്രാമവികസന മന്ത്രാലയത്തിന് ഏകീകൃത ലേബർ ബജറ്റ് ലേബർ ബജറ്റ് സമർപ്പിക്കേണ്ട അവസാന തീയതിക്ക് ശേഷം (ഫെബ്രുവരി 10) എൽബി അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ എണ്ണം | 1 | 1 | 2 | 4 | 7 |

*(ഉറവിടം : പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ നൽകിയ വിശദാംശങ്ങൾ)*

മുകളിലുള്ള പട്ടികയിൽ നിന്നും കാണാൻ കഴിയുന്നത്, 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ

- 18 മുതൽ 24 വരെ ഗ്രാമപഞ്ചായത്തുകൾ അവരുടെ ലേബർ ബജറ്റ് അംഗീകരിച്ചത് അവസാന തീയതിയായ ഡിസംബർ 05-ന് ശേഷമായിരുന്നു.
- 11 മുതൽ 23 വരെ ഗ്രാമപഞ്ചായത്തുകൾ, അതാത് ബ്ലോക്ക് പഞ്ചായത്തുകൾ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർക്ക് വാർഷിക പദ്ധതിയും ലേബർ ബജറ്റും സമർപ്പിച്ചതിന് ശേഷമാണ് ലേബർ ബജറ്റുകൾ അംഗീകരിച്ചത്
- ഒന്ന് മുതൽ ഏഴ് വരെ ഗ്രാമപഞ്ചായത്തുകൾ കർമ്മ പദ്ധതിയും ലേബർ ബജറ്റും അംഗീകരിച്ചത് സംസ്ഥാനം ഗ്രാമവികസന മന്ത്രാലയത്തിന് ലേബർ ബജറ്റ് അയച്ചതിനുശേഷമാണ്.

മുകളിൽ പറഞ്ഞതിൽ നിന്ന്, സംസ്ഥാനം ഗ്രാമവികസന മന്ത്രാലയത്തിന് സമർപ്പിച്ച ലേബർ ബജറ്റ് ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ ലേബർ ബജറ്റിനെ അടിസ്ഥാനമാക്കിയുള്ളതല്ല എന്ന് വ്യക്തമാണ്. ഗ്രാമപഞ്ചായത്തുകൾ സമയക്രമം പാലിക്കാതിരുന്നത്, ലേബർ ബജറ്റ് തയ്യാറാക്കുന്നതിൽ താഴെത്തട്ടിൽ നിന്നും മുകളിലേക്ക് എന്ന സമീപനം സ്വീകരിക്കാതിരിക്കുന്നതിനും, എംജിഎൻആർഇജിഎസ്സിനു കീഴിൽ ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ സ്വഭാവം/മുൻഗണന തീരുമാനിക്കുന്നതിൽ ഗ്രാമസഭകളുടെ അവകാശം നിഷേധിക്കുന്നതിനും കാരണമായി.

ആസൂത്രണപ്രക്രിയയ്ക്കായി നിർദ്ദേശിച്ചിരിക്കുന്ന സമയപരിധി പാലിക്കാൻ സംസ്ഥാന സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും ചില ഗ്രാമപഞ്ചായത്തുകൾ സമയക്രമം പാലിച്ചിരുന്നില്ല എന്ന് സർക്കാർ വ്യക്തമാക്കി (2025 ജൂൺ). ഒഴിവാക്കാവുന്ന കാലതാമസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട്, ഗ്രാമപഞ്ചായത്തുകൾ സമയക്രമം പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് എക്സിറ്റ് മീറ്റിങ്ങിൽ തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഉറപ്പ് നൽകി (2025 ജൂൺ).

## 3.3 കൺവേർജൻസ് പദ്ധതി തയ്യാറാക്കാത്തത്

വിവിധ ദാരിദ്ര്യനിർമ്മാർജ്ജന ഉപജീവന പദ്ധതികളുടെ സംയോജനത്തിലൂടെ വികേന്ദ്രീകൃതവും പങ്കാളിത്തപരവുമായ ആസൂത്രണം ശക്തിപ്പെടുത്തുക എന്നതായിരുന്നു എംജിഎൻആർഇജി നിയമത്തിന്റെ ലക്ഷ്യങ്ങളിലൊന്ന്. എംജിഎൻആർഇജി നിയമം അനുസരിച്ച്, ആസ്തികളുടെ ഗുണനിലവാരവും ഉത്പാദനക്ഷമതയും മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യത്തിന്റെ ബഹുമുഖമാനങ്ങളെ സുസ്ഥിരമായും സമഗ്രമായും നേരിടുന്നതിനുമായി മറ്റ് സർക്കാർ പദ്ധതികൾ/പരിപാടികളുമായി അവസാനഘട്ട നിർവ്വഹണതലം വരെയും പ്രവർത്തികളുടെ ഫലപ്രദമായ വകുപ്പുകൾ തമ്മിലുള്ള സംയോജനം കൈവരിക്കുന്നതിന് സംസ്ഥാന സർക്കാർ ശക്തമായ നടപടികൾ കൈകൊള്ളണം.

കൃഷി, ക്ഷീര വികസനം, മൃഗസംരക്ഷണം മുതലായ വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങൾ വഴി ഗ്രാമപഞ്ചായത്തുകൾ വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും എംജിഎൻആർഇജിഎസ്സുമായി അവരുടെ പദ്ധതികളുടെ സംയോജനം ആസൂത്രണം ചെയ്തിരുന്നില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കൂടാതെ, എംജിഎൻആർഇജിഎസ്സുമായി പദ്ധതികളുടെ സംയോജനം ഉറപ്പാക്കുന്നതിന് എല്ലാ തലങ്ങളിലും കൺവേർജൻസ് സമിതികൾ രൂപീകരിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ (2022 ഒക്ടോബർ) പരിശോധിച്ച പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ പാലിച്ചിരുന്നില്ല.

സംയോജനത്തിനായി എംഐഎസ്സിൽ പ്രവൃത്തികൾ, എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സെക്യൂർ സോഫ്റ്റ് വെയറുമായി ബന്ധപ്പെടാൻ കഴിയാത്തതിനാൽ സാമ്പത്തിക സംയോജനം ബുദ്ധിമുട്ടാണെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). സാമ്പത്തിക സംയോജനം സാധ്യമല്ലെങ്കിലും മൃഗസംരക്ഷണം, കൃഷി, ക്ഷീര വികസനം, വനം, ശുചിത്വ മിഷൻ തുടങ്ങിയ വകുപ്പുകളുമായുള്ള സാങ്കേതിക സംയോജനം പദ്ധതിയുടെ നടത്തിപ്പിൽ ഫലപ്രദമായി ഉപയോഗിച്ചതായും പ്രസ്താവിച്ചു.

ഗ്രാമപഞ്ചായത്തുകൾ കൺവേർജൻസ് പദ്ധതി തയ്യാറാക്കാത്തതിനെക്കുറിച്ച് മറുപടിയിൽ പരാമർശമില്ല എന്നതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ, നടപ്പാക്കിയ പ്രവൃത്തികളിൽ വകുപ്പുദ്യോഗസ്ഥരുടെ സാങ്കേതിക വൈദഗ്ദ്ധ്യവും അറിവും സംയോജിപ്പിച്ചിട്ടില്ലെന്ന് പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ സ്ഥിരീകരിച്ചിട്ടുണ്ട്. അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി വനിതാ ശിശുവികസന വകുപ്പുമായി സാമ്പത്തിക സംയോജനം നടത്തിയിട്ടുള്ളതിനാൽ സാമ്പത്തിക സംയോജനത്തിന് ബുദ്ധിമുട്ട് ചൂണ്ടിക്കാണിക്കുന്നത് അംഗീകരിക്കാനാവില്ല.

***ശിപാർശ 2: ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുന്ന മറ്റ് പദ്ധതികളുമായി എംജിഎൻആർഇജിഎസ്സിന്റെ സംയോജനം സാധ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ കൺവേർജൻസ് പദ്ധതി തയ്യാറാക്കുന്നു എന്ന് സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

## 3.4 ശേഷി വികസനം

ഏതൊരു പദ്ധതിയും ശരിയായ രീതിയിൽ നടപ്പാക്കുന്നതിനുള്ള ഒരു പ്രധാന ആവശ്യകത എല്ലാ തലങ്ങളിലും മതിയായ ശേഷി ഉണ്ടെന്ന് ഉറപ്പാക്കുക എന്നതാണ്. ഗ്രാമവികസന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള ഏറ്റവും തന്ത്രപ്രധാനമായ ഘടകം സംസ്ഥാന/ജില്ല/ബ്ലോക്ക് തല ഗ്രാമവികസന പ്രവർത്തകരുടെയും പഞ്ചായത്ത് രാജ് സ്ഥാപന ഉദ്യോഗസ്ഥരുടെയും ശേഷി വികസനവും സാങ്കേതിക പിന്തുണയുമാണ്.

### 3.4.1 പദ്ധതി നടപ്പാക്കുന്നതിനുള്ള മാനവശേഷിയുടെ പര്യാപ്തത

പദ്ധതി വിജയകരമായി നടപ്പാക്കുന്നതിന് ആവശ്യമായ മാനവശേഷി പിന്തുണയുടെ നിർണ്ണായക പങ്ക് എംജിഎൻആർഇജി നിയമം തിരിച്ചറിയുന്നു. പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി ജില്ലാതലത്തിൽ ഒരു പ്രോഗ്രാം കോ-ഓർഡിനേറ്ററേയും ബ്ലോക്ക് തലത്തിൽ ഒരു പ്രോഗ്രാം ഓഫീസറെയും ആവശ്യമായ ജീവനക്കാരും സാങ്കേതികസഹായവും സഹിതം നിയോഗിക്കാൻ നിയമം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുന്നു. സംസ്ഥാന തലത്തിൽ പ്രൊഫഷണൽ സേവനങ്ങൾ നൽകുന്നതിനായി കരാർ അടിസ്ഥാനത്തിൽ സപ്പോർട്ടിംഗ് സ്റ്റാഫിനെയും നിയമിക്കാവുന്നതാണ്. ഉദ്യോഗസ്ഥനിയമനത്തിനായുള്ള നയം തീരുമാനിക്കേണ്ടിയിരുന്നത് സംസ്ഥാന സർക്കാരാണ്. എംജിആർഇജിഎസ്സ് നടപ്പാക്കുന്നതിനായി വിവിധ തലങ്ങളിൽ മാനവശേഷി അനുവദിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ താഴെ വിശദമാക്കിയിരിക്കുന്നു:

- **അഡീഷണൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ:** എംജിഎൻആർഇജിഎസ്സിന്റെ ദൈനംദിന പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും ജില്ലാതലത്തിൽ പരിപാടികളുടെ നടത്തിപ്പിന് നേതൃത്വം

നൽകുന്നതിനുമായി ഒരു മുഴുവൻ സമയ അഡീഷണൽ ഡിപിസിയെ നിയമിക്കേണ്ടതായിരുന്നു. എന്നാൽ, അഡീഷണൽ ഡിപിസിക്കു പകരം ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ റാങ്കിലുള്ള ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ (ജെപിസി) തസ്തികകളാണ് സംസ്ഥാന സർക്കാർ അനുവദിച്ചത് (2009). കൂടാതെ, പതിനാല് ജില്ലകളിൽ പത്ത് എണ്ണത്തിൽ മാത്രമേ ജെപിസികളെ നിയമിച്ചിട്ടുള്ളൂ. നാല് ജില്ലകളിൽ അതായത്, കാസർഗോഡ്, കോട്ടയം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ജില്ലാപഞ്ചായത്തിലെ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിന്റെ പ്രോജക്ട് ഡയറക്ടർ ആണ് ജെപിസിയുടെ അധിക ചുമതല വഹിച്ചിരുന്നത്. അഡീഷണൽ ഡിപിസി/ജെപിസികളെ നിയമിക്കുന്നതിൽ ഉണ്ടായ പരാജയം നാല് ജില്ലകളിൽ പദ്ധതി ഏകോപനത്തിനും നടപ്പാക്കുന്നതിനും ആവശ്യമായ ഉദ്യോഗസ്ഥർ ഇല്ലാതിരിക്കുന്നതിനിടയാക്കിയതായി ഓഡിറ്റ് കണ്ടെത്തി.

- **കരാർ അടിസ്ഥാനത്തിലെ ഉദ്യോഗസ്ഥർ:** സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി കരാർ അടിസ്ഥാനത്തിൽ അനുവദിച്ച (2024 മാർച്ച് വരെ) 5,069 കരാർ തസ്തികകളിൽ 4,794 പേരെ മാത്രമേ വിന്യസിച്ചിട്ടുള്ളൂ, 275 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ് (2024 മാർച്ച്). വിഭാഗം തിരിച്ചുള്ള അംഗീകൃത തസ്തികകളും നിലവിൽ സേവനത്തിലുള്ള ജീവനക്കാരുടെ എണ്ണവും **അനുബന്ധം 3.2ൽ** നൽകിയിരിക്കുന്നു. എംജിഎൻആർഇജിഎസ്സിലെ പ്രവൃത്തികളുടെ അടിസ്ഥാനതല നിർവ്വഹണം/മേൽനോട്ടം വഹിക്കുന്നതിനുള്ള ഉത്തരവാദിത്തം നിക്ഷിപ്തമായിരിക്കുന്ന അംഗീകൃത എഞ്ചിനീയർമാരുടെ 19 തസ്തികയും ഓവർസീയർമാരുടെ 61 തസ്തികയും ഗ്രാമപഞ്ചായത്തുകളിൽ ഒഴിഞ്ഞു കിടക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കൂടാതെ, എംജിഎൻആർഇജിഎസ്സിലെ പ്രവർത്തികളുടെ ശരിയായ അക്കൗണ്ടിംഗും ഡാറ്റാ എൻട്രിയും നടത്തേണ്ട അക്കൗണ്ടന്റ്-കം-ഐടി അസിസ്റ്റന്റ്മാരുടെ 173 തസ്തികകൾ ഗ്രാമപഞ്ചായത്തുകളിൽ ഒഴിഞ്ഞുകിടക്കുകയായിരുന്നു (2024 മാർച്ച്). സംസ്ഥാനതലത്തിൽ, പ്രോഗ്രാം ഓഫീസർ (പരാതി പരിഹാരം) തസ്തിക 2017 മുതൽ ഒഴിഞ്ഞു കിടക്കുകയായിരുന്നു.

- **പട്ടികജാതി, പട്ടികവർഗ്ഗം, ഭിന്നശേഷി വിഭാഗങ്ങളുടെ പ്രാതിനിധ്യം:** സംസ്ഥാനത്തിന്റെ സംവരണ നയത്തിന് അനുസൃതമായി, പട്ടികജാതി, പട്ടികവർഗ്ഗ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്ക് കരാർ തൊഴിലിൽ മതിയായ പ്രാതിനിധ്യം നൽകുന്നതിനായി 2013-ലെ എംജിഎൻആർഇജിഎസ് പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എംജിഎൻആർഇജിഎസ് കരാർ ജീവക്കാരുടെ നിയമനത്തിനായി 2017-ൽ സംസ്ഥാന സർക്കാർ സംവരണനയം പുറപ്പെടുവിച്ചു. എന്നാൽ, എസ്‌സി വിഭാഗത്തിന് എട്ട് ശതമാനം (406) തസ്തികകളും എസ്‌ടി വിഭാഗത്തിന് രണ്ട് ശതമാനം (101) തസ്തികകളും വേണമെന്ന നിബന്ധനയ്ക്ക് വിരുദ്ധമായി എസ്‌സി, എസ്‌ടി വിഭാഗക്കാർക്ക് യഥാക്രമം ആറ് ശതമാനം തസ്തികകളും (307), 1.5 ശതമാനം തസ്തികകളും (77) മാത്രമേ അനുവദിച്ചിട്ടുള്ളൂ (2024 മാർച്ച്). സംവരണനയം നടപ്പാക്കുന്നത് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ (എസ്‌ഇജിസി) നിരീക്ഷിച്ചില്ലെന്ന് ഓഡിറ്റിൽ കണ്ടെത്തി. കൂടാതെ, എംജിഎൻആർഇജിഎസ്സിലെ കരാർ ജീവനക്കാരിൽ ഭിന്നശേഷിക്കാരെ നിയമിക്കുന്നതിനുള്ള സംവരണനയം സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടില്ല (2024 മാർച്ച്).

- **ബെയർഫൂട്ട് ടെക്നീഷ്യൻ (ബിഎഫ്ടി):** 2005-ലെ എംജിഎൻആർഇജി നിയമത്തിലെ ഷെഡ്യൂൾ I ഖണ്ഡിക 16-ഉം 2013-ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും പ്രകാരം അക്രഡിറ്റഡ് എൻജിനിയർ/ഓവർസിയർ-നെ സഹായിക്കുന്നതിനായി തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള അനുയോജ്യരായ വ്യക്തികളെ തിരഞ്ഞെടുത്ത് പരിശീലനം നൽകി ബെയർഫൂട്ട് എഞ്ചിനീയർമാരായി വിന്യസിക്കേണ്ടതാണ്. 157 തൊഴിലാളികൾക്ക് മാത്രമാണ് ബെയർഫൂട്ട് ടെക്നീഷ്യൻമാരായി പരിശീലനം സിദ്ധിച്ചതെന്നും (2025 ജൂലൈ) 149

പേരെയാണ് ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചതെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ, 2025 ജൂലൈയിൽ 117 ബിഎഫ്ടി-കൾ മാത്രമേ ലഭ്യമായിരുന്നുള്ളൂ. പരിശോധിച്ച 24 ഗ്രാമപഞ്ചായത്തുകളിൽ മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ[2] മാത്രമേ ബിഎഫ്ടിമാർ ഉണ്ടായിരുന്നുള്ളൂ. പരിശീലനം നൽകുന്നതിനും ബിഎഫ്ടിയായി വിന്യസിക്കുന്നതിനും അനുയോജ്യരായ വ്യക്തികളെ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/സംസ്ഥാനം ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ബിഎഫ്ടികളുടെ അഭാവത്തിൽ, പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിൽ ചെയ്യേണ്ട പ്രവൃത്തിയുടെ അളവ് നിശ്ചയിച്ച് നൽകുന്ന പ്രവർത്തനങ്ങൾ വർക്കിംഗ് മേറ്റുമാരാണ് നടത്തിയിരുന്നത്, ഇത് ഖണ്ഡിക 3.4.1.1ൽ വിശദമാക്കിയിരിക്കുന്നതു പോലെ സുതാര്യതയുടെ തത്വം ലംഘിക്കുന്നതായിരുന്നു.

- **ഗ്രാം റോസ്ഗാർ സഹായക്:** എംജിഎൻആർഇജിഎയ്ക്ക് കീഴിൽ ജോലിക്ക് ആവശ്യകത ഏതാണ്ട് നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ഒഴികെ, ഓരോ ഗ്രാമപഞ്ചായത്തിലും കുറഞ്ഞത് ഒരു ഗ്രാം റോസ്ഗാർ സഹായക്-നെ (ജിആർഎസ്) നിയമിക്കണമെന്ന് 2013-ലെ എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നു. രജിസ്ട്രേഷൻ പ്രക്രിയ, തൊഴിൽ കാർഡുകളുടെ വിതരണം, ജോലി അപേക്ഷകൾക്ക് തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകൽ, തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തൽ, ജോലിസ്ഥലത്ത് മേറ്റുകൾ കൃത്യസമയത്ത് ഹാജരാകുന്നു എന്ന് ഉറപ്പാക്കൽ തുടങ്ങിയവയുടെ മേൽനോട്ടം ജിആർഎസ്സിനാണ്. എന്നിരുന്നാലും, ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ ഒരു ഗ്രാമപഞ്ചായത്തിലും ഇതിനുവേണ്ടി മാത്രമായി ഒരു ജിആർഎസ്സിനെ നിയമിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിലെ നിർണ്ണായകസ്ഥാനങ്ങളിലുള്ള ഒഴിവുകൾ, തൊഴിൽ കാർഡുകൾ നൽകുന്നതിലും ഏറ്റെടുത്ത ജോലികൾ പൂർത്തീകരിക്കുന്നതിലും വേതനം നൽകുന്നതിലും കാലതാമസത്തിനിടയാക്കുന്നതിനും, റോസ്ഗാർ ദിവസ് നടത്തുന്നതിൽ കുറവ് വരുന്നതിനും കാരണമായത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയും അവ ഖണ്ഡികകൾ 4.7.1, 5.1.2, 5.5.3 എന്നിവയിൽ പരാമർശിക്കുകയും ചെയ്തിട്ടുണ്ട്.

എക്സിറ്റ് മീറ്റിങ്ങിൽ (2025 ജൂൺ) തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഈ വിഷയം പരിശോധിക്കുമെന്ന് ഉറപ്പ് നൽകുകയും, പദ്ധതി നടത്തിപ്പിന്റെ ഏതെങ്കിലും നിർണ്ണായകമേഖലയെ മാനവശേഷിയുടെ കുറവ് പ്രത്യേകിച്ചും ജെപിസി, ബിഎഫ്ടി, ജിആർഎസ് മുതലായവയുടെ കുറവ് ബാധിച്ചിട്ടുണ്ടെങ്കിൽ, പദ്ധതി നടപ്പാക്കുന്നതിന് നിർദ്ദിഷ്ട മാനവശേഷി ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഉചിതമായ നടപടി സ്വീകരിക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു. കൂടുതൽ തസ്തികകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണെന്ന് സർക്കാർ അറിയിച്ചു (2025 ജൂൺ).

***ശിപാർശ 3: എംജിഎൻആർഇജിഎസ്സിനു കീഴിൽ ഒഴിവുള്ള തസ്തികകൾ, എസ്‌സി/എസ്ടി ഭിന്നശേഷിക്കാർ, എന്നിവർക്ക് മതിയായ പ്രാതിനിധ്യം നൽകിക്കൊണ്ട് നികത്താൻ സർക്കാർ നടപടി സ്വീകരിക്കേണ്ടതാണ്.***

### *3.4.1.1 പ്രവൃത്തി സ്ഥലങ്ങളിൽ മേറ്റുമാരെ വിന്യസിക്കാത്തത്*

2013-ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 4.1.2 ഉം 2019-20 ലെ വാർഷിക മാസ്റ്റർ സർക്കുലറും (എഎംസി) അനുസരിച്ച്, ഓരോ വർക്ക് സൈറ്റിനും ഒരു മേറ്റ് അല്ലെങ്കിൽ വർക്ക് സൈറ്റ് സൂപ്പർവൈസർ ആവശ്യമാണെന്നും ഓരോ അൻപത് തൊഴിലാളികൾക്കും[3] കുറഞ്ഞത് ഒരു മേറ്റെങ്കിലും ഉണ്ടായിരിക്കണം എന്നുമാണ്.

[2] അഗളി, ഷോളയൂർ, പുതൂർ ഗ്രാമപഞ്ചായത്തുകൾ

[3] പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ (2021 മാർച്ച്) പ്രകാരം ഓരോ 20 തൊഴിലാളികൾക്കും ഒരു മേറ്റ് എന്ന നിലയിൽ 40 തൊഴിലാളികൾക്ക് വരെ ഏർപ്പെടുത്തേണ്ടതായിരുന്നു

പ്രവർത്തിയുടെ മേൽനോട്ടം വഹിക്കുക, മസ്റ്റർ റോളിൽ ദൈനംദിന ഹാജർ രേഖപ്പെടുത്തുക, തൊഴിലാളികളുടെ ഗ്രൂപ്പുകൾക്ക് ദിവസേന ചെയ്യേണ്ട പ്രവൃത്തിയുടെ അളവ് നിശ്ചയിച്ച് നൽകുക, പ്രതിവാര പ്രാരംഭ അളവുകൾ രേഖപ്പെടുത്തുക തുടങ്ങിയവ മേറ്റുമാർ ചെയ്യണമായിരുന്നു. പദ്ധതിയുടെ മെറ്റീരിയൽ ഘടകത്തിന് കീഴിൽ അർദ്ധ-വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ നിരക്കിന് തുല്യമായ വേതനമാണ് മേറ്റുമാർക്ക് നൽകേണ്ടിയിരുന്നത്. മേറ്റായി ജോലി ചെയ്യുന്ന ഒരാൾ ഒരേ സമയത്ത് അതേ എംജിഎൻആർഇജിഎസ് വർക്ക് സൈറ്റിൽ ജോലി ചെയ്യുന്ന ആളായിരിക്കരുതെന്നും പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നു.

എന്നാൽ, എല്ലാ വർക്ക് സൈറ്റുകളിലും മേറ്റുമാരെ വിന്യസിക്കുന്നതിനു പകരം, സൈറ്റിലെ തൊഴിലാളികളുടെ എണ്ണം 40ൽ[4] കവിയുന്നെങ്കിൽ മാത്രം മേറ്റുമാരെ വിന്യസിച്ചാൽ മതി എന്ന് സംസ്ഥാന സർക്കാർ ഉത്തരവിറക്കി (2008 ഒക്ടോബർ). മേറ്റിന്റെ ചുമതലകൾ സ്ഥലത്തെ അവിദഗ്ദ്ധ തൊഴിലാളികളിൽ ഒരാളെ ഏൽപ്പിക്കാനും നിർദ്ദേശിച്ചു. പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിലെ ഒരു വർക്ക് സൈറ്റിലും പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്യുതുപോലെ മേറ്റുമാരെ വിന്യസിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിൽ മസ്റ്റർ റോളിൽ ഉൾപ്പെട്ടിട്ടുള്ള ഒരു തൊഴിലാളിയെ മേറ്റായി നിയമിച്ചതായും അവർക്ക് അവിദഗ്ദ്ധ വേതനം നൽകിയതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനാൽ, പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിൽ യാതൊരു മേൽനോട്ടവുമില്ലാതെയാണ് പ്രവർത്തികൾ നടപ്പിലാക്കിയത്. കൂടാതെ, പരിശീലനമോ സാങ്കേതിക പരിജ്ഞാനമോ നൽകാതെ തന്നെ പ്രവർത്തിയുടെ അളവ് രേഖപ്പെടുത്തൽ, ദൈനംദിന പ്രവൃത്തിയുടെ അളവുകൾ നിശ്ചയിച്ച് നൽകൽ തുടങ്ങിയ ജോലികൾ വർക്കിംഗ് മേറ്റുമാരെ ഏൽപ്പിച്ചു. പ്രവൃത്തി നിർവ്വഹിച്ച വ്യക്തി തന്നെ അളവുകൾ രേഖപ്പെടുത്തുന്നത് സുതാര്യതയുടെയും ഉത്തരവാദിത്തത്തിന്റെയും തത്വത്തിന് വിരുദ്ധമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

പ്രവൃത്തി അളന്ന് രേഖപ്പെടുത്തുന്നത് വർക്കിംഗ് മേറ്റുമാരുടെ ചുമതല അല്ലെന്നും. തൊഴിലാളികളുടെ ഹാജർ മാത്രമേ അവർ ഉറപ്പാക്കേണ്ടതുള്ളൂ എന്നും സർക്കാർ വ്യക്തമാക്കി (2025 ജൂൺ). സംസ്ഥാനം മേറ്റുമാർക്ക് നൽകിയിട്ടുള്ള (2008 ഒക്ടോബർ) ചുമതലകളിൽ ഒന്ന് പ്രവർത്തികളിലെ ദൈനംദിന/വാരാന്ത്യ അളവുകൾ രേഖപ്പെടുത്തുക എന്നതായിരുന്നു എന്നതിനാൽ മറുപടി ന്യായീകരിക്കാൻ കഴിയില്ല. പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിൽ വർക്കിംഗ് മേറ്റുമാർ പ്രവർത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ സംഭവങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ, തൊഴിലാളികൾ/തൊഴിൽ മേറ്റുകൾ തന്നെ തൊഴിലാളികളുടെ ഹാജർ ഉറപ്പാക്കുന്നത് സുതാര്യതയുടെ തത്വത്തിന് വിരുദ്ധമാണ്.

***ശിപാർശ 4: ഫലപ്രദമായ മേൽനോട്ട പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിന് എല്ലാ പ്രവൃത്തി സ്ഥലത്തും മേറ്റുമാരെ നിയമിക്കാനും അർദ്ധ വൈദഗ്ദ്ധ്യ വേതനം നൽകാനും സർക്കാർ ഗ്രാമപഞ്ചായത്തുകളോട് നിർദ്ദേശിക്കേണ്ടതാണ്.***

### 3.4.2 എംജിഎൻആർഇജിഎസ് തൊഴിലാളികൾക്കുള്ള നൈപുണ്യ വികസന പദ്ധതികൾ-ഉന്നതി

ഗ്രാമീണ കുടുംബങ്ങൾക്ക് സുസ്ഥിരമായ ഉപജീവനമാർഗ്ഗം കെട്ടിപ്പടുക്കുക എന്നതാണ് 2005-ലെ എംജിഎൻആർഇജി നിയമം ലക്ഷ്യമിടുന്നത്. ഗ്രാമീണമേഖലയിലെ കുടുംബങ്ങൾക്ക് 100 ദിവസത്തെ അവിദഗ്ദ്ധ കായിക തൊഴിൽ നൽകുക എന്നതാണ് പ്രധാന ലക്ഷ്യമെങ്കിലും, വളർന്നു വരുന്ന സമ്പദ് വ്യവസ്ഥയിൽ, തൊഴിലാളികളുടെ വരുമാനം സ്ഥിരമായി ഗണ്യമായി വർദ്ധിക്കുന്നതിനായി അവരെ വൈദഗ്ദ്ധ്യമുള്ള തൊഴിലുകളിലേക്ക് മാറ്റേണ്ടത് അത്യാവശ്യമാണ്.

[4] 2022 സെപ്റ്റംബറിൽ, ഓരോ 20 തൊഴിലാളികൾക്കും എന്ന നിലയിൽ വ്യവസ്ഥ പരിഷ്കരിച്ചു

എംജിഎൻആർഇജിഎസ് ഗുണഭോക്താക്കളുടെ നൈപുണ്യ അടിത്തറ ഉയർത്തുന്നതിനും അങ്ങനെ നിലവിലുള്ള ഭാഗിക തൊഴിലിൽ നിന്ന് മുഴുവൻ സമയ തൊഴിലിലേക്ക് മാറുന്നതിനും അതുവഴി എംജിഎൻആർഇജിഎസ്സിനെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും ഉദ്ദേശിച്ചുള്ള ഒരു നൈപുണ്യ വികസന പദ്ധതിയാണ് കേന്ദ്രസർക്കാർ അവതരിപ്പിച്ച (2019-20) പ്രോജക്ട് ഉന്നതി. കഴിഞ്ഞ സാമ്പത്തിക വർഷം എംജിഎൻആർഇജിഎസ്സിനു കീഴിൽ 100 ദിവസത്തെ ജോലി പൂർത്തിയാക്കിയ ഒരു കുടുംബത്തിലെ 18 മുതൽ 45 വയസ്സ് പ്രായമുള്ള ഒരു മുതിർന്ന അംഗത്തിന് ആർഎസ്ഇടിഐ/കെവികെ/ഡിഡിയു-ജികെവൈ[5] പരിപാടികൾ വഴി പരിശീലനം നൽകുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം. 2019-20 -ൽ അവതരിപ്പിച്ച പദ്ധതി 2025 മാർച്ച് വരെ നീട്ടി.

മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, പരിശീലനാർത്ഥികൾക്ക് ഡിഡിയു-ജികെവൈ-യിൽ 100 ദിവസത്തേക്കും ആർഎസ്ഇടിഐ-യിലും കെവികെ-യിലും 30 ദിവസത്തേക്കും സ്റ്റൈപ്പൻഡ് നൽകണമായിരുന്നു. ദിവസേനയുള്ള സ്റ്റൈപ്പൻഡിന്റെ നിരക്ക് അവിദഗ്ദ്ധ വേതനമായിരുന്നു. സ്റ്റൈപ്പൻഡ് നൽകുന്നതിനായി കേന്ദ്ര സർക്കാർ ₹6.85 കോടി അനുവദിച്ചു (2019-20). പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കുടുംബശ്രീ സംസ്ഥാന മിഷനെ സംസ്ഥാന സർക്കാർ നിയോഗിച്ചു.

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ 22.53 ലക്ഷം കുടുംബങ്ങൾ 100 ദിവസത്തെ ജോലി പൂർത്തിയാക്കുകയും പദ്ധതിയിൽ ചേരാൻ യോഗ്യത നേടുകയും ചെയ്തെങ്കിലും, ഈ കുടുംബങ്ങളിലെ 3,272 അംഗങ്ങൾക്ക് മാത്രമേ നൈപുണ്യ പരിശീലനം നൽകിയിട്ടുള്ളൂവെന്നും സ്റ്റൈപ്പൻഡിനായി ₹48.30 ലക്ഷം മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ താഴെയുള്ള **പട്ടിക 3.2ൽ** നൽകിയിരിക്കുന്നു.

**പട്ടിക 3.2 : പരിശീലനം ലഭിച്ചതും സ്റ്റൈപ്പൻഡ് നൽകിയതുമായ എംജിഎൻആർഇജിഎസ് അംഗങ്ങളുടെ എണ്ണം കാണിക്കുന്ന വിശദാംശങ്ങൾ**

| വർഷം | യോഗ്യതയുള്ള കുടുംബങ്ങളുടെ എണ്ണം | പരിശീലനം ലഭിച്ച എംജിഎൻആർഇജിഎസ് അംഗങ്ങളുടെ എണ്ണം | സ്റ്റൈപ്പൻഡ് നൽകിയത് (₹ ലക്ഷത്തിൽ) |
|---|---|---|---|
| 2019-20 | 2,51,141 | 0 | 0 |
| 2020-21 | 4,70,410 | 398 | 0 |
| 2021-22 | 5,12,822 | 511 | 2.73 |
| 2022-23 | 4,49,638 | 272 | 4.05 |
| 2023-24 | 5,69,102 | 2091 | 41.52 |
| **ആകെ** | **22,53,113** | **3272** | **48.30** |

*(ഉറവിടം : എംജിഎൻആർഇജിഎസ് സംസ്ഥാന മിഷൻ നൽകിയ വിശദാംശങ്ങൾ)*

പദ്ധതിയുടെ വ്യാപകമായ പ്രചാരണം ഉറപ്പാക്കുന്നതിനായി ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച ഉന്നതി മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദിഷ്ട ഐഇസി പ്രവർത്തനങ്ങൾ നടത്തണമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും, പരിശോധിച്ച ഗ്രാമപഞ്ചായത്തുകളൊന്നും ഇക്കാര്യത്തിൽ ഒരു ബോധവത്ക്കരണ പരിപാടിയും നടത്തിയിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിലെ വീഴ്ച ₹6.37 കോടിയുടെ ഫണ്ട് നിഷ്ക്രിയമാകുന്നതിന് ഇടയാക്കി. ഫലപ്രദമായ ഐഇസി പ്രവർത്തനങ്ങളും തൊഴിൽ കാർഡുകൾ സമയബന്ധിതമായി പുതുക്കുന്നതും എംജിഎൻആർഇജിഎസ് കുടുംബങ്ങളിലെ കൂടുതൽ അംഗങ്ങൾക്ക് ഉന്നതി പദ്ധതിയുടെ പ്രയോജനം ഉറപ്പാക്കാൻ സഹായകമാകുമായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഉന്നതി മാർഗ്ഗനിർദ്ദേശങ്ങൾ, 2018-19 വർഷത്തിൽ 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളിലെ അംഗങ്ങളെ മാത്രം നാമനിർദ്ദേശം ചെയ്യാൻ അനുവദിക്കുന്നുള്ളൂ

[5] ഗ്രാമീണ സ്വയംതൊഴിൽ പരിശീലന സ്ഥാപനം/കൃഷി വിഗ്യാൻ കേന്ദ്ര/ദീൻ ദയാൽ ഉപാദ്ധ്യായ് ഗ്രാമീൺ കൗശല്യ യോജന

എന്നതിനാൽ 100 ദിവസം പൂർത്തിയാക്കിയ കുടുംബങ്ങളിലെ പുതിയ അംഗങ്ങൾക്ക് പരിശീലനം നൽകാൻ കഴിഞ്ഞില്ലെന്ന് സർക്കാർ വ്യക്തമാക്കി (2025 ജൂൺ). ഇത് ആദ്യവർഷങ്ങളിൽ ഉന്നതി ഗുണഭോക്താക്കളുടെ എണ്ണത്തിലും ചെലവിലും പുരോഗതി കുറയുന്നതിന് കാരണമായി. മുൻ വർഷങ്ങളിൽ ഏതിലെങ്കിലും 100 ദിവസം പൂർത്തിയാക്കിയ അംഗങ്ങൾക്ക് പരിശീലനം നൽകാൻ അനുവദിച്ചുകൊണ്ട് 2023-24-ൽ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചു.

2018-19 വർഷത്തിൽ 100 ദിവസത്തെ ജോലി പൂർത്തിയാക്കിയവർക്ക് മാത്രമേ പരിശീലനം നൽകാവൂ എന്ന് ഉന്നതി മാർഗ്ഗനിർദ്ദേശങ്ങളിൽ (2019 ഡിസംബർ) പരാമർശിച്ചിട്ടില്ലാത്തതിനാൽ മറുപടി ന്യായീകരിക്കാനാവില്ല. കൂടാതെ, പുതിയ അംഗങ്ങൾക്ക് പുറമേ, യോഗ്യതയുള്ള കുടുംബത്തിലെ 18-45 വയസ്സ് പ്രായമുള്ള ഏതൊരംഗത്തെയും നൈപുണ്യ വികസന പരിശീലനത്തിനായി തെരഞ്ഞെടുക്കാവുന്നതാണ്. തൊഴിൽ കാർഡുകൾ കൃത്യമായി പുതുക്കുന്നില്ല എന്നതും ഇത് സൂചിപ്പിക്കുന്നു.

### 3.4.3 എംജിഎൻആർഇജിഎസ് ജീവനക്കാരുടെയും മേറ്റുമാരുടെയും പരിശീലനം

2013-ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 5.2.2-ഉം 5.2.4-ഉം പ്രകാരം സംസ്ഥാന തലത്തിലും ജില്ലാതലങ്ങളിലും സ്ഥാപിക്കുന്നതിന്, നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പരിശീലനവും ഫീൽഡ് അധിഷ്ഠിത പിന്തുണയും നൽകുന്നതിനായി മുഴുവൻ സമയ റിസോഴ്സ് പേഴ്സൺമാർ ഉൾപ്പെടുന്ന മാനവ വിഭവശേഷി വികസനത്തിനും ശേഷി വികസനത്തിനും വേണ്ടിയുള്ള വിഭാഗങ്ങൾ വ്യവസ്ഥ ചെയ്യുന്നു. പ്രോഗ്രാം ഓഫീസർമാർ, അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർമാർ, സാങ്കേതിക ജീവനക്കാർ, മേറ്റുമാർ എന്നിവർക്ക് പരിശീലനം നൽകുന്നതിനായി പ്രത്യേക പരിശീലന പരിപാടികളും മൊഡ്യൂളുകളും പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ (കില) സംസ്ഥാന പരിശീലന ഏജൻസിയായി തിരഞ്ഞെടുത്തു. താഴെപ്പറയുന്നവ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു:

- പരിശോധിച്ച ജില്ലകളിൽ ജില്ലാതല മാനവ വിഭവശേഷി വികസന-ശേഷി വികസന വിഭാഗങ്ങൾ സ്ഥാപിച്ചിട്ടില്ല.
- അംഗീകൃത എഞ്ചിനീയർമാർ, ഓവർസിയർമാർ തുടങ്ങിയവർക്ക് നീർത്തട സംബന്ധമായ പ്രവർത്തികളിൽ (കോഴ്സ് II) പരിശീലനം നൽകണമെന്ന് പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ നിർദ്ദേശിച്ചിരുന്നിട്ടും, കില അത്തരം ഒരു പരിശീലന പരിപാടിയും സംഘടിപ്പിച്ചിട്ടില്ല.
- പരിശീലനത്തിനും ശേഷി വർദ്ധിപ്പിക്കുന്നതിനും ജില്ലാതല വാർഷിക പദ്ധതികൾ തയ്യാറാക്കാനുള്ള ഉത്തരവാദിത്തം പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരിൽ നിക്ഷിപ്തമായിരുന്നെങ്കിലും, ജില്ലാതല പരിശീലന പദ്ധതികളൊന്നും തയ്യാറാക്കിയിരുന്നില്ല.
- മേറ്റുമാർക്ക് പരിശീലനം നൽകിയതായി കില അവകാശപ്പെട്ടെങ്കിലും, 2019-20 മുതൽ 2022-23 വരെയുള്ള കാലയളവിലെ പരിശീലന മൊഡ്യൂളിന്റെ സൂക്ഷ്മ പരിശോധനയിൽ, അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള പരിശീലനമായി 45 മിനിറ്റ് ദൈർഘ്യമുള്ള ക്ലാസ്റൂം സെഷൻ മാത്രമേ മൊഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നു എന്ന് കണ്ടെത്തി. 2023-24 മുതൽ മാത്രമാണ് മേറ്റുമാർക്ക് അളവുകൾ രേഖപ്പെടുത്തൽ, ഗ്രൂപ്പുകൾക്ക് ദിവസേന ചെയ്യേണ്ട പ്രവൃത്തിയുടെ അളവ് നിശ്ചയിച്ചു നൽകൽ തുടങ്ങിയ കാര്യങ്ങളിൽ പ്രായോഗിക/ഓൺസൈറ്റ് പരിശീലനം നൽകിയത്. ഗ്രാമപഞ്ചായത്തുകൾ മേറ്റുമാരുടെ ജോലി ചെയ്യാൻ നിയോഗിച്ച അവിദഗ്ധ തൊഴിലാളികൾ ശരിയായ പരിശീലനം നേടാതെയാണ് തങ്ങളുടെ കർത്തവ്യങ്ങൾ നിർവ്വഹിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. മേറ്റുമാർക്കിടയിൽ ഓഡിറ്റ് നടത്തിയ ഗുണഭോക്തൃ സർവ്വേയിൽ 24 ഗ്രാമപഞ്ചായത്തുകളിൽ സർവേ ചെയ്യപ്പെട്ട 120 മേറ്റുമാരും അളവുകൾ

രേഖപ്പെടുത്തുന്നതിനായുള്ള പരിശീലനമൊന്നും തങ്ങൾക്ക് ലഭിച്ചില്ലെന്ന് അറിയിച്ചു. അവിദഗ്ദ്ധ തൊഴിലാളികൾക്ക് മേറ്റുമാരായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നിർണ്ണായക കഴിവുകളിൽ കില ശ്രദ്ധ കേന്ദ്രീകരിക്കാത്തതിനാൽ മേറ്റുമാർക്ക് നൽകിയ പരിശീലനം ഫലപ്രദമായില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

പരിശീലനത്തിന്റെ അപര്യാപ്തത പദ്ധതി നടപ്പാക്കുന്നതിൽ ഉൾപ്പെട്ടിരിക്കുന്ന ജീവനക്കാർക്ക് പദ്ധതിയെക്കുറിച്ചുള്ള കുറഞ്ഞ അവബോധത്തിന് കാരണമാകുമെന്നും ഇത് കാര്യക്ഷമമല്ലാത്ത ആസൂത്രണത്തിനും പ്രവൃത്തി നടപ്പാക്കുന്നതിലെ ഗുണനിലവാരക്കുറവിനും കാരണമാകുമെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യക്തമാക്കിയ മൊഡ്യൂൾ അടിസ്ഥാനമാക്കിയുള്ള പരിശീലന പരിപാടികൾ നടത്തിയിട്ടില്ലെങ്കിലും, മൊഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങൾ കിലയും ഇന്റഗ്രേറ്റഡ് വാട്ടർഷെഡ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് കേരളയും (ഐഡബ്ല്യുഡിഎംകെ) നടത്തിയ പരിശീലനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സർക്കാർ വ്യക്തമാക്കി (2025 ജൂൺ). യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ നിയമനത്തിനാണ് സംസ്ഥാനം മുൻഗണന നൽകുന്നത് എന്നതിനാൽ മാർഗ്ഗനിർദ്ദേശങ്ങളിൽ പരാമർശിച്ചിരിക്കുന്ന മൊഡ്യൂളുകൾക്ക് വലിയ പ്രസക്തിയില്ല എന്നും പ്രസ്താവിച്ചു.

നീർത്തട സംബന്ധമായ പ്രവൃത്തികളെക്കുറിച്ചുള്ള 30 ദിവസത്തെ പരിശീലന പരിപാടിയ്ക്ക് (മൂന്ന് ഘട്ടങ്ങളിലായി രണ്ടും മൂന്നും ഘട്ടങ്ങളുടെ അവസാനം നടത്തിയ ഫീൽഡ് വർക്കുകളുടെ വിലയിരുത്തൽ ഉൾപ്പെടെ) പകരം രണ്ട് മുതൽ അഞ്ച് ദിവസം വരെ മാത്രമാണ് പരിശീലനപരിപാടി നടത്തിയത് എന്നതിനാൽ മറുപടി സ്വീകാര്യമല്ല. മൊത്തം പ്രവൃത്തികളുടെ 40 ശതമാനം വരെ നീർത്തട സംബന്ധമായ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കിയ പശ്ചാത്തലത്തിലാണ് പരിശീലനത്തിന്റെ നിർണ്ണായകതയെ കാണേണ്ടത്.



പിലിക്കോട് ഗ്രാമപഞ്ചായത്തിൽ നീർച്ചാലിന്റെ പാർശ്വഭിത്തി കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുന്നു
വർക്ക് കോഡ് : 1601005004/IC/330560

അദ്ധ്യായം

4

# സാമ്പത്തിക മാനേജ്മെന്റ്

അദ്ധ്യായം

# 4 സാമ്പത്തിക മാനേജ്മെന്റ്

സംസ്ഥാന വിഹിതം അനുവദിക്കുന്നതിൽ എട്ട് ദിവസം മുതൽ നാല് മാസം വരെ കേരള സർക്കാർ കാലതാമസം വരുത്തി. ഫണ്ട് അനുവദിക്കുന്നതിലെ കാലതാമസം വിദഗ്ദ്ധ/അർദ്ധവിദഗ്ദ്ധ വേതനവും സാധന സാമഗ്രികളുടെ ചെലവുകളും അനുവദിക്കുന്നതിൽ കാലതാമസമുണ്ടാക്കി. മസ്റ്റർ റോളുകൾ ക്ലോസ് ചെയ്ത് 16 മുതൽ 90 ദിവസം വരെ കഴിഞ്ഞാണ് ₹269.27 കോടിയുടെ വേതനം നൽകിയത്. ₹39.24 കോടിയുടെ വേതനം നൽകിയത് മൂന്ന് മാസങ്ങൾക്ക് ശേഷമാണ്. വേതന ചെലവിന്റെ കാര്യത്തിൽ 2023-24ൽ ഒൻപതു ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിരുന്നെങ്കിലും മെറ്റീരിയൽ ഘടകത്തിലെ ചെലവ് 37 ശതമാനം കുറഞ്ഞു. ഇത് സൂചിപ്പിക്കുന്നത് മെറ്റീരിയൽ ഘടകം ഉൾപ്പെടുന്ന പദ്ധതികൾ കുറച്ചുമാത്രമെ സംസ്ഥാനം 2023-24ൽ ഏറ്റെടുത്തിരുന്നുള്ളൂ എന്നതാണ്. 2020-21ൽ ₹916.27 കോടിയുടെ മെറ്റീരിയൽ ഫണ്ടുകൾ ലഭ്യമായിരുന്നെങ്കിലും വിദഗ്ദ്ധ/അർദ്ധവിദഗ്ദ്ധ വേതനം ഉൾപ്പെടെയുള്ള മെറ്റീരിയൽ ചെലവ് ₹752.94 കോടി (82 ശതമാനം) മാത്രമായിരുന്നു. ഇതു സൂചിപ്പിക്കുന്നത് മെറ്റീരിയൽ ഘടകത്തിൽ ലഭ്യമായിരുന്ന വിഭവങ്ങളുടെ പരമാവധി വിനിയോഗം നടത്തുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടു എന്നാണ്. എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നതനുസരിച്ച് കേരള സർക്കാർ/പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ ശമ്പളം/വേതനം എംജിഎൻആർഇജിഎസ്സിന്റെ ഭരണപരമായ ചെലവുകൾക്കു കീഴിൽ ബുക്ക് ചെയ്യരുതാത്തതായിരുന്നെങ്കിലും കേരള സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളചെലവുകൾ ഭരണപരമായ ചെലവുകൾക്കായുള്ള ഫണ്ടിൽ നിന്നും നൽകി. അവിദഗ്ദ്ധ തൊഴിൽ വേതനം, അർദ്ധവിദഗ്ദ്ധ/വിദഗ്ദ്ധ തൊഴിൽ വേതനം, സാധനസാമഗ്രികൾ, നികുതികൾ എന്നിവയ്ക്ക് 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ നൽകേണ്ടിയിരുന്ന ₹43.59 കോടി കുടിശ്ശികയായി (2024 ഡിസംബർ). 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ വേതനത്തിനും സാധനസാമഗ്രികൾക്കുമായി നൽകേണ്ട തുകകളുടെ 19,792 ഇടപാടുകൾ ആറുമാസം മുതൽ നാലുവർഷത്തിൽ കൂടുതൽ ആയിട്ടും റീജനറേഷൻ നടത്തിയിട്ടില്ല. ട്രൈബൽ പ്ലസ് ഗുണഭോക്താക്കൾക്ക് നൽകേണ്ടിയിരുന്ന വേതനത്തിന്റെ 20 മുതൽ 79 ശതമാനം മാത്രമെ സാമ്പത്തിക വർഷത്തിനുള്ളിൽ നൽകിയിരുന്നുള്ളൂ. ഇത് ട്രൈബൽ പ്ലസ് പദ്ധതിയുടെ ഉദ്ദേശ്യങ്ങളെത്തന്നെ പരാജയപ്പെടുത്തി. ഓണം ഉത്സവബത്ത വിതരണത്തിൽ, ഒന്നിലധികം ഗുണഭോക്താക്കൾക്കുള്ള ബത്ത ഒറ്റബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതുപോലെയുള്ള പൊരുത്തക്കേടുകളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

## 4.1 ഫണ്ടുകൾ നൽകുന്ന രീതി

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ചെലവു പങ്കിടുന്ന രീതിയിൽ നടപ്പാക്കുന്ന ഒരു ആവശ്യാധിഷ്ഠിത വേതന തൊഴിൽ പരിപാടിയാണ് എംജിഎൻആർഇജിഎസ്. അംഗീകരിച്ച ലേബർ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തൊഴിലിന്റെ ആവശ്യകതയെ അടിസ്ഥാനമാക്കിയാണ് ഫണ്ടുകളുടെ കേന്ദ്രവിഹിതം നൽകുന്നത്. ഫണ്ട് നൽകേണ്ട രീതിയെ സംബന്ധിച്ച രൂപരേഖ നിയമത്തിന്റെ 22-ാം വകുപ്പിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഫണ്ടുകൾ പങ്കിട്ട രീതി **പട്ടിക 4.1ൽ** വിശദമാക്കിയിരിക്കുന്നു.

**പട്ടിക 4.1: പദ്ധതിയുടെ ഫണ്ട് പങ്കിടൽ രീതി**

| ഘടകത്തിന്റെ വിശദ വിവരം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| **അവിദഗ്ദ്ധ കായിക തൊഴിലാളികളുടെ വേതനം** | 100 ശതമാനം | ഇല്ല |
| **വിദഗ്ദ്ധ/അർദ്ധവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം** | 75 ശതമാനം | 25 ശതമാനം |
| **സാധന സാമഗ്രികളുടെ ചെലവ്** | 75 ശതമാനം | 25 ശതമാനം |
| **തൊഴിലില്ലായ്മ വേതനം** | ഇല്ല | 100 ശതമാനം |
| **തൊഴിലാളികൾക്ക് വേതനം നൽകുന്നതിൽ വരുന്ന കാലതാമസത്തിനുള്ള നഷ്ട പരിഹാരം** | ഇല്ല | 100 ശതമാനം |
| **ഭരണപരമായ ചെലവുകൾ** | സോഷ്യൽ ഓഡിറ്റിനുള്ള ചെലവിന്റെ 0.5 ശതമാനം ഉൾപ്പെടെ ആകെ ചെലവിന്റെ ആറ് ശതമാനം വരെ | എസ്ഇജിസിയുടെ ചെലവ് |

*(ഉറവിടം : എംജിഎൻആർഇജി നിയമവും പ്രവർത്തനമാർഗ്ഗനിർദ്ദേശങ്ങളും, 2013)*

എംജിഎൻആർഇജി നിയമത്തിന്റെ 21(1) വകുപ്പുപ്രകാരം, പദ്ധതിയുടെ നടപ്പാക്കലിനായി സംസ്ഥാന സർക്കാർ നോട്ടിഫിക്കേഷനിലൂടെ സംസ്ഥാന എംപ്ലോയ്മെന്റ് ഗ്യാരണ്ടി ഫണ്ട് (എസ്ഇജിഎഫ്) എന്ന പേരിൽ ഒരു ഫണ്ട് സ്ഥാപിക്കേണ്ടതാണ്. കേന്ദ്ര സർക്കാരിൽ നിന്നുള്ള ഗ്രാന്റും അതിനനുസൃതമായ സംസ്ഥാന വിഹിതവും എസ്ഇജിഎഫ്-ൽ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

പട്ടിക 4.1ൽ പരാമർശിച്ചിരിക്കുന്ന സംസ്ഥാന വിഹിതം നൽകുന്നതിനു പുറമെ, **പട്ടിക 4.2ൽ** വിവരിച്ചിരിക്കുന്നപോലെ എംജിഎൻആർഇജിഎസ് തൊഴിലാളികൾക്ക് അധിക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതികൾക്ക് സംസ്ഥാന സർക്കാർ രൂപം നൽകി.

**പട്ടിക 4.2: എംജിഎൻആർഇജിഎസ് തൊഴിലാളികൾക്ക് സംസ്ഥാനം വിഭാവനം ചെയ്തിരുന്ന അധിക ആനുകൂല്യങ്ങൾ**

| പദ്ധതിയുടെ പേര് | വിവരങ്ങൾ |
|---|---|
| **കേരള ട്രൈബൽ പ്ലസ് പദ്ധതി** | 2018ൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം എല്ലാ പട്ടിക വർഗ്ഗ (എസ്ടി) കുടുംബങ്ങൾക്കും എല്ലാ സാമ്പത്തിക വർഷവും 100 ദിവസത്തെ അധിക തൊഴിലും വേതനവും നൽകുന്നതിനു വ്യവസ്ഥ ചെയ്യുന്നു. |
| **പ്രത്യേക പ്രദേശങ്ങളിലെ എസ്ടി കുടുംബങ്ങൾക്ക് വേതനം മുൻകൂറായി നൽകുന്നതിനുള്ള കോർപ്പസ് ഫണ്ട്** | ഓരോ ആഴ്ചയുടെയും അവസാനം ഓരോ എസ്ടി തൊഴിലാളിക്കും വേതനത്തിന്റെ 90 ശതമാനം മുൻകൂറായി നൽകുന്നതിനായി ₹11.12 കോടിയുടെ കോർപ്പസ് ഫണ്ട് കുടുംബശ്രീയിൽ സൃഷ്ടിച്ചു. വയനാട് ജില്ല, കണ്ണൂർ ജില്ലയിലെ ആറളം ഫാം, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് എന്നിവിടങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയത്. |
| **പ്രത്യേക റിവാർഡ് ഓണം ഉത്സവം** | മുൻവർഷം 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയ സംസ്ഥാനത്തെ ഓരോ എംജിഎൻആർഇജിഎസ് കുടുംബങ്ങൾക്കും ₹1000 നൽകുന്നു. |

*(ഉറവിടം : കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ)*

## 4.2 ഫണ്ടുകളുടെ അനുവദിക്കലും വിനിയോഗവും

പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഫണ്ടുകളുടെ കേന്ദ്രവിഹിതം രണ്ടു ഗഡുക്കളായി നൽകുന്നതാണ്. സാമ്പത്തിക വർഷത്തിലെ ആദ്യ ആറ് മാസത്തേക്ക് പ്രതീക്ഷിക്കുന്ന ആനുപാതിക ഫണ്ട് ആവശ്യകതയെ അടിസ്ഥാനമാക്കിയായിരിക്കും കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡു. ഇത് വർഷം മുഴുവനും ആവശ്യമായ മൊത്തം

ഫണ്ടിന്റെ പരമാവധി 50 ശതമാനം വരെ ആയിരിക്കും. ലഭ്യമായ ഫണ്ടുകളുടെ 60 ശതമാനം ഉപയോഗിച്ച ശേഷം സംസ്ഥാനത്തിന് രണ്ടാം ഗഡു ആവശ്യപ്പെടാവുന്നതാണ്. കേന്ദ്രസർക്കാർ രണ്ടാം ഗഡു അനുവദിക്കുന്നത്, (i) ചെലവാക്കാത്ത ബാക്കി തുകകളുടെയും (ii) വർഷത്തിലെ അംഗീകരിച്ച ലേബർ ബജറ്റിനെതിരായ യഥാർഥ നിർവ്വഹണത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ലഭിച്ച ഫണ്ടുകളുടെയും നടത്തിയ ചെലവുകളുടേയും വിശദാംശങ്ങൾ **പട്ടിക 4.3ലും പട്ടിക 4.4ലും** കാണിച്ചിരിക്കുന്നു:

**പട്ടിക 4.3: 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ലഭിച്ച ഫണ്ടുകളും നടത്തിയ ചെലവുകളും**

*(₹ കോടിയിൽ)*

| വർഷം | പ്രാരംഭ ബാക്കി | വേതനം നൽകിയത് | കേന്ദ്ര വിഹിതം നൽകിയത് | | സംസ്ഥാന മെറ്റീരിയൽ വിഹിതം | പലവക[6] വരവുകൾ | ആകെ ഫണ്ടുകളുടെ ലഭ്യത | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|---|---|
| | | | മെറ്റീരിയലുകൾ | ഭരണപരം | | | | | |
| **2019-20** | 19.07 | 2212.53 | 258.59 | 118.54 | 104.84 | 5.80 | 2719.37 | 2709.04 | 10.33 |
| **2020-21** | 10.33 | 3019.30 | 718.60 | 178.50 | 197.67 | 15.23 | 4139.63 | 3900.01 | 239.62 |
| **2021-22** | 239.62 | 3236.53 | 432.74 | 40.19 | 203.91 | 18.19 | 4171.18 | 4164.92 | 6.26 |
| **2022-23** | 6.26 | 3043.72 | 735.08 | 146.13 | 245.04 | 16.09 | 4192.32 | 4028.16 | 164.16 |
| **2023-24** | 164.16 | 3324.37 | 372.17 | 187.67 | 124.06 | 7.25 | 4179.68 | 4004.49 | 175.19 |
| **ആകെ** | | **14836.45** | **2517.18** | **671.03** | **875.52** | **62.56** | | **18806.62** | |

*(ഉറവിടം : സംസ്ഥാന മിഷനിൽ നിന്നും ലഭിച്ച വിവരങ്ങൾ)*

**പട്ടിക 4.4: ചെലവുകളുടെ വിശദാംശങ്ങൾ (ഘടക അടിസ്ഥാനത്തിൽ)**

*(₹ കോടിയിൽ)*

| വർഷം | വേതനം | മെറ്റീരിയൽ[7] | ഭരണപരം | മറ്റു ചെലവുകൾ | ആകെ |
|---|---|---|---|---|---|
| **2019-20** | 2215.14 | 369.37 | 124.53 | 0.00 | 2709.04 |
| **2020-21** | 3016.73 | 752.94 | 130.34 | 0.00 | 3900.01 |
| **2021-22** | 3224.95 | 820.44 | 119.53 | 0.00 | 4164.92 |
| **2022-23** | 3043.72 | 847.85 | 136.58 | 0.01 | 4028.16 |
| **2023-24** | 3324.37 | 535.43 | 132.96 | 11.73 | 4004.49 |
| **ആകെ** | **14824.91** | **3326.03** | **643.94** | **11.74** | **18806.62** |

*(ഉറവിടം : സംസ്ഥാന മിഷനിൽ നിന്നു ലഭിച്ച വിവരങ്ങൾ)*

2022-23 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2023-24ൽ വേതന ചെലവ് ഒൻപതു ശതമാനം വർദ്ധിച്ചെങ്കിലും മെറ്റീരിയൽ ഘടകത്തിലെ ചെലവ് 37 ശതമാനം കുറഞ്ഞു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് സൂചിപ്പിക്കുന്നത് 2023-2024ൽ മെറ്റീരിയൽ ഘടകം ഉൾപ്പെടുന്ന കുറച്ചു പദ്ധതികൾ മാത്രമേ സംസ്ഥാനം ഏറ്റെടുത്തിരുന്നുള്ളൂ എന്നാണ്. കൂടാതെ, 2020-21ൽ ₹916.27 കോടിയുടെ മെറ്റീരിയൽ ഫണ്ട് ലഭ്യമായിരുന്നെങ്കിലും, വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിൽ വേതനം ഉൾപ്പെടെയുള്ള മെറ്റീരിയൽ ചെലവ് ₹752.94 കോടി (82 ശതമാനം) മാത്രമായിരുന്നു. ഇത് സൂചിപ്പിക്കുന്നത് മെറ്റീരിയൽ ഘടകത്തിൽ ലഭ്യമായിരുന്ന വിഭവങ്ങളുടെ പരമാവധി വിനിയോഗം നടത്തുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടു എന്നാണ്. ഇത് വേതനം നൽകുന്നതിൽ സംസ്ഥാന സർക്കാരിനുമേൽ കാലതാമസത്തിനും, സാധന സാമഗ്രികളുടെ ബില്ലുകൾ നല്കുന്നതിൽ

---

6 ഉന്നതി, അംഗൻവാടി നിർമ്മാണ ഫണ്ടുകൾ, പലിശ, ബാങ്ക് നിരസിച്ചത്, റീ ഫണ്ടുകൾ മുതലായവ

7 അർദ്ധവിദഗ്ധ/വിദഗ്ധ വേതനം ഉൾപ്പെടെ

കുടിശ്ശിക വരുത്തുന്നതിനും, കാലതാമസത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള ബാദ്ധ്യത സൃഷ്ടിക്കുന്നതിനും ഇടയാക്കി.

പര്യാപ്തമായ മെറ്റീരിയൽ ഫണ്ട് ഒരു വർഷത്തിലും സംസ്ഥാനത്തിന് ലഭിച്ചിരുന്നില്ല എന്ന് സർക്കാർ പറഞ്ഞു (2025 ജൂൺ). മെറ്റീരിയൽ ഫണ്ട് ലഭിക്കാനുള്ള കാലതാമസം കാരണം എംജിഎൻആർഇജിഎസ് പ്രവൃത്തികൾക്കുള്ള ലേലത്തിൽ പങ്കെടുക്കാൻ വിൽപ്പനക്കാർക്കും/വിതരണക്കാർക്കും വലിയ താൽപ്പര്യം ഇല്ലായിരുന്നു. ഫണ്ടുകൾ ലഭിക്കാനുള്ള കാലതാമസം, വ്യക്തിഗത ആസ്തികൾ നിർമ്മിക്കാനായി ഫണ്ടുകൾ മുൻകൂറായി ചെലവാക്കിയ വ്യക്തിഗത ഗുണഭോക്താക്കളെയും സാരമായി ബാധിച്ചു.

വിദഗ്ധ/അർദ്ധവിദഗ്ധതൊഴിൽ വേതനവും സാധന സാമഗ്രികളുടെ തുകയും നൽകുന്നതിലെ കാലതാമസം ഖണ്ഡിക 6.7.4ൽ വിവരിച്ചിരിക്കുന്നതുപോലെ ഗുണഭോക്താക്കളെയും വിതരണക്കാരേയും പദ്ധതിയിൽ പങ്കെടുക്കുന്നതിൽ നിന്നും പിന്നോട്ട് നയിച്ചു എന്ന ഓഡിറ്റ് കണ്ടെത്തൽ ഉറപ്പിക്കുന്നതായിരുന്നു മറുപടി.

## 4.3 സംസ്ഥാന ഫണ്ടുകൾ നൽകുന്നതിലെ കാലതാമസം

2013ലെ എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും, എംഒആർഡി പുറപ്പെടുവിച്ചിട്ടുള്ള ഫണ്ടു നൽകുന്നതിനുള്ള ഉത്തരവുകളും പ്രകാരം, കേന്ദ്ര ഫണ്ടുകളും അതിനനുസൃതമായ സംസ്ഥാന വിഹിതവും ചേർത്ത് കേന്ദ്രവിഹിതം ലഭിച്ച് പരമാവധി 15 ദിവസങ്ങൾക്കകം ബന്ധപ്പെട്ട സംസ്ഥാന നോഡൽ അക്കൗണ്ട് (എസ്എൻഎ)/ സംസ്ഥാന തൊഴിലുറപ്പ് ഫണ്ടിലേയ്ക്ക് സംസ്ഥാനം അനുവദിച്ചു നൽകേണ്ടതാണ്. എന്നാൽ, സംസ്ഥാന സർക്കാർ ഫണ്ടുകൾ നൽകുന്നതിൽ എട്ട് ദിവസം മുതൽ നാല് മാസം വരെ കാലതാമസം വരുത്തിയെന്ന് ഓഡിറ്റ് കണ്ടെത്തി. വിശദവിവരങ്ങൾ **അനുബന്ധം 4.1ൽ** നൽകിയിരിക്കുന്നു. ഫണ്ടുകൾ നൽകുന്നതിലുള്ള കാലതാമസം വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിൽ വേതനവും സാധന സാമഗ്രികളുടെ ചെലവുകളും നൽകുന്നതിൽ കാലതാമസത്തിനടിയാക്കി. ഖണ്ഡിക 6.7.4ൽ വിവരിച്ചിരിക്കുന്നപോലെ നിർമ്മാണ സമയത്ത് ഗുണഭോക്താക്കൾ വഹിച്ച സാധന സാമഗ്രികളുടെ ചെലവ് നൽകുന്നതിൽ 22 മാസത്തെ കാലതാമസം വരെ ഉണ്ടായ സന്ദർഭങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വേതനവും സാധന സാമഗ്രികളുടെ തുകയും നൽകുന്നതിലുണ്ടായ കാലതാമസം ഗുണഭോക്താക്കൾ സാധന സാമഗ്രികൾ ആവശ്യം വരുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനെ പ്രതികൂലമായി ബാധിച്ചു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

കാലതാമസം ഒഴിവാക്കുന്നതിനുള്ള അനുയോജ്യമായ തിരുത്തൽ നടപടികൾ എടുക്കുന്നതാണ് എന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

***ശിപാർശ 5: പദ്ധതിയ്ക്ക് നിർദ്ദേശിച്ചിട്ടുള്ള സമയക്രമം പാലിച്ചുകൊണ്ട് ഫണ്ടുകൾ സമയോചിതമായി നൽകുന്നു എന്ന് സർക്കാർ ഉറപ്പ് വരുത്തേണ്ടതാണ്.***

## 4.4 ഭരണപരമായ ചെലവുകൾക്ക് വേണ്ട ഫണ്ടുകൾ ലഭിച്ചതിലെ കുറവ്

മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുവാനും നിർണ്ണായക പ്രവർത്തനങ്ങൾക്കായി ശേഷി വികസിപ്പിക്കുന്നതിനുമായി ഒരു സാമ്പത്തിക വർഷത്തിലെ എംജിഎൻആർഇജിഎസ് ന്റെ ആകെ ചെലവുകളുടെ ആറുശതമാനം വരെ (സോഷ്യൽ ഓഡിറ്റിനായുള്ള പരമാവധി 0.5 ശതമാനം ഉൾപ്പെടെ) ഭരണപരമായ ചെലവുകൾക്കായി (എഇ) കേന്ദ്രസർക്കാർ നൽകേണ്ടതാണ്. എംജിഎൻആർഇജിഎയുടെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി ആവശ്യമെങ്കിൽ കൂടുതൽ തുക ഇതിനോടൊപ്പം ചേർക്കാൻ സംസ്ഥാന സർക്കാരുകളെ ഉപദേശിച്ചിരുന്നു. ഇതിനുപുറമെ, ഭരണപരമായ ചെലവുകൾക്കായുള്ള ഫണ്ടാണ്, ഐഇസി പ്രവർത്തനങ്ങൾ നടത്തുന്നതിനും പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിനും മറ്റും ഉപയോഗിക്കേണ്ടിയിരുന്നത്. ഭരണപരമായ ചെലവുകൾക്കായുള്ള ഫണ്ട് കിട്ടേണ്ടിയിരുന്നത്, ലഭിച്ചത്, ചെലവഴിച്ചത് എന്നീ വിവരങ്ങൾ **പട്ടിക 4.5ൽ** കാണിച്ചിരിക്കുന്നു.

**പട്ടിക 4.5 : ഭരണപരമായ ചെലവുകൾക്കായുള്ള ഫണ്ട് ലഭിക്കേണ്ടിയിരുന്നത്, ലഭിച്ചത്, ചെലവാക്കിയത് സംബന്ധിച്ച വിവരങ്ങൾ**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | വിവരങ്ങൾ/വർഷം | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | ആകെ |
|---|---|---|---|---|---|---|---|
| 1 | വേതനത്തിനും സാധന സാമഗ്രികൾക്കുമുള്ള ആകെ ചെലവ് | 2584.51 | 3769.66 | 4045.39 | 3891.58 | 3859.80 | 18150.94 |
| 2 | അനുവദനീയമായ ഭരണപരമായ ചെലവുകൾ (എഇ) 5.5 ശതമാനം എന്ന നിരക്കിൽ | 142.15 | 207.33 | 222.50 | 214.04 | 212.29 | 998.31 |
| 3 | എഇ ലഭിച്ചത് | 118.54 | 178.50 | 40.19 | 146.13 | 187.67 | 671.03 |
| 4 | എഇ ഉപയോഗിച്ചത് | 124.53 | 130.34 | 119.53 | 136.58 | 132.96 | 643.94 |
| 5 | എഇ ലഭിച്ചതിലെ കുറവ് | 23.61 | 28.83 | 182.31 | 67.91 | 24.62 | 327.28 |
| 6 | കുറവ് (ശതമാനത്തിൽ) | 16.61 | 13.91 | 81.94 | 31.73 | 11.60 | |
| 7 | ലഭിച്ച എഇ യുമായി ചെലവിന്റെ ശതമാനം | 105.05 | 73.02 | 297.41 | 93.46 | 70.85 | |

*(ഉറവിടം: സംസ്ഥാന മിഷൻ, എംജിഎൻആർഇജിഎസ് കേരളം നൽകിയ വിവരങ്ങൾ)*

മുകളിലത്തെ പട്ടികയിൽ കാണിച്ചിരിക്കുന്നതുപോലെ, 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഭരണപരമായ ചെലവുകൾക്കുള്ള ഫണ്ടുകൾ ലഭിച്ചതിൽ കുറവ് ഉണ്ടായിരുന്നു. ₹998.31 കോടി ലഭിക്കേണ്ടിടത്ത് ₹671.03 കോടി (67.22 ശതമാനം) മാത്രമാണ് ഈ കാലയളവിൽ ലഭിച്ചത്. 2021-22 വർഷത്തിൽ ഭരണപരമായ ചെലവുകൾക്കായി ആകെ ₹88.35 കോടിയുടെ ഫണ്ട് ലഭ്യമായിരുന്നപ്പോൾ ഭരണപരമായ ചെലവുകൾക്കായി ചെലവാക്കിയത് ₹119.53 കോടിയായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇത് സൂചിപ്പിക്കുന്നത്, ഭരണപരമായ ചെലവുകൾക്ക് ഭാഗികമായി മെറ്റീരിയൽ ഘടകത്തിനായി ലഭിച്ച ഫണ്ടുകൾ ഉപയോഗിച്ചു എന്നാണ്, എന്തെന്നാൽ 2023 ജൂലൈ വരെ മെറ്റീരിയൽ ഫണ്ടും ഭരണപരമായ ചെലവുകൾക്കുള്ള ഫണ്ടും ഒറ്റ അക്കൗണ്ടിൽ തന്നെയായിരുന്നു സൂക്ഷിച്ചിരുന്നത്.

സംസ്ഥാനം വിനിയോഗസർട്ടിഫിക്കറ്റുകൾ സമർപ്പിച്ചിരുന്നെങ്കിലും, ഭരണപരമായ ചെലവുകൾക്കായി ആവശ്യമുള്ള ഫണ്ടുകൾ ലഭിച്ചിരുന്നില്ല എന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). ഫണ്ടുകളുടെ കുറവ് ഐഇസി പ്രവർത്തനങ്ങളെ ബാധിച്ചു. കിലയുടെ സഹായത്തോടെയാണ് പരിശീലന പരിപാടികൾ സംഘടിപ്പിച്ചത്.

## 4.5 അനുവദനീയമല്ലാത്ത ഭരണപരമായ ചെലവുകൾ

എംജിഎൻആർഇജിഎ പ്രവർത്തനമാർഗ്ഗനിർദ്ദേശങ്ങളുടെ 12.5.6 ഖണ്ഡിക പ്രകാരം, സർക്കാർ/പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ഇതിനകം നിയോഗിച്ചിട്ടുള്ള പ്രവർത്തകരുടെ ശമ്പളം/വേതനം ഒരു സാഹചര്യത്തിലും എംജിഎൻആർഇജിഎയുടെ ഭരണപരമായ ചെലവുകളിൽ നിന്നും വഹിക്കാൻ പാടുള്ളതല്ല. എന്നാൽ എംജിഎൻആർഇജിഎസ്സിലെ വിവിധ തസ്തികളിൽ നിയോഗിച്ചിരുന്ന 33 സർക്കാർ ജീവനക്കാർക്ക് 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ എംജിഎൻആർഇജിഎസ്സിന്റെ ഭരണപരമായ ചെലവുകൾക്കുള്ള ഫണ്ടിൽ നിന്നാണ് ശമ്പളം നൽകിയിരുന്നത് എന്ന് ഓഡിറ്റിൽ നിരീക്ഷിച്ചു. ഈ ഉദ്യോഗസ്ഥരുടെ ശമ്പള ചെലവ് ഈ അഞ്ചു വർഷക്കാലയളവിൽ ₹16.05 കോടിയായിരുന്നു. ഈ ഉദ്യോഗസ്ഥരുടെ ശമ്പള ചെലവുകൾ വഹിക്കുന്നതിനായി ഫണ്ടുകൾ നൽകണമെന്ന് സംസ്ഥാനമിഷൻ സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും (2019 മേയ്) കേരള സർക്കാർ യാതൊരു നടപടിയും എടുത്തില്ല. അതിനാൽ ശമ്പള ചെലവുകൾ ഇപ്പോഴും എംജിഎൻആർഇജിഎസ് ഫണ്ടുകളിൽ നിന്നും വഹിക്കുന്നത് തുടരുന്നു.

എംഒആർഡിയുടെ ആന്തരിക ഓഡിറ്റ് വിഭാഗം, മുകളിൽ പറഞ്ഞ ഉദ്യോഗസ്ഥരുടെ ശമ്പളം ഭരണപരമായ ചെലവുകൾക്കുള്ള ഫണ്ടിൽ നിന്നും നൽകുന്നതിന് തടസ്സം

ഉന്നയിച്ചിരുന്നെന്നും (2018 ഒക്ടോബർ) 2015-16 മുതൽ 2017-18 വരെ ഉണ്ടായ ചെലവ് തിരിച്ചു നൽകണമെന്ന് നിർദ്ദേശം നൽകിയിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ, ഇന്നു വരെ (2025 ജൂൺ) കേരളസർക്കാർ യാതൊരു നടപടിയും എടുത്തില്ല.

ഭാവിയിൽ ഇത് ആവർത്തിക്കുന്നത് തടയാൻ വേണ്ട അനുയോജ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സർക്കാർ പറഞ്ഞു (2025 ജൂൺ).

### 4.5.1 ഡാറ്റാ എൻട്രി ഓപ്പറേറ്ററെ അനധികൃതമായി നിയമിച്ചതും ഭരണപരമായ ചെലവുകൾക്കുള്ള ഫണ്ടിൽ നിന്നും വേതനം നൽകിയതും

എംജിഎൻആർഇജിഎസ് നടപ്പാക്കുന്നതിനായി ഒരു സമർപ്പിത ഘടനാസംവിധാനം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ, തസ്തികകൾ, വിവിധ തലങ്ങളിലുള്ള ജീവനക്കാരുടെ എണ്ണം, കരാർ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള വിദ്യാഭ്യാസ യോഗ്യത എന്നിവ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവുകൾ സർക്കാർ (2009 ആഗസ്റ്റ്) പുറപ്പെടുവിച്ചു. അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയ്ക്ക് യോഗ്യതയായി ബികോം, പിജിഡിസിഎ എന്ന് നിശ്ചയിച്ചിരുന്നു. എന്നാൽ, പുതൂർ ഗ്രാമ പഞ്ചായത്ത് സർക്കാർ അനുമതി വാങ്ങാതെ 2010 മെയ് 01 മുതൽ ദിവസ വേതനത്തിന് പ്ലസ്ടുവും കംപ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമയും വിദ്യാഭ്യാസ യോഗ്യതയുള്ള ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുകയും എംജിഎൻആർഇജിഎസ്സിന്റെ ഭരണപരമായ കാര്യങ്ങൾക്കുള്ള ഫണ്ടുകളിൽ നിന്ന് വേതനം നൽകുകയും ചെയ്തു. ഒരു അക്കൗണ്ടന്റ് കം ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ അധിക തസ്തിക പുതൂർ ഗ്രാമ പഞ്ചായത്തിന് ലഭിച്ചെങ്കിലും (2012 ഫെബ്രുവരി) നിർദ്ദേശിച്ചിരുന്ന യോഗ്യതകൾ ഉള്ള ആളിനെ നിയമിക്കുന്നതിനുപകരം, ഈ ഡിഇഒയെ തസ്തികയിൽ തുടരാൻ അനുവദിച്ചു. ഖണ്ഡിക 6.4ൽ വിവരിച്ചിരിക്കുന്നതുപോലെ, മസ്റ്റർ റോളുകളിൽ നടത്തിയ ക്രമക്കേടുകളും ഗ്രാമ പഞ്ചായത്തിലെ സർക്കാർ ഫണ്ടുകളുടെ തിരിമറിയും കണ്ടു പിടിച്ചതിനുശേഷം മാത്രമേ ഡിഇഒയെ ജോലിയിൽ നിന്നും പിരിച്ചുവിട്ടുള്ളൂ (2024 ഓഗസ്റ്റ് 30). സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ദിവസവേതനത്തിൽ ഡിഇഒയെ നിയമിച്ചത് എംജിഎൻആർഇജിഎസ് ഫണ്ടിൽ നിന്നും ₹22.14 ലക്ഷം അനധികൃതമായി നൽകുന്നതിലേയ്ക്ക് നയിച്ചു. അനധികൃതനിയമനവും 12 വർഷത്തിൽ കൂടുതൽ ശമ്പളം നൽകിയതും ബിപി/ജിപി/സംസ്ഥാന മിഷൻ എന്നിവയുടെ മേൽനോട്ടത്തിലെ ഗുരുതര വീഴ്ചയെ ആണ് കാണിക്കുന്നത് എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

ഡിഇഒയെ പിരിച്ചുവിട്ടത് അയാൾക്ക് ചുമതലയുള്ള വാർഡിൽ വിദഗ്ധതൊഴിൽ വേതനവിതരണവുമായി ബന്ധപ്പെട്ട സാമ്പത്തിക ക്രമക്കേടുകൾ കണ്ടുപിടിക്കുകയും സ്ഥിരീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയിരുന്നു എന്നത് സ്ഥിരീകരിച്ചുകൊണ്ട് സർക്കാർ പറഞ്ഞത് (2025 ജൂൺ) ഡിഇഒയുടെ തസ്തിക സൃഷ്ടിച്ചത് സ്റ്റേറ്റ് എംപ്ലോയിമെന്റ് ഗ്യാരന്റി കൗൺസിലിന്റെ (എസ്ഇജിസി) ശിപാർശയുടെ അടിസ്ഥാനത്തിൽ ആയിരുന്നു എന്നാണ്. കൂടാതെ, ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ ദിവസവേതന നിരക്കിൽ ഡിഇഒമാരെ നിയോഗിക്കാൻ ഡിപിസികൾക്കും ജെപിസികൾക്കും ഗ്രാമവികസന കമ്മീഷണർ (സിആർഡി) നിർദ്ദേശിച്ചിരുന്നു. ഡിഇഒ ജോലിചെയ്ത ദിവസങ്ങളിൽ മാത്രമേ വേതനം നൽകിയിരുന്നുള്ളൂ എന്നും അതിനാൽ സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ലെന്നും കൂട്ടിച്ചേർത്തു.

ആവശ്യം വരികയാണെങ്കിൽ ദിവസവേതന അടിസ്ഥാനത്തിൽ കംമ്പ്യൂട്ടർ ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൗണ്ടന്റിനെ നിയമിക്കാൻ ആണ് ഡിപിസികൾക്കും ജെപിസി കൾക്കും സിആർഡി നിർദ്ദേശം നൽകിയിരുന്നത് എന്നതിനാൽ മറുപടി നിലനിൽക്കുന്നു. ഇതിനു പകരം, ഗ്രാമപഞ്ചായത്ത് നിശ്ചിത യോഗ്യതയില്ലാത്ത ഡിഇഓ യെ നിയമിച്ചു. നിശ്ചിത യോഗ്യത ഇല്ലാത്ത വ്യക്തിയ്ക്ക് വേതനം നൽകിയതും സർക്കാർ അനുമതി ഇല്ലാതെ നിയമിച്ചതും ക്രമവിരുദ്ധമാണ്.

***ശിപാർശ 6: എംജിഎൻആർഇജിഎസ്സിനു കീഴിൽ വരുത്തിയ അനുവദനീയമല്ലാത്ത ചെലവ് തിരിച്ചുപിടിക്കാൻ സർക്കാർ നടപടി എടുക്കേണ്ടതാണ്.***

## 4.6 കുടിശ്ശികയായ ബാദ്ധ്യതകൾ

ഫണ്ട് നൽകൽ സംവിധാനം സുഗമമാക്കുന്നതിനും എംജിഎൻആർഇജി നിയമത്തിന്റെ ലക്ഷ്യങ്ങൾക്ക് അനുസൃതമായി ആനുകൂല്യങ്ങൾ നൽകുന്നതിനും സംസ്ഥാന സർക്കാരുകളെ/താഴെതട്ടിലുള്ള നടപ്പാക്കൽ ഏജൻസികളെ അധികാരപ്പെടുത്തുന്നതിനുമായി, നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം (എൻഇ-എഫ്എംഎസ്) വേതനം നൽകുന്നതിനായി കേന്ദ്രസർക്കാർ നടപ്പാക്കി (2016 മെയ്). അവിദഗ്ധതൊഴിൽ വേതനം നൽകുന്നതിനുള്ള പൂർണ്ണചുമതല കേന്ദ്രസർക്കാരിനാണ്. അത് ഗുണഭോക്താവിന് നേരിട്ട് നൽകുകയും ചെയ്യുന്നു. വിദഗ്ധ/അർദ്ധവിദഗ്ധ വേതനം/മെറ്റീരിയലുകൾ/ഭരണപരമായ ചെലവുകൾ എന്നീ ഘടകങ്ങൾക്കുള്ള തുകകൾ സംസ്ഥാനം ഗുണഭോക്താവിന് നൽകുന്നു. മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 15 ദിവസത്തിനകം വേതനം നൽകണമെന്ന് എംജിഎൻആർഇജി നിയമം നിഷ്കർഷിക്കുന്നു. തുക നൽകുന്നതിനായി എല്ലാ ഫണ്ട് ട്രാൻസ്ഫർ ഉത്തരവുകളും (എഫ്ടിഒ) സമയോചിതമായി പ്രോസസ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് ജെപിസി, ഡിപി, ബിപി എന്നിവയുടെ ചുമതലകളിൽ ഒന്നായിരുന്നു.

എന്നാൽ, **പട്ടിക 4.6ൽ** വിശദീകരിച്ചിരിക്കുന്നതു പോലെ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ അവിദഗ്ധ അർദ്ധവിദഗ്ധ/വിദഗ്ധ തൊഴിൽ വേതനം, സാധനസാമഗ്രികൾ, നികുതി എന്നിവയ്ക്കായി നൽകേണ്ട ₹43.59 കോടി ഡിസംബർ 2024ലും കുടിശ്ശികയായിരുന്നു എന്ന് ഓഡിറ്റിൽ കണ്ടെത്തി:

**പട്ടിക 4.6: നൽകാൻ കുടിശ്ശികയായ തുകകൾ**

*(₹ ലക്ഷത്തിൽ)*

| വർഷം | അവിദഗ്ധ വേതനം | വിദഗ്ധ/ അർദ്ധവിദഗ്ധ വേതനം | സാധന സാമഗ്രികൾ | നികുതി | ആകെ |
|---|---|---|---|---|---|
| 2019-20 | 2.81 | 51.58 | 210.93 | 1.00 | 266.32 |
| 2020-21 | 2.3 | 25.17 | 107.42 | 0.19 | 135.08 |
| 2021-22 | 3.56 | 47.10 | 202.52 | 1.27 | 254.45 |
| 2022-23 | 2.13 | 23.26 | 355.45 | 1.49 | 382.33 |
| 2023-24 | 4.47 | 99.75 | 3118.04 | 98.87 | 3321.13 |
| **ആകെ** | **15.27** | **246.86** | **3994.36** | **102.82** | **4359.31** |

*(ഉറവിടം : എൻആർഇജിഎ സോഫ്റ്റ് എംഐഎസ് റിപ്പോർട്ട് ആർ 8.1.5)*

₹2.62 കോടിയോളം വേതനം ഇനത്തിൽ ഒൻപത് മാസം മുതൽ നാല് വർഷത്തിലധികം വരെ കുടിശ്ശിക ആയിരുന്നു എന്ന് പട്ടികയിൽ നിന്ന് കാണാവുന്നതാണ്. വേതനം നിഷേധിക്കുന്നത്, ഈ തുകകളെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന ഗ്രാമീണ ദരിദ്രരുടെ ഉപജീവനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. അതുപോലെ, വകുപ്പ്, സാധന സാമഗ്രികൾക്കുള്ള ₹39.94 കോടിയുടെ കുടിശ്ശിക എട്ടുമാസം മുതൽ നാലുവർഷത്തിലധികം വരെ കൊടുത്തുതീർക്കാതെ അവശേഷിപ്പിച്ചിരുന്നു. തൊഴിലാളികൾക്ക്/വിതരണക്കാർക്ക് നൽകാനുള്ള തുക ദീർഘകാലമായി കുടിശ്ശികയാക്കുന്നത് ഫലപ്രദമല്ലാത്ത മേൽനോട്ട സംവിധാനത്തെ സൂചിപ്പിക്കുന്നതും, ഗുണഭോക്താക്കൾക്ക് സമയോചിതമായി സാമ്പത്തിക സഹായം നൽകണമെന്ന പദ്ധതിയുടെ ലക്ഷ്യത്തെ ദുർബലപ്പെടുത്തുന്നതുമാണ്. കൂടാതെ സാധനസാമഗ്രികൾക്കുള്ള പണം കൊടുത്തു തീർക്കുന്നതിൽ പരാജയപ്പെട്ടത് വിതരണക്കാരെയും ഗുണഭോക്താക്കളെയും പദ്ധതിയിൽ പങ്കെടുക്കുന്നതിൽ നിന്ന് നിരുത്സാഹപ്പെടുത്തുകയും, ഇത് പദ്ധതിയുടെ പുരോഗതിക്കും സമയബന്ധിതമായ പൂർത്തീകരണത്തിനും തടസ്സമാകാൻ ഇടയാക്കുകയും ചെയ്തു.

മേൽപ്രതിപാദിച്ചിരിക്കുന്ന തുകകൾ നൽകാനുണ്ടായ പരാജയത്തിന്റെ കാരണങ്ങളിൽ ഒന്ന് ഇടപാടുകൾ നിരസിച്ചതാണെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇടപാടുകൾ നിരസിക്കപ്പെടാൻ ഉണ്ടായ കാരണങ്ങൾ, എൻപിസിഐ മാപ്പറിൽ നിന്നും ബാങ്കുകൾ ആധാർ നമ്പർ ഡിസീഡ് ചെയ്തത്, തെറ്റായതോ/ക്ലോസ് ചെയ്തതോ ആയ ബാങ്ക് അക്കൗണ്ട്, സാധുതയില്ലാത്ത ബാങ്ക് ഐഡന്റിഫയർ, ബാങ്ക് അക്കൗണ്ടിന്റെ

ഐഎഫ്എസ് കോഡിലെ പൊരുത്തക്കേട്, രജിസ്റ്റേർഡ് വെൻഡറുമായി പേയീ അക്കൗണ്ട് മാച്ച് ചെയ്യാത്തത് മുതലായവ ആയിരുന്നു. നിരസിക്കപ്പെട്ട ഇടപാടുകൾ സമയബന്ധിതമായി റീജനറേറ്റ് ചെയ്യണമെന്നും പരാജയപ്പെട്ട ഇടപാടുകൾ രണ്ട് ദിവസത്തിനുള്ളിൽ റീജനറേറ്റ് ചെയ്യുന്നു എന്ന് ഫീൽഡ് പ്രവർത്തകർ ഉറപ്പാക്കണമെന്നും എംഒആർഡി നിർദ്ദേശിച്ചിരുന്നു (2020 ഡിസംബർ). എന്നാൽ **പട്ടിക 4.7ൽ** വിവരിച്ചിരിക്കുന്നത് പോലെ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ വേതനവും മെറ്റീരിയൽ ഘടകവും നൽകുന്നതിനുള്ള 19,792 ഇടപാടുകൾ റീജനറേറ്റ് ചെയ്യാൻ കുടിശ്ശികയായിരിക്കുകയോ ബാങ്കിന്റെ പ്രതികരണം കാത്ത് കിടക്കുകയോ ആയിരുന്നു എന്ന് ഓഡിറ്റിൽ കണ്ടെത്തി.

**പട്ടിക 4.7: നിരസിക്കപ്പെട്ട ഇടപാടുകളുടെ സ്ഥിതിവിവരം**

| വർഷം | വേതനം | | | | മെറ്റീരിയലുകൾ | | | |
|---|---|---|---|---|---|---|---|---|
| | റീജനറേഷൻ ചെയ്യാൻ കുടിശ്ശിക ആയിരുന്ന നിരസിക്കപ്പെട്ട ഇടപാടുകളുടെ എണ്ണം | റീജനറേഷൻ ചെയ്യാൻ കുടിശ്ശികയായിരുന്ന ഇടപാടുകളിൽ ഉൾപ്പെട്ടിരുന്ന തുക (₹ ലക്ഷത്തിൽ) | ബാങ്കിന്റെ പ്രതികരണം കാത്തു കിടന്ന നിരസിക്കപ്പെട്ട ഇടപാടുകളുടെ എണ്ണം | ബാങ്ക് പ്രതികരണം കാത്തു കിടന്ന നിരസിക്കപ്പെട്ട ഇടപാടുകളിൽ ഉൾപ്പെട്ട തുക (₹ലക്ഷത്തിൽ) | റീജനറേഷൻ ചെയ്യാൻ കുടിശ്ശിക ആയിരുന്ന നിരസിക്കപ്പെട്ട ഇടപാടുകളുടെ എണ്ണം | റീജനറേഷൻ ചെയ്യാൻ കുടിശ്ശികയായിരുന്ന ഇടപാടുകളിൽ ഉൾപ്പെട്ടിരുന്ന തുക (₹ ലക്ഷത്തിൽ) | ബാങ്കിന്റെ പ്രതികരണം കാത്തു കിടന്ന നിരസിക്കപ്പെട്ട ഇടപാടുകളുടെ എണ്ണം | ബാങ്ക് പ്രതികരണം കാത്തു കിടന്ന നിരസിക്കപ്പെട്ട ഇടപാടുകളിൽ ഉൾപ്പെട്ട തുക (₹ലക്ഷത്തിൽ) |
| **2019-20** | 11 | 0.17 | 156 | 1.85 | 1048 | 46.32 | 482 | 25.47 |
| **2020-21** | 0 | 0.00 | 86 | 1.23 | 1216 | 55.36 | 1110 | 97.87 |
| **2021-22** | 4 | 0.03 | 242 | 3.26 | 1779 | 143.74 | 10716 | 996.81 |
| **2022-23** | 6 | 0.03 | 121 | 1.59 | 215 | 16.64 | 1246 | 290.40 |
| **2023-24** | 35 | 0.39 | 290 | 4.11 | 465 | 84.19 | 564 | 93.15 |
| **ആകെ** | **56** | **0.62** | **895** | **12.04** | **4723** | **346.25** | **14118** | **1503.70** |

*(ഉറവിടം -എൻആർഇജിഎ സോഫ്റ്റ് എംഐഎസ് റിപ്പോർട്ട് ആർ 8.1.5)*

മുകളിലത്തെ പട്ടികയിൽ നിന്നു കാണാവുന്നതുപോലെ, ₹12.66 ലക്ഷം തുകയുടെ വേതനം ഉൾപ്പെടുന്ന 951 നിരസിക്കപ്പെട്ട ഇടപാടുകളും ₹1,849.95 ലക്ഷം തുകയുള്ള മെറ്റീരിയൽ ബില്ലുകൾ ഉൾപ്പെടുന്ന 18,841 നിരസിക്കപ്പെട്ട ഇടപാടുകളും റീജനറേഷനു വേണ്ടിയോ അല്ലെങ്കിൽ റീജനറേഷനു ശേഷം ബാങ്കിന്റെ പ്രതികരണം ലഭിക്കാതെയോ ആറു മാസം മുതൽ നാലു വർഷത്തിനുമേൽ കുടിശ്ശികയായി കിടന്നിരുന്നു.

പരിശോധന നടത്തിയ ഗ്രാമ പഞ്ചായത്തുകളിൽ, അർദ്ധവിദഗ്ധ/വിദഗ്ധ വേതനം/ മെറ്റീരിയൽ പേയ്മെന്റ് എന്നിവയ്ക്ക് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പറുകൾ അപ്ഡേറ്റ് ചെയ്യാത്തതും ആധാർ നമ്പറുമായി മാപ്പിംഗ് നടത്താത്തതും, ഇടപാടുകൾ നിരസിക്കാനും ഗുണഭോക്താക്കൾക്ക് വേതനം/മെറ്റീരിയലുകളുടെ ചിലവ് എന്നിവ നൽകാൻ അമിതമായ കാലതാമസം ഉണ്ടാകുന്നതിനും ഇടയാക്കി എന്ന് ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു.

നിരസിക്കപ്പെട്ട ഇടപാടുകളുടെ റീജനറേഷനു സംസ്ഥാനം മുൻഗണന നൽകിയിരുന്നു എന്ന് സർക്കാർ പറഞ്ഞു (2025 ജൂൺ) ഭാവിയിൽ ആവർത്തിക്കുന്നത് തടയാൻ വേണ്ട അനുയോജ്യമായ തിരുത്തൽ നടപടികൾ നടപ്പാക്കുമെന്നും പറഞ്ഞു.

എന്നാൽ, ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുള്ള ഫലപ്രദമായ നടപടികളുടെ അഭാവം കാരണം 15 ദിവസങ്ങൾക്കകം നൽകേണ്ട വേതനം നാലുവർഷം വരെ കുടിശ്ശികയായി നിലനിന്നു എന്ന വസ്തുത നിലനിൽക്കുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/

സംസ്ഥാനം എന്നിവയുടെ ഫലപ്രദമായ മേൽനോട്ടത്തിന്റെ അഭാവത്തെയും ഇത് ചൂണ്ടിക്കാണിക്കുന്നു.

***ശിപാർശ 7: പരാജയപ്പെട്ട ഇടപാടുകൾ റീജനറേറ്റ് ചെയ്യുന്നത് സംബന്ധിച്ച കുടിശ്ശിക കുറയ്ക്കുവാനും ഗുണഭോക്താക്കൾക്ക് തുക നൽകാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.***

## 4.7 വേതനം നൽകുവാനുണ്ടായ കാലതാമസവും കാലതാമസത്തിനുള്ള നഷ്ടപരിഹാരം നിരസിക്കലും

മസ്റ്റർ റോൾ ക്ലോസ് ചെയ്തതിനു ശേഷം പതിനഞ്ച് ദിവസത്തിനകം വേതനം നൽകിയില്ലെങ്കിൽ, നൽകാത്ത വേതനത്തിന്റെ 0.05 ശതമാനം പ്രതിദിനം കാലതാമസത്തിനുള്ള നഷ്ടപരിഹാരമായി നൽകണമെന്ന് എംജിഎൻആർഇജി നിയമം വ്യവസ്ഥ ചെയ്യുന്നു. മസ്റ്റർ റോൾ ക്ലോസ് ചെയ്ത തീയതിയുടെയും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ വേതനം നിക്ഷേപിച്ച തീയതിയുടെയും അടിസ്ഥാനത്തിൽ നൽകേണ്ട നഷ്ടപരിഹാരം ഓട്ടോമാറ്റിക് ആയി കണക്കാക്കുന്നതിന് കംപ്യൂട്ടർ സിസ്റ്റത്തിൽ സംവിധാനം വേണമെന്നും നിയമം നിർദ്ദേശിക്കുന്നു. ആവശ്യമായ പരിശോധനയ്ക്ക് ശേഷം, നഷ്ടപരിഹാര തുക നൽകാൻ സംസ്ഥാന സർക്കാരിന് ബാധ്യതയുള്ളതും തുക നൽകാൻ കാലതാമസം വരുത്തിയതിന് ഉത്തരവാദിയായ പ്രവർത്തകർ/ഏജൻസികളിൽ നിന്ന് നഷ്ടപരിഹാരതുക തിരിച്ചു പിടിക്കേണ്ടതുമാണ്.

വിവിധ പ്രവർത്തകരുടെ മേലുള്ള ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനും/ട്രാക്ക് ചെയ്യുന്നതിനും കാലതാമസത്തിനനുസൃതമായി തിരിച്ചുപിടിക്കേണ്ട തുക ഭാഗിക്കുന്നതിനുമായി, **പട്ടിക 4.8ൽ** വിവരിച്ചിരിക്കുന്ന പോലെ സമയക്രമം കേരളസർക്കാർ നിർദ്ദേശിച്ചിരുന്നു.

**പട്ടിക 4.8: വേതനം നൽകുന്നതിന് നിർദ്ദേശിച്ചിരുന്ന സമയക്രമം**

| ക്രമ നമ്പർ | പ്രക്രിയ/വർക്ക് ഫ്ലോ ഘട്ടം | ഘട്ടത്തിനു ചുമതലപ്പെട്ട വ്യക്തി/ഏജൻസി/ അതോറിറ്റി | ഘട്ടത്തിന് അനുവദിച്ചിട്ടുള്ള സമയം | ഇ-എൻഎംആർ ക്ലോസ് ചെയ്ത തീയതി മുതലുള്ള ദിവസങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1. | മസ്റ്റർ റോൾ ക്ലോസ് ചെയ്തതു മുതൽ സെക്കൻഡ് സിഗ്നേറ്ററി എഫ്റ്റിഒ ഒപ്പിടുന്നതുവരെ | അക്രഡിറ്റഡ് എൻജിനിയർ, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി | എട്ട് ദിവസം | ടി+8 വരെ |
| 2. | ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് വേതനം ക്രെഡിറ്റ് ചെയ്യൽ | എംഒആർഡി/പിഎഫ്എംഎസ് ന്യൂഡൽഹി/ നോഡൽ ബാങ്ക്/ എൻപിസിഐ | ഏഴ് ദിവസം | ടി+9 മുതൽ ടി+15 വരെ |

*(ഉറവിടം: സമയോചിതമായി വേതനം നൽകുന്നതിനായുള്ള എംജിഎൻആർഇജിഎസ് മാർഗ്ഗനിർദ്ദേശങ്ങൾ)*

എംജിഎൻആർഇജിഎ ഗുണഭോക്താക്കൾക്ക് സമയോചിതമായി തുക നൽകുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ പദ്ധതിയിലെ എല്ലാ തല്പരകക്ഷികളും നിർദേശിച്ചിട്ടുള്ള സമയക്രമം പാലിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ, വേതനം സമയോചിതമായി നൽകുന്നതിനും വേതനം നൽകുവാനുള്ള കാലതാമസത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിനും ഉള്ള നിയമത്തിന്റെ വ്യവസ്ഥകൾ, തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നത് പോലെ, പാലിച്ചിരുന്നില്ല എന്നാണ് എംഐഎസ് റിപ്പോർട്ടുകളും പരിശോധന നടത്തിയ ഗ്രാമ പഞ്ചായത്തുകളിലെ രേഖകളും സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത്.

### 4.7.1 വേതനം നൽകുവാനുള്ള കാലതാമസവും വേതനം നൽകിയ യഥാർത്ഥ തീയതി കാലതാമസം കണക്കാക്കാൻ പരിഗണിക്കാത്തതും

മസ്റ്റർ റോൾ ക്ലോസ് ചെയ്ത ശേഷം 15 ദിവസങ്ങൾക്കകം വേതനം നൽകിയില്ലായെങ്കിൽ നഷ്ടപരിഹാരം നൽകണം എന്ന് എംജിഎൻആർഇജി നിയമം അനുശാസിക്കുന്നു. ഇതിനായി മസ്റ്റർ റോൾ ക്ലോസ് ചെയ്ത തീയതി മുതൽ ഗുണഭോക്താവിന്റെ അക്കൗണ്ടിൽ വേതനം ക്രെഡിറ്റ് ചെയ്ത തീയതി വരെയുള്ള കാലതാമസം കണക്കാക്കേണ്ടത് ആവശ്യമാണ്. എന്നാൽ, മസ്റ്റർ റോൾ ക്ലോസ് ചെയ്ത തീയതി മുതൽ ഗുണഭോക്താക്കൾക്ക് വേതനം യഥാർത്ഥത്തിൽ ക്രെഡിറ്റ് ചെയ്തതുവരെയുള്ള സംയോജിത സ്ഥിതി വിവരകണക്ക് കാണിക്കുന്ന എംഐഎസ് റിപ്പോർട്ടുകൾ ഒന്നും തന്നെ പബ്ലിക്ക് ഡൊമൈനിൽ ഇല്ലായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. റിപ്പോർട്ട് ആർ 14.5 (വൈകിയ പേയ്മെന്റ്) ട്രാക്ക് ചെയ്തിരുന്നത് സെക്കൻഡ് സിഗ്നേറ്ററി എഫ്റ്റിഒ ഒപ്പ വച്ചതുവരെയുള്ള സ്ഥിതിവിവരം മാത്രമായിരുന്നു, അല്ലാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ യഥാർത്ഥത്തിൽ വേതനം ക്രെഡിറ്റ് ചെയ്ത തീയതി വരെ ആയിരുന്നില്ല. 98 ശതമാനം പേയ്മെന്റുകളും നിബന്ധനപ്രകാരമുള്ള 15 ദിവസങ്ങൾക്കകം നടത്തിയിരുന്നു എന്നാണ് റിപ്പോർട്ട് കാണിക്കുന്നത്. എംഐഎസ് റിപ്പോർട്ടുപ്രകാരം കാലതാമസം വന്ന പേയ്മെന്റുകളുടെ വിശദവിവരം **അനുബന്ധം 4.2ൽ** കൊടുത്തിരിക്കുന്നു. വേതനം നൽകിയതിലെ (₹308.51 കോടി) കാലതാമസം സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ, ₹269.27 കോടി വേതനം നൽകിയത് മസ്റ്റർ റോളുകൾ ക്ലോസ് ചെയ്ത തീയതിയ്ക്ക് ശേഷം 16 മുതൽ 90 ദിവസങ്ങൾക്കിടയിലും ₹39.24 കോടിയുടെ വേതനം നൽകിയത് മൂന്നു മാസങ്ങൾക്ക് (90 ദിവസം) ശേഷവുമായിരുന്നു എന്നും കണ്ടു.

ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് വേതനം ക്രെഡിറ്റ് ചെയ്ത യഥാർത്ഥ തീയതി വരെയുള്ള കാലതാമസം പരിഗണിക്കാതിരുന്നത് കാലതാമസം ഭാഗികമായി കണക്ക് കൂട്ടുന്നതിനോ/കണക്കു കൂട്ടാതിരിക്കുന്നതിനോ ഇടയാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധന നടത്തിയ ഗ്രാമ പഞ്ചായത്തുകളിലെ 2023-24 കാലയളവിലെ കാലതാമസം കണക്കുകൂട്ടിയത് വിശദമായ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ എംഐഎസ് കണക്കുകൂട്ടിയ കാലതാമസമായ പൂജ്യം മുതൽ 34 ദിവസങ്ങൾ വരെ എന്നതിനെതിരെ യഥാർത്ഥ കാലതാമസം എട്ട് ദിവസങ്ങൾ മുതൽ 180 ദിവസങ്ങൾ വരെയായിരുന്നു എന്ന് വെളിപ്പെട്ടു. ശ്രദ്ധയിൽപ്പെട്ട പ്രകടമായ ഉദാഹരണങ്ങൾ **അനുബന്ധം 4.3ൽ** നൽകിയിരിക്കുന്നു. കാലതാമസം തെറ്റായി കണക്കുകൂട്ടിയത് നിയമത്തിന്റെ വ്യവസ്ഥകൾ ലംഘിക്കുകയും കാലതാമസത്തിനുള്ള നഷ്ടപരിഹാരം തെറ്റായി കണക്കുകൂട്ടുന്നതിലേയ്ക്ക് നയിക്കുകയും ചെയ്തു എന്നും ഓഡിറ്റ് നിരീക്ഷിച്ചു.

ഡിജിറ്റൽ ഒപ്പുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നം കാരണവും സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറി പോകുമ്പോഴും കാലതാമസം സംഭവിക്കാമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). പുതിയ ഉദ്യോഗസ്ഥരുടെ ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് ഡി-എൻറോൾ/എൻറോൾ ആകുന്നതിന് 24 മണിക്കൂറുകൾ എടുക്കുമെന്നും ഇത് ഗ്രാമ പഞ്ചായത്ത്തല ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിലല്ല എന്നും ഗ്രാമ പഞ്ചായത്ത് തലത്തിൽ ഉണ്ടായകാലതാമസം പരിശോധിക്കുമെന്നും അനുയോജ്യമായ തിരുത്തൽ നടപടികൾ നടപ്പിലാക്കുമെന്നും പ്രസ്താവിച്ചു.

എന്നാൽ, ഡിജിറ്റൽ സിഗ്നേച്ചറുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങളും, ഡി-എൻറോൾ/എൻറോൾ കാലതാമസം മുതലായവ വേണ്ട സമയത്തു തന്നെ പരിഹരിച്ച് നിയമം നിഷ്കർഷിക്കുന്നതുപോലെ സമയോചിതമായി വേതനം നൽകുന്നു എന്ന് ഉറപ്പാക്കേണ്ടതായിരുന്നു എന്നാണ് ഓഡിറ്റിന്റെ അഭിപ്രായം.

### 4.7.2 കാലതാമസത്തിനുള്ള നഷ്ടപരിഹാരം ന്യായീകരണമില്ലാതെ നിരസിച്ചത്

മസ്റ്റർറോൾ ക്ലോസ് ചെയ്ത തീയതി മുതൽ 15 ദിവസങ്ങൾക്കകം വേതനം നൽകിയില്ലായെങ്കിൽ, നൽകാത്ത വേതനത്തിന്റെ 0.05 ശതമാനം എന്ന നിരക്കിൽ പ്രതിദിനം നഷ്ട പരിഹാരം നൽകണമെന്ന് എംജിഎൻആർഇജി നിയമം

അനുശാസിക്കുന്നു. എൻആർഇജിഎ സോഫ്റ്റിൽ (എംഐഎസ് റിപ്പോർട്ട് ആർ 14.1 കാലതാമസത്തിനുള്ള നഷ്ടപരിഹാരം) നൽകേണ്ട ആകെ നഷ്ട പരിഹാരം കണക്കു കൂട്ടുന്നതിനുള്ള സംവിധാനം ഉണ്ടായിരുന്നു. എന്നാൽ, കേരള എംജിഎൻആർഇജിഎസ് നഷ്ടപരിഹാരം നൽകൽ (വേതനം നൽകുന്നതിലെ കാലതാമസത്തിനുള്ളത്) ചട്ടങ്ങൾ, 2023 നഷ്ടപരിഹാരത്തിനുള്ള ക്ലെയ്മുകൾ വിവിധ കാരണങ്ങൾ, അതായത് ഡിജിറ്റൽ സിഗ്നേച്ചർ അല്ലെങ്കിൽ എംഐഎസ് എന്നിവയിലെ പ്രശ്നങ്ങളെ സംബന്ധിച്ച സാങ്കേതിക കാരണങ്ങൾ കൊണ്ടുള്ള കാലതാമസം, പ്രകൃതി ദുരന്തങ്ങൾ, തുക നൽകേണ്ട അധികാരിയുടെ തലത്തിൽ ഫണ്ടുകളുടെ ലഭ്യത ഇല്ലായ്മ മുതലായവ ഉദ്ധരിച്ച് നിരസിക്കുവാൻ പ്രോഗ്രാം ഓഫീസർമാരെ അനുവദിച്ചിരുന്നു. കൂടാതെ നിരസിക്കുന്നതിന്റെ വിശദമായ കാരണങ്ങൾ എംഐഎസിൽ നൽകേണ്ടതുമാണ്.

ഓഡിറ്റ് കാലയളവിൽ 677 ലക്ഷം ദിവസങ്ങളുടെ കാലതാമസത്തിന് ₹491.73 ലക്ഷം നഷ്ടപരിഹാരമായി എൻആർഇജിഎ സോഫ്റ്റ് കണക്കു കൂട്ടിയെങ്കിലും ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ ₹487.29 ലക്ഷത്തിന്റെ (99 ശതമാനം) കാലതാമസത്തിനുള്ള നഷ്ടപരിഹാരം നിരസിച്ചെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഇതിനുള്ള വിശദമായ കാരണങ്ങൾ പബ്ലിക് ഡൊമൈനിൽ (എൻആർഇജിഎ സോഫ്റ്റ്) ലഭ്യമല്ലായിരുന്നു. എംഐഎസ് പ്രകാരം കാലതാമസത്തിനുള്ള നഷ്ടപരിഹാരം കണക്ക് കൂട്ടിയതിന്റെയും നിരസിച്ചതിന്റെയും വിവരങ്ങൾ **പട്ടിക 4.9ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.9: കാലതാമസത്തിനുള്ള നഷ്ടപരിഹാരം കണക്കുകൂട്ടിയതിന്റെയും നിരസിച്ചതിന്റെയും വിവരങ്ങൾ**

*(₹ ലക്ഷത്തിൽ)*

| വർഷം | കാലതാമസത്തിനുള്ള നഷ്ടപരിഹാരം | | നിരസിച്ചതിന്റെ കാരണം (ദിവസങ്ങളിൽ) | | | നിരസിച്ച തുക | ആകെ നിരസിച്ചതിന്റെ ശതമാനം | നഷ്ടപരിഹാരത്തിന് അർഹതയില്ലാ എന്നതിന് നിരസിച്ചതിന്റെ ശതമാനം | അംഗീകരിച്ച കാലതാമസത്തിനുള്ള നഷ്ടപരിഹാരം (ശതമാനം) |
|---|---|---|---|---|---|---|---|---|---|
| | നൽകേണ്ടത് (ദിവസങ്ങളിൽ) | നൽകേണ്ട തുക | പ്രകൃതി ദുരന്തങ്ങൾ | നഷ്ടപരിഹാരം നൽകേണ്ടതില്ല | ആകെ നിരസിച്ചത് | | | | |
| 2019-20 | 5261300 | 38.39 | 3615 | 4855250 | 4863904 | 35.85 | 92.45 | 99.82 | 2.54 (6.62) |
| 2020-21 | 23711842 | 173.58 | 21631 | 23452167 | 23474185 | 172.18 | 99.00 | 99.91 | 1.40 (0.81) |
| 2021-22 | 1818165 | 12.16 | 8 | 1809053 | 1809061 | 12.10 | 99.50 | 100.00 | 0.06 (0.49) |
| 2022-23 | 24714967 | 173.95 | 53427 | 24608225 | 24661673 | 173.60 | 99.78 | 99.78 | 0.35 (0.20) |
| 2023-24 | 12160180 | 93.65 | 9782 | 12138373 | 12148158 | 93.56 | 99.90 | 99.92 | 0.09 (0.10) |
| **ആകെ** | **67666454** | **491.73** | **88463** | **66863068** | **66956981** | **487.29** | **98.95** | **99.86** | **4.44 (0.90)** |

*(ഉറവിടം: എംഐഎസ് റിപ്പോർട്ട് (ആർ 14.1))*

ആകെ നിരസിച്ചതിന്റെ 99.86 ശതമാനവും 'നഷ്ടപരിഹാരം നൽകേണ്ടതില്ല' എന്ന കാരണത്താൽ ആയിരുന്നു എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ കാരണത്താൽ നിരസിച്ചത് ശരിയായ നടപടി അല്ല, എന്തെന്നാൽ, ഇത് ബാധകമാകുന്നത് വേതനം സമയത്തിനുള്ളിൽ നൽകുകയും എന്നാൽ വിവരങ്ങൾ എംഐഎസിൽ ചേർക്കാത്തതുമായ കേസുകളിലാണ്. എൻഇ-എഫ്എംഎസ് സിസ്റ്റത്തിൽ ഇത് സാദ്ധ്യമല്ല, എന്തെന്നാൽ എംഐഎസിൽ ഡാറ്റാ ചേർക്കാതെ വേതനം നൽകൽ പ്രോസസ് ചെയ്യാൻ കഴിയില്ല. വേതനം നൽകുന്നതിലെ കാലതാമസവും, കാലതാമസത്തിനുള്ള നഷ്ടപരിഹാരം കണക്കുകൂട്ടുന്നതിന് പേയ്മെന്റ് നടത്തിയ യഥാർത്ഥ തീയതി പരിഗണിക്കാത്തതും അതോടൊപ്പം കാലതാമസത്തിനുള്ള നഷ്ടപരിഹാര ക്ലെയ്മുകൾ നിരസിച്ചതും കാരണം എംജിഎൻആർഇജി നിയമം വിഭാവനം ചെയ്ത ജീവിതമാർഗ്ഗ സുരക്ഷിതത്വം ഗുണഭോക്താക്കൾക്ക് നിഷേധിക്കപ്പെട്ടു.

എംഒആർഡി 2017 മേയിൽ പുറപ്പെടുവിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീഡ്യർ (എസ്ഒപി) ന് അനുസൃതമായാണ് നഷ്ടപരിഹാരം നൽകൽ ചട്ടങ്ങൾ രൂപം നൽകിയത് എന്നും എസ്ഒപി പ്രകാരം നഷ്ടപരിഹാരം നൽകേണ്ടതില്ല എന്ന കാരണത്താലും പ്രകൃതിദുരന്തങ്ങളിലും തുക നൽകുന്ന അധികാരിയുടെ തലത്തിൽ ഫണ്ടുകൾ ലഭ്യമല്ലെങ്കിലും നഷ്ടപരിഹാരം നിരസിക്കാവുന്നതാണ് എന്നും സർക്കാർ പറഞ്ഞു (2025 ജൂൺ).

എംഒആർഡി 2019-20ൽ പുറപ്പെടുവിച്ച എസ്ഒപി ഫണ്ടുകൾ ലഭ്യമല്ല എന്ന കാരണത്താൽ നഷ്ടപരിഹാരം നിരസിക്കാൻ അനുവദിക്കുന്നില്ല എന്നതിനാൽ മറുപടി സ്വീകാര്യമല്ല. ഇതിനു പുറമെ, സംസ്ഥാനത്ത് എൻഇ-എഫ്എംഎസ് നടപ്പിലാക്കിയിരുന്നതിനാലും എംഐഎസിൽ ഡേറ്റ എൻട്രിയ്ക്ക് ശേഷമാണ് വേതനം നൽകൽ പ്രോസസ് ചെയ്യുന്നത് എന്നതിനാലും. 'നഷ്ടപരിഹാരം നൽകേണ്ടതില്ല' എന്നതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിരസിക്കാൻ സാദ്ധ്യത ഉദിക്കുന്നില്ല.

## 4.8 ട്രൈബൽ പ്ലസ് പദ്ധതിയിൻ കീഴിൽ വേതനം നൽകാനുള്ള കാലതാമസം

എല്ലാ പട്ടിക വർഗ്ഗകുടുംബങ്ങൾക്കും ഓരോ സാമ്പത്തിക വർഷവും 100 ദിവസത്തെ അധിക തൊഴിൽ നൽകുന്നതിനായി കേരളസർക്കാർ 2019 ജൂലൈയിൽ ട്രൈബൽ പ്ലസ് പദ്ധതി ആരംഭിച്ചു. എംജിഎൻആർഇജിഎസ്സിൽ 100 ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയ എല്ലാ പട്ടികവർഗ്ഗകുടുംബങ്ങളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി. വേതനം നൽകുന്നതിനും സാധനസാമഗ്രികൾക്കുമുള്ള ഫണ്ട് കേരള സർക്കാർ പട്ടികവർഗ്ഗ വികസനവകുപ്പ് മുഖാന്തിരം നൽകേണ്ടതാണ്. എന്നാൽ, കേരളസർക്കാർ ഫണ്ടുകൾ നൽകുന്നതിലുള്ള കാലതാമസം കാരണം നൽകേണ്ട വേതനത്തിന്റെ 20 മുതൽ 79 ശതമാനം വരെ മാത്രമേ അതാത് സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ ട്രൈബൽ പ്ലസ് ഗുണഭോക്താക്കൾക്ക് നൽകിയിരുന്നുള്ളൂ എന്ന് ഓഡിറ്റ് കണ്ടെത്തി. വിശദ വിവരങ്ങൾ **പട്ടിക 4.10ൽ** നൽകിയിരിക്കുന്നു.

**പട്ടിക 4.10: ട്രൈബൽ പ്ലസ് ഗുണഭോക്താക്കൾക്ക് നൽകിയ വേതനത്തിന്റെ വിശദവിവരങ്ങൾ**

| വർഷം | ജനറേറ്റ് ചെയ്ത എഫ്റ്റിഒകളുടെ എണ്ണം (ലക്ഷത്തിൽ) | മുൻവർഷത്തെ ബാക്കി ഉൾപ്പെടെ ആവശ്യമായ ആകെ തുക (₹ലക്ഷത്തിൽ) | ലഭിച്ച തുക/ നൽകിയ വേതനം (₹ലക്ഷത്തിൽ) | വേതനം നൽകിയതിന്റെ ശതമാനം | സൃഷ്ടിച്ച തൊഴിൽ (ദിവസങ്ങളിൽ) | സാമ്പത്തിക വർഷത്തിന്റെ അവസാനം കുടിശ്ശിക ആയിരുന്ന തുക (₹ലക്ഷത്തിൽ) |
|---|---|---|---|---|---|---|
| 2019-20 | 996.61 | 996.61 | 200.00 | 20.07 | 361090 | 796.61 |
| 2020-21 | 3633.65 | 4430.26 | 1893.00 | 42.73 | 1227583 | 2537.26 |
| 2021-22 | 3914.40 | 6451.66 | 5108.00 | 79.17 | 1322434 | 1343.66 |
| 2022-23 | 3677.66 | 5021.32 | 3964.77 | 78.96 | 1182527 | 1056.55 |
| 2023-24 | 5166.38 | 6222.93 | 2854.94 | 45.88 | 1551466 | 3367.99 |
| | **17388.70** | | **14020.71** | | | |

*(ഉറവിടം: എംജിഎൻആർഇജിഎസ് സംസ്ഥാന മിഷൻ നൽകിയ വിവരങ്ങൾ)*

2024 മാർച്ചോടെ ₹33.68 കോടി വേതനം നൽകാൻ കുടിശ്ശിക ആയിരുന്നു എന്ന് ഓഡിറ്റിൽ കണ്ടെത്തി. ഫണ്ട് നൽകാനുള്ള കാലതാമസം കാരണം ട്രൈബൽ പ്ലസ് ഗുണഭോക്താക്കൾക്ക് വേതനം ലഭിക്കുവാൻ 59 മുതൽ 205 ദിവസം വരെ കാലതാമസം ഉണ്ടായി. സമയോചിതമായി വേതനം നൽകുക എന്നതാണ് ട്രൈബൽ പ്ലസ്

പദ്ധതിയുടെ കാതലായ ഉദ്ദേശ്യം എന്നിരിക്കെ, കേരളസർക്കാർ ഫണ്ടുകൾ നൽകാൻ വരുത്തുന്ന കാലതാമസം പദ്ധതിയുടെ ലക്ഷ്യത്തെ തന്നെ ദുർബലപ്പെടുത്തുമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഫണ്ടുകൾ സമയത്ത് വിതരണം ചെയ്യുന്നത് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ പറഞ്ഞു (2025 ജൂൺ). എന്നാൽ, പട്ടിക വർഗ്ഗകുടുംബങ്ങൾക്ക് അധിക പ്രയോജനം നൽകുവാൻ വേണ്ടി സംസ്ഥാനം രൂപം നൽകിയ ഒരു പദ്ധതി, ഫണ്ടുകൾ സമയോചിതമായി നൽകുവാൻ സംസ്ഥാനത്തിനുണ്ടായ വീഴ്ച കാരണം അതിന്റെ ലക്ഷ്യങ്ങൾ നേടാൻ പരാജയപ്പെട്ടു എന്ന വസ്തുത നിലനിൽക്കുന്നു.

## 4.9 എംജിഎൻആർഇജിഎ പദ്ധതിക്ക് കീഴിൽ പട്ടികവർഗ്ഗ തൊഴിലാളികൾക്ക് വേതനം മുൻകൂറായി നൽകുന്നതിനുള്ള കോർപ്പസ് ഫണ്ട് പരിപാലിക്കുന്നതിലെ ക്രമക്കേടുകൾ

എംജിഎൻആർഇജിഎസ് പദ്ധതിക്ക് കീഴിൽ വേതനം വിതരണം ചെയ്യുന്നതിലെ കാലതാമസം പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രത്യേക പ്രദേശങ്ങളിലെ പട്ടികവർഗ്ഗ (എസ്ടി) തൊഴിലാളികൾക്ക് ആഴ്ച അടിസ്ഥാനത്തിൽ വേതനം മുൻകൂറായി നൽകുന്നതിനായി ഒരു കോർപ്പസ് ഫണ്ട് 2018 മാർച്ചിൽ കേരള സർക്കാർ സ്ഥാപിച്ചു. കോർപ്പസ് തുകയായ ₹11.13 കോടി കുടുംബശ്രീ സംസ്ഥാന മിഷൻ ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും (2018 മാർച്ച്), പ്രത്യേക പ്രദേശങ്ങളിലെ[8] എസ്ടി തൊഴിലാളികൾക്ക് വേതനത്തിന്റെ 90 ശതമാനം മുൻകൂറായി വിതരണം ചെയ്യുവാൻ കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സിഡിഎസ്)/ഏരിയ ഡവലപ്മെന്റ് സൊസൈറ്റി (എഡിഎസ്) യൂണിറ്റുകളെ അധികാരപ്പെടുത്തുകയും ചെയ്തു. കേന്ദ്രസർക്കാരിൽ നിന്നും വേതനം ലഭിച്ചശേഷം മുൻകൂർ തുകകൾ തിരിച്ച് ലഭിക്കുന്നത് ഉറപ്പാക്കാൻ, ഗുണഭോക്താവ്, എഡിഎസ്, ബാങ്ക് എന്നിവർ തമ്മിൽ ഒരു ത്രികക്ഷി ഉടമ്പടി ഉണ്ടാക്കിയ ശേഷം എംജിഎൻആർഇജിഎസ് വേതനം കേന്ദ്രസർക്കാർ ക്രെഡിറ്റ് ചെയ്യുന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മുൻകൂർ ആയി നിക്ഷേപിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

കുടുംബശ്രീ സംസ്ഥാന മിഷനിലെ രേഖകളും പരിശോധന നടത്തിയ യൂണിറ്റുകളിലെ ഊരു സമിതിയുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകളും സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത് ₹11.12 കോടിയിൽ ₹10.30 കോടി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ബാക്കിതുക ഊരുസമിതിയുടെ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിച്ചിരുന്നു എന്നുമായിരുന്നു. എന്നാൽ, ഗുണഭോക്താക്കൾക്ക് മുൻകൂർ നൽകുന്ന സംവിധാനം 2022-23 മുതൽ നിർത്തലാക്കി. 112 ഊരുസമിതികൾക്ക് നൽകിയ ₹11.12 കോടിയിൽ ₹7.34 കോടി മാത്രമേ സംസ്ഥാന മിഷനിലേയ്ക്ക് ഇതുവരെ (2024 ഡിസംബർ) തിരിച്ച് ലഭിച്ചിരുന്നുള്ളൂ എന്ന് ഓഡിറ്റ് കണ്ടെത്തി.

112 ഊരുസമിതികളുടെ ബാങ്ക് അക്കൗണ്ടുകൾ ഓഡിറ്റ് പരിശോധന നടത്തുകയും രണ്ട് ഊരുസമിതികൾ വ്യക്തിഗത ആവശ്യങ്ങൾക്കായി ₹3.48 ലക്ഷം അനധികൃതമായി പിൻവലിച്ചിരുന്നതായും ശ്രദ്ധയിൽപ്പെട്ടു. അഗളി ഗ്രാമപഞ്ചായത്തിലെ കക്കുപ്പാടി താഴേ ഊരുസമിതി ₹1,00,000 വും പുതൂർ ഗ്രാമപഞ്ചായത്തിലെ മേലേ മഞ്ചിക്കണ്ടി ഊരുസമിതി ₹2,48,250ഉം സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് വ്യക്തിഗത ആവശ്യങ്ങൾക്കായി പിൻവലിച്ചിരുന്നു.

അട്ടപ്പാടി ബിപിയിലെ നാല് ഊരു സമിതികൾക്ക് ₹12 ലക്ഷം (₹മൂന്നു ലക്ഷം ഓരോന്നിനും) മുൻകൂർ വേതനം നൽകുന്നതിനായി ലഭിച്ചിരുന്നു (2019 ജനുവരി). ₹12 ലക്ഷത്തിൽ ₹7.36 ലക്ഷം മുൻകൂറായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു (2019 ജനുവരി മുതൽ 2020 ജനുവരി വരെ). ഊരു സമിതികളുടെ ബാങ്ക് അക്കൗണ്ടുകൾ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ, ഓഡിറ്റ് കണ്ടത് ഈ എസ്ബി അക്കൗണ്ടുകൾ 2022

[8] ഈ സംരംഭം തുടക്കത്തിൽ വയനാട് ജില്ലയിലും പാലക്കാട് അട്ടപ്പാടി ബ്ലോക്കിലുമായിരുന്നു, പിന്നീട് 2019 ജൂണിൽ കണ്ണൂർ ജില്ലയിലെ ആറളം ഫാമിലോട്ടും വ്യാപിപ്പിച്ചു

ജൂലൈ മുതൽ പ്രവർത്തനക്ഷമമായിരുന്നില്ല എന്നും അതിലെ ബാലൻസുകൾ ശൂന്യമായി ശേഷിച്ചിരുന്നു (2024 ഒക്ടോബർ) എന്നുമായിരുന്നു. ഓഡിറ്റ് ബാങ്കുമായി അന്വേഷിച്ചപ്പോൾ, ബാങ്ക് ₹8.25 ലക്ഷം (2022 ജൂലൈ വരെയുള്ള പലിശ ഉൾപ്പെടെ) ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു (2024 ഡിസംബർ). ₹7.36 ലക്ഷം മുൻകൂറായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരുന്നെങ്കിലും ₹2.92 ലക്ഷം മാത്രമേ ഗുണഭോക്താക്കളിൽ നിന്നും ഊരു സമിതികൾ തിരിച്ചു പിടിച്ചിരുന്നുള്ളൂ എന്നും ഓഡിറ്റ് കണ്ടെത്തി.

ഫണ്ടുകളുടെ ദുരുപയോഗവും ഊരു സമിതികൾ മുൻകൂർ തുകകൾ വിതരണം ചെയ്യാതിരുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളെ പരാജയപ്പെടുത്തി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

കുടുംബശ്രീയിൽ നിന്നും തിരിച്ചടവിന്റെ വിവരങ്ങൾ ലഭ്യമാക്കുമെന്നും ആവശ്യമായ നടപടികൾ ആരംഭിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). ഭാവിയിൽ ആവർത്തിക്കുന്നത് തടയാൻ അനുയോജ്യമായ തിരുത്തൽ നടപടികൾ എടുക്കുമെന്നും കൂട്ടിച്ചേർത്തു. എന്നാൽ, കുടുംബശ്രീ പദ്ധതി തുടരാതിരിക്കുന്നതിനെ കുറിച്ച് മറുപടിയിൽ പരാമർശമില്ലായിരുന്നു.

## 4.10 ഓണം ഉത്സവബത്ത വിതരണത്തിലെ പൊരുത്തക്കേടുകൾ

മുൻവർഷം കുറഞ്ഞത് 100 ദിവസങ്ങൾ[9] ജോലിചെയ്ത ഓരോ എംജിഎൻആർഇജിഎസ് തൊഴിലാളിക്കും ഓണം ഉത്സവ ബത്തയായി ₹1000 കേരള സർക്കാർ അനുവദിച്ചു. ഈ ബത്ത 2020-21 വരെ ഗ്രാമപഞ്ചായത്ത് മുഖാന്തിരവും 2021-22 മുതൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ മുഖാന്തിരവും വിതരണം ചെയ്തിരുന്നു. ബിൽ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ബിഐഎംഎസ്) പോർട്ടലും[10], ബിൽ സ്ഥിതി വിവര റിപ്പോർട്ടും സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ, ഒന്നിൽക്കൂടുതൽ ഗുണഭോക്താക്കളുടെ ബത്ത ഒറ്റ ഗുണഭോക്താവിന് ട്രാൻസ്ഫർ ചെയ്യുക, പരാജയപ്പെട്ട ഇടപാടുകൾ പരിഹരിക്കാത്തതു മൂലം ബത്ത ഗുണഭോക്താക്കൾക്ക് ലഭിക്കാതിരിക്കുക തുടങ്ങിയ പൊരുത്തക്കേടുകൾ വിതരണ പ്രക്രിയയിൽ ഓഡിറ്റ് കണ്ടെത്തിയിരുന്നു. ഇവ താഴെ വിവരിച്ചിരിക്കുന്നു.

### 4.10.1 ഒന്നിൽക്കൂടുതൽ ഗുണഭോക്താക്കളുടെ ബത്ത ഒറ്റ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തത്

എംജിഎൻആർഇജിഎസ്സിന് കീഴിൽ വേതനം, ഗുണഭോക്താക്കളുടെ ആധാർ ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നു. എന്നാൽ ഗുണഭോക്താക്കളുടെ ആധാറുമായി ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനുപകരം ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ ബിഐഎംഎസ് സോഫ്റ്റ് വെയർ ഉപയോഗിച്ച് ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ നിന്ന് ഒന്നിൽ കൂടുതൽ ഗുണഭോക്താക്കളുടെ ഓണം ഉത്സവബത്ത ഗുണഭോക്താക്കളിൽ ഒരാളുടെ മാത്രം ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയായിരുന്നു. **പട്ടിക 4.11ൽ** വിവരിച്ചിരിക്കുന്നതുപോലെ 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ മൂന്ന് മുതൽ 66 വരെ ഗുണഭോക്താക്കളുടെ ബത്ത ഒറ്റ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത സന്ദർഭങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

---

9 100 ദിവസങ്ങൾ പൂർത്തിയാകണം എന്ന നിബന്ധന 2020-21 ൽ കോവിഡ് കാരണം 75 ദിവസങ്ങൾ ആയി കുറച്ചു

10 ബിൽ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം എന്നത് ക്ലെയിം തീർപ്പാക്കുന്നതിനുള്ള ജിഓകെയുടെ ഒരു ഇ-ബിൽ പോർട്ടലാണ്

**പട്ടിക 4.11: ഒന്നിൽ കൂടുതൽ ഗുണഭോക്താക്കളുടെ ബത്ത ഒറ്റ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തത്**

| ജില്ല | പിആർഐയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ തുക (₹) | തുക ക്രെഡിറ്റ് ചെയ്ത ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | ചിറയിൻകീഴ് ബിപി | 66 | 66000 | ഒറ്റ അക്കൗണ്ട് |
| | | 5 | 5000 | ഒറ്റ അക്കൗണ്ട് |
| | | 3 | 3000 | ഒറ്റ അക്കൗണ്ട് |
| | | 134 | 134000 | 67 ബാങ്ക് അക്കൗണ്ടുകൾ |
| | വെള്ളനാട് ബിപി | 107 | 107000 | 54 ബാങ്ക് അക്കൗണ്ടുകൾ |
| പാലക്കാട് | മലമ്പുഴ ബിപി | 60 | 60000 | 30 ബാങ്ക് അക്കൗണ്ടുകൾ |
| | അട്ടപ്പാടി ബിപി | 221 | 221000 | 111 ബാങ്ക് അക്കൗണ്ടുകൾ |
| കാസർഗോഡ് | കാസർഗോഡ് ബിപി | 34 | 34000 | 17 ബാങ്ക് അക്കൗണ്ടുകൾ |
| | നീലേശ്വരം ബിപി | 72 | 72000 | 36 ബാങ്ക് അക്കൗണ്ടുകൾ |
| **ആകെ** | | **702** | **702000** | |

*(ഉറവിടം : ബിഐഎംഎസ് പോർട്ടലിൽ നിന്നു ശേഖരിച്ച വിവരങ്ങൾ)*

പരിശോധന നടത്തിയ ജില്ലകളിൽ ഓണം ഉത്സവബത്ത വിതരണത്തിലെ ക്രമക്കേടുകൾ ചില ഗുണഭോക്താക്കൾക്ക് ഇരട്ടിയോ/അതിലും അധികമോ, പേയ്മെന്റുകൾ കിട്ടുന്നതിനും മറ്റു ചിലർക്ക് അവർക്ക് അർഹതപ്പെട്ട ബത്ത കിട്ടാതിരിക്കുന്നതിനും ഇടയാക്കി.

തെറ്റായ ബാങ്ക് അക്കൗണ്ട് നമ്പറുകൾ പോലുള്ള കാരണങ്ങളാൽ, പരാജയപ്പെട്ട ₹2.07 ലക്ഷത്തിന്റെ ഇടപാടുകൾ മൂന്നിൽക്കൂടുതൽ വർഷങ്ങളായി പരിഹരിക്കപ്പെടാതെ അവശേഷിച്ചിരുന്ന സംഭവങ്ങളും ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടു. ഇത് സർക്കാർ അനുവദിച്ച ഉത്സവബത്തയുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് നിഷേധിക്കുന്നതിന് കാരണമായി. വിശദാംശങ്ങൾ **അനുബന്ധം 4.4ൽ** നല്കിയിരിക്കുന്നു. ഗ്രാമ പഞ്ചായത്തുകളും/ബിപികളും പേയ്മെന്റ് നടത്തിയപ്പോൾ ബിംസ് ഡാഷ്ബോർഡിൽ ഫ്ലാഗ് ചെയ്തിരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഉണ്ടായ അലംഭാവം കാരണമാണ് പരാജയപ്പെട്ട ഇടപാടുകൾ സംഭവിച്ചത്.

ഈ ക്രമക്കേടുകൾ അർഹരായ എംജിഎൻആർഇജിഎസ് തൊഴിലാളികൾക്ക് അവകാശപ്പെട്ട ഓണം ഉത്സവബത്ത ലഭിക്കുന്നത് തടയുകയും പദ്ധതിയ്ക്ക് രൂപം നൽകിയതിന്റെ ഉദ്ദേശ്യത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഒന്നിലധികം ഗുണഭോക്താക്കളുടെ ബത്ത ഒറ്റ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തതിനെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമെന്നും ഭാവിയിൽ ഇവ സംഭവിക്കുന്നത് തടയുന്നതിനായി അനുയോജ്യമായ തിരുത്തൽ നടപടികൾ നടപ്പാക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).



പിലിക്കോട് ഗ്രാമപഞ്ചായത്തിലെ ബണ്ട് നിർമ്മാണം
വർക്ക് കോഡ് : 1601005004/WC/621175

അദ്ധ്യായം
5

# രജിസ്ട്രേഷനും തൊഴിലും

അദ്ധ്യായം

# 5 രജിസ്ട്രേഷനും തൊഴിലും

നിയമത്തിന് കീഴിൽ രജിസ്ട്രേഷൻ ചെയ്യപ്പെടാൻ താല്പര്യമുള്ളതും എന്നാൽ വിട്ടുപോയതുമായ അർഹരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനായുള്ള വീട്-വീടാന്തരസർവ്വേ പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ ഒന്നും തന്നെ നടത്തിയില്ല. തൊഴിൽ കാർഡുകൾ വിതരണം ചെയ്യുന്നതിന് 15 ദിവസം സമയപരിധി നിശ്ചയിച്ചിരുന്നെങ്കിലും, തൊഴിൽ കാർഡുകൾ വിതരണം ചെയ്യുന്നതിന് 264 ദിവസം വരെ കാലതാമസം വരുത്തിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തൊഴിൽ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുമ്പോൾ തീയതി കുറിച്ച രസീതുകൾ നിർബന്ധമായും നൽകണമെന്നുണ്ടായിരുന്നെങ്കിലും, പരിശോധിച്ച 24 ഗ്രാമപഞ്ചായത്തുകളിൽ ഏഴെണ്ണത്തിൽ തീയതി കുറിച്ച രസീതുകൾ നൽകിയിരുന്നില്ല. എംജിഎൻആർഇജി നിയമം ലംഘിച്ചുകൊണ്ട്, "ജോലി ചെയ്യാൻ തയ്യാറല്ല" എന്ന കാരണം പറഞ്ഞ് പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ 14,353 തൊഴിൽ കാർഡുകൾ നീക്കം ചെയ്യുകയുണ്ടായി. 2020-21 മായി താരതമ്യപ്പെടുത്തുമ്പോൾ 2023-24ൽ ജോലിക്കുള്ള ആവശ്യപ്പെടൽ 14 ശതമാനം കുറഞ്ഞതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ജോലി ആവശ്യപ്പെടൽ കുറഞ്ഞതിന്റെ ഫലമായി, 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ സൃഷ്ടിക്കപ്പെട്ട വ്യക്തിഗത തൊഴിൽ ദിനങ്ങൾ ആറ് ശതമാനമായി കുറഞ്ഞു. സജീവമായ തൊഴിൽ കാർഡുകളുടെ/തൊഴിലാളികളുടെ കുറഞ്ഞ ശതമാനം, ഫലപ്രദമല്ലാത്ത ഐഇസി പ്രവർത്തനങ്ങളിലേക്ക് വിരൽ ചൂണ്ടുകയും ഗുണഭോക്താക്കളിൽ അവകാശങ്ങളെ കുറിച്ചുള്ള കുറഞ്ഞ അവബോധത്തിന് കാരണമാകുയും ചെയ്യുന്നു. പരിശോധിച്ച ബ്ലോക്ക് പഞ്ചായത്തുകളിൽ 100 ദിവസവും അതിൽ കൂടുതലും തൊഴിൽ ലഭിച്ചത് 19 ശതമാനം മുതൽ 58 ശതമാനം വരെ കുടുംബങ്ങൾക്കായിരുന്നു. സംസ്ഥാന തലത്തിൽ ഭിന്നശേഷിക്കാർക്ക് ലഭിച്ച തൊഴിൽ ശതമാനം, 24.88 ശതമാനം (2019-20) മുതൽ 69.47 ശതമാനം (2022-23) വരെ ആയിരുന്നു. പരിശോധിച്ച 24 ഗ്രാമപഞ്ചായത്തുകളിൽ 13 ഗ്രാമപഞ്ചായത്തുകൾ, തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കുമ്പോൾ തൊഴിലന്വേഷകന് തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകുകയുണ്ടായില്ല. തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകാതിരുന്നത്, നിർദ്ദിഷ്ട സമയത്തിനുള്ളിൽ ജോലി ലഭ്യമാക്കുന്നു എന്നുറപ്പുവരുത്തുന്നതിനുള്ള നിർബന്ധിത സുതാര്യതാ വ്യവസ്ഥയുടെ ലംഘനമായിരുന്നു.

## 5.1 രജിസ്ട്രേഷനും തൊഴിൽ കാർഡുകളുടെ വിതരണവും

എംജിഎൻആർഇജിഎസ്സിന് കീഴിൽ ഗുണഭോക്താവിന്റെ അവകാശമായ 100 തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ആദ്യപടി, ഗ്രാമപഞ്ചായത്തിൽ കുടുംബങ്ങളുടെ രജിസ്ട്രേഷൻ ആയിരുന്നു. എംജിഎൻആർഇജി നിയമമനുസരിച്ച്, അനുയോജ്യമായ അന്വേഷണങ്ങൾ നടത്തിയതിനു ശേഷം കുടുംബങ്ങളെ രജിസ്റ്റർ ചെയ്ത്, തൊഴിൽ കാർഡ് നൽകുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ കർത്തവ്യമായിരുന്നു. തൊഴിൽ കാർഡിനുള്ള അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കി ഗ്രാമപഞ്ചായത്തിനു നൽകുകയോ വ്യക്തിക്ക് നേരിട്ട് ഹാജരായി വാക്കാൽ അഭ്യർത്ഥന നടത്തുകയോ ചെയ്യാവുന്നതാണ്. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം ഗുണഭോക്താക്കൾക്ക് തൊഴിൽ കാർഡ് വിതരണം ചെയ്യേണ്ടതാണ്.

കുടുംബങ്ങളുടെ രജിസ്ട്രേഷൻ പ്രക്രിയ, തൊഴിൽ കാർഡുകളുടെ വിതരണം, തൊഴിൽ ലഭ്യമാക്കൽ എന്നിവയുടെ വിശദാംശങ്ങൾ **ചാർട്ട് 5.1ൽ** നൽകിയിരിക്കുന്നു:

**ചാർട്ട് 5.1 : രജിസ്ട്രേഷൻ പ്രക്രിയയും, തൊഴിൽ കാർഡും, തൊഴിൽ ലഭ്യമാക്കലും**

| | |
|---|---|
| രജിസ്ട്രേഷൻ പ്രക്രിയ | • രജിസ്റ്റർ ചെയ്യാൻ തയ്യാറായ ആളുകളെ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടത്തുന്ന വീട്ടു-വീടാന്തര സർവ്വേ<br>• വ്യക്തികൾക്ക്/കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഓഫീസിൽ അപേക്ഷ നൽകിയും രജിസ്റ്റർ ചെയ്യാം<br>• എല്ലാ അപേക്ഷകരെയും രണ്ടാഴ്ചയ്ക്കകം പരിശോധിക്കേണ്ടതാണ്<br>• ഓരോ കുടുംബത്തിനും പ്രത്യേകമായ രജിസ്ട്രേഷൻ നമ്പർ |
| തൊഴിൽ കാർഡ് | • അപേക്ഷ ലഭിച്ച് രണ്ടാഴ്ചയ്ക്കകം വിതരണം ചെയ്യേണ്ടതാണ്<br>• അതിൽ മുതിർന്ന അംഗങ്ങളുടെ ഫോട്ടോ പതിച്ചിരിക്കണം<br>• കുടുംബങ്ങളുടെ സൂക്ഷിപ്പിലായിരിക്കണം<br>• അഞ്ചുവർഷത്തേയ്ക്ക് സാധുത ഉണ്ടായിരിക്കും<br>• അംഗങ്ങളെ കൂട്ടിച്ചേർക്കുന്നതിന്/ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്<br>• വിതരണം, കൂട്ടിച്ചേർക്കൽ/ഒഴിവാക്കൽ ഗ്രാമസഭയിൽ അവതരിപ്പിക്കണം |
| തൊഴിൽ ലഭ്യമാക്കൽ പ്രവർത്തനങ്ങൾ | • തൊഴിലപേക്ഷ ഗ്രാമപഞ്ചായത്ത് ഓഫീസിലോ പണി സ്ഥലത്തോ പ്രോഗ്രാം ഓഫീസർക്കോ നൽകാവുന്നതാണ്<br>• ഓരോ അപേക്ഷകനും തീയതി രേഖപ്പെടുത്തിയ രസീത് നൽകണം<br>• അപേക്ഷ കിട്ടി 15 ദിവസത്തിനകം തൊഴിൽ നൽകണം, നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം നൽകണം<br>• ഓരോ അപേക്ഷകനും തൊഴിൽ ലഭിക്കുന്നു എന്നുറപ്പു വരുത്തേണ്ട ഉത്തരവാദിത്തം ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്കാണ് |

*(ഉറവിടം : എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ, 2013)*

പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിലെ രജിസ്ട്രേഷൻ പ്രക്രിയയുടെയും തൊഴിൽ ലഭ്യമാക്കിയതിന്റെയും സൂക്ഷ്മ പരിശോധന, താഴെപ്പറയുന്നവ വെളിപ്പെടുത്തി:

### 5.1.1 വീട്ടു-വീടാന്തര സർവ്വേ നടത്താതിരുന്നത്

വിട്ടു പോയതും എന്നാൽ നിയമം പ്രകാരം രജിസ്റ്റർ ചെയ്യാൻ താലപര്യമുള്ളതുമായ, അർഹരായ കുടുംബങ്ങളെ കണ്ടെത്താൻ ഓരോ ഗ്രാമപഞ്ചായത്തും വർഷംതോറും ഒരു വീട്ടു-വീടാന്തര സർവേ നടത്തണമെന്ന് പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ, 2013ന്റെ ഖണ്ഡിക 3.1.1(ii)ൽ വ്യവസ്ഥ ചെയ്യുന്നു. സർവ്വേ സംഘത്തിൽ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഗ്രാമതല സർക്കാർ ഉദ്യോഗസ്ഥൻ, പഞ്ചായത്ത് സെക്രട്ടറി, എസ്‌സി/എസ്ടി അംഗങ്ങൾ, എസ്എച്ച്ജി നേതാക്കൾ, അംഗൻവാടി തൊഴിലാളികൾ, ആശമാർ മുതലായവർ പങ്കാളികളാവുകയോ/ഉൾപ്പെടുകയോ വേണമായിരുന്നു. അഗതികൾ, ഭിന്നശേഷിക്കാർ, ആദിമ ഗോത്രവിഭാഗങ്ങൾ, നാടോടിഗോത്രവിഭാഗങ്ങൾ, എസ്‌സി/എസ്ടി വിഭാഗങ്ങൾ മുതലായ, പിന്നോക്ക ജനവിഭാഗങ്ങളിലേക്ക് എത്തിച്ചേരാൻ വിശേഷാൽ പരിശ്രമം നടത്തേണ്ടതാണ്. അർഹരായ കുടുംബങ്ങളെ കണ്ടെത്തുന്നതിനു പുറമേ, രജിസ്റ്റർ ചെയ്ത കുടുംബങ്ങളിലെ വ്യക്തികളുടെ വിശദാംശങ്ങൾ പരിശോധിക്കുകയും എംഐഎസ്സിലെ വിശദാംശങ്ങളുമായി ഒത്തു നോക്കുകയും ചെയ്യേണ്ടതാണ്.

പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ ഒന്നും തന്നെ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ വീട്ടു-വീടാന്തര സർവ്വേ നടത്തിയിരുന്നില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കൂടാതെ, വീട്ടു-വീടാന്തര സർവ്വേ നടത്താൻ എംജിഎൻആർഇജിഎസ് സ്റ്റേറ്റ് മിഷൻ മാർഗ്ഗനിർദ്ദേശങ്ങളൊന്നും തന്നെ നൽകിയില്ല. വീട്ടു-വീടാന്തര സർവ്വേയുടെ അഭാവത്തിൽ, രജിസ്റ്റർ ചെയ്യപ്പെടാൻ താൽപര്യമുള്ള, അർഹരായ എല്ലാ കുടുംബങ്ങളും പിന്നോക്ക ജനവിഭാഗങ്ങളും ഉൾപ്പെടുത്തപ്പെട്ടു എന്നുറപ്പുവരുത്തുവാൻ കഴിയാതെ വരുകയും, ഇത് പദ്ധതിയുടെ അടിസ്ഥാനപരമായ ഉദ്ദേശ്യലക്ഷ്യങ്ങളെ പരാജയപ്പെടുത്തുകയും ചെയ്തു.

ഓഡിറ്റിന്റെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഉചിതമായ തിരുത്തൽ നടപടികൾ എടുക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

### 5.1.2 തൊഴിൽ കാർഡുകൾ വിതരണം ചെയ്യതിലെ കാലതാമസം

പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, അപേക്ഷകിട്ടി 15 ദിവസത്തിനകം ഗുണഭോക്താക്കൾക്ക് തൊഴിൽ കാർഡ് വിതരണം ചെയ്യേണ്ടതാണ്. തൊഴിൽ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുമ്പോൾ തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകേണ്ടതാണെന്ന് എംജിഎൻആർഇജി നിയമത്തിലെ ഷെഡ്യൂൾ II നിഷ്കർഷിക്കുന്നുണ്ടെങ്കിലും പരിശോധിച്ച 24 ഗ്രാമപഞ്ചായത്തുകളിൽ ഏഴെണ്ണത്തിലും[11] തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകിയിരുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. തീയതി രേഖപ്പെടുത്തിയ രസീതുകളുടെ അഭാവത്തിൽ 15 ദിവസത്തെ നിർദ്ദിഷ്ട കാലയളവിനുള്ളിൽ തന്നെ തൊഴിൽ കാർഡുകൾ വിതരണം ചെയ്തിരുന്നു എന്നത് ഓഡിറ്റിൽ ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.

2021-22 മുതൽ 2023-2024 വരെയുള്ള കാലയളവിൽ ഒൻപത് ഗ്രാമപഞ്ചായത്തുകളിൽ ലഭിച്ച അപേക്ഷകളുടെയും വിതരണം ചെയ്ത തീയതി രേഖപ്പെടുത്തിയ രസീതുകളുടെയും പരിശോധനയിൽ, തൊഴിൽ കാർഡുകൾക്കുള്ള അപേക്ഷ ലഭിച്ചപ്പോൾ ഈ ഗ്രാമപഞ്ചായത്തുകൾ തീയതി കുറിച്ച രസീതുകൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്തിരുന്നെങ്കിലും, അക്കാര്യം എംഐഎസ്സിൽ രേഖപ്പെടുത്തിയത്, അപേക്ഷ ലഭിച്ച തീയതിയേക്കാൾ മൂന്നു മുതൽ 249 ദിവസം വരെ കഴിഞ്ഞാണ് എന്നു വെളിപ്പെട്ടു. അപേക്ഷ ലഭിച്ച യഥാർത്ഥ തീയതിയിൽ നിന്നും തൊഴിൽ കാർഡ് വിതരണം ചെയ്ത തീയതി വരെയുള്ള കാലതാമസം മൂന്ന് മുതൽ 264 ദിവസം വരെ ആയിരുന്നു. ഈ തൊഴിൽ കാർഡുകൾ സംബന്ധിച്ച് എംഐഎസ്സിൽ രേഖപ്പെടുത്തിയിരുന്ന കാലതാമസം, പൂജ്യം മുതൽ 204 ദിവസം വരെ ആയിരുന്നെന്ന് ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ **അനുബന്ധം 5.1ൽ** കൊടുത്തിരിക്കുന്നു. എംഐഎസ്സിൽ കാലതാമസം സൂചിപ്പിക്കുന്നത് മറികടക്കുന്നതിന് പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ എംഐഎസ്സിൽ പിന്നീടുള്ള തീയതി രേഖപ്പെടുത്തിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

നൽകിയ തൊഴിൽ കാർഡിന്റെ തീയതി എംഐഎസ്സിൽ രേഖപ്പെടുത്തുന്നത്, എംഐഎസ്സിൽ പ്രിന്റ് ചെയ്യാനുള്ള കമാൻഡ് കൊടുക്കുമ്പോൾ മാത്രമാണെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). സംസ്ഥാനത്ത് ഫിസിക്കൽ തൊഴിൽ കാർഡുകൾ വിതരണം ചെയ്യുന്നത് എംഒആർഡിയുടെ നിർദ്ദേശത്തെ തുടർന്നാണ്. എംഐഎസ്സിൽ പ്രിന്റ് ഓപ്ഷൻ നൽകുന്നതിന് ഗ്രാമപഞ്ചായത്തു ഉദ്യോഗസ്ഥർ മറന്നു പോയാൽ, തൊഴിൽ കാർഡ് നൽകിയിട്ടില്ല എന്നു എംഐഎസ്സിൽ കാണിക്കും. ഓഡിറ്റ് നിരീക്ഷണം ശ്രദ്ധയിൽ എടുത്തിട്ടുണ്ടെന്നും ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ഉചിതമായ തിരുത്തൽ നടപടി എടുക്കുമെന്നും പ്രസ്താവിച്ചു.

തൊഴിൽ കാർഡിനുള്ള അപേക്ഷ, എംഐഎസ്സിൽ രജിസ്റ്റർ ചെയ്താൽ മാത്രമേ ഗുണഭോക്തൃ രജിസ്ട്രേഷൻ പ്രക്രിയ എംഐഎസ്സിൽ ആരംഭിക്കാൻ കഴിയൂ എന്നതിനാൽ, സർക്കാർ മറുപടി നിലനിൽക്കുന്നതല്ല. എംഐഎസ്സിൽ തൊഴിൽ കാർഡ് അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിൽ വന്ന 249 ദിവസം വരെയുള്ള കാലതാമസം തൊഴിൽ കാർഡുകൾ വിതരണം ചെയ്തതിലെ കാലതാമസത്തെ സൂചിപ്പിക്കുന്നു.

### 5.1.3 തൊഴിൽ കാർഡുകളുടെ ക്രമരഹിതമായ റദ്ദാക്കൽ

2013-ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾക്കും കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വാർഷിക മാസ്റ്റർ സർക്കുലറുകൾക്കും അനുസൃതമായി, പതിവു രീതിയിലും പ്രത്യേകിച്ച് ജോലി ആവശ്യപ്പെട്ടില്ല അല്ലെങ്കിൽ തൊഴിൽ/ജോലിക്ക് ഹാജരായില്ല തുടങ്ങിയ കാരണങ്ങളാൽ തൊഴിൽ കാർഡ് റദ്ദാക്കാൻ പാടുള്ളതല്ല. തൊഴിൽ കാർഡുകൾ റദ്ദാക്കാൻ കഴിയുന്നത് (i) കുടുംബം നഗരമേഖലകളിലേക്കോ/മറ്റൊരു ഗ്രാമപഞ്ചായത്തിലേക്കോ സ്ഥിരമായി താമസം മാറ്റുന്നു (ii) തൊഴിൽ കാർഡ് ഇരട്ടിപ്പാണെന്നു തെളിയുന്നു അല്ലെങ്കിൽ (iii) കെട്ടിച്ചമച്ച രേഖകളുടെ

---

[11] ചിറയിൻകീഴ്, വെള്ളനാട്, അഗളി, പുതൂർ, അകത്തേത്തറ, പുതുപ്പരിയാരം, പടന്ന ഗ്രാമപഞ്ചായത്തുകൾ

അടിസ്ഥാനത്തിലാണ് അത് രജിസ്റ്റർ ചെയ്യത്, എന്നീ സാഹചര്യങ്ങളിൽ മാത്രമാണ്. തൊഴിൽ കാർഡുകൾ റദ്ദാക്കുന്നതിനു മുൻപ്, പ്രോഗ്രാം ഓഫീസർമാർ, വസ്തുതകൾ സ്വതന്ത്രമായി പരിശോധിക്കുകയും ബന്ധപ്പെട്ട വ്യക്തികൾക്ക് കാരണം ബോധിപ്പിക്കുന്നതിനുള്ള അവസരം നൽകുകയും വേണം. റദ്ദാക്കിയ എല്ലാ തൊഴിൽ കാർഡുകളുടെയും പട്ടിക പരസ്യപ്പെടുത്തുകയും ഗ്രാമസഭയിൽ സമർപ്പിക്കുകയും ചെയ്യണം. പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിലെ, റദ്ദാക്കിയ തൊഴിൽ കാർഡുകളുടെ സൂക്ഷ്മ പരിശോധന, താഴെപ്പറയുന്നവ വെളിപ്പെടുത്തുകയുണ്ടായി:

(i) പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ റദ്ദാക്കിയ 17,879 തൊഴിൽ കാർഡുകളിൽ 14,353 തൊഴിൽ കാർഡുകൾ (80.28 ശതമാനം) റദ്ദാക്കിയത് “ജോലി ചെയ്യാൻ തയ്യാറല്ല” എന്ന കാരണം പറഞ്ഞാണ്. കൂടാതെ, റദ്ദാക്കിയ കാർഡുകളുടെ പട്ടിക ഗ്രാമസഭയിൽ ഹാജരാക്കിയതുമില്ല. ഇത് തൊഴിൽ കാർഡുകളുടെ റദ്ദാക്കലിന് നിഷ്കർഷിച്ചിരുന്ന വ്യവസ്ഥകളുടെയും നിശ്ചയിച്ചിരുന്ന നടപടി ക്രമത്തിന്റെയും ലംഘനമായിരുന്നു.

(ii) റദ്ദാക്കിയ തൊഴിൽ കാർഡുകളുടെ വിശദാംശങ്ങൾ എംഐഎസ്സിൽ ലഭ്യമായിരുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. അങ്ങനെ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിന് റദ്ദാക്കിയ കാർഡുകളുടെ വിശദാംശങ്ങൾ പൊതു മണ്ഡലത്തിൽ ഉണ്ടായിരിക്കണമെന്ന ആവശ്യം നിറവേറ്റപ്പെട്ടില്ല.

(iii) റദ്ദാക്കിയ തൊഴിൽ കാർഡുകൾ പുനഃസ്ഥാപിക്കാൻ സ്റ്റേറ്റ് മിഷനുമാത്രമേ കഴിയുമായിരുന്നുള്ളൂ. റദ്ദാക്കിയ കാർഡുകൾ പുനഃസ്ഥാപിക്കാൻ ജെപിസി സമർപ്പിച്ച അപേക്ഷയിൽ തൊഴിൽ കാർഡുകളുടെ റദ്ദാക്കലിന്/പുനഃസ്ഥാപിക്കലിന് ഒരു കാരണവും സൂചിപ്പിച്ചിരുന്നില്ലെന്ന് പുനഃസ്ഥാപിച്ച തൊഴിൽ കാർഡുകളുടെ സൂക്ഷ്മപരിശോധന വെളിപ്പെടുത്തുകയുണ്ടായി. റദ്ദാക്കിയ തൊഴിൽ കാർഡുകൾ പുനഃസ്ഥാപിക്കുന്നതിനു മുൻപ്, സ്റ്റേറ്റ് മിഷൻ, പുനഃസ്ഥാപിച്ചതിന്റെ/റദ്ദാക്കിയതിന്റെ കാരണത്തിന്റെ ഉചിതമായ പരിശോധന നടത്തി ഉറപ്പാക്കിയിരുന്നില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഒരിക്കൽ പുനഃസ്ഥാപിച്ച് കഴിഞ്ഞാൽ, പുനഃസ്ഥാപിച്ചതിന്റെയും റദ്ദാക്കിയതിന്റെയും തീയതി എംഐഎസ്സിൽ കാണിക്കുകയില്ല, കാർഡ് എംഐഎസ്സിൽ ഒരിക്കലും റദ്ദാക്കപ്പെട്ടിട്ടില്ല എന്ന തോന്നലാണ് ഇത് അവശേഷിപ്പിക്കുന്നത്. ഇത് ശരിയായ അംഗീകാരം ഇല്ലാതെ റദ്ദാക്കപ്പെട്ട കാർഡുകൾ പുനഃസ്ഥാപിക്കുന്നതിനും തൊഴിൽ കാർഡിന്റെ നിയമവിരുദ്ധമായ ഉപയോഗത്തിനും ഇടവരുത്താം.

തൊഴിൽ കാർഡ് റദ്ദാക്കിയത് തെറ്റായിപ്പോയെന്ന് തിരിച്ചറിഞ്ഞു കഴിയുമ്പോളാണ് തൊഴിൽ കാർഡ് പുനഃസ്ഥാപിക്കുന്നതിനുള്ള അപേക്ഷ ജില്ലകളിൽ നിന്നും ലഭിക്കുന്നത് എന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). പദ്ധതിക്കുകീഴിൽ തൊഴിൽ ലഭിക്കുക എന്ന തൊഴിലാളികളുടെ അവകാശം ഉറപ്പുവരുത്തുന്നതിനായി തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാൻ ജില്ലകളിൽ നിന്നുള്ള അപേക്ഷകൾ സ്റ്റേറ്റ് മിഷനിൽ സത്വരമായി പരിശോധിച്ചു നടപടിയെടുക്കുന്നു.

തൊഴിൽ കാർഡുകൾ തെറ്റായും, ബന്ധപ്പെട്ട വ്യക്തികളുമായി പരിശോധിക്കാതെയുമാണ് റദ്ദാക്കിയതെന്ന ഓഡിറ്റ് കണ്ടെത്തലിനെ സാധൂകരിക്കുന്നതാണ് സർക്കാർ മറുപടി.

## 5.2 തൊഴിൽ സൃഷ്ടിക്കൽ

അവിദഗ്ധ കായിക ജോലി ഏറ്റെടുക്കാൻ സമ്മതമുള്ള പ്രായപൂർത്തിയായ അംഗങ്ങളടങ്ങിയ ഓരോ കുടുംബത്തിനും, ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ നിയമം ഉറപ്പു നൽകുന്നു. 2019-20-മുതൽ 2023-24 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് എംജിഎൻആർഇജി പദ്ധതിക്ക് കീഴിൽ ആവശ്യപ്പെടുകയും ലഭ്യമാക്കുകയും ചെയ്ത തൊഴിലിന്റെ വിശദാംശങ്ങൾ **പട്ടിക 5.1ൽ** നൽകിയിരിക്കുന്നു.

**പട്ടിക 5.1: എംജിഎൻആർഇജിഎസ്സിനു കീഴിൽ ആവശ്യപ്പെട്ടകയും ലഭ്യമാക്കുകയും ചെയ്ത തൊഴിലിന്റെ വിശദാംശങ്ങൾ**

| വിവരങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| ആകെ വിതരണം ചെയ്ത തൊഴിൽ കാർഡുകൾ (ലക്ഷത്തിൽ) | 36.41 | 39.00 | 40.97 | 41.03 | 39.74 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾ (ലക്ഷത്തിൽ) | 15.92 | 17.65 | 17.47 | 16.31 | 15.22 |
| തൊഴിൽ ലഭിച്ച കുടുംബങ്ങൾ (ലക്ഷത്തിൽ) | 14.39 | 16.17 | 16.45 | 15.51 | 14.69 |
| സൃഷ്ടിച്ച മൊത്തം വ്യക്തി ദിനങ്ങൾ (ലക്ഷത്തിൽ) | 802.30 | 1023.00 | 1059.66 | 965.78 | 994.59 |
| ഒരു കുടുംബത്തിലെ വ്യക്തി ദിനങ്ങൾ | 55.75 | 63.27 | 64.42 | 62.27 | 67.71 |
| 100 ദിവസം തൊഴിൽ ലഭ്യമായ കുടുംബങ്ങൾ (ലക്ഷത്തിൽ) | 2.51 | 4.70 | 5.13 | 4.50 | 5.69 |

*(ഉറവിടം : വകുപ്പിൽ നിന്നും എംഐഎസ് ഡാറ്റയിൽ നിന്നും ലഭിച്ച വിവരങ്ങൾ)*

രജിസ്റ്റർ ചെയ്ത കുടുംബങ്ങളിൽ പകുതിപോലും 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ തൊഴിൽ ആവശ്യപ്പെട്ടില്ലെന്ന് മുകളിലെ ഡാറ്റ വെളിപ്പെടുത്തുന്നു. 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിൽ തൊഴിൽ ആവശ്യപ്പെടുന്നതിൽ 13.77 ശതമാനം കുറവുണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. തൊഴിൽ ആവശ്യപ്പെടുന്നതിൽ കുറവ് വന്നതിന്റെ ഫലമായി 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ സൃഷ്ടിക്കപ്പെട്ട തൊഴിലിന്റെ വ്യക്തിദിനങ്ങൾ, ആറ് ശതമാനം കുറവുണ്ടായി.

പരിശോധിച്ച ബ്ലോക്ക് പഞ്ചായത്തുകളിൽ ഒന്ന് മുതൽ 30 ദിവസം വരെ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ ശതമാനം ഒമ്പത് മുതൽ 33 വരെ ആയിരുന്നെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 17 ശതമാനം മുതൽ 26 ശതമാനം വരെ കുടുംബങ്ങൾക്ക് 71 മുതൽ 99 വരെ ദിവസങ്ങളിലേക്ക് തൊഴിൽ ലഭ്യമാക്കിയിരുന്നു. അതേസമയം 19 ശതമാനം മുതൽ 58 ശതമാനം വരെ കുടുംബങ്ങൾക്ക് 100 ദിവസത്തിലും അതിൽ കൂടുതലും കാലയളവിലേക്ക് തൊഴിൽ ലഭ്യമാക്കുകയുണ്ടായി.

എല്ലാ സാമ്പത്തിക വർഷവും, എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 100 ദിവസത്തെ തൊഴിൽ അധികമായി നൽകുന്ന സംസ്ഥാന സർക്കാരിന്റെ ട്രൈബൽ പ്ലസ് പദ്ധതി ഉണ്ടായിരുന്നിട്ടും അട്ടപ്പാടി ട്രൈബൽ ബ്ലോക്ക് പഞ്ചായത്തിൽ 58 ശതമാനം കുടുംബങ്ങൾക്ക് മാത്രമേ 100 ദിവസത്തെ തൊഴിൽ രേഖപ്പെടുത്താൻ കഴിഞ്ഞുള്ളൂവെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 5.2.1 ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ

ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളെയും മറ്റ് ദുർബ്ബലരായ വ്യക്തികളെയും (നാടോടി ഗോത്രവിഭാഗങ്ങൾ, എച്ച്ഐവി പോസിറ്റീവ് വ്യക്തികൾ, അഭ്യന്തരമായി കുടിയിറക്കപ്പെട്ട വ്യക്തികൾ മുതലായവർ) കണ്ടെത്തുന്നതിന് ഒരു പ്രത്യേക ഡ്രൈവ് നടത്തുന്നതിനും, അവർ ഉൾപ്പെടുന്ന ഓരോ കുടുംബത്തിനും 100 തൊഴിൽ ദിനങ്ങൾ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുന്നതിനും 2013-ലെ പ്രവർത്തനമാർഗ്ഗനിർദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നു. പ്രത്യേക വിഭാഗങ്ങളുടെ ആവശ്യങ്ങളും ആവശ്യകതകളും സംരക്ഷിക്കാനും അവരെ എംജിഎൻആർഇജിഎ പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനു സാധ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും മാത്രമായി ഓരോ ജില്ലയിലും ഒരു കോ-ഓർഡിനേറ്റർ (ദുർബലവിഭാഗങ്ങൾ) എന്ന നിലയിൽ ഒരു ഓഫീസറെ സംസ്ഥാന സർക്കാർ നിയോഗിക്കണമെന്ന് ഖണ്ഡിക 9.2.2ൽ നിഷ്കർഷിക്കുന്നു. കോ-ഓർഡിനേറ്റർ (ദുർബലവിഭാഗങ്ങൾ) ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത്തല ഉദ്യോഗസ്ഥരുമായി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ഒരു പ്രതിമാസ യോഗം നടത്തുകയും ഡിപിസിക്ക് പ്രതിമാസ, ത്രൈമാസ പുരോഗതി റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

സംസ്ഥാന തലത്തിൽ ഭിന്നശേഷിക്കാർക്ക് ലഭ്യമാക്കിയ തൊഴിലിന്റെ ശതമാനം, രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാരുടെ 24.88 ശതമാനം (2019-20) മുതൽ 69.47 ശതമാനം (2022-23) വരെയായിരുന്നു. വിശദാംശങ്ങൾ **പട്ടിക 5.2ൽ** നൽകിയിരിക്കുന്നു.

**പട്ടിക 5.2: ഭിന്നശേഷിക്കാർക്ക് ലഭ്യമാക്കിയ തൊഴിലിന്റെ വിശദാംശങ്ങൾ**

| വർഷം | രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാരുടെ എണ്ണം | ജോലി ചെയ്ത ഭിന്നശേഷിക്കാരുടെ എണ്ണം | സംസ്ഥാന തലത്തിലെ ശതമാനം | ജോലി ചെയ്ത വ്യക്തികൾക്ക് ലഭ്യമാക്കിയ ശരാശരി തൊഴിൽ ദിനങ്ങൾ |
|---|---|---|---|---|
| 2019-20 | 7867 | 1957 | 24.88 | 51 |
| 2020-21 | 4780 | 2238 | 46.82 | 62 |
| 2021-22 | 4561 | 2735 | 59.96 | 60 |
| 2022-23 | 3826 | 2658 | 69.47 | 57 |
| 2023-24 | 3867 | 2563 | 66.28 | 62 |

*(ഉറവിടം : എൻആർഇജിഎ സോഫ്റ്റ് എംഐഎസ് റിപ്പോർട്ട് ആർ 5.12)*

ഭിന്നശേഷിക്കാർക്ക് ലഭ്യമാക്കിയ തൊഴിൽ ദിനങ്ങളുടെ ശരാശരി എണ്ണം 51 ദിവസം മുതൽ 62 ദിവസം വരെ ആയിരുന്നു എന്നു കാണപ്പെട്ടു. ഭിന്നശേഷിക്കാരെയും മറ്റ് ദുർബലവ്യക്തികളെയും കണ്ടെത്തുന്നതിന്, പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിൽ ഒരു പ്രത്യേക ഡ്രൈവ് നടത്തിയില്ല എന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നുമാത്രമല്ല, സംസ്ഥാനത്തെ ഒരു ജില്ലയിലും കോ-ഓർഡിനേറ്ററെ (ദുർബല വിഭാഗങ്ങൾ) നിയോഗിച്ചില്ല.

ഈ പദ്ധതി ആവശ്യാധിഷ്ഠിതമായിരുന്നു എന്നും കാലാവസ്ഥ, തൊഴിലാളികളുടെ ആരോഗ്യസ്ഥിതി, മറ്റ് തൊഴിലവസരങ്ങളുടെ ലഭ്യത മുതലായവയ്ക്ക് അനുസൃതമായി, തൊഴിലിനുള്ള ആവശ്യം വ്യത്യാസപ്പെടാം എന്നും അതിനാൽ, അവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞില്ല എന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). എന്നിരുന്നാലും, പദ്ധതിയിൻ കീഴിൽ ജോലിചെയ്യുവാൻ സമ്മതമുള്ള എല്ലാ കുടുംബങ്ങൾക്കും തൊഴിൽ ലഭ്യത ഉറപ്പുവരുത്താൻ സംസ്ഥാനം ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തുകയാണെന്നും ദേശീയ തലത്തിൽ 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിൽ സംസ്ഥാനം താരതമ്യേന മെച്ചപ്പെട്ട നിലയിലാണെന്നും പ്രസ്താവിച്ചു. ദുർബ്ബലവിഭാഗങ്ങൾക്കുള്ള തൊഴിൽ സംബന്ധിച്ച്, ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധകൊടുത്തിരുന്നു എന്നും, പദ്ധതി അവർക്ക് കൂടുതൽ പ്രയോജനകരമാകുന്നു എന്നുറപ്പുവരുത്താൻ നിർദ്ദേശങ്ങൾ നൽകിയിരുന്നു എന്നും പ്രസ്താവിച്ചു.

പദ്ധതി ആവശ്യാധിഷ്ഠിതമാണെങ്കിലും, ഭിന്ന ശേഷിക്കാർ ഉൾപ്പെടെയുള്ള വിവിധ ജനവിഭാഗങ്ങളിൽ നിന്നുള്ള ആവശ്യം വിലയിരുത്തുന്നതിനും ക്ഷണിക്കുന്നതിനുമുള്ള ബേസ്‌ലൈൻ സർവ്വേ, പ്രത്യേക ഡ്രൈവുകൾ/പ്രത്യേക റോസ്ഗാർ ദിവസ്, ഐഇസി പ്രവർത്തനങ്ങൾ മുതലായവയുടെ അഭാവത്തിൽ എല്ലാവരുടെയും ജോലിക്കായുള്ള ആവശ്യം ഉൾകൊള്ളിച്ച് എന്നുറപ്പുവരുത്താൻ സാധിച്ചിട്ടില്ലെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ദുർബലവിഭാഗങ്ങളുടെ തൊഴിൽ സംബന്ധിച്ച്, പ്രവർത്തന മാർഗ്ഗരേഖകളിൽ വിഭാവനം ചെയ്തിരുന്നതുപോലെ, പ്രത്യേക വിഭാഗങ്ങളുടെ ആവശ്യങ്ങളും ആവശ്യകതകളും നിറവേറ്റുന്നതിനായി ഒരു കോ-ഓർഡിനേറ്ററെ (ദുർബ്ബല വിഭാഗങ്ങൾ) നിയമിക്കാതിരിക്കുന്നതിനെക്കുറിച്ച് സർക്കാരിന്റെ മറുപടിയിൽ പരാമർശമില്ല.

***ശിപാർശ 8: എംജിഎൻആർഇജി നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ വേതനത്തോടുകൂടിയ 100 തൊഴിൽ ദിനങ്ങൾ എന്ന ഉറപ്പ് കൈവരിക്കുന്നതിന് സർക്കാർ പരിശ്രമിക്കേണ്ടതാണ്.***

### 5.2.2 തൊഴിൽ ആവശ്യപ്പെട്ട തീയതി രേഖപ്പെടുത്തിയ രസീത്

2013-ലെ പ്രവർത്തന മാർഗ്ഗനിർദേശങ്ങളിലെ ഖണ്ഡിക 2.1.1 (iii) അനുസരിച്ച്, തൊഴിലിനുള്ള അപേക്ഷ ലഭിക്കുമ്പോൾ, തൊഴിലന്വേഷകന് തീയതി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതാണ്. തൊഴിലിനായി സാധുതയുള്ള അപേക്ഷകൾ സ്വീകരിക്കാനും അപേക്ഷകന് തീയതി രേഖപ്പെടുത്തിയ രസീത് നൽകാനും ഗ്രാമപഞ്ചായത്ത്/പ്രോഗ്രാം ഓഫീസർ ബാദ്ധ്യസ്ഥരാണ്. തൊഴിലപേക്ഷകൾ സ്വീകരിക്കാനും തീയതി കുറിച്ച രസീതുകൾ നൽകാനും വിസമ്മതിക്കുന്നത് എംജിഎൻആർഇജി നിയമത്തിലെ 25-ാം വകുപ്പിന്റെ ലംഘനമായി കണക്കാക്കപ്പെടുന്നു.

പരിശോധിച്ച 24 ഗ്രാമപഞ്ചായത്തുകളിൽ 13 ഗ്രാമപഞ്ചായത്തുകൾ, തൊഴിലപേക്ഷ സ്വീകരിക്കുമ്പോൾ വേതനാന്വേഷകന് തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകിയിരുന്നില്ല. ഗ്രൂപ്പ് ആവശ്യത്തിനുപോലും വ്യക്തിഗത രസീതുകൾ നൽകണമെന്ന് പ്രവർത്തന മാർഗ്ഗനിർദേശങ്ങൾ നിഷ്കർഷിച്ചിരുന്നെങ്കിലും, പരിശോധിച്ച 11 ഗ്രാമപഞ്ചായത്തുകൾ തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകിയെങ്കിലും, ഗ്രൂപ്പായി തൊഴിലപേക്ഷ ലഭിച്ചപ്പോൾ, വ്യക്തിഗത രസീതുകൾ നൽകുന്നതിനുപകരം ഒരൊറ്റ രസീതാണ് നൽകിയത്.

ഗുണഭോക്തൃ സർവേയുടെ സമയത്ത്, പങ്കെടുത്ത 334 ഗുണഭോക്താക്കളെ സർവ്വേ ചെയ്തതിൽ 271 പേർ തൊഴിൽ ആവശ്യപ്പെട്ട് തങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകിയില്ലെന്ന് പ്രതികരിച്ചു. തീയതി രേഖപ്പെടുത്തിയ രസീതുകളുടെ അഭാവത്തിൽ, ആവശ്യം ഉന്നയിച്ച് 15 ദിവസത്തിനകം തൊഴിൽ ലഭ്യമാക്കണമെന്ന നിർബന്ധിതമായ വ്യവസ്ഥ പാലിച്ചു എന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല.

ഉചിതമായ തിരുത്തൽ നടപടികൾ കൈക്കൊള്ളുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

## 5.3 തൊഴിലില്ലായ്മാ വേതനം നൽകാതിരിക്കൽ

എംജിഎൻആർഇജി നിയമം 2005ന്റെ 7-ാം വകുപ്പ് പ്രകാരം, തൊഴിൽ തേടിക്കൊണ്ടുള്ള ഒരു അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം അവർക്ക് തൊഴിൽ ലഭ്യമാക്കിയില്ലെങ്കിൽ പ്രതിദിന തൊഴിലില്ലായ്മ വേതനത്തിന് അവർക്ക് അർഹതയുണ്ടായിരിക്കും. ഇത്, ആദ്യത്തെ മുപ്പത് ദിവസങ്ങളിൽ വേതന നിരക്കിന്റെ നാലിലൊന്നിൽ കുറയാനും, സാമ്പത്തിക വർഷത്തിന്റെ അവശേഷിക്കുന്ന കാലയളവിൽ വേതന നിരക്കിന്റെ പകുതിയിൽ കുറയാനും പാടില്ലാത്തതാകുന്നു. നിയമത്തിന്റെ വകുപ്പ് 8(3) പ്രകാരം, ബന്ധപ്പെട്ട കുടുംബങ്ങൾക്ക് തൊഴിലില്ലായ്മാ വേതനം നൽകുന്നതിനുള്ള എല്ലാ നടപടികളും സംസ്ഥാന സർക്കാർ കഴിയുന്നത്ര വേഗത്തിൽ കൈക്കൊള്ളേണ്ടതാണ്.

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലേക്ക് ₹3.25 ലക്ഷം മാത്രമാണ് തൊഴിലില്ലായ്മാ വേതനം ഇനത്തിൽ കണക്കാക്കിയത് എന്ന് ഓഡിറ്റ് കണ്ടെത്തി. എന്നാൽ, തൊഴിലപേക്ഷകളുടെ തീയതി രേഖപ്പെടുത്തിയ രസീതുകളുടെ അഭാവത്തിൽ, തൊഴിലില്ലായ്മാ ബത്ത കണക്കാക്കിയതിലെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞില്ല. ₹3.25 ലക്ഷത്തിൽ ₹1.47 ലക്ഷം നൽകുകയും ₹1.78 ലക്ഷം നൽകാൻ ബാക്കി നിൽക്കുകയുമായിരുന്നു (2024 മാർച്ച്). വിശദാംശങ്ങൾ **അനുബന്ധം 5.2ൽ** നൽകിയിരിക്കുന്നു.

തൊഴിലാളികൾക്ക് നൽകേണ്ടിയിരുന്ന തുക, 2024 ജൂലൈയിൽ ജില്ലകൾക്ക് അനുവദിച്ചിരുന്നെങ്കിലും, എംഐഎസ്സിലെ സാങ്കേതിക പ്രശ്നങ്ങൾ, അതായത്, വേതന പട്ടിക തയ്യാറാക്കാൻ കഴിയാത്തത്, എഫ്ടിഒകൾ സൃഷ്ടിക്കാൻ കഴിയാത്തത്, ഒപ്പിടലിന് എഫ്ടിഒകൾ ലഭ്യമല്ലാത്തത്, മുതലായവ മൂലം തുക ഗുണഭോക്താക്കൾക്ക് കൈമാറാൻ കഴിഞ്ഞില്ല എന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). 2025 ജൂൺ വരെ ₹1.16 ലക്ഷം മാത്രമാണ് കൊടുത്തു തീർക്കാൻ ബാക്കിയുള്ളതെന്നും പ്രസ്താവിച്ചു.

2021-22 കാലയളവിലെ ₹1.10 ലക്ഷത്തിന്റെ തൊഴിലില്ലായ്മ ബത്തയുടെ വിതരണം നാളിതുവരെ (2025 ജൂൺ) നടത്തിയില്ല എന്ന വസ്തുത ന്യായീകരിക്കാവുന്നതല്ല എന്നതിനാൽ സർക്കാർ മറുപടി നിലനിൽക്കുന്നതല്ല. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് സമയോചിതമായി ഗുണഭോക്താക്കൾക്ക് പണം നൽകുന്നത് ഉറപ്പാക്കുന്നതിന് സംസ്ഥാനം മുൻകൈ എടുത്തില്ല എന്ന് ഇത് സൂചിപ്പിക്കുന്നു.

***ശിപാർശ 9: ഗ്രാമപഞ്ചായത്തുകൾ തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകുന്നതുൾപ്പെടെ തൊഴിലിനായുള്ള ആവശ്യം കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്നും അത് യഥാർത്ഥ തൊഴിൽ ലഭ്യതയുമായി പൊരുത്തപ്പെടുത്തി അർഹമായ തൊഴിലില്ലായ്മ വേതനം കണക്കുകൂട്ടുന്നുണ്ടെന്നും സർക്കാർ ഉറപ്പുവരുത്തണം.***

## 5.4 സാമൂഹിക ഭദ്രത-എംജിഎൻആർഇജിഎസ് തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് സംരക്ഷണം

2013 ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 8.9 (i)-ഉം (ii)-ഉം അനുസരിച്ച് എംജിഎൻആർഇജിഎസ് ഗുണഭോക്താക്കളെ ജനശ്രീ ബീമാ യോജന (ജെബിവൈ)[12], രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർഎസ്ബിവൈ)[13] എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻ സാമ്പത്തിക വർഷത്തിൽ 15 ദിവസത്തിൽ കൂടുതൽ തൊഴിലെടുത്തിട്ടുള്ള എല്ലാ എംജിഎൻആർഇജിഎസ് തൊഴിലാളികളിലേക്കും ഗുണഭോക്താക്കളിലേക്കും ആർഎസ്ബിവൈ വ്യാപിപ്പിച്ചിട്ടുണ്ട്. ആർഎസ്ബിവൈ 2018 ൽ പിഎം-ജെഎവൈയിലേക്ക് ലയിപ്പിക്കുകയും, ജെബിവൈ 2013ൽ ആം ആദ്മി ബീമാ യോജനയിലും ലയിപ്പിക്കുകയുണ്ടായി.

മുകളിൽ പറഞ്ഞ ഇൻഷ്വറൻസ് പദ്ധതികൾക്കു പുറമേ, എംജിഎൻആർഇജിഎസ് തൊഴിലാളികൾക്ക്, പിഎം സുരക്ഷാ ബീമാ യോജനക്ക് (പിഎംഎസ്ബിവൈ) കീഴിൽ അപകട ഇൻഷ്വറൻസ് സംരക്ഷണത്തിനും അർഹതയുണ്ടായിരുന്നു. 2021 ആഗസ്റ്റ് 26ന് സമാരംഭിച്ച ഇ-ശ്രം പോർട്ടലിലൂടെ പിഎംഎസ്ബിവൈ പ്രകാരമുള്ള ഇൻഷ്വറൻസ് സംരക്ഷണത്തിന് ഗുണഭോക്താക്കൾക്ക് സ്വയം രജിസ്റ്റർ ചെയ്യാൻ കഴിയുന്നതാണ്. എംജിഎൻആർഇജിഎയിൽ തൊഴിലെടുക്കുന്നവരുൾപ്പെടെ ഇന്ത്യയിലെ അസംഘടിത തൊഴിലാളികളുടെ ഒരു കേന്ദ്രീകൃത ഡാറ്റാബേസ് ആണ് ഇ-ശ്രം പോർട്ടൽ. സർക്കാർ പദ്ധതികളും സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് അഭിഗമ്യമാക്കാൻ സഹായകരമാകും വിധത്തിലാണ് പോർട്ടൽ രൂപകല്പന ചെയ്യപ്പെട്ടിട്ടുള്ളത്. ഈ പദ്ധതികളെക്കുറിച്ച് തൊഴിലാളികൾക്ക് അവബോധമുണ്ടാക്കുകയായിരുന്നു ഡിപിസികളും പിഒകളും ചെയ്യേണ്ടത്.

പരിശോധിച്ച ബ്ലോക്കുകളിൽ പ്രവർത്തന നിരതരായ തൊഴിലാളികളിൽ 35 ശതമാനം മുതൽ 69 ശതമാനം വരെ മാത്രമാണ് ഇ-ശ്രം പോർട്ടലിൽ രജിസ്റ്റർ ചെയ്തത്. 2018നു ശേഷം അർഹരായ എല്ലാ തൊഴിലാളികളെയും ഇൻഷ്വറൻസ് പദ്ധതികളിൽ ചേർത്തു എന്ന് ഉറപ്പ് വരുത്താൻ ഗ്രാമപഞ്ചായത്തുകൾ നടപടി സ്വീകരിച്ചില്ല. ഗുണഭോക്താക്കൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് തൊഴിൽ കാർഡുകളിൽ സാമൂഹിക സുരക്ഷാ പദ്ധതികളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തണമെന്ന് വാർഷിക മാസ്റ്റർ സർക്കുലർ 2022-23 നിഷ്കർഷിച്ചിരുന്നെങ്കിലും പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ വിതരണം ചെയ്തിരുന്ന തൊഴിൽ കാർഡുകളിൽ ഈ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല എന്ന് ഓഡിറ്റ് കണ്ടെത്തി. സർവ്വേ ചെയ്യപ്പെട്ട ഗുണഭോക്താക്കളിൽ 44.01 ശതമാനം പേരും ഒരു ഇൻഷ്വറൻസ് പദ്ധതിയിലും ചേർന്നിരുന്നില്ല എന്ന് ഓഡിറ്റ് നടത്തിയ ഗുണഭോക്തൃ സർവ്വേ വെളിപ്പെടുത്തി.

ഈ ഇൻഷ്വറൻസ് പദ്ധതികളിൽ, തൊഴിൽ കാർഡുള്ളവരെ ബോധവാന്മാരാക്കി അംഗങ്ങളാക്കുകയും അഹിതകരമായ സാഹചര്യങ്ങളുണ്ടാകുമ്പോൾ അവർക്ക് അതിനു

---

12 ഗ്രാമീണ ജനതയ്ക്ക് ജീവന് പരിരക്ഷയും വൈകല്യ ആനുകൂല്യങ്ങളും ജെബിവൈ നൽകി

13 ലേബർ ആന്റ് എംപ്ലോയ്മെന്റ് മന്ത്രാലയം നടപ്പിലാക്കുന്ന ആർഎസ്ബിവൈ, ബിപിഎൽ കുടുംബങ്ങൾക്ക് ആരോഗ്യ ഇൻഷ്വറൻസ് സംരക്ഷണം ലഭ്യമാക്കുന്നു.

കീഴിൽ അർഹമായ ആനുകൂല്യങ്ങൾ എത്തിച്ചു കൊടുക്കുകയും ചെയ്യുക എന്നത് സംസ്ഥാനത്തിന്റെ പരമപ്രധാനമായ ഉത്തരവാദിത്തങ്ങളിൽ പെടുന്നതാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഓഡിറ്റിന്റെ നിരീക്ഷണം ശ്രദ്ധയിൽ എടുത്തിട്ടുണ്ടെന്നും തൊഴിലാളികൾക്കുവേണ്ടി ഇൻഷുറൻസ് പദ്ധതികളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുമെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

## 5.5 വിവരവും വിദ്യാഭ്യാസവും ആശയവിനിമയവും (ഐഇസി)

പദ്ധതി വ്യവസ്ഥകളും അതുപോലെതന്നെ തങ്ങളുടെ അവകാശങ്ങളും അർഹതകളും സംബന്ധിച്ച് ഗ്രാമീണജനതയിലും മറ്റ് തൽപ്പരകക്ഷികളിലും, പ്രത്യേകിച്ച് എംജിഎൻആർഇജിഎസ് തൊഴിലാളികൾക്കിടയിൽ, അവബോധം സൃഷ്ടിക്കുക എന്നതായിരുന്നു എംജിഎൻആർഇജി നിയമത്തിന്റെ ഫലപ്രദമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുള്ള പ്രധാനപ്പെട്ട ഒരു ഉപാധി. വേതനത്തോടുകൂടിയ തൊഴിൽ അവശ്യപ്പെടുന്നതിനും തങ്ങളുടെ ആവശ്യാനുസൃതം ജോലികൾക്ക് അപേക്ഷിക്കുന്നതു വഴി തങ്ങളുടെ അവകാശം വിനിയോഗിക്കുന്നതിനും തങ്ങൾക്കുള്ള അവകാശത്തെക്കുറിച്ച് തൊഴിലാളികൾക്ക് അറിവുണ്ട് എന്നുറപ്പ് വരുത്തുന്നതിന് നിയമത്തിന്റെ അവകാശാധിഷ്ഠിത വ്യവസ്ഥകളുടെ പ്രചാരം സുഗമമാക്കുകയായിരുന്നു ഐഇസി പ്രവർത്തനങ്ങളുടെ ലക്ഷ്യം. ആശയവിനിമയത്തെ നിർവ്വഹണ പ്രക്രിയയുടെ ഒരു അവിഭാജ്യഘടകം എന്ന നിലയിൽ തിരിച്ചറിയുകയും യോഗം കൂടൽ, ചുമർ-ചിത്രങ്ങൾ, വീടു-വീടാന്തര സമ്പർക്ക പരിപാടികൾ, തങ്ങളുടെ അവകാശങ്ങളും അർഹതകളും സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധവാന്മാരാക്കാൻ എസ്എച്ച് ജി കളെ ഏർപ്പാടാക്കൽ എന്നിവ പോലെയുള്ള ഏതാനും ചില ആശയ വിനിമയ രീതികൾ ഐഇസി പ്രവർത്തനങ്ങൾ നടത്തുന്നതിന് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിക്കുകയും ചെയ്തു. താഴെ വിശദമാക്കിയിരിക്കുന്ന പോരായ്മകൾ ഓഡിറ്റ് കണ്ടെത്തി:

### 5.5.1 ഐഇസി പ്ലാൻ തയ്യാറാക്കാതിരിക്കൽ

രജിസ്റ്റർ ചെയ്ത തൊഴിലാളികളിലേക്കും അതുപോലെ തന്നെ പദ്ധതികൊണ്ട് പ്രയോജനം ലഭിക്കുന്ന മറ്റ് ഗ്രൂപ്പുകളിലേക്കും എത്തിചേരുക എന്ന ലക്ഷ്യത്തോടുകൂടി പദ്ധതിക്കായി ഒരു ഐഇസി പ്ലാൻ വികസിപ്പിച്ചെടുക്കാൻ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ 2013ന്റെ ഖണ്ഡിക 5.4.2ൽ നിഷ്കർഷിക്കുന്നു. സംസ്ഥാന, ജില്ല, ബ്ലോക്ക്, തദ്ദേശ തലങ്ങളിലെ പ്രവർത്തനങ്ങൾ ഐഇസി പ്ലാനിൽ സ്പഷ്ടമായി സൂചിപ്പിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ഐഇസി പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിന് സംസ്ഥാന ഐഇസി നോഡൽ ഓഫീസർമാരെ നാമനിർദ്ദേശം ചെയ്യണമെന്ന് വാർഷിക മാസ്റ്റർ സർക്കുലറുകൾ നിർദ്ദേശിക്കുന്നു.

സംസ്ഥാന മിഷനിൽ നോഡൽ ഓഫീസറായി ഒരു പ്രോഗ്രാം ഓഫീസറെ (ഐഇസി) 2009 ഓഗസ്റ്റിൽ നിയമിച്ചെങ്കിലും, 2022-23 വർഷത്തേയ്ക്ക് മാത്രമാണ് വാർഷിക ഐഇസി പ്ലാൻ തയ്യാറാക്കിയിരുന്നതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കൂടാതെ താഴെ തലങ്ങളിൽ ഐഇസി പ്രവർത്തനങ്ങളുടെ നടത്തിപ്പ് ഉറപ്പു വരുത്താൻ ഒരു നടപടിയും എടുത്തിരുന്നില്ല. പരിശോധിച്ച 24 ഗ്രാമപഞ്ചായത്തുകളിൽ നാലെണ്ണം മാത്രമേ ഐഇസി പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായുള്ളൂ, ഇതിനായി, ഓഡിറ്റ് കാലയളവിൽ, അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻഡിച്ചർ ഫണ്ടിൽ നിന്നും ₹8,400 മാത്രമാണ് ചെലവഴിച്ചത്.

കൂടുതൽ ഗുണഭോക്താക്കളെ ആകർഷിക്കുന്നതിന് വ്യക്തിഗത ഗുണഭോക്തൃ ആസ്തിസൃഷ്ടിക്കൽ പ്രോജക്ടുകളും യോഗ്യതാ മാനദണ്ഡങ്ങളും പത്രങ്ങളിൽ വ്യാപകമായി പരസ്യപ്പെടുത്തണമെന്ന് സംസ്ഥാന മിഷൻ ജെപിസികൾക്ക് നിർദ്ദേശം നൽകിയിരുന്നെങ്കിലും (2019 ഏപ്രിൽ), അത്തരം പ്രവർത്തനങ്ങളൊന്നും നിർവ്വഹിക്കപ്പെട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

2019-20ൽ സമാരംഭിച്ച ഉന്നതി നൈപുണ്യവികസന പദ്ധതിയുടെ എംഒആർഡി മാർഗ്ഗനിർദ്ദേശങ്ങൾ, ഐഇസി പ്രവർത്തനങ്ങളിലൂടെ പ്രോജക്റ്റിനെക്കുറിച്ച് വ്യാപകമായ പ്രചാരം നൽകാൻ നിഷ്കർഷിച്ചിരുന്നെങ്കിലും, ഇതിനായി ഐഇസി പ്രവർത്തനങ്ങളൊന്നും തന്നെ നടത്തിയില്ല. ഇത്, ഖണ്ഡിക 3.4.2ൽ വിശദമാക്കിയിരിക്കുന്നതുപോലെ, ഉന്നതിയുടെ ഫലപ്രദമല്ലാത്ത നിർവ്വഹണത്തിൽ കലാശിച്ചു.

ഭരണപരമായ ചെലവിനുള്ള ഫണ്ടിന്റെ ദൗർലഭ്യം, പദ്ധതിക്ക് കീഴിലുള്ള ഐഇസി പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചു എന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). 2025-2026 വർഷത്തേയ്ക്കുള്ള സംസ്ഥാനത്തിന്റെ ഐഇസി പ്ലാൻ തയ്യാറാക്കുകയും ജില്ലകൾക്ക് നൽകുകയും ചെയ്തു എന്നും പറഞ്ഞു.

എന്നിരുന്നാലും ആവശ്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും അവബോധം സൃഷ്ടിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും ലഭ്യമായ പ്രധാനപ്പെട്ട ഉപാധികളിലൊന്ന് പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ/സംസ്ഥാനം പരാജയപ്പെട്ടു എന്ന വസ്തുത നിലനിൽക്കുന്നു.

### 5.5.2 എംജിഎൻആർഇജിഎസ് സേവനങ്ങൾ സിറ്റിസൺസ് ചാർട്ടറിൽ ഉൾപ്പെടുത്താത്തത്

മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 13.12.1 പ്രകാരം, സിറ്റിസൺസ് ചാർട്ടറിൽ, എംജിഎൻആർഇജി നിയമത്തിനു കീഴിൽ പഞ്ചായത്തുകളുടെയും ഉദ്യോഗസ്ഥരുടെയും എല്ലാ ചുമതലകളും ഉൾക്കൊള്ളിക്കേണ്ടതാണ്. അത് നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഉൾപ്പെട്ട നിശ്ചിത നടപടികൾ വിവരിക്കുകയും പഞ്ചായത്തുകളിലും ബന്ധപ്പെട്ട ഓഫീസർമാരിലും ഈ വ്യവസ്ഥകൾ നിയമബദ്ധമാക്കിയിട്ടുള്ള ഏറ്റവും കുറഞ്ഞ സേവന നിലവാരം വ്യക്തമാക്കുകയും വേണം. കേരളത്തിലെ പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ സിറ്റിസൺ ചാർട്ടർ പ്രസിദ്ധീകരിക്കുകയും പഞ്ചായത്ത് ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തിരുന്നെങ്കിലും എംജിഎൻആർഇജിഎസ് പ്രവർത്തനങ്ങളിലൂടെ വേണ്ട ഏറ്റവും കുറഞ്ഞ സേവന നിലവാരം പ്രസിദ്ധീകരിച്ച ചാർട്ടറിൽ ഉൾപ്പെടുത്തിയിരുന്നില്ല.

ഇക്കാര്യത്തിൽ ഉചിതമായ നടപടി കൈക്കൊള്ളുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

### 5.5.3 റോസ്ഗാർ ദിവസ് നടത്തിപ്പിൽ വന്ന കുറവ്

ഓരോ ഗ്രാമപഞ്ചായത്തിലും മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും റോസ്ഗാർ ദിവസ് സംഘടിപ്പിക്കണമെന്ന് 2013 ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 3.3 (i) നിഷ്കർഷിക്കുന്നു. ഈ പരിപാടിയിൽ നിലവിലെയും തുടർന്നുള്ളതുമായ ത്രൈമാസത്തിലേക്ക് തൊഴിൽ ആവശ്യമുള്ളവരിൽ നിന്നും, ഗ്രാമപഞ്ചായത്ത്, പ്രത്യേക താല്പര്യമെടുത്ത്, തൊഴിലപേക്ഷകൾ ക്ഷണിക്കേണ്ടതാണ്. തൊഴിലപേക്ഷകളും അനുബന്ധ പ്രവർത്തനങ്ങളായ വിവരം വെളിപ്പെടുത്തൽ, ജോലി വകയിരുത്തൽ, വേതനം നൽകൽ, തൊഴിലില്ലായ്മാ വേതന വിതരണം എന്നിവക്കായി 'തൊഴിലുറപ്പ് ദിനം' നീക്കിവയ്ക്കണം. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ മാസംതോറും നടത്താൻ വിഭാവനം ചെയ്ത റോസ്ഗാർ ദിവസ് എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ പരാജയപ്പെട്ടു എന്ന് ഓഡിറ്റ് കണ്ടെത്തി. റോസ്ഗാർ ദിവസ് സംഘടിപ്പിക്കുന്നതിലെ കുറവിന്റെ പരിധി 36 ശതമാനം മുതൽ 98 ശതമാനം വരെ ആയിരുന്നു.

ഭിന്നശേഷിക്കാരുടെയും പ്രായം ചെന്നവരുടെയും തൊഴിൽ ആവശ്യം വിശകലനം ചെയ്യുന്നതിനും പണിസ്ഥലങ്ങളിൽ അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും മൂന്നു മാസത്തിലൊരിക്കൽ പ്രത്യേക റോസ്ഗാർ ദിവസ് നടത്താൻ സംസ്ഥാന മിഷൻ ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിരുന്നു (2022 ജൂലൈ)

എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ പരിശോധിച്ച ഗ്രാമപഞ്ചായത്തുകളിലൊന്നും തന്നെ പ്രത്യേക റോസ്ഗാർ ദിവസ് നടത്തുകയുണ്ടായില്ല.

ഐഇസി പ്രവർത്തനങ്ങൾ നടത്താത്തത് പദ്ധതിക്കു കീഴിൽ ലഭ്യമായ അവകാശങ്ങളുടെയും അർഹതകളുടെയും മോശം പ്രചാരത്തിൽ കലാശിച്ചു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഓഡിറ്റ് നടത്തിയ ഗുണഭോക്തൃ സർവ്വേയിൽ നിന്നും ഇത് വ്യക്തമായിരുന്നു.

***ഐഇസി – ഗുണഭോക്തൃ സർവ്വേഫലങ്ങൾ***

പരിശോധിച്ച 24 ഗ്രാമപഞ്ചായത്തുകളിൽ 334 ഗുണഭോക്താക്കൾക്കിടയിൽ നടത്തിയ സർവ്വേ, താഴെ നല്കിയിരിക്കുന്നതു പോലെ ഫലപ്രദമല്ലാത്ത ഐഇസി പ്രവൃത്തികൾ വെളിപ്പെടുത്തി :

- തൊഴിലില്ലായ്മ ബത്തയ്ക്കുള്ള യോഗ്യത ഉറപ്പുവരുത്താനുള്ള തീയതി രേഖപ്പെടുത്തിയ രസീതുകൾ കിട്ടിയില്ലെന്ന് 81.14 ശതമാനം (271 എണ്ണം) ഗുണഭോക്താക്കൾ പ്രസ്താവിച്ചു.
- 44.01 ശതമാനം (147 എണ്ണം) ഗുണഭോക്താക്കൾ ഒരു ഇൻഷ്വറൻസ് പദ്ധതിയിലും അംഗങ്ങളായിട്ടില്ല.
- ജില്ലാതലത്തിൽ ഓംബുഡ്സ്പേഴ്സൺ ഉൾപ്പെടുന്ന പരാതി പരിഹാര സംവിധാനത്തെക്കുറിച്ച് 55.69 ശതമാനം (186 എണ്ണം) ഗുണഭോക്താക്കൾക്ക് അറിവില്ലായിരുന്നു.

മാസത്തിലൊരിക്കൽ റോസ്ഗാർ ദിവസ് നടത്താൻ നിർദ്ദേശങ്ങൾ നൽകിയിരുന്നെങ്കിലും ഇത് കൃത്യമായി സംഘടിപ്പിക്കുന്നതിൽ ഒരു വിടവ് ഉണ്ടായെന്ന്, റോസ്ഗാർ ദിവസ് നടത്താത്തത് സംബന്ധിച്ച് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

എന്നാൽ, ഗ്രാമപഞ്ചായത്തുകൾ പ്രത്യേക റോസ്ഗാർ ദിവസ് സംഘടിപ്പിക്കാതിരുന്നതിനെക്കുറിച്ചുള്ള സർക്കാർ മറുപടി നിശ്ശബ്ദമാണ്.

***ശിപാർശ 10 :***

- ***എംജിഎൻആർഇജി നിയമത്തിനു കീഴിൽ ലഭ്യമായ അവകാശങ്ങൾ/അർഹതകൾ സംബന്ധിച്ച് ഗുണഭോക്താക്കൾക്കും പൊതു ജനങ്ങൾക്കുമിടയിൽ മതിയായ അവബോധം സൃഷ്ടിക്കുന്നതിന് സർക്കാർ ഒരു സംസ്ഥാനതല ഐഇസി പ്ലാൻ തയ്യാറാക്കേണ്ടതും ഐഇസി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി എടുക്കേണ്ടതുമാണ്.***
- ***സർവ്വേകളും പ്രത്യേക ഡ്രൈവുകളും നടത്തുകയും, അനുബന്ധ വകുപ്പുകളുടെ പക്കലുള്ള ലഭ്യമായ ഡാറ്റ ഉപയോഗപ്പെടുത്തുകയും ചെയ്ത് അർഹതയുള്ള കുടുംബങ്ങളെയും, ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള ദുർബല വ്യക്തികളെയും കണ്ടെത്തി പദ്ധതിയ്ക്ക് കീഴിൽ തൊഴിൽ ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ നിർദ്ദേശം നൽകേണ്ടതാണ്.***



ഷോളയൂർ ഗ്രാമപഞ്ചായത്തിൽ കല്ലകര ശിവലിംഗം കോളനിയിലെ അരുവി സംരക്ഷണ പ്രവൃത്തികൾ വർക്ക് കോഡ് : 1606002003/WC/GIS/2146

അദ്ധ്യായം 6

# പ്രവൃത്തികളുടെ നിർവ്വഹണം

അദ്ധ്യായം

# 6

# പ്രവൃത്തികളുടെ നിർവ്വഹണം

ഓഡിറ്റ് കാലയളവിൽ ഭരണ, സാങ്കേതിക അനുമതികൾ ലഭിച്ച 15.58 ലക്ഷം പ്രവൃത്തികളിൽ, 75,167 എണ്ണം ₹662 കോടി ചെലവഴിച്ചതിനുശേഷവും അപൂർണ്ണമായി തുടർന്നു, 3.09 ലക്ഷം പ്രവൃത്തികൾ (19.87 ശതമാനം) അനുവദിച്ചില്ല. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ വേജ്-ടു-മെറ്റീരിയൽ അനുപാതം നിയമബദ്ധമായ 60:40 എന്ന അനുപാതത്തിൽ നിന്നും ഗണ്യമായി കുറഞ്ഞു. 923 അംഗൻവാടി കേന്ദ്രങ്ങളുടെ നിർമ്മാണത്തിന് കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും വിഹിതമായി സംസ്ഥാന മിഷനു ₹18.46 കോടി ലഭിച്ചെങ്കിലും (2017 മാർച്ച്), ₹5.25 കോടി ചെലവഴിച്ച് 301 അംഗൻവാടി കേന്ദ്രങ്ങൾ മാത്രമാണ് പൂർത്തിയാക്കാൻ കഴിഞ്ഞത് (2024 മാർച്ച്). പുതൂർ ഗ്രാമ പഞ്ചായത്തിലെ മസ്റ്റർ റോളുകളിൽ നടത്തിയ ക്രമക്കേട് കാരണം എംജിഎൻആർഇജിഎസ് ഫണ്ടുകളിൽ ₹6.02 ലക്ഷത്തിന്റെ ദുർവിനിയോഗം സംഭവിച്ചതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പരിശോധനയ്ക്ക് വിധേയമായ 240 പ്രവൃത്തികളിൽ, ഓഡിറ്റ് കാലയളവിൽ, ₹22.88 ലക്ഷം ചെലവഴിച്ച് പൂർത്തിയാക്കിയ 12 പ്രവൃത്തികൾ നിലവിൽ പ്രവർത്തനരഹിതമോ ഉപയോഗശൂന്യമോ ആയതുകാരണം പ്രസ്തുത തുകയുടെ വിനിയോഗം നിഷ്ഫലമായി.

ദരിദ്രരായ ഗ്രാമീണജനതയുടെ ഉപജീവനസുരക്ഷ വർദ്ധിപ്പിക്കുന്നതോടൊപ്പം, ഗ്രാമീണ മേഖലകളുടെ ഗണ്യമായ അടിസ്ഥാന സൗകര്യവികസനത്തിനു വഴിയൊരുക്കുക കൂടി ചെയ്യുന്ന സുസ്ഥിരമായ ആസ്തികൾ സൃഷ്ടിക്കുന്നതു വഴി, ഗ്രാമീണമേഖലയെ രൂപാന്തരപ്പെടുത്താനുള്ള ശേഷി എംജിഎൻആർഇജിഎ പദ്ധതിയ്ക്കുണ്ട്. എംജിഎൻആർഇജിഎ പദ്ധതിയുടെ പ്രവൃത്തികൾ, ഗ്രാമപഞ്ചായത്തുകളിലും മറ്റു വകുപ്പുകളിലും ലഭ്യമായിട്ടുള്ള മറ്റ് പരിപാടികളുടെ/പദ്ധതികളുടെ വിഭവങ്ങളുമായി ഒരുമിപ്പിക്കുന്നതു വഴി ദീർഘകാല ഉപയോഗയോഗ്യമായ ആസ്തികൾ സൃഷ്ടിക്കാനും ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനം ഭദ്രമാക്കാനും സാധിക്കും.

**ചാർട്ട് 6.1ൽ** കാണിച്ചിരിക്കുന്നതു പോലെ, എംജിഎൻആർഇജി നിയമത്തിലെ വകുപ്പ് 4(3), ഷെഡ്യൂൾ I-ൽ എംജിഎൻആർഇജി പദ്ധതിയ്ക്ക് കീഴിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളെ നാലു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**ചാർട്ട് 6.1: എംജിഎൻആർഇജിഎ പദ്ധതിക്ക് കീഴിലുള്ള പ്രവൃത്തി വിഭാഗങ്ങൾ**




*(ഉറവിടം : 2005 ലെ എംജിഎൻആർഇജി നിയമം)*

## 6.1 പ്രവൃത്തികളുടെ നിർവ്വഹണ സ്ഥിതി

അപൂർണ്ണമായ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള ഒരു തന്ത്രം രൂപപ്പെടുത്തുന്നതിന് പ്രവർത്തന മാർഗ്ഗനിർദേശങ്ങൾ, 2013 വ്യവസ്ഥ ചെയ്യുന്നു. അർത്ഥപൂർണ്ണമായ നേട്ടങ്ങൾ പ്രാദേശിക സമൂഹത്തിന് വന്നു ചേരുന്നു എന്നുറപ്പ് വരുത്താൻ, തുടങ്ങി വച്ച പ്രവൃത്തികൾ സമയോചിതമായി പൂർത്തീകരിക്കേണ്ടതുണ്ട്.

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ സംസ്ഥാന തലത്തിൽ അംഗീകരിച്ചതും പൂർത്തിയാക്കിയതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ സ്ഥിതി, **പട്ടിക 6.1ൽ** നല്കിയിരിക്കുന്നു.

**പട്ടിക 6.1 : അംഗീകരിച്ചതും പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ (സംസ്ഥാനതലത്തിൽ)**

*(₹ ലക്ഷത്തിൽ)*

| വർഷം | ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച ആകെ പ്രവൃത്തികൾ | എഎസ്/ടി എസ് ലഭിച്ച പ്രവൃത്തികൾ | പൂർത്തീകരിച്ച പ്രവൃത്തികൾ | | ഭൗതികമായി പൂർത്തീകരിച്ച[14] പ്രവൃത്തികൾ | | നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ | | നിർത്തിവച്ച പ്രവൃത്തികൾ | | എഎസ്/ടിഎസ് ലഭിച്ചതിനു ശേഷം, ആരംഭിക്കാത്ത പ്രവൃത്തികൾ |
|---|---|---|---|---|---|---|---|---|---|---|---|
| | പ്രവൃത്തികളുടെ എണ്ണം | പ്രവൃത്തികളുടെ എണ്ണം | പ്രവൃത്തികളുടെ എണ്ണം | ചെലവ് | പ്രവൃത്തികളുടെ എണ്ണം | ചെലവ് | പ്രവൃത്തികളുടെ എണ്ണം | ചെലവ് | പ്രവൃത്തികളുടെ എണ്ണം | ചെലവ് | പ്രവൃത്തികളുടെ എണ്ണം |
| 2019-20 | 507976 | 297556 | 224831 | 300513.54 | 3294 | 1638.01 | 3941 | 2571.25 | 8 | 0.58 | 65482 |
| 2020-21 | 523342 | 371979 | 288553 | 405627.00 | 2812 | 1198.74 | 4410 | 2524.59 | 2 | 0 | 76202 |
| 2021-22 | 449007 | 331787 | 262608 | 402481.00 | 827 | 63.57 | 6433 | 4642.08 | 0 | 0 | 61919 |
| 2022-23 | 329048 | 244304 | 192269 | 338494.90 | 184 | 2.99 | 11833 | 11772.91 | 0 | 0 | 40018 |
| 2023-24 | 380408 | 312224 | 197803 | 310801.60 | 3 | 0.39 | 48550 | 44689.66 | 0 | 0 | 65868 |
| **ആകെ** | **2189781** | **1557850** | **1166064** | **1757918.04** | **7120** | **2903.70** | **75167** | **66200.49** | **10** | **0.58** | **309489** |

*(ഉറവിടം : എംജിഎൻആർഇജിഎസ് സംസ്ഥാന മിഷൻ നൽകിയ വിശദാംശങ്ങൾ)*

- ഓഡിറ്റ് കാലയളവിൽ ഏറ്റെടുക്കപ്പെടുകയും ഭരണ സാങ്കേതിക അനുമതികൾ ലഭിക്കുകയും ചെയ്ത 15.58 ലക്ഷം പ്രവൃത്തികളിൽ, 75.31 ശതമാനം (11.73 ലക്ഷം) പ്രവൃത്തികളാണ് പൂർത്തീകരിച്ചത് (ഭൗതികമായി പൂർത്തീകരിച്ചതുൾപ്പെടെ). അഞ്ചു വർഷക്കാലയളവിലെ, പൂർത്തീകരണശതമാനം 63.35 മുതൽ 79.40 ശതമാനം വരെ എന്ന പരിധിയിലായിരുന്നു.

- ₹662 കോടി ചെലവ് ചെയ്തതിനുശേഷവും, 75,167 പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയോ അപൂർണ്ണമായി തുടരുകയോ ആയിരുന്നു (2025 ജൂലൈ). ഇത് സൂചിപ്പിക്കുന്നത്, ആസ്തികൾ അപൂർണ്ണവും സമൂഹ/വ്യക്തിഗതഗുണഭോക്താക്കൾക്ക് ഉപയോഗശൂന്യവും ആയി തുടർന്നു എന്നു മാത്രമല്ല ഗുണഭോക്താക്കൾക്ക് വേതനാനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കാലതാമസം നേരിടുകയും ചെയ്തു എന്ന് ഇത് സൂചിപ്പിക്കുന്നു.

- എഎസ്/ടിഎസ് ലഭിച്ച 15.58 ലക്ഷം പ്രവൃത്തികളിൽ 3.09 ലക്ഷം പ്രവൃത്തികൾ (19.87 ശതമാനം) ഏറ്റെടുത്തിട്ടില്ല. അഞ്ചു വർഷക്കാലയളവിൽ, ഏറ്റെടുക്കാത്ത പ്രവൃത്തികൾ 16.38 മുതൽ 22.01 ശതമാനം വരെ എന്ന പരിധിയിലായിരുന്നത്

[14] പൂർത്തീകരിച്ചു എന്നാൽ എംഐഎസ്സിൽ രേഖപ്പെടുത്തിയിട്ടില്ല

സൂചിപ്പിക്കുന്നത് ഏറ്റെടുക്കപ്പെട്ട പ്രവൃത്തികളുടെ പൂർത്തീകരണത്തിന് നിർബന്ധം ചെലുത്താതെ, പതിവു രീതിയിൽ പ്രവൃത്തികൾക്ക് അംഗീകാരം കൊടുക്കുകയായിരുന്നു എന്നാണ്.

പൂർത്തിയാകാതെ കിടക്കുന്ന പ്രവർത്തികൾ പൂർത്തീകരിക്കാൻ ഗ്രാമ പഞ്ചായത്തുകൾ ഒരുതന്ത്രം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകണമെന്നും പ്രവർത്തന മാർഗ്ഗനിർദ്ദേശത്തിൽ നിർദ്ദേശിച്ചിട്ടും അപൂർണ്ണപ്രവൃത്തികൾ പൂർത്തീകരിക്കാൻ ഒരു സംയുക്ത പരിശ്രമവും നടന്നിട്ടില്ലെന്ന് കെട്ടിക്കിടക്കുന്ന അസംഖ്യം പ്രവൃത്തികൾ സൂചിപ്പിക്കുന്നതായി ഓഡിറ്റ് കണ്ടെത്തി.

പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പു വരുത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). ഏറ്റെടുത്ത പ്രവൃത്തികളിൽ 91.92 ശതമാനവും 2025 ജൂൺ ഓടെ പൂർത്തീകരിക്കപ്പെട്ടു എന്നും സാധനസാമഗ്രികൾക്കുള്ള ഫണ്ട് കിട്ടുന്നതിലെ കാലതാമസം, പ്രാദേശികമായ പ്രശ്നങ്ങൾ, സാങ്കേതിക പ്രശ്നങ്ങൾ മുതലായവയായിരുന്നു പ്രവൃത്തികൾ പൂർത്തീകരിക്കാതെ പോയതിനുള്ള കാരണങ്ങൾ എന്നും പ്രസ്താവിച്ചു.

എന്നിരുന്നാലും, സുസ്ഥിരമായ ആസ്തികൾ സൃഷ്ടിച്ചുകൊണ്ട് ദരിദ്ര ഗ്രാമീണജനതയുടെ ജീവിത നിലവാരം ഉയർത്തുന്നതിന് പദ്ധതിയുടെ കീഴിലുള്ള പരിശ്രമങ്ങൾ, പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണത്തിന്റെ അഭാവത്തിൽ, ഉദ്ദേശ്യലക്ഷ്യങ്ങൾ നേടുന്നതിൽ പരാജയപ്പെട്ടു എന്ന വസ്തുത നിലനിൽക്കുന്നു.

***ശിപാർശ 11: പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ സ്ഥിതി സർക്കാർ അവലോകനം ചെയ്ത് ഒന്നുകിൽ അവ പൂർത്തീകരിക്കുന്നതിനോ, അല്ലെങ്കിൽ അവ അവസാനിപ്പിക്കുന്നതിനോ വേണ്ട ഉചിതമായ നടപടിക്രമം ആവിഷ്കരിച്ച് നടപ്പാക്കുകയും സർക്കാർ ഖജനാവിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളെ നിശ്ചയിക്കേണ്ടതുമാണ്***

### 6.1.1 അംഗീകരിച്ച എസ്റ്റിമേറ്റിന്റെ അഞ്ചു ശതമാനത്തിൽ കുറവ് ചെലവ് ചെയ്തു കൊണ്ട് പൂർത്തീകരിക്കപ്പെട്ടു എന്നു റിപ്പോർട്ടു ചെയ്ത പ്രവൃത്തികൾ

പരിശോധനാവിധേയമായ ഗ്രാമ പഞ്ചായത്തുകളുടെ എംഐഎസ് റിപ്പോർട്ട് നമ്പർ ആർ 6.12-ന്റെ (പ്രവൃത്തികളുടെ നിരീക്ഷണത്തിന്റെയും വിശദാംശങ്ങളുടെയും ഡൈനാമിക് റിപ്പോർട്ട്) സൂക്ഷ്മ പരിശോധനയിൽ, 103 പ്രവൃത്തികളിൽ അനുമതി നൽകിയ എസ്റ്റിമേറ്റ് തുകയുടെ അഞ്ചു ശതമാനത്തിൽ കുറവാണ് 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ചെലവഴിച്ചതെങ്കിലും അവ പൂർത്തീകരിക്കപ്പെട്ടതായി രേഖപ്പെടുത്തി എന്നു വെളിപ്പെട്ടു. വിശദാംശങ്ങൾ **പട്ടിക 6.2ൽ** നൽകിയിരിക്കുന്നു.

**പട്ടിക 6.2: പൂർത്തിയായി എന്നു രേഖപ്പെടുത്തിയ പ്രവൃത്തികളുടെ ചെലവ് (എസ്റ്റിമേറ്റിന്റെ അഞ്ചു ശതമാനത്തിൽ കുറവ്)**

*(₹ ലക്ഷത്തിൽ)*

| ബ്ലോക്ക് | വർഷം | പ്രവൃത്തികളുടെ എണ്ണം | എസ്റ്റിമേറ്റ് തുക | ചെലവ് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|
| ചിറയിൻകീഴ് | 2021-22 | 32 | 17.78 | 0.42 | 2.36 |
| | 2022-23 | 3 | 1.70 | 0.01 | 0.59 |
| വെള്ളനാട് | 2021-22 | 3 | 1.32 | 0.02 | 1.52 |
| | 2022-23 | 2 | 0.78 | 0.02 | 2.56 |
| അട്ടപ്പാടി | 2021-22 | 10 | 1.76 | 0.02 | 1.14 |
| | 2022-23 | 8 | 0.97 | 0.02 | 2.06 |
| മലമ്പുഴ | 2021-22 | 26 | 8.95 | 0.16 | 1.79 |
| | 2022-23 | 5 | 4.11 | 0.17 | 4.14 |
| കാസർഗോഡ് | 2021-22 | 2 | 0.85 | 0.03 | 3.53 |
| | 2022-23 | 1 | 0.50 | 0.02 | 4.00 |

| ബ്ലോക്ക് | വർഷം | പ്രവൃത്തികളുടെ എണ്ണം | എസ്റ്റിമേറ്റ് തുക | ചെലവ് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|
| നീലേശ്വരം | 2021-22 | 9 | 7.21 | 0.05 | 0.69 |
| | 2022-23 | 1 | 0.28 | 0.00 | 0.00 |
| | 2023-24 | 1 | 0.30 | 0.00 | 0.00 |
| | | **103** | **46.51** | **0.94** | |

*(ഉറവിടം : എംജിഎൻആർഇജിഎ സംസ്ഥാന മിഷൻ നൽകിയ വിശദാംശങ്ങൾ)*

പട്ടികയിൽ കാണുന്നതു പോലെ ഈ പ്രവൃത്തികൾക്കു ചെലവഴിച്ചതുക എസ്റ്റിമേറ്റ് തുകയുടെ പൂജ്യം മുതൽ 4.14 ശതമാനം വരെ ആയിരുന്നു. ഈ പ്രവൃത്തികളുടെ ഭൗതിക പുരോഗതിയുടെ വിശദാംശങ്ങൾ എംഐഎസിൽ ലഭ്യമല്ലായിരുന്നു. ഈ പ്രവൃത്തികളിലെ ചെലവ്, അവിദഗ്ധ വേതന ഘടകത്തിന്റെ ഭാഗിക പേയ്മെന്റ് ആയിരുന്നെന്നും എസ്റ്റിമേറ്റുകളിൽ വ്യവസ്ഥ ചെയ്തിരുന്ന സാധന സാമഗ്രികൾക്കായി ചെലവഴിച്ചത് തുച്ഛമായ തുകകൾ മാത്രമായിരുന്നെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ഉചിതമായ തിരുത്തൽ നടപടികൾ നടപ്പാക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

### 6.1.2 വിഭാഗം തിരിച്ചുള്ള ഏറ്റെടുക്കപ്പെട്ട പ്രവൃത്തികൾ

എംജിഎൻആർഇജി നിയമത്തിന്റെ ഷെഡ്യൂൾ-I ഖണ്ഡിക 4-ൽ അനുവദനീയ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടുണ്ട്, ഇവ **പട്ടിക 6.3ൽ** കാണിച്ചിരിക്കുന്നതുപോലെ, നാലു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു:

**പട്ടിക 6.3: അനുവദനീയ പ്രവൃത്തികളുടെ ലിസ്റ്റ്**

| | |
|---|---|
| **വിഭാഗം എ** | **പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതുമരാമത്തു പ്രവൃത്തികൾ** |
| **വിഭാഗം ബി** | **ദുർബ്ബല വിഭാഗങ്ങൾക്കായുള്ള പൊതു ആസ്തികളും/വ്യക്തിഗത ആസ്തികളും** |
| **വിഭാഗം സി** | **എൻആർഎൽഎം അനുസൃത സ്വയംസഹായ സംഘങ്ങൾ ഉൾപ്പെടെയുള്ളവർക്കായുള്ള പൊതു അടിസ്ഥാനസൗകര്യങ്ങൾ** |
| **വിഭാഗം ഡി** | **ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ** |

*(ഉറവിടം : എംജിഎൻആർഇജി നിയമം)*

ഈ നാല് വിഭാഗങ്ങൾ വീണ്ടും 23 ഉപവിഭാഗങ്ങളായി വിഭജിക്കപ്പെട്ടു. ഈ ഉപവിഭാഗങ്ങളിൽ, പദ്ധതിയിൽ അനുവദനീയമായ 266 തരം പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശോധനാ വിധേയമായ ഗ്രാമ പഞ്ചായത്തുകൾ 2019 മുതൽ 2024 വരെ ഏറ്റെടുത്ത പ്രവൃത്തികളുടെ വിഭാഗം തിരിച്ചുള്ള സ്ഥിതി **പട്ടിക 6.4ൽ** വിശദമാക്കിയിരിക്കുന്നു.

**പട്ടിക 6.4: തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ ഏറ്റെടുത്ത വിഭാഗം തിരിച്ചുള്ള പ്രവൃത്തികൾ**

| പ്രവൃത്തി വിഭാഗങ്ങൾ | ഏറ്റെടുത്ത മൊത്തം പ്രവൃത്തികൾ | പൂർത്തിയാക്കിയ പ്രവൃത്തികൾ | നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ | ഇനിയും തുടങ്ങാത്ത പ്രവൃത്തികൾ |
|---|---|---|---|---|
| എ | 20,366 | 15,953 | 1,657 | 2,756 |
| ബി | 17,621 | 12,399 | 1,512 | 3,710 |
| സി | 125 | 31 | 43 | 51 |
| ഡി | 13,064 | 6,501 | 2,454 | 4,109 |
| **ആകെ** | **51,176** | **34,884** | **5,666** | **10,626** |

*(ഉറവിടം : പരിശോധനാവിധേയമായ ഗ്രാമ പഞ്ചായത്തുകൾ നൽകിയ വിശദാംശങ്ങൾ)*

സി വിഭാഗത്തിൽ 125 പ്രവൃത്തികൾ (0.25 ശതമാനം) മാത്രമേ ഏറ്റെടുത്തിരുന്നുള്ളൂ എന്ന് ഓഡിറ്റ് കണ്ടെത്തി. ഈ വിഭാഗത്തിൽ, ജൈവവളങ്ങൾ, കാർഷികവിളകളുടെ

സംഭരണ കേന്ദ്രം ഉൾപ്പെടെയുള്ള വിളവെടുപ്പാനന്തര സൗകര്യങ്ങൾ, എൻആർഎൽഎം അനുസൃത സ്വയം സഹായ സംഘങ്ങളുടെ (എസ്എച്ച്ജികൾ) ഉപജീവന വൃത്തികൾക്കായുള്ള പൊതു പണിസ്ഥലങ്ങൾ മുതലായ കാർഷികോല്പാദന ക്ഷമത മെച്ചപ്പെടുത്താൻ വേണ്ട പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നു. ഇതുകൂടാതെ, ഏറ്റെടുത്ത 125 പ്രവൃത്തികളിൽ 31 എണ്ണം (25 ശതമാനം) മാത്രമാണ് പൂർത്തീകരിച്ചത്. സി വിഭാഗത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കാതിരുന്നതും, അതോടൊപ്പം ഏറ്റെടുത്ത പ്രവൃത്തികളുടെ ശോചനീയ നിർവ്വഹണവും സൂചിപ്പിക്കുന്നത്, കാർഷികോല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിനും അതുവഴി ദരിദ്രരായ ഗ്രാമീണ ജനങ്ങളുടെ ഉപജീവനഭദ്രത ഉറപ്പുവരുത്തുന്നതിനും വേണ്ട കമ്മ്യൂണിറ്റി തലത്തിലുള്ള സുസ്ഥിരമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് പരിശോധനാ വിധേയമായ ഗ്രാമ പഞ്ചായത്തുകൾ മതിയായ പ്രാധാന്യം നൽകിയില്ല എന്നാണ്.

എംജിഎൻആർഇജിഎ പദ്ധതിക്ക് കീഴിൽ അനുമതി നൽകിയ 266 പ്രവൃത്തികളിൽ മൂന്നെണ്ണം മാത്രമേ സി വിഭാഗത്തിൽപ്പെടുത്തിയിരുന്നുള്ളൂ എന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). ഇതുമൂലം, ഈ വിഭാഗത്തിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണത്തിൽ വലിയ കുറവുണ്ടായി.

സി വിഭാഗത്തിൽ മൂന്നു തരത്തിലുള്ള പ്രവൃത്തികൾ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ എങ്കിലും, സംസ്ഥാനത്തെ എൻആർഎൽഎം അനുസൃത എസ്എച്ച്ജികളുടെ ഉയർന്ന സംഖ്യ (2,45,739)[15] കണക്കിലെടുക്കുമ്പോൾ, എസ്എച്ച്ജികളുടെ ഉപജീവന വൃത്തികൾ മെച്ചപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയുമായിരുന്നു എന്നാണ് ഓഡിറ്റിന്റെ കാഴ്ചപ്പാട്. കൂടാതെ, ഏറ്റെടുത്ത പ്രവൃത്തികളുടെ 75 ശതമാനം അപൂർണ്ണമായി തുടരുകയോ ഇനിയും പ്രവൃത്തി തുടങ്ങാതിരിക്കുകയോ ചെയ്യുന്നതിനെക്കുറിച്ച് സർക്കാർ മറുപടിയിൽ പരാമർശമില്ല.

## 6.2 നിർബന്ധിതമായ 60:40 വേതന-സാമഗ്രി അനുപാതം പാലിക്കുന്നതിലെ വീഴ്ച

സുസ്ഥിരമായ ആസ്തികളുടെ സൃഷ്ടിക്കലും അതുവഴി ദരിദ്രരായ ഗ്രാമീണജനങ്ങളുടെ ഉപജീവനമാർഗ്ഗത്തിന്റെ അടിത്തറ ശക്തിപ്പെടുത്തലുമായിരുന്നു എംജിഎൻആർഇജി നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിലൊന്ന്. എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ, 2013 അനുസരിച്ച്, വേതനച്ചെലവും സാധനസാമഗ്രിച്ചെലവും തമ്മിലുള്ള അനുപാതം, 60:40 എന്ന അനുപാതത്തേക്കാൾ കുറവായിരിക്കരുത്. കൂടാതെ, ഗ്രാമ പഞ്ചായത്ത് തലത്തിൽ എല്ലാ പ്രവൃത്തികൾക്കും 60:40 എന്ന അനുപാതം നിലനിർത്തേണ്ടതാണ്.

എന്നാൽ, **ചാർട്ട് 6.2ൽ** ചിത്രീകരിച്ചിരിക്കുന്നതുപോലെ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ പരിശോധനാ വിധേയമായ ബ്ലോക്ക് പഞ്ചായത്തുകളിൽ വേതന-സാമഗ്രി അനുപാതം, നിർബന്ധിതമായ 60:40ൽ നിലനിർത്തിയില്ല എന്ന് ശ്രദ്ധയിൽപ്പെട്ടു.

[15] 2025 ജൂലൈ 1 ലെ സ്ഥിതി

**ചാർട്ട് 6.2 : വേതന – സാമഗ്രി അനുപാതം**




*(ഉറവിടം : സംസ്ഥാന മിഷൻ, എംജിഎൻആർഇജിഎസ്, കേരളം നല്കിയ വിവരങ്ങൾ)*

വിദഗ്ധ, അർദ്ധ വിദഗ്ധ തൊഴിലാളികൾക്കുള്ള വേതനങ്ങൾ ഉൾപ്പെടെയുള്ള സാധന സാമഗ്രിച്ചെലവുകൾ 11 മുതൽ 18 ശതമാനം വരെയുള്ള പരിധിയിലായിരുന്നു, എന്നത് പരിശോധനാവിധേയമായ ബ്ലോക്ക് പഞ്ചായത്തുകൾ സുസ്ഥിരമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് വളരെ കുറഞ്ഞ മുൻഗണന മാത്രമേ നൽകിയിരുന്നുള്ളൂ എന്നു സൂചിപ്പിക്കുന്നു.

പരിശോധനാ വിധേയമായ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്ത പ്രവൃത്തികളുടെ നിർവ്വഹണത്തിനു ചെലവഴിച്ച തുകകളുടെ വിശകലനത്തിൽ നിന്നും ഇത് വ്യക്തമാണ്. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ, പരിശോധനാ വിധേയമായ ഗ്രാമ പഞ്ചായത്തുകൾ നിർവ്വഹിച്ച പ്രവൃത്തികളിൽ, 99 ശതമാനത്തിന്റെയും ചെലവ് ₹5 ലക്ഷത്തിൽ താഴെയായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പരിശോധിച്ച ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിച്ച പ്രവൃത്തികളുടെ ചെലവുകളുടെ വിശകലന **ചാർട്ട് 6.3ൽ** ചിത്രീകരിച്ചിരിക്കുന്നു:

**ചാർട്ട് 6.3: നിർവ്വഹിച്ച പ്രവൃത്തികളുടെ ചെലവിന്റെ വിശകലനം ചിത്രീകരിക്കുന്ന ചാർട്ട്**




*(ഉറവിടം : സംസ്ഥാന മിഷൻ, എംജിഎൻആർഇജിഎസ്, കേരളം നൽകിയ വിവരങ്ങൾ)*

മൊത്തം പ്രവൃത്തികളുടെ 40 മുതൽ 53 ശതമാനം വരെ പ്രവൃത്തികളുടെ ചെലവ് ₹ഒരു ലക്ഷത്തിന് താഴെയാണെന്നും, 65 മുതൽ 84 ശതമാനം വരെ പ്രവൃത്തികളുടെ ചെലവ് ₹മൂന്ന് ലക്ഷത്തിന് താഴെയാണെന്നും ചാർട്ടിൽ നിന്നു കാണാവുന്നതാണ്. പ്രവൃത്തികളുടെ ഗണ്യമായ ഭാഗം ₹മൂന്ന് ലക്ഷത്തിൽ താഴെയുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതും അതോടൊപ്പം സാധന സാമഗ്രികൾക്കുള്ള കുറഞ്ഞ ചെലവും സൂചിപ്പിക്കുന്നത്, പരിശോധനാവിധേയമായ ഗ്രാമ

പഞ്ചായത്തുകൾ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ സുസ്ഥിരമായ ആസ്തികൾ സൃഷ്ടിക്കുക എന്ന പദ്ധതി ലക്ഷ്യം അവഗണിച്ചു എന്നാണ്.

ഉചിതമായ തിരുത്തൽ നടപടികൾ എടുക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

***ശിപാർശ 12: ഗ്രാമീണ ദരിദ്രരുടെ ഉപജീവനമാർഗ്ഗ അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിനായി സുസ്ഥിരമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ വേതന സാമഗ്രി അനുപാതം മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.***

## 6.3 അനുവദനീയമല്ലാത്ത പ്രവൃത്തികൾ

പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച്, സുസ്ഥിരമായ ആസ്തികൾ സൃഷ്ടിക്കുന്നതിനു വഴിയൊരുക്കുന്ന അനുവദനീയമായ പ്രവൃത്തികൾ മാത്രമേ എംജിഎൻആർഇജി പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കാവൂ. ആവർത്തന സ്വഭാവമുള്ളതും സുസ്ഥിരമായ ആസ്തികളുടെ സൃഷ്ടിയിലേക്കു നയിക്കാത്തതുമായ ചെലവിനങ്ങൾ എംജിഎൻആർഇജിഎസിൽ അനുവദനീയമല്ല. കൂടാതെ, ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും വാർഷിക പ്രവർത്തന പദ്ധതികൾ ഏകീകരിക്കുമ്പോൾ നിയമത്തിൽ സ്പഷ്ടമാക്കിയിട്ടുള്ള അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയുമായി ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ സൂക്ഷ്മപരിശോധന നടത്തേണ്ടത് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെയും (ബിപിഒ) ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററുടെയും (ഡിപിസി) ചുമതലയായിരുന്നു.

പരിശോധനാ വിധേയമായ മൂന്ന് ഗ്രാമ പഞ്ചായത്തുകൾ 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ ₹261.58 ലക്ഷം ചെലവഴിച്ച് തുടർച്ചയായി മൂന്നുവർഷം കനാൽ ശുചീകരണ പ്രവൃത്തികൾ നടത്തിയിരുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ **പട്ടിക 6.5ൽ** കൊടുത്തിരിക്കുന്നു:

**പട്ടിക 6.5: അനുവദനീയമല്ലാത്ത പ്രവൃത്തികൾ നിർവ്വഹിച്ചത്**

*(₹ ലക്ഷത്തിൽ)*

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്തിന്റെ പേര് | പ്രവൃത്തിയുടെ വിശദാംശങ്ങൾ | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | അകത്തേത്തറ | മൂന്നുവർഷം തുടർച്ചയായി കനാൽ ശുചീകരണം | 90.30 | 82.59 |
| 2 | മരുതറോഡ് | മൂന്നുവർഷം തുടർച്ചയായി കനാൽ ശുചീകരണം | 154.82 | 125.82 |
| 3 | പുതുശ്ശേരി | മൂന്നുവർഷം തുടർച്ചയായി കനാൽ ശുചീകരണം | 61.58 | 53.17 |
| | | | **ആകെ** | **261.58** |

*(ഉറവിടം : പരിശോധിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ നൽകിയ വിശദാംശങ്ങൾ)*

ഗ്രാമ പഞ്ചായത്തുകൾ തുടർച്ചയായി മൂന്നു വർഷം അനുവദനീയമല്ലാത്ത പ്രവൃത്തികൾ നിർവ്വഹിച്ചത് ഗ്രാമ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി അംഗീകരിക്കുമ്പോൾ ബിപിഒയുടെയും ഡിപിസിയുടെയും ഭാഗത്തുള്ള അശ്രദ്ധയെ സൂചിപ്പിക്കുന്നു.

ഇത് ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ഉചിതമായ നടപടികൾ എടുക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

***ശിപാർശ 13: എംജിഎൻആർഇജിഎസ്സിന് കീഴിലെ അനുവദനീയമല്ലാത്ത പ്രവൃത്തികളുടെ ചെലവുകൾ തിരിച്ചു പിടിക്കാൻ സർക്കാർ നടപടിയെടുക്കേണ്ടതാണ്.***

## 6.4 പുതുർ ഗ്രാമപഞ്ചായത്തിൽ ശ്രദ്ധയിൽപ്പെട്ട ക്രമക്കേടുകൾ

ബ്ലോക്ക് പ്രോഗ്രാം ഓഫീസർ (ബിപിഒ) മസ്റ്റർ റോൾ സജ്ജമാക്കുന്നതോടെയാണ് ഒരു പ്രവൃത്തിയുടെ നിർവ്വഹണനടപടികൾ ആരംഭിക്കുന്നത്. ഗുണഭോക്താക്കളുടെ പേരുകൾ

അച്ചടിച്ച മസ്റ്റർ റോളുകൾ ആണ് അവിദഗ്ധ തൊഴിലുകൾക്ക് തയ്യാറാക്കുന്നത്. എന്നാൽ, വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിലുകൾക്ക്, ബിപിഒ ശൂന്യ മസ്റ്റർ റോളുകൾ തയ്യാറാക്കുകയും, പ്രവൃത്തികളിൽ ഏർപ്പെടുന്ന വിദഗ്ധ/അർദ്ധവിദഗ്ധ ഗുണഭോക്താക്കളുടെ പേരുകൾ മെറ്റമാർ അതിൽ എഴുതിച്ചേർക്കുകയും ചെയ്യുന്നു. മസ്റ്റർ റോൾ പൂർത്തിയാകുന്ന മുറയ്ക്ക്, അക്കൗണ്ടന്റ്, എംഐഎസിൽ ഡാറ്റാ എൻട്രി നിർവ്വഹിക്കുന്നു.

രജിസ്ട്രേഷൻ സമയത്ത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് എംഐഎസിൽ രേഖപ്പെടുത്തുന്നു. ഒരിക്കൽ രജിസ്റ്റർ ചെയ്ത ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ബിപിഒയുടെ ശിപാർശയിൻമേൽ ജെപിസിയുടെ അനുവാദത്തോടെ മാത്രമേ മാറ്റാൻ കഴിയുകയുള്ളൂ. അത്തരം മാറ്റങ്ങൾ നടപ്പാക്കാൻ സംസ്ഥാന മിഷൻ വ്യക്തമായ ഒരു നടപടിക്രമവും നിശ്ചയിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പിൻതുടർന്ന നടപടി ക്രമം താഴെ വിവരിക്കുന്നു:

- ഗുണഭോക്താവിന്റെ പേര്, വിദഗ്ധ/അവിദഗ്ധ രജിസ്ട്രേഷൻ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ രേഖപ്പെടുത്തി അപേക്ഷയുടെ പകർപ്പ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും ഔദ്യോഗിക മുദ്രയും പതിപ്പിച്ച് ഇ-മെയിൽ വഴി ബിപിഒയ്ക്ക് അയക്കുന്നു.

- ബിപിഒ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം എംഐഎസിൽ നിലവിലെ ബാങ്ക് അക്കൗണ്ടിൽ മാറ്റങ്ങൾ വരുത്തുന്നതിനായി, അൺഫ്രീസ് ചെയ്യാൻ ഇത് ജെപിസിയ്ക്ക് അയച്ചു കൊടുക്കുന്നു.

- ഗ്രാമപഞ്ചായത്ത്, ബാങ്ക് അക്കൗണ്ട് വിവരങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും, തുടർന്ന് അക്കൗണ്ടുകൾ ഫ്രീസ് ചെയ്യുന്നതിനായി വിവരം ബിപിഒയെ അറിയിക്കുകയും ചെയ്യുന്നു.

പുതൂർ ഗ്രാമ പഞ്ചായത്തിൽ നിർവ്വഹിച്ച പ്രവൃത്തികൾക്ക് നല്കിയ പെയ്മെന്റുകളുടെ സൂക്ഷ്മ പരിശോധനയിൽ, സർക്കാരിന്റെ പണം തട്ടിയെടുക്കാൻ മസ്റ്റർ റോളുകളിലും എംഐഎസിലും വിവിധ രീതികളിലുള്ള ക്രമക്കേടുകൾ നടത്തിയെന്നും, അതിലൂടെ, പ്രവൃത്തികളിൽ പങ്കെടുക്കാത്ത വ്യക്തികൾക്ക് വിദഗ്ധവും അവിദഗ്ധവുമായ വേതനങ്ങളായി ₹6.02 ലക്ഷം നൽകുകയുണ്ടായെന്നും ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

### *I. വിദഗ്ധ തൊഴിലിന്റെ മസ്റ്റർ റോളുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ*

വിദഗ്ധ മസ്റ്റർ റോളുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ താഴെ വിശദമാക്കിയിരിക്കുന്നു:

(i) മസ്റ്റർ റോളിന്റെ പൂർത്തീകരണത്തിനു ശേഷം അതിൽ നിന്നും പ്രവൃത്തിയിൽ പങ്കാളികളായ ഗുണഭോക്താക്കളുടെ പേരുകൾ നീക്കം ചെയ്ത്, പകരം, പ്രവൃത്തിയിൽ പങ്കാളികൾ ആയിട്ടില്ലാത്ത വ്യക്തികളുടെ പേരുകൾ എഴുതിച്ചേർത്ത് 16 സന്ദർഭങ്ങളിലായി ₹71,700 വേതനം നൽകിയത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അനുബന്ധമായ രേഖപ്പെടുത്തലുകൾ, എംഐഎസിൽ വരുത്തുകയും ജോലിചെയ്യാത്ത വ്യക്തികൾക്ക് വേതനം നൽകുകയും ചെയ്തു. ഈ വ്യക്തികളുടെ വ്യാജ ഒപ്പുകൾ മസ്റ്റർ റോളുകളിൽ രേഖപ്പെടുത്തുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 6.1, കേസ് 1**ൽ നൽകിയിരിക്കുന്നു.

(ii) മസ്റ്റർ റോളിന്റെ പൂർത്തീകരണത്തിനു ശേഷം 21 സന്ദർഭങ്ങളിൽ പ്രസ്തുത പ്രവൃത്തിയിൽ പങ്കെടുക്കാതിരുന്ന വ്യക്തികളുടെ പേരുകൾ ആ ജോലിയുടെ ഫിസിക്കൽ മസ്റ്റർ റോളിൽ എഴുതിച്ചേർത്ത് ₹89,450 വേതനമായി നൽകുകയുണ്ടായി. ഈ വ്യക്തികളുടെ വ്യാജ ഒപ്പുകൾ മസ്റ്റർ റോളുകളിൽ രേഖപ്പെടുത്തുകയും ചെയ്തു. അനുബന്ധമായ രേഖപ്പെടുത്തലുകൾ, എംഐഎസിൽ

വരുത്തുകയും പ്രവൃത്തിയിൽ പങ്കെടുക്കാത്ത വ്യക്തികൾക്ക് വേതനം നൽകുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 6.1, കേസ് 2**ൽ നൽകിയിരിക്കുന്നു.

(iii) 15 സന്ദർഭങ്ങളിൽ പ്രവൃത്തിയിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പറുകൾ എംഐഎസിൽ നിന്നു നീക്കം ചെയ്ത് പകരം, ആ പ്രവൃത്തിയിൽ പങ്കെടുത്തിട്ടില്ലാത്ത വ്യക്തികളുടെ അക്കൗണ്ട് നമ്പറുകൾ എഴുതിച്ചേർക്കുകയുണ്ടായി. അങ്ങനെ, പ്രവൃത്തിയിൽ പങ്കെടുത്തിട്ടില്ലാത്ത വ്യക്തികൾക്ക് ₹66,210 വേതനം നൽകി. ഫിസിക്കൽ മസ്റ്റർ റോളിൽ ഒരു മാറ്റവും വരുത്തിയില്ല. വിശദാംശങ്ങൾ **അനുബന്ധം 6.1, കേസ് 3**ൽ നൽകിയിരിക്കുന്നു.

ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പർ മാറ്റുന്നതിന്, ഉദ്യോഗപ്പേരിന്റെ സ്ഥാനത്ത് "ഫോർ സെക്രട്ടറി" എന്നു കാണിച്ചുകൊണ്ട്, ഗ്രാമ പഞ്ചായത്തിന്റെ എംജിഎൻആർഇജി പദ്ധതിയുടെ സ്റ്റാഫ് ഒപ്പിട്ട ഒരപേക്ഷ ബിപിഒയ്ക്ക് അയച്ച് കൊടുത്തു. മാറ്റപ്പെട്ട ബാങ്ക് അക്കൗണ്ട് നമ്പർ, അപേക്ഷയിൽ കാണിച്ചിരുന്ന ഗുണഭോക്താവിന്റേതാണെന്ന് ഉറപ്പാക്കാൻ ഒരു സഹായക രേഖകളും ഹാജരാക്കിയിരുന്നില്ല. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷയിൽ ഒപ്പിട്ടിരുന്നില്ലെങ്കിലും, ബിപിഒ, പരിശോധനകളൊന്നും കൂടാതെ, ഗുണഭോക്താവിന്റെ അക്കൗണ്ട് നമ്പറിൽ മാറ്റം വരുത്താൻ ബാങ്ക് അക്കൗണ്ട് അൺഫ്രീസ് ചെയ്യാൻ ജെപിസിയ്ക്ക് ശിപാർശ ചെയ്തു. വിദഗ്ദ്ധ/അർദ്ധവിദഗ്ദ്ധ തൊഴിലാളികൾക്ക് വേതനം നല്കുന്നതിന് ആധാർ അധിഷ്ഠിത പേയ്മെന്റ് സംവിധാനം നടപ്പാക്കിയിട്ടില്ലാത്തതിനാൽ, എംഐഎസ്, ബാങ്ക് അക്കൗണ്ടിലെ പേരും ആധാറിലെ പേരും തമ്മിൽ പൊരുത്തക്കേടൊന്നും കണ്ടുപിടിക്കാതിരിക്കുകയും പ്രവൃത്തിയിൽ പങ്കെടുക്കാതിരുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറ്റപ്പെടുകയും ചെയ്തു.

(iv) 25 സന്ദർഭങ്ങളിൽ, ഫിസിക്കൽ മസ്റ്റർ റോളിൽ മാറ്റമൊന്നും വരുത്തുകയുണ്ടായില്ല, എന്നാൽ, യഥാർത്ഥത്തിൽ പ്രവൃത്തി ചെയ്ത ഗുണഭോക്താവിന്റെ പേര് എംഐഎസിൽ രേഖപ്പെടുത്തുന്നതിനു പകരം പ്രവൃത്തി ചെയ്യാത്ത വ്യക്തിയുടെ പേര് രേഖപ്പെടുത്തി. അങ്ങനെ, ഫിസിക്കൽ മസ്റ്റർറോളിലും എംഐഎസ്‌ലെ ഇ-മസ്റ്റർ റോളിലും വ്യത്യസ്ത വ്യക്തികളുടെ പേരുകൾ ഉൾപ്പെടുത്തുകയും, പ്രവൃത്തി ചെയ്യാത്ത വ്യക്തികൾക്ക് ₹1,16,142 വേതനം നൽകുകയും ചെയ്തു. വിശദാംശങ്ങൾ **അനുബന്ധം 6.1, കേസ് 4**ൽ നൽകിയിരിക്കുന്നു.

തിരിമറി നടത്തിയതായി കണ്ടെത്തിയ ഫിസിക്കൽ മസ്റ്റർ റോളുകളിൽ ഉണ്ടായിരുന്ന പ്രവൃത്തികളിൽ പങ്കെടുത്ത മേറ്റുമാരുമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത തിരുത്തലുകൾ നടത്തിയത് തങ്ങളല്ലെന്നും, ലിസ്റ്റിൽ ഉൾപ്പെടുത്തിയ വ്യക്തികൾ ആ പ്രവൃത്തികളിൽ പങ്കെടുത്തിട്ടില്ലെന്നും മേറ്റുമാർ പ്രസ്താവിച്ചു. മസ്റ്റർ റോളുകളിലെ തിരുത്തലുകൾ നടത്തിയത് എംജിഎൻആർഇജി പദ്ധതിയുടെ സ്റ്റാഫാണെന്ന് ഇതു സൂചിപ്പിക്കുന്നു.

പ്രവൃത്തിയിൽ പങ്കെടുത്ത ഗുണഭോക്താക്കൾക്ക് വേതനം ലഭിച്ചില്ലെങ്കിലും, വിദഗ്ദ്ധ/അർദ്ധവിദഗ്ദ്ധ തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നതിലെ സ്ഥിരമായ കാലതാമസം മൂലം, ഒരു പ്രത്യേക പ്രവൃത്തിക്ക് വേതനം കിട്ടാതിരുന്നത് പല തൊഴിലാളികൾക്കും തിരിച്ചറിയാൻ കഴിഞ്ഞില്ല.

### *II. അവിദഗ്ദ്ധ തൊഴിലിന്റെ മസ്റ്റർ റോളുകളുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ*

139 സന്ദർഭങ്ങളിൽ (51 പ്രവൃത്തികൾ) ഗുണഭോക്താക്കൾ സമർപ്പിച്ച ഗ്രൂപ്പ് ഡിമാൻഡ് അപേക്ഷകളോടൊപ്പം മേറ്റ്/എംജിഎൻആർഇജി പദ്ധതി സ്റ്റാഫ് പുതിയ പേരുകൾ ഉൾപ്പെടുത്തി വ്യാജ തൊഴിൽ ഡിമാൻഡ് സൃഷ്ടിച്ചെന്ന് ഓഡിറ്റ് കണ്ടെത്തി. തൊഴിൽ ആവശ്യപ്പെടാതിരുന്ന വ്യക്തികളുടെ പേരുകൾ ഉൾപ്പെടുത്തിക്കൊണ്ട് മസ്റ്റർ റോളുകൾ തയ്യാറാക്കി. മസ്റ്റർ റോൾ പൂർത്തിയാക്കുന്ന സമയത്ത്, ഹാജർ തെളിവെന്ന നിലയിൽ മസ്റ്റർ റോളിൽ കൂട്ടിച്ചേർത്ത വ്യക്തികളുടെ വ്യാജ ഒപ്പുകൾ രേഖപ്പെടുത്തി ₹2,58,562

വേതനം നൽകി. പ്രവൃത്തികളുടെയും നൽകിയ പേയ്മെന്റുകളുടെയും വിശദാംശങ്ങൾ **അനുബന്ധം 6.2ൽ** നൽകിയിരിക്കുന്നു.

പുതൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ മൂന്നു ഗുണഭോക്താക്കളുമായി നടത്തിയ ചർച്ചകളിൽ, തങ്ങൾ പ്രവൃത്തിയിൽ പങ്കെടുത്തിട്ടില്ലെന്നും തങ്ങൾക്കു ലഭിച്ച അവിദഗ്ദ്ധ വേതനം തങ്ങളിൽ നിന്നും മേറ്റുമാർ പിരിച്ചെടുത്തെന്നും ഗുണഭോക്താക്കൾ പ്രസ്താവിച്ചു.

വിദഗ്ദ്ധ ഗുണഭോക്താക്കളുടെ പേരു വിവരങ്ങൾ മസ്റ്റർ റോളിൽ കൈകൊണ്ട് എഴുതിച്ചേർക്കുന്നതും നാഷണൽ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം (എൻഎംഎംഎസ് ) വഴി വിദഗ്ദ്ധ തൊഴിലാളികളെ നിരീക്ഷിക്കാത്തതും വിദഗ്ദ്ധ/അർദ്ധ വിദഗ്ദ്ധ വേതനം നല്കുന്നതിൽ ആധാർ-അധിഷ്ഠിത പേയ്മെന്റ് സംവിധാനത്തിന്റെ അഭാവവും അതുപോലെ ഗ്രാമ പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത്/സംസ്ഥാന മിഷന്റെ നിരീക്ഷണത്തിലെ കുറവും പോലെയുള്ള സംവിധാനത്തിലെ പഴുതുകൾ കുറ്റവാളികൾ ചൂഷണം ചെയ്യുതായും വഞ്ചനാപരമായ പ്രവൃത്തികളിൽ ഏർപ്പെട്ടുകൊണ്ട് ₹6.02 ലക്ഷം എംജിഎൻആർഇജിഎസ് ഫണ്ട് ദുരുപയോഗം ചെയ്തുവെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

പുതൂർ ഗ്രാമ പഞ്ചായത്തിലെ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ഒരു എഫ്ഐആർ ഫയൽ ചെയ്യാൻ പാലക്കാട് ജെപിസിയ്ക്ക് നിർദ്ദേശം നൽകിയതായി സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). ഭാവിയിൽ ഇത്തരം വീഴ്ചകളുടെ ആവർത്തനം തടയാൻ ഉചിതമായ തിരുത്തൽ നടപടികൾ എടുക്കുമെന്നും പ്രസ്താവിച്ചു.

***ശിപാർശ 14 : സംവിധാനത്തിലെ പോരായ്മകൾ സർക്കാർ പരിഹരിക്കുകയും ഭാവിയിൽ വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ തിരുത്തൽ നടപടികൾ എടുക്കുകയും ചെയ്യേണ്ടതാണ്.***

## 6.5 പ്രവൃത്തിസ്ഥലത്ത് വെച്ച് ബില്ലുകളും വൗച്ചറുകളും പരിശോധിക്കുന്നതിൽ ഉണ്ടായ വീഴ്ച

പ്രവൃത്തിസ്ഥലത്തെ എല്ലാ ബില്ലുകളും/വൗച്ചറുകളും തൊഴിലാളികൾ സ്വയം പരിശോധിച്ച് സാക്ഷ്യപ്പെടുത്തണമെന്ന് പ്രവർത്തനമാർഗ്ഗ രേഖകൾ 2013ന്റെ ഖണ്ഡിക 7.11.5 നിഷ്കർഷിക്കുന്നു. ഒരു പ്രവൃത്തി പുരോഗമിക്കുമ്പോൾ, അതിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ, ആഴ്ചയിൽ ഒരിക്കലെങ്കിലും ബില്ലുകളുടെ സൂക്ഷ്മ പരിശോധനയ്ക്കും സാക്ഷ്യപ്പെടുത്തലിനുമായി, തങ്ങൾക്കിടയിൽ നിന്നു തന്നെ അഞ്ചിൽ കുറയാത്ത തൊഴിലാളികളെ ഒരു പ്രതിവാര ചാക്രികാടിസ്ഥാനത്തിൽ തിരഞ്ഞെടുക്കേണ്ടതാണ്. തിരഞ്ഞെടുത്ത 24 ഗ്രാമ പഞ്ചായത്തുകളിലെ 275 സാമ്പിൾ പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ, വിതരണം ചെയ്ത സാധനസാമഗ്രികളുടെ അളവുകൾ ഉറപ്പു വരുത്താൻ ബില്ലുകളുടെയും വൗച്ചറുകളുടെയും പരിശോധന/സാക്ഷ്യപ്പെടുത്തൽ സംവിധാനം നടപ്പാക്കിയിട്ടില്ലെന്ന് വെളിപ്പെട്ടു.

## 6.6 അധിക പേയ്മെന്റ്

എംജിഎൻആർഇജിഎസ് മുഖേന ₹1.50 ലക്ഷം ചെലവഴിച്ച് ഒരു വ്യക്തിഗത ഗുണഭോക്താവിനു വേണ്ടി പുതൂർ ഗ്രാമ പഞ്ചായത്ത് ഒരു കുളം, നിർമ്മിച്ചു. വെള്ളിങ്കിരി പുതൂർ കുളം നിർമ്മാണം (വർക്ക് കോഡ് : 1606002002/IF/498797) (2021 ഏപ്രിൽ). ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ (ജെപിവി) കുളത്തിനു പകരം കിണറാണു നിർമ്മിച്ചതെന്നു കണ്ടെത്തി. പ്രവൃത്തിയുടെ മെഷർമെന്റ് ബുക്കിന്റെ (എംബി) സൂക്ഷ്മപരിശോധനയിൽ, കിണറിന്റെ ആഴം ആറ് മീറ്റർ എന്നും ആരം 2.65 മീറ്റർ എന്നും രേഖപ്പെടുത്തിയതായി കണ്ടു. എന്നാൽ, യഥാർഥ അളവ് മൂന്നു മീറ്റർ ആഴവും 1.8 മീറ്റർ ആരവും ആയിരുന്നു. അക്രഡിറ്റഡ് എഞ്ചിനീയർ കൃത്യമായ അളവുകൾ ഉറപ്പാക്കാതെയാണ് പണം നല്കിയതെന്നും, ഇത് ₹0.59 ലക്ഷം അധികമായി നൽകാനിടയാക്കിയെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

ഉചിതമായ തിരുത്തൽ നടപടി സ്വീകരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

## 6.7 നിഷ്ഫല ചെലവ്

സുസ്ഥിരമായ ആസ്തികൾ സൃഷ്ടിക്കലും ഗ്രാമീണ ഉപജീവന മാർഗ്ഗങ്ങളുടെ ശക്തിപ്പെടുത്തലും ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളായിരുന്നു. എന്നാൽ, പരിശോധനാവിധേയമായ 240 പ്രവൃത്തികളുടെ സംയുക്ത ഭൗതിക പരിശോധനയിൽ, ഓഡിറ്റ് കാലയളവിൽ ₹22.88 ലക്ഷം ചെലവഴിച്ച് പൂർത്തീകരിച്ച 12 പ്രവൃത്തികൾ ഒന്നുകിൽ പ്രവർത്തനക്ഷമമല്ലാതായതോ അല്ലെങ്കിൽ ഉപയോഗത്തിലില്ലാത്തതോ ആണെന്നും, അതിനായി ചെലവഴിച്ച തുക നിഷ്ഫലമായിപ്പോയെന്നും വെളിപ്പെടുത്തി. വിശദാംശങ്ങൾ, തുടർന്നു വരുന്ന ഖണ്ഡികകളിൽ കൊടുത്തിരിക്കുന്നു.

### 6.7.1 അംഗൻവാടി കേന്ദ്രങ്ങളുടെ നിർമ്മാണം

2016–17 മുതൽ എംജിഎൻആർഇജി പദ്ധതിയും വനിതാ-ശിശു വികസന മന്ത്രാലയത്തിന്റെ എംഡബ്ല്യൂസിഡി പദ്ധതിയും സംയോജിത ശിശു വികസന പദ്ധതിയും സംയോജിപ്പിച്ചുകൊണ്ട് അംഗൻവാടി കേന്ദ്രങ്ങൾ നിർമ്മിക്കുകയുണ്ടായി. എംജിഎൻആർഇജി പദ്ധതിയിൽ ഒരു അംഗൻവാടിയ്ക്ക് ₹അഞ്ചു ലക്ഷം എന്ന നിരക്കിൽ നൽകുകയും, നിർമ്മാണത്തിനു വേണ്ടി വരുന്ന അധിക തുക, സംയോജിത ശിശു വികസന പദ്ധതിയും/എംഡബ്ല്യൂസിഡിയും കൂടിയോ അല്ലെങ്കിൽ മറ്റേതെങ്കിലും പദ്ധതിയിൽ നിന്നോ കണ്ടെത്തണമായിരുന്നു. എംജിഎൻആർഇജി പദ്ധതി വിഹിതം 2023 ജനുവരി മുതൽ ₹എട്ട് ലക്ഷമായി വർദ്ധിപ്പിച്ചു.

923 അംഗൻവാടി കേന്ദ്രങ്ങളുടെ നിർമ്മാണത്തിനായി, കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും വിഹിതമായി ₹18.46 കോടി സംസ്ഥാന മിഷനു ലഭിക്കുകയുണ്ടായി (2017 മാർച്ച്). 675 അംഗൻവാടി കേന്ദ്രങ്ങളുടെ നിർമ്മാണം ഏറ്റെടുത്തെങ്കിലും, ₹5.25 കോടി ചെലവഴിച്ച് 301 അംഗൻവാടി കേന്ദ്രങ്ങൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത് (2024 മാർച്ച്). പരിശോധനാവിധേയമായ ഗ്രാമ പഞ്ചായത്തുകളിലെ അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണ രേഖകളുടെ സൂക്ഷ്മ പരിശോധനയിൽ, താഴെപ്പറയുന്നവ വെളിപ്പെട്ടു:

- കാട്ടാക്കട ഗ്രാമ പഞ്ചായത്ത് 2018 മാർച്ചിൽ ഒരു അംഗൻവാടി കെട്ടിടത്തിന്റെ പ്രവൃത്തി തുടങ്ങി (വർക്ക് കോഡ് :1614011002/AV/2182). എംഐഎസ് അനുസരിച്ച്, ₹4.27 ലക്ഷം ചെലവഴിച്ച്, 2021–22ൽ കെട്ടിടം പൂർത്തിയാക്കി. എന്നാൽ, സംയുക്ത ഭൗതിക പരിശോധനയിൽ (2024 ഡിസംബർ) തറയിടീലും വൈദ്യുതീകരണവും പ്രവൃത്തികൾ നടക്കാതെ, കെട്ടിടം അപൂർണ്ണാവസ്ഥയിലാണെന്ന് ഓഡിറ്റ് കണ്ടെത്തി. തറയിടീലും വൈദ്യുതീകരണവും ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതും ₹5 ലക്ഷത്തിന് ടിഎസ് നൽകിയതുമെന്ന് കണ്ടു. അവിദഗ്ധ വേതന ഘടകം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും അവിദഗ്ധ വേതനത്തിനായി ചെലവൊന്നും നടത്തിയിട്ടില്ല.

- മലമ്പുഴ ഗ്രാമ പഞ്ചായത്ത് അംഗൻവാടി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി ₹10.85 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി. 2018 മാർച്ചിൽ പ്രവൃത്തി തുടങ്ങിയെങ്കിലും ₹1.69 ലക്ഷം മാത്രം ചെലവഴിച്ച് (2024 മാർച്ച്) പ്രവൃത്തി അപൂർണ്ണമായി നിലനിൽക്കുകയാണ്. അടിത്തറ മാത്രമേ കെട്ടിയിട്ടുള്ളൂ എന്നും സൈറ്റ് ഉപേക്ഷിക്കപ്പെട്ട നിലയിൽ ആയിരുന്നു എന്നും സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

പ്രവൃത്തി തുടങ്ങി ആറു വർഷങ്ങൾക്കുശേഷവും അംഗൻവാടി കെട്ടിടങ്ങൾ അപൂർണ്ണാവസ്ഥയിൽ തുടരുന്നത് ഏറ്റെടുത്ത പ്രോജക്ടുകളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകളുടെ അലംഭാവത്തെ സൂചിപ്പിക്കുന്നു. ഇത് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാതിരിക്കുന്നതിനും ₹5.96 ലക്ഷത്തിന്റെ നിഷ്ഫലചെലവിനും ഇടയാക്കി.

അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

### 6.7.2 മരം വെച്ച് പിടിപ്പിക്കൽ പദ്ധതിയിൽ നട്ട തൈകൾ പരിപാലിക്കാത്തതു മൂലം ഉണ്ടായ പാഴ്ച്ചെലവ്

എംജിഎൻആർഇജി നിയമം, 2005 അനുസരിച്ച് 'മരം വെച്ച് പിടിപ്പിക്കൽ' ഈ പദ്ധതിക്ക് കീഴിൽ അനുവദനീയമായ ഒരു പ്രവൃത്തിയാണ്. നിയമത്തിന്റെ ഷെഡ്യൂൾ I ഖണ്ഡിക 5ൽ ഉൾപ്പെടുത്തിയിട്ടുള്ള ദുർബല കുടുംബങ്ങൾക്ക് ഫലഭോഗത്തിനുള്ള അവകാശം നൽകിക്കൊണ്ട് പൊതു-വന ഭൂമികളിലും റോഡരികുകളിലും കനാൽ ബണ്ടുകളിലും കുളക്കരകളിലും തീരദേശമേഖലകളിലും വനവൽക്കരണവും മരം നടീലും ഉദ്യാനകൃഷിയും നടപ്പാക്കാവുന്നതാണ്. വാർഷിക മാസ്റ്റർ സർക്കുലറുകൾ (എഎംസി) ഖണ്ഡിക 7.6 അനുസരിച്ച്, 'മരം വെച്ച് പിടിപ്പിക്കൽ' പ്രവൃത്തികളിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തൊഴിലിന്റെയും സാധനസാമഗ്രികളുടെയും ചെലവും മൂന്ന് മുതൽ അഞ്ചു വർഷം വരെ സംരക്ഷണകാലയളവും (സ്പീഷിസ് അനുസരിച്ച്) ഉൾപ്പെടും. കൂടാതെ, തോട്ടങ്ങളുടെ സംരക്ഷണത്തിന് കിടങ്ങും വരമ്പും താങ്ങായ ജൈവ വേലിയാണ് അഭികാമ്യം. ഒറ്റയ്ക്കുള്ള സസ്യത്തിന്റെ സംരക്ഷണത്തിന്, തദ്ദേശീയമായി ലഭ്യമായ മുളപോലെയുള്ള സസ്യഭാഗങ്ങൾ ഉപയോഗിച്ചു തയ്യാറാക്കുന്ന വൃക്ഷ സംരക്ഷണ കവചങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്.

പരിശോധനാവിധേയമായ മൂന്നു ഗ്രാമപഞ്ചായത്തുകൾ[16] ₹5.14 ലക്ഷം ചെലവിൽ നടപ്പാക്കിയ നാലു മരം വെച്ച് പിടിപ്പിക്കൽ പ്രവൃത്തികളുടെ സൂക്ഷ്മ പരിശോധനയിൽ, രണ്ടു പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ തൈകൾക്ക് ആവശ്യമായ വേലികളും സംരക്ഷണകവചങ്ങളും ഉൾപ്പെടുത്തിയിരുന്നില്ല എന്ന് വെളിപ്പെട്ടു. സംയുക്ത ഭൗതിക പരിശോധനയിൽ (2024 ജൂൺ) പരിശോധനാവിധേയമായ നാലു സൈറ്റുകളിൽ ഒന്നിലും തൈകൾ നട്ടതിന്റെ ഒരു ലക്ഷണവും ഇല്ലായിരുന്നെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. സംരക്ഷണത്തിന്റെ അഭാവമാണ് നട്ട തൈകളുടെ നാശത്തിന് കാരണമായത്. അങ്ങനെ, മരം വെച്ച് പിടിപ്പിക്കൽ പദ്ധതിയുടെ ഉദ്ദേശ്യം, അതായത്, വനവൽക്കരണവും ദരിദ്ര ജനതയുടെ ഉപജീവന ലഭ്യതയും, യാഥാർത്ഥ്യമാകാതെ, ₹5.14 ലക്ഷത്തിന്റെ പാഴ് ചെലവിനു കാരണമായി.

### 6.7.3 ഭൂവികസന പ്രവൃത്തികളുടെ നിർവ്വഹണം

എംജിഎൻആർഇജി നിയമം അനുസരിച്ച്, ഭൂവികസനത്തിനു കീഴിൽ 'എ'യും 'ബി'യും വിഭാഗങ്ങളിൽപ്പെട്ട ജോലികൾ അനുവദനീയമായ പ്രവൃത്തികളാണ്. വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഭൂവികസന പ്രവൃത്തികൾ 15 മുതൽ 25 വർഷങ്ങൾ വരെ ഉത്പാദനക്ഷമമായി നിലനിൽക്കണം.

ഷെഡ്യൂൾ I ഖണ്ഡിക 5ൽ പ്രസ്താവിച്ചിട്ടുള്ള കുടുംബങ്ങൾക്കു മാത്രമായിരുന്നു വ്യക്തിഗത കുടുംബങ്ങളുടെ ഭൂമിയിലെ ഭൂവികസന പ്രവൃത്തികൾ അനുവദനീയമെങ്കിലും, പരിശോധനാവിധേയമായ രണ്ടു ഗ്രാമ പഞ്ചായത്തുകൾ[17] എസ്എച്ച്ജികൾ/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (ജെഎൽജികൾ) മൂന്ന് വ്യക്തിഗത ഭൂവികസന പ്രവൃത്തികൾ അനുവദിച്ചുനല്കിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ ഭൂവികസന പ്രവൃത്തികൾക്കായി ₹7.30 ലക്ഷം ചെലവായി. എന്നാൽ, പ്രസ്തുത ഭൂമി, എസ്എച്ച്ജികൾ/ജെഎൽജികൾ മൂന്നു വർഷത്തേയ്ക്ക് പാട്ടത്തിനെടുത്തവയായിരുന്നു എന്ന് ഓഡിറ്റ് കണ്ടെത്തി. സംയുക്ത ഭൗതിക പരിശോധനയിൽ പാട്ടക്കാലയളവിൽ പോലും വികസന പ്രവൃത്തികൾ നടത്തിയ ഭൂമിയിൽ കാർഷിക വൃത്തിയുടെ ലക്ഷണങ്ങളൊന്നും തന്നെ കണ്ടില്ല.

---

[16] മലമ്പുഴ, കുംബള, മരുർ ഗ്രാമപഞ്ചായത്തുകൾ

[17] അഞ്ചുതെങ്ങ്, മുദാക്കൽ ഗ്രാമപഞ്ചായത്തുകൾ

ഉല്പാദനക്ഷമത കൂട്ടാൻ ലക്ഷ്യമിട്ടുള്ള ഭൂവികസന പ്രവൃത്തികൾ, നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഗുണഭോക്താക്കളുടേതല്ലാത്ത ഭൂമിയിൽ നിർവ്വഹിച്ചതും വികസിപ്പിച്ച ഭൂമികളിൽ കാർഷിക വൃത്തികൾ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്തുകളുടെ ഭാഗത്തുണ്ടായ വീഴ്ചയും കൂടി ചേർത്ത് നോക്കുമ്പോൾ, പദ്ധതിയുടെ ലക്ഷ്യങ്ങളുമായി ഒത്തുപോകാനുള്ള ഗ്രാമപഞ്ചായത്തുകളുടെ അലംഭാവത്തെ സൂചിപ്പിക്കുന്നു.

ഇത് ആവർത്തിക്കുന്നത് തടയാൻ ഉചിതമായ നടപടികൾ നടപ്പാക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

### 6.7.4 ആട്ടിൻഷെഡ്ഡുകളുടെ നിർമ്മാണം

നിയമത്തിന്റെ ഖണ്ഡിക 5ന്റെ കീഴിലെ കുടുംബങ്ങളുടെ ഭൂമിയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ബി വിഭാഗത്തിലെ പ്രവൃത്തിക്കനുസൃതമായി കുറ്റിച്ചൽ ഗ്രാമ പഞ്ചായത്തും പുതുശ്ശേരി ഗ്രാമ പഞ്ചായത്തും ആട്ടിൻകൂടുകളുടെ നിർമ്മാണം ഏറ്റെടുത്തു. എന്നാൽ, താഴെ വിവരിച്ചിരിക്കുന്നതുപോലെ, ഗുണഭോക്താക്കൾ സാധന സാമഗ്രികൾ വാങ്ങാൻ ചെലവഴിച്ച തുക ലഭിക്കാത്തതിനാൽ രണ്ടു ഗ്രാമ പഞ്ചായത്തുകളിലും നിർമ്മിച്ച ആട്ടിൻകൂടുകൾ ഒന്നുകിൽ അപൂർണ്ണമോ അല്ലെങ്കിൽ ഉപയോഗപ്പെടുത്താതെയോ നിലകൊള്ളുകയായിരുന്നു എന്ന് സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റ് നിരീക്ഷിച്ചു:

**കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്** - എംഐഎസ് പ്രകാരം, ₹75,760 എസ്റ്റിമേറ്റിൽ ആട്ടിൻഷെഡ് നിർമ്മാണം 2021 നവംബറിൽ തുടങ്ങുകയും 2024 ജനുവരിയിൽ പൂർത്തീകരിക്കുകയും എംഐഎസിൽ ₹2,037 ചെലവായതായി രേഖപ്പെടുത്തുകയും ചെയ്തു. ആട്ടിൻഷെഡ് നിർമ്മാണം പൂർത്തിയായില്ലെന്നും അടിത്തറ മാത്രമേ കെട്ടിയിരുന്നുള്ളൂ എന്നും സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തി (2024 ഓഗസ്റ്റ്). പണം കടം വാങ്ങിയാണ് പ്രവൃത്തി തുടങ്ങിയതെന്നും സാധനസാമഗ്രികൾക്കായി ചെലവു ചെയ്ത തുക ഗ്രാമ പഞ്ചായത്തിൽ നിന്ന് എപ്പോൾ മടക്കിക്കിട്ടുമെന്ന് ഒരുറപ്പുമില്ലാത്തതിനാൽ സാധന സാമഗ്രി നല്കിയിരുന്ന വ്യാപാരി വായ്പയായി സാധനസാമഗ്രികൾ തരുന്നതു നിർത്തിയെന്നു ഗുണഭോക്താവ് പ്രസ്താവിച്ചു. സ്വന്തം ആടുകളെ വിറ്റാണ് ആട്ടിൻഷെഡ് നിർമ്മാണത്തിന് കടം വാങ്ങിയ പണം ഗുണഭോക്താവ് തിരികെക്കൊടുത്തത് എന്നും ഗുണഭോക്താവ് പറഞ്ഞു.

**പുതിശ്ശേരി ഗ്രാമപഞ്ചായത്ത്** - മൊത്തം ₹73,108 ചെലവാക്കിയാണ് 2020-21ൽ ആട്ടിൻഷെഡ് നിർമ്മിച്ചത്. എന്നാൽ, പ്രസ്തുത കുടുംബം ആടുകളെ വളർത്തുന്നില്ലെന്ന് സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മറ്റ് മാർഗ്ഗങ്ങൾ വഴി പണം കടം വാങ്ങിയാണ് ആട്ടിൻഷെഡ് നിർമ്മിച്ചതെന്നും സാധനസാമഗ്രികൾക്ക് ചെലവായ തുക കിട്ടാൻ താമസിച്ചതുകാരണം കുടുബം ആടുകളെ വിറ്റ്, ആട്ടിൻഷെഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കടം വീട്ടുകയായിരുന്നു എന്നും ഗുണഭോക്താവ് പറഞ്ഞു. 2021 മാർച്ചിൽ പ്രവൃത്തി പൂർത്തിയായിരുന്നെങ്കിലും സാധനസമാഗ്രികൾക്കുള്ള ഫണ്ട് കൈമാറുന്നതിനുള്ള ഉത്തരവ്, 2023 ജനുവരിയിൽ, അതായത് 22 മാസങ്ങൾക്കുശേഷം, മാത്രമാണ് തയ്യാറാക്കിയതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

സാധനസാമഗ്രികൾക്ക് ചെലവായ തുക സമയോചിതമായി നൽകുന്നതിൽ സംസ്ഥാന/ഗ്രാമ പഞ്ചായത്തുകളുടെ ഭാഗത്തുണ്ടായ വീഴ്ച കാരണം, കുടുംബങ്ങൾക്ക് ഉദ്ദേശിച്ച പ്രയോജനം ലഭിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഫണ്ടുകളുടെ സമയോചിത ലഭ്യത ഉറപ്പു വരുത്താൻ ഉചിതമായ നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

### 6.7.5 തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ വിപണന കേന്ദ്രത്തിന്റെ നിർമ്മാണം

തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് ₹3.73 ലക്ഷം ചെലവഴിച്ച് പദ്ധതിക്കുകീഴിൽ ഒരു വിപണന കേന്ദ്രം പണികഴിപ്പിക്കുകയുണ്ടായി (2021 ഓഗസ്റ്റ്). സംയുക്ത ഭൗതിക പരിശോധനയിൽ (2024 നവംബർ) കെട്ടിടം ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു എന്നും

പണിപൂർത്തിയാക്കിയതിനു ശേഷം ഉപയോഗമില്ലാതെ തുടരുകയായിരുന്നെന്നും ഓഡിറ്റ് കണ്ടെത്തി. കെട്ടിടം പിഡബ്ല്യുഡി റോഡിന് അഭിമുഖം അല്ലാതിരുന്നതിനാൽ കച്ചവടക്കാർ അതിൽ വ്യാപാരം തുടങ്ങാൻ വിസമ്മതിച്ചതായി തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്താവിച്ചു. അനുചിതമായ സൈറ്റിന്റെ തിരഞ്ഞെടുപ്പ്, പ്രവൃത്തിക്കുവേണ്ടി ചെലവഴിച്ച ₹3.73 ലക്ഷം നിഷ്ഫലമാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

ആവശ്യമായ നടപടികളെടുക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

## 6.8 എംഐഎസ് ലോഗിൻ ക്രെഡൻഷ്യലുകളുടെ പോരായ്മകൾ

തിരഞ്ഞെടുത്ത/പരിശോധിച്ച ഓരോ ഗ്രാമ പഞ്ചായത്തിലും രണ്ടു മുതൽ മൂന്നു വരെ അക്കൗണ്ടന്റ് കം ഐടി അസിസ്റ്റന്റുമാർ (എഐടിഎ) ഉണ്ടായിരുന്നു. എഐടിഐകളുടെ ചുമതലകളിൽ, ഭൂരിഭാഗവും എംഐഎസ്‌ലെ ഡാറ്റാ എൻട്രിയുമായി ബന്ധപ്പെട്ടവയായിരുന്നു. അതായത്, രജിസ്ട്രേഷൻ, ഡിമാൻഡ് തയ്യാറാക്കൽ, തൊഴിൽ സൃഷ്ടിക്കൽ, യഥാസമയം വേതനം നൽകൽ, ലേബർ ബഡ്ജറ്റ് തയ്യാറാക്കൽ, മസ്റ്റർ റോൾ ഉണ്ടാക്കൽ, ജോബ് കാർഡ് തയ്യാറാക്കൽ, വിദഗ്ധ/അർദ്ധവിദഗ്ധ തൊഴിലാളികളുടെ രജിസ്ട്രേഷൻ പുതുക്കൽ, എംഐഎസിൽ പ്രവൃത്തിക്കുള്ള ഡിമാൻഡ് സൃഷ്ടിക്കൽ, മസ്റ്റർ റോളുകൾ സൃഷ്ടിക്കാൻ ബ്ലോക്ക് പഞ്ചായത്തിനെ അറിയിക്കൽ, മസ്റ്റർ റോൾ പൂരിപ്പിക്കൽ, വിദഗ്ധ അർദ്ധവിദഗ്ധ അവിദഗ്ധ തൊഴിലാളികളുടെ വേതന ലിസ്റ്റ് തയ്യാറാക്കൽ, ഫണ്ട് കൈമാറ്റ ഉത്തരവുകൾ തയ്യാറാക്കാൻ സെക്രട്ടറിക്കു വേതന ലിസ്റ്റുകൾ അയച്ചുകൊടുക്കൽ, വെൻഡർ രജിസ്ട്രേഷൻ, എംഐഎസിൽ വെൻഡർ അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തൽ, അക്കൗണ്ടുകൾ ഫ്രീസ് ചെയ്യൽ, സാധന സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ, പിഎഫ്എംഎസ്/എൻഇഎഫ്എംഎസിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ രേഖപ്പെടുത്തൽ, നിരസിക്കപ്പെട്ട ഫണ്ട് കൈമാറ്റ ഉത്തരവുകൾ റീ പ്രോസസ്സ് ചെയ്യൽ മുതലായവ.

തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലെ എംഐഎസ് പരിശോധിച്ചപ്പോൾ ഓരോ ഗ്രാമ പഞ്ചായത്തിലും രണ്ടു മുതൽ മൂന്നു വരെ എഐടിഎകൾ ഉണ്ടായിരുന്നെങ്കിലും എംഐഎസ്‌ലെ ഡാറ്റാ എൻട്രിക്കായി ഒരൊറ്റ യൂസർനെയിമും പാസ്‌വേർഡും മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതിനാൽ, ലോഗിൻ ക്രെഡൻഷ്യലുകൾ ഓരോ ഗ്രാമ പഞ്ചായത്തിലെയും എഐടിഎകൾ പരസ്പരം പങ്കുവയ്ക്കുകയും എംഐഎസ് ഡേറ്റയിൽ എന്തെങ്കിലും പിശകു വരുത്തുകയോ എന്തെങ്കിലും തിരിമറി നടത്തുകയോ ചെയ്ത ഉപയോക്താവിനെ തിരിച്ചറിയാൻ സാധ്യമാകാതെ വരുകയും ചെയ്തു. അനേകം ഉപയോക്താക്കൾ ഒരൊറ്റ യൂസർനെയിമും പാസ്‌വേർഡും ഉപയോഗിക്കുന്നത്, ഡാറ്റാ തിരിമറിയുടെ കാര്യത്തിൽ യഥാർത്ഥ ഉത്തരവാദിയെ കണ്ടെത്തുന്നതിന് തടസമാകുന്നു.

ജീവനക്കാർക്ക് വെവ്വേറെ ലോഗിൻ ക്രെഡൻഷ്യലുകൾ ഉണ്ടെന്ന് ഉറപ്പു വരുത്താൻ ആവശ്യമായ നടപടികളെടുക്കുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

## 6.9 പ്രവൃത്തികളുടെ ജിയോ-ടാഗിങ് മുടങ്ങിക്കിടക്കൽ

2013ലെ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ, സുതാര്യത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ, എല്ലാ എംജിഎൻആർഇജിഎസ് ആസ്തികളുടെയും ജിയോ-ടാഗിങ് നിഷ്കർഷിച്ചു. പ്രവൃത്തി തുടങ്ങുന്നതിനു മുൻപും (സ്റ്റേജ് I) മധ്യഘട്ടത്തിലും (സ്റ്റേജ് II) പൂർത്തീകരണത്തിനു ശേഷവും (സ്റ്റേജ് III) പ്രവൃത്തിയുടെ സൈറ്റിന്റെ ജിയോ ടാഗ് ചെയ്തതും സമയമുദ്ര പതിച്ചതുമായ ഫോട്ടോഗ്രാഫുകൾ പ്രോജക്റ്റ് പൂർത്തീകരണ റിപ്പോർട്ടുമായി ചേർക്കുകയും മൂന്നു ഘട്ടങ്ങളിൽ-പ്രവൃത്തിയുടെ ആരംഭം, മധ്യഘട്ടം, പൂർത്തീകരണം-എൻആർഇജിഎ സോഫ്റ്റിലേക്ക് അപ്‌ലോഡ് ചെയ്യുകയും വേണം. പൂർത്തീകരിച്ച പ്രവൃത്തികളുടെ കാര്യത്തിൽ, പൂർത്തീകരണം കഴിഞ്ഞ് 30 ദിവസത്തിനുള്ളിൽ ജിയോ-ടാഗ് ചെയ്തിരിക്കണം.

തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ 2019 മുതൽ 2024 വരെയുള്ള കാലയളവിൽ സൃഷ്ടിച്ച ആസ്തികളുടെ ജിയോ-ടാഗിങ്ങ് സംബന്ധിച്ച എംഐഎസ് ഡേറ്റയുടെ സൂക്ഷ്മ പരിശോധന താഴെപ്പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തി:

- സ്റ്റേജ് Iൽ 74,770 പ്രവൃത്തികളിൽ (2024 ഡിസംബർ) 11,157 പ്രവൃത്തികൾ (14.92 ശതമാനം) ഷെയർ ചെയ്തെങ്കിലും ജിയോ-ടാഗ് ചെയ്തില്ല. 807 (1.08 ശതമാനം) പ്രവൃത്തികൾ ഷെയർ ചെയ്യാതെ അവശേഷിച്ചു.
- സ്റ്റേജ് IIൽ 59,254 പ്രവൃത്തികളിൽ 2,055 പ്രവൃത്തികൾ (3.47 ശതമാനം) ഷെയർ ചെയ്തെങ്കിലും ജിയോ-ടാഗ് ചെയ്തില്ല. 1,932 (3.26 ശതമാനം) പ്രവൃത്തികൾ ഷെയർ ചെയ്യാതെ അവശേഷിച്ചു.
- സ്റ്റേജ് IIIൽ, 48,655 പ്രവൃത്തികളിൽ 6,946 (14.28 ശതമാനം) പ്രവൃത്തികൾ ഷെയർ ചെയ്തെങ്കിലും ജിയോ-ടാഗ് ചെയ്തില്ല.

പ്രവൃത്തികൾ ജിയോ-ടാഗ് ചെയ്യാതിരുന്നത് പ്രവൃത്തി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് വിഭാവനം ചെയ്ത മാർഗ്ഗ നിർദ്ദേശങ്ങളുടെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഗ്രാമ പഞ്ചായത്തുകളുടെ ഭാഗത്തുണ്ടായ അലംഭാവം സൂചിപ്പിക്കുന്നു.

## 6.10 എംജിഎൻആർഇജി പദ്ധതി വേതനങ്ങൾ ക്രമരഹിതമായി നൽകിയത്

അട്ടപ്പാടി, അഗളിയിലെ ഗോത്രവർഗ്ഗ കുടുംബശ്രീയിൽ ജോലി ചെയ്യുന്ന 11 ആനിമേറ്റർമാർ[18] തങ്ങൾ ആനിമേറ്റർമാരായി ജോലിചെയ്തു എന്നവകാശപ്പെടുന്ന അതേ ദിവസങ്ങളിൽ തന്നെ എംജിഎൻആർഇജി പദ്ധതിയിലെ ജോലികളിൽ ഹാജർ രേഖപ്പെടുത്തിയിരുന്നു എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതുപോലെ തന്നെ, പുതൂർ ഗ്രാമപഞ്ചായത്തിലെയും അഗളി ഗ്രാമപഞ്ചായത്തിലെയും അംഗങ്ങൾക്ക് അവർ പഞ്ചായത്തുകളുടെ ബോർഡ് യോഗങ്ങളിൽ പങ്കെടുത്ത അതേ ദിവസങ്ങളിൽ തന്നെ അവിദഗ്ധ വേതനങ്ങൾ നൽകി. ഈ കേസുകളിൽ ₹0.98 ലക്ഷം ക്രമരഹിതമായി വേതനമായി നല്കി. വിശദാംശങ്ങൾ **അനുബന്ധം 6.3ൽ** നൽകിയിരിക്കുന്നു. മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരുന്നതുപോലെ, മേറ്റ്മാരെ വിന്യസിക്കാതിരുന്നതും എംജിഎൻആർഇജി പദ്ധതി പ്രവൃത്തികളിൽ ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കുറഞ്ഞ നിരീക്ഷണവും വ്യാജ ഹാജർ രേഖപ്പെടുത്തുന്നതിനു കാരണമായി.

[18] പട്ടികവർഗ്ഗ മേഖലകളിലെ കുടുംബശ്രീ മിഷന്റെ കമ്മ്യൂണിറ്റി റിസോഴ്സ് വ്യക്തികൾ



ഷോളയൂർ ഗ്രാമപഞ്ചായത്തിലെ കല്ലുകര തോടിൽ തടയണ നിർമ്മാണം
വർക്ക് കോഡ് : 1606002003/WC/490961

അദ്ധ്യായം
7

# നിരീക്ഷണവും പരാതിപരിഹാരവും സോഷ്യൽ ഓഡിറ്റും

അദ്ധ്യായം

# 7

# നിരീക്ഷണവും പരാതിപരിഹാരവും സോഷ്യൽ ഓഡിറ്റും

സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ (എസ്ഇജിസി), പദ്ധതിയുടെ ഫലങ്ങളെക്കുറിച്ച് ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന നിയമസഭയിൽ സമർപ്പിക്കേണ്ടതായിരുന്നെങ്കിലും, 2021-2022, 2023-24 എന്നീ വർഷങ്ങളിലേക്കുള്ള വാർഷിക റിപ്പോർട്ടുകൾ മാത്രമാണ് തയ്യാറാക്കപ്പെട്ടത്. ഒരു റിപ്പോർട്ടും നാളിതുവരെ (2024 മാർച്ച് ) സംസ്ഥാന നിയമസഭയിൽ സമർപ്പിച്ചിട്ടില്ല. സംസ്ഥാന വിജിലൻസ് സെൽ (എസ്‌വിസി) രൂപീകരിച്ചെങ്കിലും മാർഗ്ഗനിർദ്ദേശങ്ങളിൽ വിഭാവനം ചെയ്തിരുന്നതുപോലെ പ്രവർത്തിക്കുന്നതിനായി സെല്ലിനെ ശാക്തീകരിക്കാൻ തുടർ ഉത്തരവുകളോ/മാർഗ്ഗനിർദ്ദേശങ്ങളോ സംസ്ഥാനം പുറപ്പെടുവിച്ചില്ല. സംസ്ഥാന തലത്തിൽ ഡയറക്ടറെ (ക്യുഎം) നിയമിക്കാത്തതും സംസ്ഥാന, ജില്ലാ ക്വാളിറ്റി മോണിറ്റർമാരെ നിയമിക്കുന്നതിലെ കാലതാമസവും മൂലം എംജിഎൻആർഇജി പദ്ധതിക്ക് കീഴിൽ സമർപ്പിച്ച ആസ്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുക എന്ന പ്രധാന വശം സംസ്ഥാനം അവഗണിക്കുകയുണ്ടായി. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവ ഓംബുഡ്സ്പേർസൺമാരുടെ അവാർഡുകളിന്മേൽ എടിആർ സമർപ്പിക്കാത്തത്, പരാതികളുടെ തൽസ്ഥിതി അറിയുന്നതിനുള്ള ഫലപ്രദമായ സംവിധാനത്തിന്റെ അഭാവം മുതലായവ, എംജിഎൻആർഇജി പദ്ധതി നടപ്പാക്കുന്നതിലെ സുതാര്യത ഉറപ്പുവരുത്തുന്നതിൽ ഓംബുഡ്സ്പേർസൺസിന്റെ പ്രവർത്തന രീതിയിലെ പോരായ്മ സൂചിപ്പിക്കുന്നു. സോഷ്യൽ ഓഡിറ്റിനായി നൽകുന്ന കേന്ദ്ര സർക്കാർ ഫണ്ട് ₹50.71 കോടി കുറച്ചായിരുന്നു അനുവദിച്ചത്. ഗ്രാമപഞ്ചായത്തുകളിൽ നടത്തിയ സോഷ്യൽ ഓഡിറ്റ് 2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ 21.52 ശതമാനം മുതൽ 98.72 ശതമാനം വരെയായിരുന്നു.

എംജിഎൻആർഇജി പദ്ധതിയുടെ നിർവ്വഹണത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗണ്യമായ ഫണ്ടുകളും സംസ്ഥാനത്തുടനീളം ഉള്ള 941 ഗ്രാമപഞ്ചായത്തുകളിലെ നടപ്പാക്കലും ചേർന്ന്, പദ്ധതിയുടെ നിരീക്ഷണവും മൂല്യനിർണ്ണയവും വെല്ലുവിളി ഉയർത്തുന്നതാക്കി മാറ്റി അതിനാൽ പദ്ധതിക്ക് കരുത്തുള്ളതും കാര്യക്ഷമവുമായ ഒരു നിരീക്ഷണ, മൂല്യനിർണ്ണയ, അവലോകന സംവിധാനം ഉണ്ടായിരിക്കേണ്ടത് അനിവാര്യമായി മാറി. 2013ലെ എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിലെ അദ്ധ്യായം 14ൽ ക്വാളിറ്റി മാനേജ്മെന്റ് ഗുണമേന്മാ നിരീക്ഷണത്തിന്റെയും വിവിധ വശങ്ങൾ സ്പഷ്ടമാക്കുന്നു. എംജിഎൻആർഇജിഎസ് ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതിയായതിനാൽ സൃഷ്ടിക്കപ്പെട്ട ആസ്തികൾ ലക്ഷ്യങ്ങൾ കൈവരിക്കുന്നു എന്നും അവ ദീർഘനാൾ നിലനിൽക്കുന്നവയാണെന്നും ഉറപ്പുവരുത്തുന്നതിന് ക്വാളിറ്റി മാനേജ്മെന്റ് സുപ്രധാനമാണ്. ക്വാളിറ്റി മാനേജ്മെന്റിന് സൈറ്റിലെ ഗുണമേന്മാ നിയന്ത്രണം, ഗുണമേന്മാ മേൽനോട്ടം, ഗുണമേന്മാ നിരീക്ഷണം എന്നിങ്ങനെ മൂന്ന് വ്യത്യസ്ത വശങ്ങളുണ്ട്. ക്വാളിറ്റി മാനേജ്മെന്റിന് പുറമേ, സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ, സോഷ്യൽ ഓഡിറ്റ്, പരാതി പരിഹാര സംവിധാനത്തിലൂടെയുള്ള സുതാര്യതയും ഉത്തരവാദിത്തവും, ഓംബുഡ്സ്പേർസൺ സംവിധാനം എന്നിവയും എംജിഎൻആർഇജി പദ്ധതി നിരീക്ഷണത്തിന്റെ ഭാഗമാകുന്നു. സംസ്ഥാനത്തെയും ജില്ലകളിലെയും പരിശോധനാ വിധേയമായ പിആർഐകളിലെയും നിരീക്ഷണ സംവിധാനത്തിന്റെ വിശകലനം താഴെപ്പറയുന്ന കാര്യങ്ങൾ വെളിപ്പെടുത്തി.

## 7.1 നിരീക്ഷണ ചട്ടക്കൂട്

2005ലെ എംജിഎൻആർഇജി നിയമവും 2013ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും സംസ്ഥാനതല, ജില്ലാതല നിരീക്ഷണത്തിനായി വിജിലൻസും നിരീക്ഷണ കമ്മിറ്റികളും, ജില്ലാ ക്വാളിറ്റി മോണിറ്റർമാർ, സംസ്ഥാന ക്വാളിറ്റി മോണിറ്റർമാർ, സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ, സോഷ്യൽ ഓഡിറ്റ് യൂണിറ്റ് വഴിയുള്ള സോഷ്യൽ ഓഡിറ്റ് എന്നിവ നിർദ്ദേശിക്കുന്ന നിരീക്ഷണചട്ടക്കൂട്, **ചാർട്ട് 7.1ൽ** ചിത്രീകരിച്ചിരിക്കുന്നു:

**ചാർട്ട് 7.1 : എംജിഎൻആർഇജിഎസ് പ്രവൃത്തികളുടെ സംസ്ഥാന തലത്തിലുള്ള നിരീക്ഷണചട്ടക്കൂട്**




*(ഉറവിടം : 2005ലെ എംജിഎൻആർഇജി നിയമവും 2013ലെ എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളും)*

### 7.1.1 സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ പ്രവർത്തനം

സംസ്ഥാനതലത്തിൽ 2005ലെ എംജിഎൻആർഇജി നിയമത്തിന്റെ നിർവ്വഹണത്തെ സ്ഥിരമായി നിരീക്ഷിക്കുകയും അവലോകനം ചെയ്യുകയും എന്ന ഉദ്ദേശ്യത്തോടെ നിയമത്തിലെ സെക്ഷൻ 12, സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ (എസ്ഇജിസി) രൂപീകരണം വിഭാവനം ചെയ്യു. പദ്ധതി നിർവ്വഹണത്തിൽ സർക്കാരിനെ ഉപദേശിക്കുന്നതിനും അതു വിലയിരുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി എൽഎസ്ജിഡി മന്ത്രി അദ്ധ്യക്ഷനായി, 2009 സെപ്റ്റംബറിൽ എസ്ഇജിസി രൂപീകരിക്കപ്പെട്ടു.

2005ലെ എംജിഎൻആർഇജി നിയമത്തിന്റെ സെക്ഷൻ 12(3) അനുസരിച്ച്, എസ്ഇജിസി, പദ്ധതിഫലങ്ങളെക്കുറിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ മേൽനോട്ടം ഉറപ്പാക്കുന്നതിനായി അത് സംസ്ഥാന നിയമ സഭയിൽ സമർപ്പിക്കുകയും വേണം. ഈ റിപ്പോർട്ടിൽ മറ്റ് സംഗതികൾക്കൊപ്പം, സോഷ്യൽ ഓഡിറ്റിന്റെ കണ്ടെത്തലുകളിൻമേൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികളുടെ വിവരങ്ങൾ, ഓംബുഡ്സ്പേഴ്സൺ തീർപ്പാക്കിയ കേസുകളുടെ സംഗ്രഹം എന്നിവയും ഉൾക്കൊള്ളിച്ചിരിക്കണം. 2021-2022, 2023-24 വർഷങ്ങളിലേക്കുള്ള വാർഷിക റിപ്പോർട്ടുകൾ മാത്രമേ എസ്ഇജിസി തയ്യാറാക്കിയിരുന്നുള്ളൂ എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മാത്രമല്ല, നാളിതുവരെ (2024 മാർച്ച് ) ഒരു റിപ്പോർട്ടും സംസ്ഥാന നിയമസഭയിൽ സമർപ്പിച്ചിട്ടില്ല.

ഇത് നിയമത്തിലെ വ്യവസ്ഥകളുടെയും അതുപോലെ തന്നെ എംഒആർഡിയുടെ മാർഗ്ഗനിർദ്ദേശങ്ങളുടെയും ലംഘനവുമായിരുന്നു. അതിലുപരി, ഏറ്റവും ഉയർന്ന തലത്തിൽ വിഭാവനം ചെയ്യപ്പെട്ട പദ്ധതിയുടെ നിരീക്ഷണവും നിയന്ത്രണവും വെറുമൊരു ഔപചാരിക ചടങ്ങായി ചുരുങ്ങുകയും, എക്സിക്യൂട്ടീവിന് നിയമസഭയോടുള്ള ഉത്തരവാദിത്തം കുറയ്ക്കുകയും ചെയ്യു.

2021-22, 2023-24 വർഷങ്ങളിലേയ്ക്കുള്ള വാർഷിക റിപ്പോർട്ടുകൾ എസ്ഇജിസി അംഗീകരിച്ചതായി സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). എന്നാൽ റിപ്പോർട്ടുകൾ നാളിതുവരെ നിയമസഭയിൽ സമർപ്പിക്കാത്തിനെക്കുറിച്ച് മറുപടിയിൽ പരാമർശമില്ല.

### 7.1.2 വിജിലൻസ് നിരീക്ഷണ സംവിധാനം

2013 ലെ എംജിഎൻആർഇജിഎ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, നിയമ നിർവ്വഹണത്തിലെ ക്രമക്കേടുകൾ മുൻകൂട്ടി കണ്ടു പിടിക്കാനും, സോഷ്യൽ ഓഡിറ്റിൽ തിരിച്ചറിഞ്ഞതുൾപ്പെടെ കണ്ടെത്തിയ ക്രമക്കേടുകളും ദുരുപയോഗവും സംബന്ധിച്ച് തുടർനടപടികൾ എടുക്കാനും, കുറ്റക്കാർ ശിക്ഷിക്കപ്പെട്ടെന്നും ദുരുപയോഗം ചെയ്ത ഫണ്ടുകൾ തിരിച്ചു പിടിച്ചെന്നും ഉറപ്പുവരുത്താനുമായി സംസ്ഥാന, ജില്ലാ, ഗ്രാമ പഞ്ചായത്ത് തലങ്ങളിലായി ഒരു ത്രിതല വിജിലൻസ് സംവിധാനം സംസ്ഥാനം ക്രമീകരിക്കേണ്ടതാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച പരാതികൾ കേൾക്കുന്നതിനും ക്രമക്കേടുകൾ കണ്ടു പിടിക്കുന്നതിന് ക്രമാനുസൃതമായി ഫീൽഡ് വിസിറ്റ് നടത്തുന്നതിനും മാധ്യമങ്ങളിൽ വരുന്ന റിപോർട്ടുകൾ, തൊഴിലാളികളുമായുള്ള ഇടപെടലുകൾ എന്നിവയെ ആസ്പദമാക്കി സ്വമേധയാ നടപടികൾ എടുക്കുന്നതിനും ഈ സെല്ലുകൾ സ്ഥാപിക്കുന്നത് ആവശ്യമായിരുന്നു. 2021 ജനുവരിയിൽ സംസ്ഥാന, ജില്ലാ വിജിലൻസ് സെല്ലുകൾ രൂപീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. സംസ്ഥാന, ജില്ലാ, ഗ്രാമപഞ്ചായത്തുതല വിജിലൻസ് നിരീക്ഷണ സംവിധാനത്തിന്റെ പ്രവർത്തന വിശകലനം താഴെ പറയുന്ന സംഗതികൾ വെളിപ്പെടുത്തി:

- **സംസ്ഥാന വിജിലൻസ് സെൽ** – സംസ്ഥാന വിജിലൻസ് സെൽ (എസ്‌വിസി) രൂപീകരിക്കുന്നതിന് അനുമതി (2021 ജനുവരി) നൽകിയതൊഴിച്ച് മാർഗ്ഗനിർദേശങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ളതുപോലെ പ്രവർത്തിക്കുന്നതിന് സെല്ലിനെ ശാക്തീകരിക്കാനുള്ള തുടർ ഉത്തരവുകളോ/മാർഗ്ഗനിർദ്ദേശങ്ങളോ സംസ്ഥാനം പുറപ്പെടുവിച്ചില്ല. കൂടാതെ വിജിലൻസ് സെല്ലിന്റെ പ്രവർത്തനത്തിന് വേണ്ട ഒരു കർമ്മ പദ്ധതി തയ്യാറാക്കുകയോ, പ്രവർത്തനങ്ങളെക്കുറിച്ചുള്ള വാർഷിക റിപ്പോർട്ടുകൾ സർക്കാരിനു സമർപ്പിക്കുകയോ ചെയ്തില്ല. കർമ്മ പദ്ധതിയുടെ അഭാവത്തിൽ, മാർഗ്ഗനിർദേശങ്ങളിൽ വിഭാവനം ചെയ്തതു പോലെയുള്ള ഒരു പ്രവർത്തനവും എസ്‌വിസി നിർവ്വഹിക്കുകയുണ്ടായില്ല. മാദ്ധ്യമ റിപ്പോർട്ടുകൾ, ഫീൽഡ് സന്ദർശനങ്ങൾ, തൊഴിലാളികളുമായുള്ള ഇടപെടലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സ്വമേധയാ ഒരു നടപടികളും കൈക്കൊണ്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടു.
- **ജില്ലാ വിജിലൻസ് സെല്ലുകൾ** – ജില്ലാ വിജിലൻസ് സെല്ലുകൾ (ഡിവിസി) രൂപീകരിക്കാൻ സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും (2021 ജനുവരി), ഡിവിസി മേധാവി ആകേണ്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ (ജനറൽ) തസ്തിക എൽഎസ്ജിഡിയുടെ വിവിധ വിഭാഗങ്ങളുടെ സംയോജനത്തിന്റെ ഫലമായി ഇല്ലാതായതിനാൽ പരിശോധനാ വിധേയമായ ജില്ലകളിൽ സെല്ലുകൾ രൂപീകരിക്കപ്പെട്ടില്ല എന്ന് ഓഡിറ്റ് കണ്ടെത്തി. അസിസ്റ്റന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) മേധാവിയായി, ഡിവിസികൾ പുനഃസംഘടിപ്പിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും (2024 ജനുവരി) ഡിവിസികൾ അവരുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല (2025 ജനുവരി).
- **ഗ്രാമപഞ്ചായത്ത് തലത്തിലെ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി** – 2013ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 13.6.4 അനുസരിച്ച് ഗ്രാമപഞ്ചായത്ത് തലത്തിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (വിഎംസി), കൺകറന്റ് സോഷ്യൽ ഓഡിറ്റിന്റെ ഒരു വേദിയായി പ്രവർത്തിക്കേണ്ടതുണ്ട്. വിഎംസിയുടെ പ്രവർത്തനങ്ങളിൽ പ്രവൃത്തികളുടെ ഗുണനിലവാരത്തിന്റെയും ചെലവിന്റെയും നിർണ്ണയം, പ്രവൃത്തികളുടെ സമ്പൂർണ്ണ റിപ്പോർട്ടിംഗ്, പ്രവൃത്തിയുടെ സ്വഭാവത്തിന്റെ ഗുണാത്മകമായ വിലയിരുത്തൽ,

മുതലായവ ഉൾപ്പെടുന്നു. മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടുകൾ ഗ്രാമസഭയുടെ അടുത്ത യോഗത്തിൽ വയ്ക്കേണ്ടതായിരുന്നെങ്കിലും പരിശോധനാ വിധേയമായ ഗ്രാമപഞ്ചായത്തുകളിലെ മോണിറ്ററിംഗ് കമ്മിറ്റികളൊന്നും മോണിറ്ററിംഗ് റിപ്പോർട്ടുകൾ സമർപ്പിച്ചില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

സെൽ ശാക്തീകരിക്കാനാവശ്യമായ ഉദ്യോഗസ്ഥരെ സ്റ്റേറ്റ് വിജിലൻസ് സെല്ലിന് ലഭ്യമാക്കിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷണത്തോട് യോജിച്ചുകൊണ്ട്, വിജിലൻസ് സെല്ലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുമെന്നും വാർഷിക റിപ്പോർട്ടുകൾ എസ്ഇജിസിയ്ക്ക് സമർപ്പിക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

### 7.1.3 ഗുണമേന്മാ നിരീക്ഷണം

എംജിഎൻആർഇജിഎസ് മുഖേന ഗണ്യമായ തുകകളാണ് ചെലവഴിച്ചുകൊണ്ടിരിക്കുന്നത് എന്നതിനാൽ സുസ്ഥിരമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ ഗ്രാമീണ മേഖലകളെ രൂപാന്തരപ്പെടുത്തുന്നതിനുള്ള ശേഷി ഈ പദ്ധതിക്കുണ്ട്. ഫലപ്രദമായി നടപ്പാക്കുകയാണെങ്കിൽ ഇത് ദരിദ്രരായ ഗ്രാമീണ ജനതയുടെ ഉപജീവന സുരക്ഷിതത്വം വർദ്ധിപ്പിക്കുക മാത്രമല്ല, ഗ്രാമീണ മേഖലകളിൽ ഗണ്യമായ അടിസ്ഥാന സൗകര്യവികസനത്തിനും വഴിയൊരുക്കും. അതിനാൽ എംജിഎൻആർഇജിഎസ്സിനു കീഴിൽ സൃഷ്ടിക്കുന്ന ആസ്തികളുടെ ഗുണമേന്മയും ഈടും ഉറപ്പാക്കേണ്ടത് പരമപ്രധാനമാണ്. സംസ്ഥാനത്തെയും ജില്ലകളിലെയും ഗുണമേന്മാ നിരീക്ഷണ സംവിധാനങ്ങളുടെ പരിശോധന താഴെപറയുന്നവ വെളിപ്പെടുത്തുകയുണ്ടായി:

#### *7.1.3.1 സംസ്ഥാനതല ഗുണമേന്മാ നിരീക്ഷണം*

സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും, സംസ്ഥാന ക്വാളിറ്റി മോണിറ്റർമാരും (എസ്ക്യൂഎം) കുറഞ്ഞപക്ഷം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ (എസ്ഇ) പദവിയിലുള്ള ഒരു നോഡൽ ഓഫീസറായ ഡയറക്ടറും (ക്യൂഎം) ഉൾപ്പെടുന്ന, സംസ്ഥാന ഗുണമേന്മാ നിരീക്ഷണ യൂണിറ്റ് രൂപീകരിക്കണമെന്ന് 2013ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 14.7 നിർദ്ദേശിക്കുന്നു. കൂടാതെ, സംസ്ഥാന ജില്ലാ തലങ്ങളിൽ ഒരു ക്വാളിറ്റി മോണിറ്ററിംഗ് സെൽ രൂപീകരിക്കണമെന്ന് വാർഷിക മാസ്റ്റർ സർക്കുലർ 2019-20ൽ നിർദ്ദേശിക്കുന്നു. താഴെ വിവരിച്ചിരിക്കുന്നതുപോലെ, ഡയറക്ടറിന്റെയും (ക്യൂഎം) എസ്ക്യൂഎമ്മിന്റെയും നിയമനവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പരിശോധനാവിധേയമായ ജില്ലകളിലൊന്നും പാലിക്കപ്പെട്ടിട്ടില്ല.

- ഡയറക്ടർ (ക്യൂഎം) നിയമിക്കപ്പെട്ടിട്ടില്ല. എസ്ക്യൂഎം റിപ്പോർട്ടുകൾ വിശകലനം ചെയ്യാൻ സ്റ്റേറ്റ് മിഷനിലെ സംസ്ഥാന എംജിഎൻആർഇജിഎസ് എഞ്ചിനീയറെ ഏൽപ്പിക്കുകയുണ്ടായി. സംസ്ഥാന എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേഡറിലുള്ള ഉദ്യോഗസ്ഥനായിരുന്നു.
- സംസ്ഥാന ക്വാളിറ്റി മോണിറ്റർമാരെ 2023 മാർച്ചിൽ മാത്രമാണ് നിയമിച്ചത്. കുറഞ്ഞത് 10 ശതമാനം പണിസ്ഥലങ്ങളെങ്കിലും എസ്ക്യൂഎം പരിശോധിക്കേണ്ടതായിരുന്നെങ്കിലും, പരിശോധനാവിധേയമായ മൂന്നു ജില്ലകളിൽ എസ്ക്യൂഎമ്മിന്റെ നിയമനത്തിനു ശേഷം 28 പ്രവൃത്തികൾ മാത്രമേ പരിശോധിച്ചിട്ടുള്ളൂ (2025 മെയ്).
- നിരീക്ഷിച്ച പ്രവൃത്തികളെക്കുറിച്ചുള്ള പരാമർശങ്ങളിന്മേൽ തിരുത്തൽ നടപടികൾ ഗ്രാമപഞ്ചായത്ത്, ഡിപിസി/പിഒയ്ക്ക് അയക്കേണ്ടതാണെങ്കിലും, ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് വഴിയുള്ള തിരുത്തൽ നടപടികൾ ഡിപിസി/പിഒ/എസ്ക്യൂഎം ഉറപ്പാക്കിയില്ല.
- ആസൂത്രണം, രൂപകല്പന, പണിസ്ഥലങ്ങളുടെ തിരഞ്ഞെടുപ്പ് മുതലായവയിലെ വ്യതിയാനങ്ങളുടെ ആവർത്തനം തടയാൻ എടുക്കേണ്ട നടപടികൾ അടങ്ങിയ ജില്ല തിരിച്ചുള്ള ത്രൈമാസ റിപ്പോർട്ടുകൾ എസ്ക്യൂഎം തയ്യാറാക്കി സംസ്ഥാന സർക്കാരിനു സമർപ്പിക്കേണ്ടതായിരുന്നെങ്കിലും, ആറ് ജില്ലകളുടെ കാര്യത്തിൽ

ത്രൈമാസ റിപ്പോർട്ടുകളൊന്നും തന്നെ സമർപ്പിക്കുകയുണ്ടായില്ല. അഞ്ച് ജില്ലകളുടെ കാര്യത്തിൽ ഒരു ത്രൈമാസ റിപ്പോർട്ട് മാത്രമേ സമർപ്പിക്കപ്പെട്ടുള്ളൂ.

- എസ്ക്യുഎമ്മുകളുടെ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും സംബന്ധിച്ച് എടുത്ത നടപടികൾ എസ്ഇജിസി പുനരവലോകനം ചെയ്യേണ്ടതാണെങ്കിലും എസ്ക്യുഎമ്മിന്റെ നിർദ്ദേശങ്ങൾ സംബന്ധിച്ച് എടുത്ത നടപടി റിപ്പോർട്ടുകൾ ഒന്നും തന്നെ സംസ്ഥാന മിഷൻ തയ്യാറാക്കിയിരുന്നില്ല (2024 നവംബർ).

സംസ്ഥാന ക്വാളിറ്റി മോണിറ്റർമാരുടെ നിയമനത്തിലെ കാലതാമസവും സംസ്ഥാനത്തെ ഗുണമേന്മാ നിരീക്ഷണ സംവിധാനത്തിന്റെ ഫലപ്രദമായ പ്രവർത്തനം ഉറപ്പാക്കാതിരുന്നതും മൂലം, നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഗുണമേന്മയും ഈടും ഉറപ്പാക്കാനാകാതെ വരികയും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ വിഭാവനം ചെയ്യപ്പെട്ട തിരുത്തൽ നടപടികൾ നടപ്പാകാതെ വരികയും ചെയ്തു.

### *7.1.3.2 ജില്ലാതല ഗുണമേന്മാ നിരീക്ഷണം*

2019–20 മുതൽ 2023–24 വരെയുള്ള കാലയളവിൽ പുറപ്പെടുവിച്ച ആനുവൽ മാസ്റ്റർ സർക്കുലറുകൾ അനുസരിച്ച്, എക്സിക്യൂട്ടീവ് എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയറും അവർക്ക് കീഴിൽ, വിരമിച്ച അസിസ്റ്റന്റ് എഞ്ചിനയറോ അതിനു മുകളിലുള്ള കേഡറിലോ ഉള്ള 10 മുതൽ 15 വരെ സാങ്കേതിക ഉദ്യോഗസ്ഥരും അടങ്ങിയ ഒരു പാനലും ഉള്ള ഒരു ജില്ലാ ക്വാളിറ്റി മോണിറ്ററിംഗ് (ഡിക്യുഎം) സെൽ ഉണ്ടായിരിക്കേണ്ടതാണ്. താഴെ വിവരിച്ചിരിക്കുന്ന രീതിയിൽ, ഡിക്യുഎമ്മുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കപ്പെട്ടിരുന്നില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു :

- പത്തനംതിട്ട, എറണാകുളം ജില്ലകളിൽ മാത്രമാണ് ഡിക്യുഎം സെല്ലുകൾ നിർദ്ദിഷ്ട എണ്ണം അംഗങ്ങളോടു കൂടി രൂപീകരിച്ചത്. മലപ്പുറം ജില്ലയിൽ ഡിക്യുഎം സെൽ രൂപീകരിക്കപ്പെട്ടില്ല. പരിശോധന നടത്തിയ ജില്ലകളിൽ, കാസർഗോഡ് ജില്ലയിൽ 2021–22 മുതൽ ഡിക്യുഎം പ്രവർത്തിക്കുന്നില്ല.
- പദ്ധതിയ്ക്കു കീഴിൽ നടപ്പാക്കുന്ന പ്രവൃത്തികളിൽ കുറഞ്ഞത് 10 ശതമാനം എങ്കിലും ഡിക്യുഎം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതായിരുന്നെങ്കിലും, പരിശോധിച്ച ജില്ലകളിൽ പൂർത്തിയായ 99 മുതൽ 628 വരെ പ്രവൃത്തികൾ മാത്രമേ ഡിക്യുഎം സെൽ വാർഷിക പരിശോധന നടത്തിയിട്ടുള്ളൂ (2025 ജനുവരി).
- നിരീക്ഷിച്ച പ്രവൃത്തികൾ സംബന്ധിച്ച പരാമർശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് കൃത്യമായി വാങ്ങേണ്ടതാണെങ്കിലും അവ ലഭിച്ചിട്ടില്ല.
- ഡിക്യുഎം റിപ്പോർട്ടുകളുടെ ഫലം എസ്ഇജിസിയ്ക്ക് സമർപ്പിക്കേണ്ടിയിരുന്നുവെങ്കിലും സംസ്ഥാന എഞ്ചിനീയർ ഡിക്യുഎം റിപ്പോർട്ടുകളുടെ ഫലം തയ്യാറാക്കി എസ്ഇജിസിക്ക് സമർപ്പിച്ചില്ല.

സംസ്ഥാന തലത്തിൽ സ്വതന്ത്ര ഡയറക്ടറെ (ക്യുഎം) നിയമിക്കാതിരുന്നതിനാലും സംസ്ഥാന, ജില്ലാ ക്വാളിറ്റി മോണിറ്റർമാരെ നിയമിക്കാതിരുന്നതിനാലും/കുറച്ച് നിയമിച്ചതിനാലും ഓഡിറ്റ് കാലയളവിൽ ഗുണമേന്മാ നിരീക്ഷണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഫലപ്രദമായ തുടർ നടപടികൾ ഉറപ്പാക്കാതിരുന്നതിനാലും എംജിഎൻആർഇജിഎസ്സിനു കീഴിൽ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക എന്നത് സംസ്ഥാനം അവഗണിച്ചു.

എസ്ക്യുഎമ്മിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ചുമതലപ്പെടുത്തിയിരുന്ന സംസ്ഥാന എഞ്ചിനീയറുടെ തസ്തിക ദീർഘനാളായി ഒഴിഞ്ഞു കിടക്കുകയായിരുന്നു എന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). ഇത് എസ്ക്യുഎമ്മിന്റെ നിരീക്ഷണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു. 2024–25 കാലയളവിൽ എസ്ക്യുഎമ്മിന്റെയും ഡിക്യുഎമ്മിന്റെയും നിരീക്ഷണം മെച്ചപ്പെടുത്തിയിട്ടുണ്ട്.

എന്നിരുന്നാലും, സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ ഗുണമേന്മയും ഈടും ഉറപ്പാക്കുന്നതിന് വിഭാവനം ചെയ്ത സംവിധാനത്തിന് അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞില്ല എന്ന വസ്തുത നിലനിൽക്കുന്നു. ഇത്, ഖണ്ഡിക 6.2ൽ പ്രസ്താവിച്ചതു പോലെ, ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്തുകൾ വളരെ താഴ്ന്ന പ്രാധാന്യമാണ് നൽകുന്നത് എന്ന സാഹചര്യത്തിൽ ഇതിനെ വിലയിരുത്തേണ്ടതാണ്.

***ശിപാർശ 15: സർക്കാർ ഗുണമേന്മാ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തുകയും ഗുണമേന്മാ നിരീക്ഷണ റിപ്പോർട്ടുകളിന്മേൽ മതിയായ തുടർനടപടികൾ ഉറപ്പ് വരുത്തുകയും വേണം.***

## 7.2 പരാതി പരിഹാര സംവിധാനം

2005-ലെ എംജിഎൻആർഇജി നിയമം അനുസരിച്ച്, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏത് വ്യക്തിയുടെയും ഏത് പരാതിയും കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും ചട്ടങ്ങൾ വഴി ഉചിതമായ പരാതി പരിഹാര സംവിധാനങ്ങൾക്ക് രൂപം കൊടുക്കുകയും അത്തരം പരാതികൾ തീർപ്പാക്കുന്നതിന് വേണ്ട നടപടിക്രമം വ്യവസ്ഥ ചെയ്യുകയും വേണം. കേരള ഗ്രാമീണ തൊഴിലുറപ്പ് (പരാതി പരിഹാര സംവിധാനം) ചട്ടങ്ങൾ, 2009 പ്രകാരം ബ്ലോക്ക് തലത്തിൽ പ്രോഗ്രാം ഓഫീസറെയും ജില്ലാ തലത്തിൽ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററെയും പരാതി പരിഹാര ഓഫീസർമാരായി നിയോഗിച്ചു. സ്വീകരിച്ചവയും തീർപ്പാക്കിയവയുമായ പരാതികളെക്കുറിച്ചുള്ള പ്രതിമാസ റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്ത്/പിഒ/ഡിപിസി-യിൽ നിന്നും സംസ്ഥാനത്തിനും, അവിടെ നിന്നും കേന്ദ്ര സർക്കാരിലേയ്ക്കും അയച്ചു കൊടുക്കണം. ഇത് വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണം. പരാതി പരിഹാരസംവിധാനത്തിൽ ഓഡിറ്റ് കണ്ടെത്തിയ പോരായ്മകൾ താഴെ വിവരിച്ചിരിക്കുന്നു:

- 2019-20-ലെ വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം എംഐഎസ് റിപ്പോർട്ടിലെ ആർ 10.2 കംപ്ലയിന്റ് രജിസ്റ്ററിൽ നിന്ന് അച്ചടിച്ച് പരാതി രജിസ്റ്ററിൽ ഒട്ടിക്കണമായിരുന്നു. എന്നാൽ, പരിശോധനാ വിധേയമായ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ ജില്ലാ പഞ്ചായത്ത് എന്നിവയിൽ 2018 മുതൽ എംഐഎസ്സിൽ ഒരു പരാതിയും രജിസ്റ്റർ ചെയ്തിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി.
- സോഷ്യൽ ഓഡിറ്റ് സമയത്ത് കണ്ടെത്തുന്ന എല്ലാ പരാതികളും ജില്ലാ തലത്തിലും ബ്ലോക്ക് തലത്തിലും നിയുക്ത അധികാരികൾക്ക് തീർപ്പാക്കുന്നതിനും നടപടിയെടുക്കുന്നതിനുമായി രജിസ്റ്റർ ചെയ്യുന്നതിന് പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും, ഈ പരാതികൾ (2412 എണ്ണം[19]) അധികാരികൾ രജിസ്റ്റർ ചെയ്തിട്ടില്ല.
- സംസ്ഥാന തലത്തിൽ പ്രോഗ്രാം ഓഫീസർ (പരാതി പരിഹാരം) നിയമനത്തിന് പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, 2017 മുതൽ ആ തസ്തിക ഒഴിഞ്ഞു കിടക്കുകയായിരുന്നു.
- സംസ്ഥാന മിഷന് പരാതികൾ ലഭിച്ചിരുന്നെങ്കിലും, ഓഡിറ്റ് കാലയളവിൽ കംപ്ലയിൻറ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. പരാതികൾ തീർപ്പാക്കും വരെ എടുത്ത നടപടികൾ ട്രാക്ക് ചെയ്യുന്നതിനുള്ള സംവിധാനത്തിന്റെ അഭാവത്തിൽ ലഭിച്ച പരാതികളുടെ അന്തിമ തീർപ്പാക്കൽ ഉറപ്പാക്കാൻ ഓഡിറ്റിന് കഴിഞ്ഞില്ല.
- ഗുണഭോക്തൃ സർവ്വേയിൽ ജില്ലാതലത്തിൽ ലഭ്യമായിരുന്ന പരാതി പരിഹാര സംവിധാനത്തെക്കുറിച്ചും പരാതി പരിഹാരത്തിനുള്ള ഓംബുഡ്സ്പേഴ്സണെ കുറിച്ചും തങ്ങൾക്ക് അറിവില്ലായിരുന്നു എന്ന് 55.93 ശതമാനം

[19] 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിലെ

ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടു. പരാതി പരിഹാര സംവിധാനത്തെക്കുറിച്ച് ഗുണഭോക്താക്കൾക്കുള്ള അറിവില്ലായ്മയെ പരിശോധനാ വിധേയമായ ഗ്രാമപഞ്ചായത്തുകൾ ഐഇസി പ്രവർത്തനങ്ങൾ നടത്താത്തതുമായി ചേർത്തു വായിക്കേണ്ടതാണ്.

സംസ്ഥാന മിഷൻ 2024-25 മുതൽ കംപ്ലയിന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാൻ തുടങ്ങിയെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ). പരാതി പരിഹാര സംവിധാനം സംബന്ധിച്ച് എല്ലാ ഗ്രാമപഞ്ചായത്തിലും ബ്ലോക്ക് പഞ്ചായത്തിലും ഒരു വാർത്താ ബോർഡു പ്രദർശിപ്പിക്കാൻ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടെന്നും പ്രസ്താവിച്ചു.

എന്നാൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവർക്ക് ലഭിക്കുന്ന പരാതികൾ എംഐഎസ് കംപ്ലയിന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനെക്കുറിച്ച് സർക്കാർ മറുപടിയിൽ പരാമർശമില്ല.

### 7.2.1 ഓംബുഡ്സ്പേഴ്സൺന്റെ പ്രവർത്തനം

സുതാര്യതയുടെയും ഉത്തരവാദിത്തത്തിന്റെയും തത്ത്വങ്ങൾ പാലിച്ചുകൊണ്ട്, എംജിഎൻആർഇജിഎസ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും ഓംബുഡ്സ്പേഴ്സൺമാരുടെ ഓഫീസ് സ്ഥാപിക്കണമെന്ന് 2005-ലെ എംജിഎൻആർഇജി നിയമം വ്യവസ്ഥ ചെയ്യുന്നു. ഓംബുഡ്സ്പേഴ്സൺ പ്രതിമാസ, വാർഷിക റിപ്പോർട്ടുകളും പാസാക്കിയ അവാർഡുകളുടെ പട്ടികയും ചീഫ് സെക്രട്ടറിക്കും എംജിഎൻആർഇജിഎയുടെ ചുമതലയുള്ള സെക്രട്ടറിക്കും അയക്കേണ്ടതാണ്. റിപ്പോർട്ടുകളിൽ, തെറ്റായി പ്രവർത്തിക്കുന്ന എംജിഎൻആർഇജിഎ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ ഓംബുഡ്സ്പേഴ്സൺ എടുത്തു പറയേണ്ടതുണ്ട്.

14 ജില്ലകളിലേക്കും ഓംബുഡ്സ്പേഴ്സൺമാരുടെ ഒരു പാനൽ തയ്യാറാക്കുന്നതിന് സംസ്ഥാന സർക്കാർ 2017ൽ ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചെങ്കിലും 2021-22 ൽ മാത്രമാണ് പാനലിന് അന്തിമ രൂപം നൽകിയതും 14 ഓംബുഡ്സ്പേഴ്സൺമാരെ നിയമിച്ചതും. 2025 ജൂൺ വരെ 13 ജില്ലകളിൽ ഓംബുഡ്സ്പേഴ്സൺ ഉണ്ടായിരുന്നു. **പട്ടിക 7.1ൽ** നൽകിയിരിക്കുന്നതുപോലെ ഓംബുഡ്സ്പേഴ്സൺമാരുടെ പ്രവർത്തനത്തിലെ പോരായ്മകൾ ഓഡിറ്റ് കണ്ടെത്തി.

**പട്ടിക 7.1: ഓംബുഡ്സ്പേഴ്സൺമാരുടെ പ്രവർത്തനത്തിലെ പോരായ്മകൾ**

| വ്യവസ്ഥകൾ | ഓഡിറ്റ് കണ്ടെത്തലുകൾ |
|---|---|
| ഓംബുഡ്സ്പേഴ്സൺമാർ പാസ്സാക്കിയ അവാർഡുകളിന്മേൽ നടപടി എടുത്ത റിപ്പോർട്ടുകൾ (എടിആർ) അവാർഡു ലഭിച്ച് രണ്ടു മാസത്തിനുള്ളിൽ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക്പഞ്ചായത്ത് സമർപ്പിക്കേണ്ടതാണ് | പാലക്കാട് ഒഴികെയുള്ള തിരഞ്ഞെടുത്ത ജില്ലകളിൽ, ഓംബുഡ്സ്പേഴ്സൺമാർ പാസ്സാക്കിയ അവാർഡുകളുടെ മൂന്ന് ശതമാനത്തിന് (484 അവാർഡുകളിൽ 15 എണ്ണം) മാത്രമാണ് എടിആർ സമർപ്പിച്ചത്. |
| പരാതികളുടെ തീർപ്പാക്കൽ ട്രാക്ക് ചെയ്യുന്നതിനായി ഓംബുഡ്സ്പേഴ്സൺമാർ ഒരു കംപ്ലയിൻറ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, പരാതിക്കാരന് തീയതി രേഖപ്പെടുത്തിയ രസീതുകൾ നൽകേണ്ടതുമാണ്. | പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ സ്വീകരിച്ച അപേക്ഷകൾക്ക് തീയതി രേഖപ്പെടുത്തിയ രസീതുകൾ പരാതിക്കാർക്ക് നൽകിയിരുന്നില്ല. |

*(ഉറവിടം : സംസ്ഥാന മിഷൻ നൽകിയ വിവരം)*

ഗ്രാമപഞ്ചായത്തുകൾ/ബ്ലോക്ക് പഞ്ചായത്തുകൾ നൽകേണ്ട എടിആറുകളുടെയും ഫലപ്രദമായ പരാതി ട്രാക്കിങ് സംവിധാനത്തിന്റേയും അഭാവത്തിൽ എല്ലാ പരാതികളുടേയും പരിഹാരത്തെപ്പറ്റി ഓഡിറ്റിൽ ഉറപ്പുവരുത്താൻ കഴിഞ്ഞില്ല.

ഓംബുഡ്സ്പേഴ്സൺന്റെ അവാർഡുകളിന്മേൽ സമയബന്ധിതമായി നടപടി എടുക്കാൻ ഉദ്യോഗസ്ഥരുടെ ഭാഗത്തുണ്ടായ വീഴ്ചകൾ ഗൗരവകരമായി കാണുമെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

***ശിപാർശ 16: സംസ്ഥാനത്ത് പദ്ധതിയുടെ സുതാര്യത, ഉത്തരവാദിത്തം, ഫലപ്രദമായ നിർവ്വഹണം എന്നിവ ഉറപ്പാക്കുന്നതിന് വിജിലൻസിന്റെയും നിരീക്ഷണ സംവിധാനത്തിന്റെയും ശരിയായ പ്രവർത്തനം സർക്കാർ ഉറപ്പാക്കേണ്ടതാണ്.***

## 7.3 സോഷ്യൽ ഓഡിറ്റ്

പൊതുജനങ്ങൾ, പ്രത്യേകിച്ചും പദ്ധതി നേരിട്ട് ബാധിക്കുന്നവരോ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉദ്ദേശിക്കുന്നവരോ നടത്തുന്ന ഓഡിറ്റാണ് സോഷ്യൽ ഓഡിറ്റ്. ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികളുടെ നിർവ്വഹണം നിരീക്ഷിക്കുന്നതിനും, ഗ്രാമപഞ്ചായത്തിനുള്ളിൽ ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളുടെയും സോഷ്യൽ ഓഡിറ്റുകൾ പതിവായി നടത്തുന്നതിനും 2005-ലെ എംജിഎൻആർഇജി നിയമത്തിന്റെ 17-ാം വകുപ്പ് ഗ്രാമസഭകളെ ചുമതലപ്പെടുത്തുന്നു.

2011ലെ എംജിഎൻആർഇജി ഓഡിറ്റ് ഓഫ് സ്കീം റൂൾസ് അനുസരിച്ച്, നിയമത്തിനു കീഴിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റ് സുഗമമായി നടത്താൻ സംസ്ഥാന സർക്കാർ സൗകര്യമൊരുക്കുകയും ഗ്രാമസഭയ്ക്ക് സോഷ്യൽ ഓഡിറ്റ് സുഗമമായി നടത്താൻ ഒരു സ്വതന്ത്ര സംഘടന സ്ഥാപിക്കുകയും ചെയ്യണം. അതനുസരിച്ച്, എംജിഎൻആർഇജിഎ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരളം (എംജിഎൻഎസ്എഎസ്കെ) രൂപീകരിക്കപ്പെടുകയും ഈ യൂണിറ്റ് ട്രാവൻകൂർ-കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റീസ് നിയമം, 1955ന് കീഴിൽ ഒരു സ്വതന്ത്ര സംഘമായി രജിസ്റ്റർ ചെയ്തു (2017 ജനുവരി) പ്രവർത്തിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ (എസ്എയു) പ്രവർത്തനം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### 7.3.1 സോഷ്യൽ ഓഡിറ്റിനു ലഭിച്ച ഫണ്ടുകളിൽ വന്ന കുറവ്

പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഭരണപരമായ ചെലവുകൾക്ക് സംസ്ഥാനത്തിന് അർഹതപ്പെട്ട ആറ് ശതമാനത്തിൽ നിന്നും 0.5 ശതമാനം വരെ സംസ്ഥാനത്തിന്റെ സോഷ്യൽ ഓഡിറ്റിനുവേണ്ടി നീക്കിവയ്ക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന് (എസ്എയു) വേണ്ടിയുള്ള ഫണ്ടുകൾ അതത് സംസ്ഥാന സർക്കാരുകൾ വഴി എസ്എയുവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കേന്ദ്ര സർക്കാർ റിലീസ് ചെയ്യുന്നു.

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ അനുവദനീയമായ ₹94.03 കോടിയുടെ സ്ഥാനത്ത് കേന്ദ്ര സർക്കാർ ₹43.32 കോടി മാത്രമേ റിലീസ് ചെയ്തിരുന്നുള്ളൂ എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അങ്ങനെ സോഷ്യൽ ഓഡിറ്റിനുവേണ്ടി ഫണ്ടുകൾ റിലീസ് ചെയ്യുന്നതിൽ ₹50.71 കോടിയുടെ കുറവുണ്ടായി.

### 7.3.2 സോഷ്യൽ ഓഡിറ്റിന്റെ വ്യാപ്തി

എംജിഎൻആർഇജി ഓഡിറ്റ് ഓഫ് സ്കീം റൂൾസ്, 2011 അനുസരിച്ച് എല്ലാ ഗ്രാമപഞ്ചായത്തിലും കുറഞ്ഞത് ആറ് മാസത്തിലൊരുക്കലെങ്കിലും സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതാണ്. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ സംസ്ഥാനത്തു നടത്തിയ സോഷ്യൽ ഓഡിറ്റുകളുടെ വിശദാംശങ്ങൾ **പട്ടിക 7.2ൽ** നൽകിയിരിക്കുന്നു:

**പട്ടിക 7.2: സംസ്ഥാനത്ത് എംജിഎൻഎസ്എഎസ്കെ വഴിയുള്ള സോഷ്യൽ ഓഡിറ്റിന്റെ വ്യാപ്തി**

| വർഷം | 941 ഗ്രാമപഞ്ചായത്തുകളിൽ നടത്തേണ്ട ഓഡിറ്റുകളുടെ മൊത്തം എണ്ണം | നടത്തിയ സോഷ്യൽ ഓഡിറ്റുകളുടെ എണ്ണം | കൈവരിച്ച ശതമാനം |
|---|---|---|---|
| **2019-20** | 1882 | 405 | 21.52 |
| **2021-22** | 941* | 499 | 53.03 |
| **2022-23** | 1882 | 1584 | 84.17 |
| **2023-24** | 1882 | 1858 | 98.72 |

*(ഉറവിടം: സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നൽകിയ വിശദാംശങ്ങൾ)*

**കോവിഡ്-19 മഹാമാരിയുടെ വ്യാപനത്തെ തുടർന്ന് സാമ്പത്തിക വർഷം 2020-21ലും 2021-22ൽ ആദ്യഘട്ടത്തിലും സോഷ്യൽ ഓഡിറ്റ് നടത്തുകയുണ്ടായില്ല.*

പ്രാരംഭ വർഷങ്ങളിൽ നടത്തിയ സോഷ്യൽ ഓഡിറ്റിന്റെ ശതമാനം വളരെ കുറവായിരുന്നെങ്കിലും, 2022-23, 2023-2024 എന്നീ വർഷങ്ങളിൽ യഥാക്രമം 84.17 ശതമാനവും 98.72 ശതമാനവും നേട്ടം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു.

### (എ) സോഷ്യൽ ഓഡിറ്റ് നിരീക്ഷണങ്ങളുടെ തീർപ്പാക്കൽ

എംഐഎസ് ഡാറ്റ പ്രകാരം 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ സോഷ്യൽ ഓഡിറ്റുകളിൽ ₹28.42 കോടി മൂല്യമുള്ള 22,729 നിരീക്ഷണങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. ഇതിൽ ₹4.49 കോടി ഉൾപ്പെടുന്ന സാമ്പത്തിക ദുരുപയോഗവുമായി ബന്ധപ്പെട്ട 4,718 സന്ദർഭങ്ങൾ ഉൾപ്പെടുന്നു. വിശദാംശങ്ങൾ **പട്ടിക 7.3ൽ** കൊടുത്തിരിക്കുന്നു:

**പട്ടിക 7.3: വർഷം തിരിച്ചും വിഭാഗം തിരിച്ചുമുള്ള സോഷ്യൽ ഓഡിറ്റ് നിരീക്ഷണങ്ങൾ**

*(₹ ലക്ഷത്തിൽ)*

| വർഷം | സാമ്പത്തിക ദുരുപയോഗം | | സാമ്പത്തിക വ്യതിയാനം | | നടപടിക്രമ ലംഘനം | | പരാതികൾ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|
| | റിപ്പോർട്ട് ചെയ്ത സന്ദർഭങ്ങൾ | തുക | റിപ്പോർട്ട് ചെയ്ത സന്ദർഭങ്ങൾ | തുക | റിപ്പോർട്ട് ചെയ്ത സന്ദർഭങ്ങൾ | തുക | റിപ്പോർട്ട് ചെയ്ത സന്ദർഭങ്ങൾ | തുക | റിപ്പോർട്ട് ചെയ്ത സന്ദർഭങ്ങൾ | തുക |
| 2021-22 | 70 | 9.23 | 43 | 194.67 | 640 | 1.28 | 114 | 0 | 867 | 205.18 |
| 2022-23 | 709 | 123.16 | 824 | 1041.91 | 4479 | 26.35 | 882 | 4.50 | 6894 | 1195.92 |
| 2023-24 | 3939 | 316.83 | 1657 | 1089.96 | 7956 | 30.78 | 1416 | 3.16 | 14968 | 1440.73 |
| **ആകെ** | **4718** | **449.22** | **2524** | **2326.54** | **13075** | **58.41** | **2412** | **7.66** | **22729** | **2841.83** |

*(ഉറവിടം: എസ്എയു നൽകിയ വിശദാംശങ്ങളും എൻആർഇജിഎസോഫ്റ്റ് എംഐഎസ് ഡാറ്റയും)*

2013ലെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങളുടെ ഖണ്ഡിക 13.4.2 അനുസരിച്ച്, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ ജെപിസി സമയബന്ധിത തിരുത്തൽ നടപടി ഉറപ്പാക്കേണ്ടതാണ്. 22,729 സോഷ്യൽ ഓഡിറ്റ് നിരീക്ഷണങ്ങളിൽ, 20,943 (92.14 ശതമാനം) നിരീക്ഷണങ്ങൾ തീർപ്പാക്കിയതായി കണ്ടെത്തി (2025 മാർച്ച്).

₹4.49 കോടി ഉൾപ്പെടുന്ന 4,718 സാമ്പത്തിക ദുരുപയോഗ സന്ദർഭങ്ങൾ കണ്ടെത്തിയെങ്കിലും ₹68.76 ലക്ഷം ഉൾപ്പെടുന്ന 2,102 സന്ദർഭങ്ങൾ മാത്രമേ അന്തിമമായി വീണ്ടെടുക്കേണ്ടതായി തീരുമാനിച്ചുള്ളൂ. ₹68.76 ലക്ഷത്തിൽ, ₹68.55 ലക്ഷം (2,094 സന്ദർഭങ്ങൾ) തിരിച്ചുപിടിച്ചു.

പല സന്ദർഭങ്ങളിലും സാമ്പത്തിക വ്യതിയാനം സാമ്പത്തിക ദുരുപയോഗമായി രേഖപ്പെടുത്തിയെന്നും, അന്തിമ പരിശോധനയിൽ ബിപിഒയും ഡിപിസിയും ഇവ തിരുത്തിയെന്നും സർക്കാർ പ്രസ്താവിച്ചു (2025 ജൂൺ).

**(പ്രീതി എബ്രഹാം)**
**അക്കൗണ്ടന്റ് ജനറൽ**
**(ഓഡിറ്റ് I) കേരളം**

**തിരുവനന്തപുരം,**
**2026 ജനുവരി 15**

**മേലൊപ്പിട്ടത്**

**(കെ. സഞ്ജയ് മൂർത്തി)**
